90 days meditations @ 9th year

26th October 2015 – 26th January 2016

# 90 ദിനധ്യാനചിന്തകൾ

## 9 - ാം വർഷം

# തിരുജീവൻ

ബിജോയ് ശാമുവേൽ അബുദാബി

**Day 1 of 90 days** **Monday / 26th October 2015**

വിശുദ്ധ മത്തായി 10:39

സ്വന്തം ജീവൻ കണ്ടെത്തുന്നവൻ അതു നഷ്ടപ്പെടുത്തും. എന്നെ പ്രതി സ്വന്തം ജീവൻ നഷ്ടപ്പെടുത്തുന്നവൻ അതു കണ്ടെത്തും.

സകലവും സൃഷ്ടിച്ചവന്റെ മുമ്പിൽ സകലവും സമർപ്പിച്ചാൽ സന്തുഷ്ടമായ ജീവിതത്തിലൂടെ, ദൈവത്തിന്റെ പദ്ധതികൾ പൂർത്തികരിക്കാനും അങ്ങനെ കർത്താവിന്റെ രണ്ടാമത്തെ വരവ് വേഗത്തിലാക്കി മണവാട്ടിയുടെ ഒരുക്കം പൂർത്തീകരിക്കാം. നാം സ്വയത്തിൽ ആശ്രയിച്ച് നമുക്കുവേണ്ടി ഒന്നും ചെയ്യാതെ, സകലവും ദൈവത്തിനും ദൈവത്തിന്റെ പദ്ധതിയ്ക്കുമായി ചെയ്യുമ്പോൾ നമ്മുടെ സകല കാര്യങ്ങളും ശ്രദ്ധിക്കേണ്ടത് ദൈവമാണ്. നാം ഓരോരുത്തർ ദൈവത്തിന്റെ മക്കളായി തീർന്നാൽ മതി, ദൈവത്തിന്റെ ആഗ്രഹവും അതാണ്. നമ്മുടെ ഓരോ ദിവസവും ആരംഭിക്കേണ്ടത് ദൈവത്തിന്റെ ജീവനുള്ള വചനത്തോടെ ആയിരിക്കണം. അത് ഓരോ മൂന്നു മണിക്കൂർ കഴിയുമ്പോൾ യാമപ്രാർത്ഥനയിലൂടെ പുതുക്കി പുതുക്കി പരിശുദ്ധാത്മാവിന്റെ നിറവിൽ ആക്കി തീർക്കാൻ ശ്രമിക്കേണം. നന്മകൾ ചെയ്താൽ നമ്മുടെ ജീവനെ കാത്തുസൂക്ഷിക്കുന്നതും മണവാട്ടി സഭയിലേക്ക് നയിക്കപ്പെടുന്നതും രക്ഷകനായ യേശുക്രിസ്തുവാണ്. തിന്മകൾ ചെയ്താൽ ആ ദിവസത്തെ പ്രാണൻ അഥവാ ജീവൻ നരകത്തിലെത്തി ദുഷ്ടാത്മാക്കൾക്ക് ജീവൻ കൊടുക്കുന്നു. ജീവൻ ഒരിക്കലും ഇല്ലാതായി പോകുന്നില്ല. എവിടെയെങ്കിലും എത്തിച്ചേർന്ന് അതിന്റെ ശക്തി പ്രാപിച്ചുകൊണ്ടിരിക്കും. നാം എന്ത് കുടിക്കും എന്ത് ഭക്ഷിക്കും എന്ത് ഉടുക്കും എന്ന് വിചാരപ്പെടാതെ സകലവും ദൈവത്തിൽ സമർപ്പിക്കാൻ കഴിയണം. നമ്മെ മെനഞ്ഞ് ഈ ഭൂമിയിലേക്ക് വിട്ടപ്പോൾ നാം ചെയ്തു തീർക്കേണ്ടതായ വേലകൾ കൂടി കർത്താവ് നൽകിയിട്ടുണ്ട്. അത് ദൈവത്തിൽ നിന്ന് മനസ്സിലാക്കി എത്രയും വേഗം ദൈവത്തിന്റെ കരങ്ങളിൽ അമർന്നിരിക്കാൻ കഴിയണം. ആ ദൈവീകമായ പദ്ധതിയിൽ നാം പങ്കാളിയായി തീർന്ന് സ്വന്തം പ്രാണനെ / ജീവനെ ദൈവത്തിന് പ്രസാദകരമായ വിധത്തിൽ സമർപ്പിച്ച് അനുഗ്രഹങ്ങൾ പ്രാപിക്കാം.

**27th October 2015 / Tuesday** **2nd day of 90 days**

***വിശുദ്ധ മത്തായി 16:25***

***സ്വന്തം ജീവൻ രക്ഷിക്കുവാൻ ആഗ്രഹിക്കുന്നവൻ അത് നഷ്ടപ്പെടുത്തും. എന്നാൽ ആരെങ്കിലും എനിക്ക് വേണ്ടി സ്വജീവൻ നഷ്ടപ്പെടുത്തിയാൽ അവൻ അത് കണ്ടെത്തും.***

സ്വന്തം ജീവൻ ദൈവത്തിനുവേണ്ടി നഷ്ടപ്പെടുത്താതെ ഈ ലോകത്തിന്റെ മോഹത്തിൽ നിന്നും രാഗത്തിൽ നിന്നും നമുക്ക് രക്ഷപ്പെടാൻ സാധിക്കുകയില്ല. ദൈവത്തിന് ആവശ്യമുള്ളത് നമ്മുടെ ജീവനാണ്. അത് ദൈവത്തിന്റെ പദ്ധതിയുടെ വിജയത്തിനായി പ്രയോജനപ്പെടുത്തി നാം ദൈവത്തിന്റെ മക്കളായി തീരുമ്പോൾ മാലാഖമാരും സ്വർഗ്ഗവും നമ്മുടെ വിജയത്തിൽ സന്തോഷിക്കുന്നു. നിത്യവുമുള്ള കുരിശുകളെ സന്തോഷത്തോടെ സ്വീകരിച്ച് അതിനെ നന്മകളാക്കി മാററി, വിജയത്തിന്റെ കിരീടമാക്കുവാനും സാധിക്കേണം. മനുഷ്യന്റെ മൂന്ന് അവസ്ഥകളിൽ ഏററവും പ്രധാനപ്പെട്ടതും ആത്മീയമായി ഏററവും അടുത്തതും ദൈവത്തിൽ നിന്ന് ലഭിച്ചതുമായ ജീവൻ അഥവാ പ്രാണൻ. അതിനെ സംരക്ഷിക്കേണ്ടതും തിരികെ ദൈവത്തെ ഏൽപ്പിക്കേണ്ടതും ആണ്. ആ കടമയിൽ നിന്ന് നാം മാറിപ്പോകാതെ നോക്കണം. ദൈവം നമ്മെ ഏൽപ്പിച്ച ജീവൻ നഷ്ടപ്പെടാൻ സാധ്യതയുള്ള ലോകത്തിലാണ് നാം ജീവിക്കുന്നത്. അതിനെ തട്ടിയെടുക്കാൻ കാത്തിരിക്കുന്ന സാത്താൻ പല പരീക്ഷണത്തിലൂടെയും വിശ്വാസികളെ ദൈവത്തിൽ നിന്ന് അകററി അവന്റെ കൂടെ ചേർത്ത് ലോകത്തിന്റെ മോഹങ്ങളും സുഖങ്ങളും സൗകര്യങ്ങളും നൽകി പ്രലോഭിപ്പിച്ച് നിർത്തും. ആ അവസ്ഥയിൽ അവരുടെ ജീവൻ അവർ അറിയാതെ ദൈവത്തിൽ നിന്ന് അകന്ന് പാതാളത്തിലേക്ക് പൊയ്ക്കൊണ്ടിരിക്കുന്നു. ഏദൻതോട്ടത്തിൽ വെച്ച് ആദാമിനും ഹവ്വായ്ക്കും സംഭവിച്ചതും ഇതുതന്നെ. താഴ്ചയിലേക്ക് പോകുന്ന ഒരു വ്യക്തി അതിന്റെ അടിത്തറയിൽ എത്തുംവരെ അതിന്റെ താഴ്ചയോ ഗർത്തമോ അറിയാൻ സാധിക്കുന്നില്ല. അടിത്തറയില്ലാത്ത കുഴിപോലെയാണ് പാപത്തിന്റെ അവസ്ഥ. നന്മകൾ ചെയ്തു തിന്മയെ തോൽപ്പിച്ച് അനുഗ്രഹങ്ങൾ പ്രാപിക്കാൻ പാപശാപത്തിന്റെ കെട്ടുകൾ അഴിക്കുവാൻ ആരാധനകളെയും ധ്യാനത്തെയും ഉപവാസത്തെയും നോമ്പുകളെയും നമുക്ക് പ്രയോജനപ്പെടുത്താം.

**28th October 2015 / Wednesday** **3rd day of 90 days**

കൊലൊസ്യർ 3:3

നിങ്ങൾ മരിച്ചു നിങ്ങളുടെ ജീവൻ ക്രിസ്തുവിനോടുകൂടെ ദൈവത്തിൽ മറഞ്ഞിരിക്കുന്നു.

നമ്മുടെ ഓരോരുത്തരുടെയും ജീവൻ എവിടെ എത്തിയെന്ന് നാം അറിഞ്ഞിരിക്കണം. യഥാർത്ഥത്തിൽ അത് യേശുക്രിസ്തുവിൽ എത്തിയിട്ട് ദൈവത്തിൽ മറഞ്ഞിരിക്കണം. സകലവും സൃഷ്ടിച്ച പിതാവ് മറഞ്ഞിരിക്കുന്നതുപോലെ, പുത്രൻ പിതാവിന്റെ വലതുഭാഗത്തിരിക്കുന്നതുപോലെ നമ്മുടെ പ്രാണൻ / ജീവൻ യേശുക്രിസ്തുവിന്റെ ഉള്ളിൽ എത്തിയിട്ട് പിതാവായ ദൈവത്തിൽ മറഞ്ഞിരിക്കണം, അങ്ങനെ കർത്താവിന്റെ രണ്ടാം വരവിൽ മണവാട്ടി സഭയെ ഒരുക്കിയെടുക്കുന്നത്. നമ്മുടെ പ്രാണൻ / ജീവൻ യേശുക്രിസ്തുവിന്റെ ഉള്ളിൽ എത്തണമെങ്കിൽ നാം മരിക്കണം. മരണം എന്നതോ വീണ്ടും ജനനം എന്നതോ കൂടുതൽ അനുയോജ്യമെന്നത് ഗ്രഹിക്കുന്ന വ്യക്തിതത്തെ ആശ്രയിച്ചിരിക്കും. ഈ ലോകത്തിന് മരിച്ചുകൊണ്ട് യേശുക്രിസ്തുവിൽ വിശ്വസിച്ചുകൊണ്ട് വീണ്ടും ജനിക്കണം. നാം ഈ ലോകത്തിന് മരിച്ചവരാണോ? വീണ്ടും ജനനത്തിന്റെ അനുഭവം കാത്തുസൂക്ഷിക്കുന്നവരാണോ? നാം ക്രിസ്തുവിന്റെ അനുയായികളായി ജീവിക്കുമ്പോൾ, നമ്മുടെ ജീവിതവും പ്രവൃത്തിയും നല്ല സാക്ഷ്യത്തിന് കാരണമായി തീരണം. ആദാമിന്റെ ഉള്ളിൽ ഹവ്വാ മറഞ്ഞിരുന്നതുപോലെ നമ്മുടെ ജീവൻ യേശുവിന്റെ ഉള്ളിൽ മറഞ്ഞിരിക്കണം. എങ്കിൽ മാത്രമേ കർത്താവിന്റെ രണ്ടാമത്തെ വരവിങ്കൽ മണവാട്ടി സഭയിലെത്തി കല്യാണത്തിന് സംബന്ധിക്കാൻ കഴിയൂ. ഈ ലോകത്തിന് ആകർഷകരായി ജീവിക്കുമ്പോൾ, ഈ ലോകത്തിന്റെ പ്രഭുവിന് / സാത്താന് അടിമയായി, അവകാശിയായി തീരുന്നു. ആ അവകാശം ഉപയോഗിച്ച് അവന്റെ വേലകൾക്ക് നമ്മെ ഉപയോഗിക്കുകയും ദൈവത്തിൽ നിന്നുള്ള അനുഗ്രഹങ്ങൾക്ക് തടസ്സമാകുകയും ചെയ്യുന്നു. നമ്മുടെ ചിന്തകൾ, വിചാരങ്ങൾ, പ്രവൃത്തികൾ എന്നിവ പൂർണ്ണമായും ദൈവത്തിൽ നിന്നാണ് എന്നു തീർച്ചയാക്കുവാൻ സാധിക്കുകയില്ല. ആയതിനാൽ അതെല്ലാം ദൈവത്തിൽ സമർപ്പിച്ച് ദൈവാത്മാവ് തരുന്ന ചിന്തകളെ സ്വീകരിച്ച് അതിനെ നടപ്പിലാക്കുവാൻ ശ്രമിക്കേണം. കഷ്ടതകൾ യഥാർത്ഥ ക്രിസ്ത്യാനിയുടെ ലക്ഷണമാണ്. അതിനെ സന്തോഷത്തോടെ സ്വീകരിച്ച് ജീവിതത്തെ യേശുക്രിസ്തുവിലൂടെ രക്ഷകരമാക്കുവാൻ, ലോകസുഖങ്ങളെ വെടിഞ്ഞ് നിത്യജീവനായി ദൈവത്തിന്റെ മുമ്പിൽ സകലവും സമർപ്പിക്കാം.

**29th October 2015 / Thursday** **4th day of 90 days**

**II കൊരിന്ത്യർ 4:10**

**യേശുവിന്റെ ജീവൻ ഞങ്ങളുടെ ശരീരത്തിൽ വെളിപ്പെടേണ്ടതിനു യേശുവിന്റെ മരണം ശരീരത്തിൽ എപ്പോഴും വഹിക്കുന്നു.**

യേശുക്രിസ്തുവിന്റെ ബാക്കി കഷ്ടപ്പാടുകൾ നാം വഹിക്കേണ്ടതിന്റെ ആവശ്യകത നാം തിരിച്ചറിഞ്ഞ് സന്തോഷത്തോടെ അതിനെ സ്വീകരിച്ച് സകലവും നമ്മുടെ ശുദ്ധീകരണത്തിനും ശക്തീകരണത്തിനും പ്രയോജനപ്പെടുത്തേണം. കഷ്ടപ്പാടുകൾ, പ്രയാസങ്ങൾ എന്നിവ യേശുക്രിസ്തുവിനുവേണ്ടി സഹിക്കുകയും വഹിക്കുകയും ചെയ്യുമ്പോൾ, നമ്മുടെ അശുദ്ധികളും ശാപപാപങ്ങളും കഴുകപ്പെടുകയും ശുദ്ധീകരണം പ്രാപിച്ച് യേശുവിന്റെ ജീവൻ നമ്മളിൽ വസിക്കുകയും അത് മററുള്ളവർക്ക് വെളിപ്പെടുകയും ചെയ്യുന്നു. യേശുക്രിസ്തു സഹിച്ച കുരിശിന്റെയും കഷ്ടതയുടെയും ബാക്കി നാം സന്തോഷത്തോടെ സഹിച്ചും വഹിച്ചും പൂർത്തീകരിച്ചാൽ മാത്രമേ, പൂർണ്ണമായും ദൈവരാജ്യത്തിന്റെ അനുഭവത്തിൽ എത്തിച്ചേരുവാൻ സാധിക്കൂ. കഷ്ടതകൾ വരുമ്പോൾ സന്തോഷത്തോടെ സ്വീകരിക്കണം, ഈയോബിനെപ്പോലെ, അതിന് ദൈവത്തിന് നന്ദിയും സ്തോത്രവും അർപ്പിക്കേണം. വിശുദ്ധ മാമോദീസായിലൂടെ ലഭിക്കുന്ന ദൈവത്തിന്റെ ആത്മാവിനെയും യേശുവിന്റെ ജീവനെയും പൂർണ്ണമായി നാം തിരികെ ഏൽപ്പിക്കണം. കഷ്ടതകൾ, പ്രയാസങ്ങൾ എന്നിവ സഹിക്കാനും വഹിക്കാനും നമുക്ക് കഴിയണം. അവ സഹിക്കാനുള്ള ശക്തി ദൈവം നമുക്ക് തീർച്ചയായും നൽകുന്നു. ക്രിസ്തുവിന്റെ മണവാട്ടിയായ നാം ഓരോരുത്തരും ക്രിസ്തു അനുഭവിച്ചതിന്റെ ബാക്കി കഷ്ടതകൾ നമ്മുടെ ശരീരത്തിൽ നാം പൂരിപ്പിക്കണം. അന്ന് യേശുക്രിസ്തു തന്റെ സ്നേഹത്തിന്റെ മുറിവുകൾ മണവാട്ടിയെ കാണിക്കുമ്പോൾ, തിരിച്ചു കാണിക്കാനും പറയാനും എന്തെങ്കിലും ഒക്കെ വേണമല്ലോ? നമുക്കുവേണ്ടി ഇത്രയധികം കഷ്ടതകൾ അനുഭവിച്ച്, ഇപ്പോഴും നമുക്ക് വേണ്ടി മാത്രം കാത്തിരിക്കുന്ന ആ മണവാളന്റെ കല്യാണം എത്രയും വേഗം നടക്കുന്നതിനും നിത്യമായ സന്തോഷവും സമാധാനവും അനുഭവിക്കുന്നതിനും യേശുവിന്റെ ജീവൻ എപ്പോഴും നമ്മുടെ ശരീരത്തിൽ ഉണ്ടാകേണ്ടതിന് യേശുവിന്റെ മരണം എപ്പോഴും നമ്മുടെ ശരീരത്തിൽ ഉണ്ടാകട്ടെ. അങ്ങനെ നാം ഓരോരുത്തർ ദൈവത്തിന്റെ മക്കൾ എന്ന പദവി നേടിയെടുത്ത് പിതാവേ എന്നു വിളിക്കാൻ നമ്മെ യോഗ്യരാക്കി തീർക്കട്ടെയെന്നു ആശംസിക്കുന്നു.

**30th October 2015 / Friday** **5th day of 90 days**

**II കൊരിന്ത്യർ 4:11**

**ഞങ്ങളുടെ മർത്യശരീരത്തിൽ യേശുവിന്റെ ജീവൻ വെളിപ്പെടേണ്ടതിന് ജീവിച്ചിരിക്കുന്ന ഞങ്ങൾ എല്ലാപ്പോഴും യേശു നിമിത്തം മരണത്തിൽ ഏൽപ്പിക്കുന്നു.**

നാം ഈ ലോകത്തിൽ ജീവിച്ചിരിക്കുമ്പോൾ തന്നെ യേശുക്രിസ്തുവിൽ, ഈ ലോകത്തിനുവേണ്ടി മരണത്തിൽ ഏൽപ്പിച്ചാൽ, ശാരീരകമരണമല്ല, മോഹങ്ങളെയും ആഗ്രഹങ്ങളെയെല്ലാം ഇല്ലാതാക്കി യേശുവിന്റെ ഇഷ്ടത്തിനു മാത്രം ജീവിക്കുമ്പോഴാണ് നാം ഈ ലോകത്തിൽ മരിക്കുന്നത്. കർത്താവിന്റെ രണ്ടാമത്തെ വരവിൽ വാങ്ങിപ്പോയ വിശ്വാസികളുടെ മർത്യശരീരം മണ്ണിൽ നിന്ന് രൂപാന്തരം പ്രാപിച്ച് ഉയിർക്കപ്പെടുന്നു. അന്ന് ആ ശരീരം ഉയിർത്തെഴുന്നേററ് യേശു മണവാളന്റെ കൂടെ സന്തോഷിക്കണമെങ്കിൽ, ജീവിച്ചിരിക്കുമ്പോൾ തന്നെ യേശുവിനു വേണ്ടി നാം ഈ ലോകത്തിന്റെ സർവ്വമോഹങ്ങൾക്കും താൽപര്യങ്ങൾക്കും മരിക്കണം. ഒന്നിനോടും ഒരു ആഗ്രഹവും ഉണ്ടാകാൻ പാടില്ല. യേശുക്രിസ്തുവിന്റെ കൂടെ ജീവിക്കാനും, അവന്റെ ഇഷ്ടത്തിനൊത്ത് ജീവിച്ച്, ദൈവപദ്ധതികൾ പൂർത്തീകരിക്കാൻ കഷ്ടതകളും പ്രയാസങ്ങളും സഹിക്കാനും വഹിക്കാനും നാം ശ്രമിക്കേണം. ഈ ലോകത്തിൽ കഷ്ടതകൾ സഹിക്കുമ്പോൾ നമുക്ക് ശരീരത്തിലും മനസ്സിലും വേദനയുണ്ടെങ്കിലും ആത്മീയമായി നാം സന്തോഷിക്കേണം. യേശുക്രിസ്തുവിന്റെ പ്രവർത്തങ്ങൾക്ക് നമ്മളെ പ്രയോജനപ്പെടുത്തുന്നതിനുവേണ്ടിയാണിത്. ആയതിനാൽ ഈ ലോകത്തിന് അനുരൂപമാകാതെ, ദൈവത്തിന്റെ ഇഷ്ടത്തിന് മാത്രം പ്രാധാന്യം കൊടുത്ത്, നിത്യജീവനുവേണ്ടി, ഈ ലോകത്തിൽ ജീവിച്ചിരിക്കുമ്പോൾ തന്നെ, ശരീരത്തിൽ യേശുക്രിസ്തുവിനുവേണ്ടി കഷ്ടതകൾ സഹിക്കണം. പൗലൊസ് ശ്ലീഹായ്ക്കുണ്ടായ കഷ്ടതകൾ നമ്മുടെ ജീവിതത്തിൽ ആവർത്തിക്കാനും അതുവഴി ആത്മീയ വരങ്ങൾ നേടിയെടുത്ത് മണവാട്ടി സഭയുടെ ഒരുക്കം പൂർത്തീകരിക്കാനും നമുക്ക് ഓരോരുത്തർക്കും ശ്രമിക്കാം. ഒരു നിമിഷം ആലോചിക്കുക, നാം ഈ ലോകത്തിനുവേണ്ടി മരിച്ചവരാണോ? നമ്മുടെ ശരീരത്തിൽ ക്രിസ്തുവിനുവേണ്ടി കഷ്ടതകൾ സഹിക്കുന്നുണ്ടോ? അതോ കഷ്ടതകൾ നീക്കി കളയാൻ പ്രാർത്ഥനയും നേർച്ചയും സമർപ്പിക്കുകയാണോ?

**31st October 2015 / Saturday** **6th day of 90 days**

വിശുദ്ധ മത്തായി 19:16

അനന്തരം ഒരുവൻ വന്ന് യേശുവിനോട്, 'ഗുരോ നിത്യജീവൻ പ്രാപിക്കാൻ ഞാൻ എന്തു നന്മ ചെയ്യേണം' എന്നു ചോദിച്ചു.

സഹോദരന്മാരെ** നമ്മുടെ ലക്ഷ്യം നിത്യജീവൻ നേടിയെടുക്കുക എന്നതായിരിക്കണം. അതിനായി നമുക്ക് ലഭിച്ചിരിക്കുന്ന ഈ ജീവൻ പ്രയോജനപ്പെടുത്തേണം. ഈ ജീവൻ നിലനിർത്തി കഴിയുന്ന വിധത്തിൽ സകലർക്കും ശത്രുക്കൾക്കും നന്മകൾ ചെയ്തു നാം ദൈവത്തിന്റെ മക്കൾ എന്ന സാക്ഷ്യത്തിനിടയാകണം. ഇവിടെ യേശുവിനോട് ചോദിച്ചതുപോലെ നാം ദിവസവും കർത്താവിനോട് ചോദിക്കേണം, ഇന്നത്തെ എന്റെ ജീവൻ യേശുവിന്റെ ഉള്ളിൽ എത്തിച്ചേരേണ്ടതിന് എന്തു നന്മ ചെയ്യേണം. 'നന്മ' എന്നാൽ തിന്മയെ ജയിക്കുന്നതിനുള്ള ആയുധമാണ്. പരിശുദ്ധാത്മാവിന്റെ പര്യായപദമാണ്. പരിശുദ്ധാത്മാവിന്റെ അഭിഷേകത്തിൽ നിറഞ്ഞ് എന്തു പറഞ്ഞാലും എന്തു പ്രവൃത്തിച്ചാലും അത് നന്മ ആകുന്നു. അത് എത്ര വലിയ സഹായം ആയാലും ചെറിയ പ്രാർത്ഥന ആയാലും ലക്ഷ്യം നന്മ ആകണം. നന്മകൾ ചെയ്യുമ്പോൾ തിന്മകൾ ഇല്ലാതാകുന്നു. സാത്താന്റെ ശക്തി കുറയുന്നു. നമ്മുടെ ആത്മാക്കളുടെ വളർച്ച പുരോഗമിക്കുകയും അതുവഴി നിത്യജീവനിലേക്ക് പ്രവേശിക്കാനും സാധിക്കുന്നു. അതിനായി നിത്യജീവന്റെ ഉറവിടമായ യേശുക്രിസ്തുവിനെ അറിയാനും അനുഭവിക്കാനും കഴിയണം. നിത്യജീവന്റെ ഉറവിടമായ യേശുക്രിസ്തുവിനെ അറിയണമെങ്കിൽ അവന്റെ കല്പനകളിൽ മാത്രം രസിക്കുകയും അനുസരിക്കുകയും അവനിൽ മാത്രം വിശ്വസിക്കുകയും ചെയ്യേണം. അതാണ് ജീവൻ നിലനിർത്താനുള്ള ഏകമാർഗ്ഗം. ക്രിസ്തുവിന്റെ അടുക്കലേക്ക് എത്തിച്ചേരുന്നതിന് അനുസരണയും വിശ്വാസവും അനിവാര്യമാണ്. അത് നേടിയെടുക്കുന്നതിന് വിശുദ്ധ കൂദാശകളിലൂടെ അനുഗ്രഹങ്ങൾ നേടിയെടുക്കാൻ ദൈവം തമ്പുരാൻ നമ്മെ എല്ലാവരെയും സഹായിക്കട്ടെ.

** *വിശ്വാസികളായ എല്ലാവരുടെയും ആത്മാവ് പുരുഷനാണ്, അതാണ് സഹോദരന്മാരെ എന്നു സൂചിപ്പിച്ചിരിക്കുന്നത്. വിശുദ്ധ കുർബ്ബാനയിലും ആത്മാവിനെയാണ് സംബോധന ചെയ്യുന്നത്.*

**1st November 2015 / Sunday** **7th day of 90 days**

വിശുദ്ധ മത്തായി 19:29

'എന്റെ നാമത്തെ പ്രതി ഭവനത്തെയോ സഹോദരന്മാരെയോ സഹോദരികളെയോ പിതാവിനെയോ മാതാവിനെയോ മക്കളെയോ വയലുകളെയോ പരിത്യജിക്കുന്ന ഏതൊരുവനും നൂറിരട്ടി ലഭിക്കും. അവൻ നിത്യജീവൻ അവകാശമാക്കുകയും ചെയ്യും'.

നിത്യജീവൻ അവകാശമാക്കുവാൻ ദൈവമക്കൾ നിർവഹിക്കേണ്ടതായ കടമകളും ഉത്തരവാദിത്വങ്ങളും ഉണ്ട്. അതിനെപ്പററി ഉത്തമബോധ്യമുള്ള പൗരന്മാർക്ക് മാത്രമേ സ്വർഗ്ഗരാജ്യത്തിൽ അംഗമാകാനും ദൈവത്തെ പ്രസാദിപ്പിക്കാനും സാധിക്കൂ. സമൂഹത്തിൽ രക്ഷകന്റെ പേരിൽ സുവിശേഷയോഗങ്ങളും രോഗസൗഖ്യങ്ങളും നിത്യേന നടക്കുമ്പോൾ, നടത്തിപ്പുകാരന്റെ ഭവനങ്ങളുടെയും ആധാരത്തിന്റെയും എണ്ണം വർദ്ധിക്കുമ്പോൾ സ്വർഗ്ഗമാണോ സന്തോഷിക്കുന്നത് അതോ സാത്താനും സൈന്യവുമാണോ? പൊതു നന്മയ്ക്കായി ഒരു ചെറുവിരൽ അനക്കുവാൻ ഇവർ ശ്രമിച്ചിരുന്നാൽ എത്രയോ പാവങ്ങൾക്ക് സന്തോഷമാകും. രോഗസൗഖ്യത്തിനേക്കാൾ മഹത്വം ആ രോഗത്തെ സഹിക്കാനും വഹിക്കാനും ദൈവത്തിന്റെ ശക്തി ലഭിക്കുന്നതിലാണ്. അതാണ് സത്യവചനം ഘോഷിക്കുന്നത്. 'എന്റെ കൃപ നിനക്കു മതി' എന്നത് നമ്മുടെ ജീവിതത്തിലും യാഥാർത്ഥ്യം ആകേണ്ടതാണ്. അതാണ് വിശുദ്ധ കന്യകമറിയാമിന് ലഭിച്ചത്, തന്റെ ജീവിതം പരിപൂർണ്ണമായി കർത്താവിന്റെ ഇഷ്ടത്തിന് സമർപ്പിച്ചപ്പോൾ, എന്താണ് ലോകത്തിന് സംഭവിച്ചത്? കാലങ്ങളെ തന്നെ രണ്ടായി തരം തിരിച്ചു, ക്രിസ്തുവിന് മുമ്പും ശേഷവും. ഇതേ പോലെ തന്നെ നാം സകലവും ദൈവത്തിനുവേണ്ടി സമർപ്പിച്ചാൽ, അത് ഭവനമോ, സ്വന്തം സഹോദരന്മാരോ സഹോദരികളോ മാതാപിതാക്കളോ മക്കളോ സമ്പത്തോ സ്വത്തോ എന്തും ആകാം. ദൈവത്തിന്റെ നാമത്തിൽ ആണ് ഇതെല്ലാം നമ്മിൽ നിന്ന് അകലുന്നുവെങ്കിൽ ഈ ലോകത്തിൽ വെച്ചു തന്നെ അതിന്റെ നൂറ് ഇരട്ടി ലഭിക്കുന്നു. കൂടാതെ നിത്യജീവന് അവകാശമാക്കുകയും ചെയ്യുന്ന വലിയ അനുഗ്രഹങ്ങളാണ് കാത്തിരിക്കുന്നത്. ജീവിതത്തിൽ മുൻഗണന ദൈവത്തിന്റെ പദ്ധതികൾക്കും പ്രവർത്തനങ്ങൾക്കും ആകണം. അത് മററുള്ളവർക്ക് ബോധ്യം വരുത്തുന്നതിനാകരുത്. നമ്മുടെ ഭവനത്തിൽ നിന്ന് / ഓരോ വിശ്വാസിയുടെ ഹൃദയത്തിൽ നിന്ന് തുടങ്ങണം. യാമപ്രാർത്ഥസമയത്ത് അത് നിർവഹിക്കാൻ ശ്രമിക്കേണം. കൂടുമ്പോൾ ഇമ്പമായി തീരുന്ന ഇടത്തിൽ നിന്ന് സകലവും തുടങ്ങാൻ ദൈവം തമ്പുരാൻ സഹായിക്കട്ടെ.

**November 2015 / Monday** **8th day of 90 days**

***വിശുദ്ധ മത്തായി 20:28***

***'ശുശ്രൂഷിക്കപ്പെടാനല്ല, ശുശ്രൂഷിക്കാനും അനേകരുടെ മോചനദ്രവ്യമായി സ്വജീവൻ കൊടുക്കാനും മനുഷ്യപുത്രൻ വന്നിരിക്കുന്നതുപോലെ തന്നെ.'***

യേശുക്രിസ്തുവിന്റെ വരവിന്റെ ലക്ഷ്യം വളരെ വ്യക്തമായി രേഖപ്പെടുത്തിയിരിക്കുന്ന ഈ സത്യവചനത്തിന്റെ പൂർത്തീകരണത്തിനായി ദൈവത്തിന്റെ മക്കൾ ആയ നാം ഓരോരുത്തർ ചെയ്തുതീർക്കേണ്ടതായ അനേകം വേലകൾ ഉണ്ട്. രണ്ടാം വരവിനായി നാം ചെയ്തു തീർക്കേണ്ടതായ വേലകൾ പൂർത്തീകരിച്ച്, മണവാട്ടിയെ ഒരുക്കി കാത്തിരിക്കാൻ നാം മററുള്ളവരാൽ ശുശ്രൂഷിക്കപ്പെടാതെ, എല്ലാവരെയും ശ്രേഷ്ഠന്മാരെന്നു എണ്ണി ശുശ്രൂഷിക്കാൻ നമുക്ക് കഴിയണം. ക്രിസ്ത്യാനിയെന്ന നാമം കൊണ്ടു മാത്രം യേശുക്രിസ്തുവിന്റെ സഹോദരവർഗ്ഗത്തിലേക്കും മണവാട്ടി സഭയിലേക്കും ചേർക്കപ്പെടണമെന്നില്ല. സ്തുതികളിൽ വസിക്കുന്ന ദൈവത്തിന്റെ ഏകപുത്രൻ മനുഷ്യരുടെ രക്ഷയ്ക്കായി, പാപമോചനത്തിനായി, ശാപമോക്ഷത്തിനായി, ഈ ഭൂമിയിലേക്ക് ഇറങ്ങി വന്ന് മനുഷ്യപുത്രനായി, രക്ഷയുടെ പാതയിൽ സഞ്ചരിക്കുന്നവരായ നാം അതിന്റെ പൂർത്തീകരണത്തിനായി, മനുഷ്യരായ നാം ദൈവത്തിന്റെ മക്കളായി തീരണം. അതിനായി യേശുക്രിസ്തു വഴി കാണിച്ചു തന്നിരിക്കുന്നു. 'ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു.' സ്വർഗ്ഗത്തിൽ നിന്ന് യേശുക്രിസ്തു എങ്ങനെ മനുഷ്യനായി ഈ ലോകത്തിൽ അവതരിച്ചോ, അതേ പോലെ നാം ക്രിസ്തുവിനെ പിൻതുടർന്നാൽ ഈ ഭൂമിയിൽ നിന്ന് നമുക്ക് സ്വർഗ്ഗരാജ്യത്തിന്റെ അനുഭവത്തിൽ എത്തിച്ചേരാൻ കഴിയും. കഷ്ടതകൾ അനുഭവിച്ച് കുരിശിലേറി മൂന്നാം നാൾ ഉയിർത്തെഴുന്നേററ് പിതാവിന്റെ വലതുഭാഗത്തിരുന്ന്, ശത്രുക്കളെ തോൽപ്പിക്കാൻ നമ്മളെ പരിശീലിപ്പിക്കുകയാണ്. നമ്മുടെ ഓരോരുത്തരുടെയും ജീവിത ലക്ഷ്യം, ഭൗതികമല്ല; ആത്മീയമായ ലക്ഷ്യം എന്താണ് എന്ന് തിരിച്ചറിഞ്ഞാൽ മാത്രമേ, ദൈവവും നമ്മളും തമ്മിലുള്ള ബന്ധത്തിന്റെ ആഴം തിരിച്ചറിയാൻ കഴിയൂ. അതിനായി സത്യ ദൈവത്തെയും സത്യവചനത്തെയും അനുഭവിച്ചറിയാൻ ശ്രമിക്കാം.

**3rd November 2015 / Monday** **9th day of 90 days**

***വിശുദ്ധ മർക്കൊസ് 8:35***

***'സ്വന്തം ജീവൻ രക്ഷിക്കാൻ ആഗ്രഹിക്കുമ്പോൾ അത് നഷ്ടപ്പെടുത്തും, ആരെങ്കിലും എനിക്കുവേണ്ടിയോ സുവിശേഷത്തിനുവേണ്ടിയോ സ്വന്തം ജീവൻ നഷ്ടപ്പെടുത്തിയാൽ അവൻ അതിനെ രക്ഷിക്കും'***

ജീവൻ എന്ന പദം വളരെയധികം തവണ വിശുദ്ധ വേദപുസ്തകത്തിൽ ആവർത്തിച്ച് പ്രതിപാദിച്ചിരിക്കുന്നു. ഏദൻതോട്ടത്തിൽ ആദി മാതാപിതാക്കൾ പാപം ചെയ്തപ്പോൾ അവരുടെ ജീവൻ അവർക്ക് നഷ്ടപ്പെട്ട്, തേജസ്സ് ഇല്ലാതായി, സാത്താന്റെ അവകാശത്തിലകപ്പെട്ട് അവ പാതാളത്തിൽ എത്തിച്ചേരുന്നു. ആ ജീവൻ തിരികെ വാങ്ങാനായി, ജീവന്റെ ഉറവിടമായ യേശുക്രിസ്തു സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങി, രക്തം പകരം കൊടുത്ത്, രക്ഷയുടെ മാർഗ്ഗം കാണിച്ചു തന്നു. നാം ഈ പ്രാണന്റെ / ജീവന്റെ വ്യാപരത്തിൽ പ്രത്യേകം ശ്രദ്ധിക്കേണം. ഈ ലോകത്തിൽ അത് പല വിധത്തിൽ നഷ്ടപ്പെടാം. നഷ്ടപ്പെടുന്ന കാര്യം നാം അറിയണമെന്നില്ല. കാരണം നഷ്ടപ്പെടൽ ഉടനെ ശരീരത്തിൽ അറിയണമെന്നില്ല. ദേഹിയിലാണ് ആദ്യം ബാധിക്കുന്നത്. അവിടെ നിന്ന് സാവകാശം മാത്രമേ ശരീരത്തിൽ പ്രവേശിക്കുകയുള്ളു. രോഗാണുക്കൾ ശരീരത്തിൽ പ്രവേശിച്ച് സാവകാശം പ്രവർത്തിക്കുന്നതുപോലെയാണ് പാപത്തിന്റെ പ്രയാണവും. പാപത്തിന്റെ വഴിയിൽ നടക്കുമ്പോൾ, പ്രാണൻ / ജീവൻ നഷ്ടപ്പെടുന്നത് നാം ഉടനെ അറിയണമെന്നില്ല. ദൈവരാജ്യത്തിനും ദൈവത്തിന്റെ പദ്ധതിയ്ക്കും വേണ്ടി നമ്മുടെ ജീവൻ സമർപ്പിക്കുകയാണെങ്കിൽ, സ്വർഗ്ഗം സന്തോഷിക്കുകയും നമ്മുടെ ജീവൻ നിത്യമായ സമാധാനത്തിന് യോഗ്യരാകുകയും ചെയ്യുന്നു. അങ്ങനെ നന്മ ചെയ്യുമ്പോൾ നഷ്ടപ്പെടുന്ന പ്രാണൻ തിരികെ കൂടുതൽ അനുഗ്രഹങ്ങളുമായി വരുന്നു. ഉടനെ തന്നെ നാം തിരിച്ചറിയുന്നു. തിന്മ ചെയ്താൽ പ്രാണൻ സാത്താന്റെ അടിമയായി പാതാളത്തിലേക്ക് പോകുന്നു. അത് ഉടനെ അറിയണമെന്നില്ല. കാരണം ഇത്തരം കാര്യങ്ങൾ മറച്ചുവെയ്ക്കാൻ ദുഷ്ടശക്തികൾക്ക് കഴിയും. എന്നാൽ പരിശുദ്ധാത്മാവ് നമ്മളെ സകലവും തക്കസമയത്ത് ഓർമ്മപ്പെടുത്തി രക്ഷയുടെ മാർഗ്ഗത്തിൽ സഞ്ചരിക്കാൻ സഹായിക്കുന്നു. അതിനായി ദൈവത്തിൽ ആശ്രയിക്കാം.

**4th November 2015 / Wednesday** **10th day of 90 days**

***വിശുദ്ധ മർക്കൊസ് 10:17***

***ഒരുവൻ ഓടിവന്ന് യേശുവിന്റെ മുമ്പിൽ മുട്ടുകുത്തി ചോദിച്ചു, ' നല്ലവനായ ഗുരോ നിത്യജീവൻ അവകാശമാക്കുവാൻ ഞാൻ എന്തു ചെയ്യേണം'.***

സത്യവിശ്വാസികളായ ഓരോ വ്യക്തിയും നിത്യവും എപ്പോഴും ചെയ്യേണ്ടതായ ഒരു കാര്യത്തിന്റെ മാതൃകയാണിത്. ഈ ചോദ്യം ജീവിതപാതയിൽ ആവർത്തിച്ചാൽ നാം ഒരിക്കലും തെററായ പാതയിൽ സഞ്ചരിക്കാൻ സാധ്യതയില്ല. ഏത് തീരുമാനം എടുത്താലും എന്ത് പ്രതിസന്ധിയിൽ ആയാലും നാം ഈ ചോദ്യം ഉന്നയിച്ച് കർത്താവിനോട് ആലോചന ചോദിക്കേണം. ദിവസവും ഏഴ് യാമപ്രാർത്ഥനകൾ ക്രമിച്ചിരിക്കുന്ന പിതാക്കന്മാരുടെ ദീർഘവീക്ഷണത്തെ നാം തിരിച്ചറിഞ്ഞ് എല്ലാ പ്രാർത്ഥനകളും യഥാസമയം പൂർത്തീകരിച്ച് ദൈവത്തിന്റെ ആലോചനയെ പിടിച്ചെടുക്കണം. നാം സ്വയത്തിൽ ആശ്രയിക്കാതെ, സകലവും ജീവന്റെ ഉറവിടമായ യേശുക്രിസ്തുവിനോട് ആലോചിച്ച് ചെയ്താൽ അത് നന്മ ആയിരിക്കും, തിന്മയെ തോൽപ്പിക്കാൻ കഴിയുന്ന വിധത്തിലാണ് പരിശുദ്ധാത്മാവിന്റെ ആലോചന ലഭിക്കുന്നത്. സമ്പത്തും പ്രതാപവും വർദ്ധിപ്പിക്കാൻ യന്ത്രങ്ങളെപ്പോലെ നിത്യവും പ്രവൃത്തിക്കുന്ന യന്ത്രമനുഷ്യരായി ഭവിക്കാതെ, ദൈവത്തിന്റെ ഇഷ്ടത്തിനായി ജീവിതത്തെ സമർപ്പിച്ച്, അവന്റെ വേലകൾ പൂർത്തീകരിക്കാൻ ആഗ്രഹിക്കുന്ന മനസ്സോടും വിചാരത്തോടും സന്നദ്ധരായ ദൈവത്തിന്റെ മക്കളായി ഭവിക്കേണം. നമ്മുടെ ചിന്തകൾ, പ്രവൃത്തികൾ, വിചാരങ്ങൾ എന്നിവ രക്ഷയുടെ മാർഗ്ഗത്തിൽ സഞ്ചരിച്ച് പ്രാണൻ / ജീവൻ യേശുവിന്റെ ഉള്ളിൽ എത്തിക്കേണം. നിത്യവും ഞാൻ യേശുവിന്റെ അരികിൽ എത്തി, നമ്മെ തന്നെ പൂർണ്ണമായി സമർപ്പിച്ച് അന്നന്നു ചെയ്യേണ്ടതായ വേലകൾ ദൈവാലോചനയിൽ പിടിച്ചെടുത്ത് ജീവിതസാഫല്യം അണഞ്ഞ് ദൈവത്തെ സ്തുതിക്കാനും സ്തോത്രം ചെയ്യാനും കഴിയണം. നമുക്ക് ദൈവസന്നിധിയിലേക്ക് കടന്നുചെന്ന് മുട്ടുകുത്തി ചോദിക്കാം, ' കർത്താവേ ഞങ്ങൾ ഇന്നു എന്തു നന്മ ചെയ്താൽ നിത്യരാജ്യത്തിന് അവകാശിയായി തീരുമെന്ന് ആത്മാവിനാൽ ബോധ്യപ്പെടുത്തണമെ.'

**5th November 2015 / Thursday** **11th day of 90 days**

***വിശുദ്ധ യോഹന്നാൻ 1:4***

***'അവനിൽ ജീവൻ ഉണ്ടായിരുന്നു. ആ ജീവൻ മനുഷ്യരുടെ വെളിച്ചമായിരുന്നു'***

യേശുക്രിസ്തുവിൽ നമ്മുടെ എല്ലാവരുടെയും ജീവൻ ഉണ്ടായിരുന്നു. ആ ജീവനാണ് പിതാവായ ദൈവം തമ്പുരാൻ ആദാമിന്റെ മൂക്കിൽ ഊതി കൊടുത്തത്. നമുക്ക് ജീവൻ നൽകിയതും ഗർഭത്തിൽ നമ്മെ മെനഞ്ഞെടുത്തതും ദൈവമാണ്. ആദാമിനും ഹവ്വായ്ക്കും ലഭിച്ച ജീവൻ അവർ അനുസരണക്കേട് കാണിച്ചപ്പോഴും പാപം ചെയ്തപ്പോഴും നഷ്ടമായി. അവരുടെ പ്രകാശം / വെളിച്ചം ഇല്ലാതായി. അവർ നഗ്നരായി തീർന്നു. നാണം മറയ്ക്കാൻ മരങ്ങളുടെ ഇടയിൽ പതുങ്ങിയിരുന്നു. നാം പാപം ചെയ്യുമ്പോൾ / അനുസരണക്കേട് കാണിക്കുമ്പോൾ നമ്മുടെ ആത്മാവിന്റെ വെളിച്ചം ഇല്ലാതാകുന്നു. ക്രിസ്തുവിന്റെ ജീവൻ നമ്മളിൽ കുടികൊള്ളുന്നു, അതാണ് വെളിച്ചം. അത് നമ്മളിൽ വെളിപ്പെടേണ്ടതിന് നാം ദൈവത്തിന്റെ കല്പനയിൽ മാത്രം രസിച്ച് അതിനെ രാവും പകലും ധ്യാനിക്കേണം. യേശുക്രിസ്തു ആകുന്ന വെളിച്ചത്തിന്റെ അഭാവത്തിൽ നമ്മുടെ ആത്മാവിന്റെ ഇടം ഇരുണ്ടുപോകാനും നമ്മുടെ പാതയിൽ അന്ധകാരം പരക്കാനും അപ്പോൾ ദുഷ്ടാത്മാക്കൾ നമ്മെ ആക്രമിച്ച് കീഴടക്കാനും സാധ്യതയുള്ള ലോകത്താണ് ജീവിക്കുന്നത്. യേശുക്രിസ്തുവിൽ ഒരാൾ മരിച്ചാലും ജീവിക്കുമെന്ന സത്യവചനത്തിന്റെ അടിസ്ഥാനമാണിത്. ഈ ലോകത്തിൽ വെച്ച് ശാരീരിക മരണം സംഭവിച്ചാലും ആത്മാവിൽ ജീവിച്ച് ദൈവവേലകൾ തുടരുന്നതിനും അതുവഴി ദൈവത്തെ പ്രസാദിപ്പിക്കാനും കഴിയുന്നു. പരിശുദ്ധന്മാരും ശുദ്ധിമതികളും എല്ലാവരും ഇപ്പോഴും ആത്മാവിൽ വേലകൾ ചെയ്തു ദൈവരാജ്യത്തിന്റെ അതിർത്തി ദിനം തോറും വലുതാക്കി കർത്താവിനെ പ്രസാദിപ്പിച്ചുകൊണ്ടിരിക്കുന്നു. നമുക്കും ആ വേലയിൽ പങ്ക് ചേർന്ന് ദൈവനാമത്തെ മഹത്വപ്പെടുത്താം.

**6th November 2015 / Friday** **12th day of 90 days**

***വിശുദ്ധ യോഹന്നാൻ 3:15***

***'അവനിൽ വിശ്വസിക്കുന്ന ഏവനും നിത്യജീവൻ പ്രാപിക്കേണ്ടതിന് തന്നെ'***

പിതാവായ ദൈവത്തിന്റെ ഏകജാതനായ യേശുക്രിസ്തുവിൽ വിശ്വസിക്കുന്ന ഏതൊരാൾക്കും നിത്യജീവൻ ലഭിക്കുമെന്ന ഈ സത്യവചനത്തെ അടിസ്ഥാനമാക്കിയാണ് വിശുദ്ധ സഭയിലെ എല്ലാ കൂദാശകളുടെയും അടിസ്ഥാനം. ശിശുക്കളുടെ വിശുദ്ധ മാമോദീസാ സമയത്ത് ശിശുക്കൾക്കുവേണ്ടി തല തൊടുന്ന അപ്പനോ അമ്മയോ വിശ്വാസം ഏററു പറയുന്നു. ഓർത്തഡോക്സ് സഭയുടെ ആരാധനകളിലും പ്രാർത്ഥനകളിലും വിശ്വാസപ്രമാണത്തിന്റെ സാന്നിദ്ധ്യം നിർബന്ധമാണ്. വിശ്വാസപ്രമാണം ചൊല്ലി വിശ്വാസം ഏററു പറയാത്ത ഒരു യാമപ്രാർത്ഥനകളും സഭയിൽ ഇല്ല. ഈ വിശ്വാസപ്രമാണം ആവർത്തിച്ച് ചൊല്ലേണ്ടതിന്റെ ആവശ്യകതയുണ്ടോ? തീർച്ചയായും എല്ലാ യാമപ്രാർത്ഥനകളിലും മൂന്ന് മണിക്കൂർ ഇടവിട്ട്, എല്ലാ യാമപ്രാർത്ഥനകളിലും വിശ്വാസം ഏററു പറഞ്ഞ് ഉറപ്പിക്കണം. ഇല്ലെങ്കിൽ അവസരങ്ങൾ കാത്തിരിക്കുന്ന സാത്താൻ നമ്മുടെ കുറവുകളെ ചൂണ്ടികാണിച്ച് അവന്റെ അവകാശത്തിലേക്ക് നമ്മെ കൂട്ടിചേർക്കപ്പെടാൻ സാധ്യതകൾ ഉണ്ട്. നിത്യജീവൻ പ്രാപിക്കേണ്ടതിന് അടിസ്ഥാനമായി ചെയ്യേണ്ടതായ കാര്യമാണിത്, കർത്താവിൽ വിശ്വസിക്കുക. കാണപ്പെടുന്നതും കാണപ്പെടാത്തതുമായ എല്ലാ കാര്യത്തിലും നാം അവനിൽ വിശ്വസിക്കേണം. ദൈവത്തിന്റെ കല്പനയിൽ മാത്രം രസിക്കേണം, അനുസരിക്കേണം, സ്നേഹിക്കേണം, സഹിക്കേണം, സേവിക്കേണം, കരുതണം. സകലവും യേശുവിനായി സമർപ്പിച്ച് ഓരോ ദിവസത്തെ ജീവിതത്തെ അവനിൽ നിന്ന് തുടങ്ങി അവനിലൂടെ സഞ്ചരിച്ച് അവനിൽ തന്നെ അവസാനിപ്പിച്ചാൽ അന്നത്തെ നമ്മുടെ ജീവൻ നിത്യതയിലേക്ക് ഉയിർക്കപ്പെട്ട് ദൈവത്തെ സദാ സ്തുതിച്ചുകൊണ്ടിരിക്കുന്ന മാലാഖമാരുടെ കൂടെ ചേർന്ന് ദൈവത്തെ സ്തോത്രം ചെയ്യുന്നത് നമുക്ക് അനുഭവമാക്കുവാൻ സാധിക്കും. നമുക്ക് സത്യമായ ദൈവത്തിൽ തന്നെ വിശ്വസിച്ച് അവനിൽ തന്നെ ശരണം പ്രാപിക്കാം.

**7th November 2015 / Saturday** **13th day of 90 days**

***വിശുദ്ധ യോഹന്നാൻ 3:16***

***'തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനു നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു',***

ശത്രുക്കളെ സ്നേഹിക്കേണം എന്ന് പഠിപ്പിക്കുകയും ജീവിതത്തിൽ അത് നടപ്പിലാക്കി കാണിക്കുകയും തന്റെ രണ്ടാം വരവുവരെ അത് തുടരുകയും ചെയ്യുന്നു. ശത്രുക്കൾക്കായി ഒരു ലോകം തന്നെ സൃഷ്ടിച്ചു കൊടുക്കുന്നു. ലോക അവസാനം വരെ സുഖിച്ച് ജീവിക്കാൻ അനുവദിക്കുക, മനുഷ്യസൃഷ്ടികൾ മനംതിരിഞ്ഞ് പാപത്തിൽ നിന്ന് വിടുതൽ പ്രാപിച്ച് വീണ്ടും ജനനത്തിന്റെ അനുഭവത്തിൽ മുടിയാനായ പുത്രനെ സ്വീകരിച്ച പിതാവിനെപ്പോലെ മണവാട്ടി സഭയെ കാത്തിരിക്കുന്ന യേശുക്രിസ്തുവിൽ വിശ്വസിക്കുന്ന ഒരുവനും നശിച്ചുപോകാതെ ശുദ്ധീകരിച്ച് ഒരുക്കിയെടുത്തോളും, നമ്മുടെ സമ്മതവും സഹകരണവും മതി. ഈ ശത്രു ലോകത്തു നിന്ന് മണവാട്ടി സഭയെ വീണ്ടെടുക്കാനായി പിതാവായ ദൈവം തമ്പുരാൻ തന്റെ ഏകജാതനായ പുത്രനെ ഈ ലോകത്തേക്ക് അയച്ചു. അത്രമാത്രം പിതാവ് ഈ ലോകത്തെയും ലോകത്തുള്ളവരെയും സ്നേഹിച്ചു. സകലത്തെയും സൃഷ്ടിച്ചവനും പരിപാലിക്കുന്നവനും ദൈവമാണ്. രക്ഷയുടെ മാർഗ്ഗം കാണിച്ചു തന്നു. രക്ഷയുടെ പാതയിൽ സഞ്ചരിച്ച് നമ്മുടെ ജീവന് നിത്യത ലഭിക്കുവാൻ വിശ്വാസികൾ ഓരോരുത്തർ അതിനോട് അനുകൂലമായി സഹകരിക്കണം, പ്രതികരിക്കണം. മനുഷ്യർക്ക് അവരുടെ സ്വാതന്ത്ര്യത്തെ പ്രയോജനപ്പെടുത്താം. ഒരിക്കലും നശിച്ചുപോകാതെ, നിത്യജീവനെ പ്രദാനം ചെയ്യുന്ന സത്യവചനമാണിത്. പരിശുദ്ധാത്മാവിൽ വീണ്ടും ജനിക്കുകയും വായ്കൊണ്ട് രക്ഷകനെ ഏററുപറയുകയും ചെയ്താൽ ദൈവത്തിന്റെ മക്കളായി, നിത്യജീവൻ പ്രാപിക്കാൻ കഴിയും. ദൈവത്തിന്റെ ഇഷ്ടത്തിനനുസരിച്ച്, അവന്റെ പാതയിൽ സഞ്ചരിക്കുമ്പോൾ വേദനകൾ, കഷ്ടതകൾ, പ്രയാസങ്ങൾ ജീവിതത്തിലുണ്ടാകാം. അപ്പോൾ ദൈവത്തിന്റെ കൃപയാൽ അതിനെ അതിജീവിക്കാൻ കഴിയും. ദൈവത്തിന്റെ കല്പനകളെ അനുസരിച്ച് മക്കളായി ജീവിച്ച് നിത്യമായ ജീവന്റെ അവകാശികളായി തീരാം.

**8th November 2015 / Sunday** **14th day of 90 days**

***വിശുദ്ധ യോഹന്നാൻ 3:36***

***'പുത്രനിൽ വിശ്വസിക്കുന്നവനു നിത്യജീവൻ ഉണ്ട്. പുത്രനെ അനുസരിക്കാത്തവനോ ജീവനെ കാണുകയില്ല. ദൈവക്രോധം അവന്റെമേൽ വസിക്കുകയുള്ളു.***

പിതാവായ ദൈവം തമ്പുരാൻ തന്റെ ഏകജാതനായ പുത്രനെ ഈ ലോകത്തിലേക്ക് അയച്ചു. അവനിൽ വിശ്വസിക്കുന്ന ഏവനും നിത്യജീവൻ ഉണ്ട്. നമ്മുടെ നിത്യജീവന്റെ അവസ്ഥ എന്താണ്? പുത്രനിൽ വിശ്വസിച്ചില്ലെങ്കിൽ നിത്യജീവനില്ലായെന്നും ഇതിന് അർത്ഥമുണ്ട്. കൂടാതെ വിശ്വസിക്കുമ്പോൾ അത് പരിപൂർണ്ണമാകണം. പൂർണ്ണ ഹൃദയത്തോടും പൂർണ്ണ ആത്മാവോടും പൂർണ്ണ ശക്തിയോടും പൂർണ്ണ മനസ്സോടും വിശ്വസിക്കേണം. ഇതിൽ ഏതെങ്കിലും ഒന്നിന് അല്പം കുറവു വന്നാൽ അത് നമ്മുടെ ജീവനെ ബാധിക്കുന്നു. പുത്രനെ അനുസരിക്കാത്തവൻ ജീവനെ കാണുകയില്ലായെന്നും ദൈവത്തിന്റെ ക്രോധം അവന്റെമേൽ വരുമെന്നും വചനം സാക്ഷിക്കുമ്പോൾ കർത്താവിന്റെ വചനപ്രകാരം ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്താൽ മാത്രമേ ജീവൻ നിലനിർത്തി നിത്യതയിലേക്ക് കടക്കാൻ കഴിയു. മറിച്ച് കർത്താവിന്റെ വചനം തള്ളി കളഞ്ഞ് സ്വയത്തിൽ ആശ്രയിച്ചു ജീവിച്ചാൽ ആ ദിനങ്ങളിലെ ജീവൻ സ്വർഗ്ഗത്തിൽ എത്തുന്നതിനു പകരം പാതാളത്തിൽ എത്തുകയും അവിടെ ശരീരമില്ലാതെ വിഷമിക്കുന്ന ആത്മാക്കളുടെ ചിന്തകൾ, പ്രവൃത്തികൾ എന്നിവ തിരികെ വന്ന് ശരീരത്തിൽ പ്രവേശിക്കുകയും ചെയ്യുന്നു. അതിനാണ് നമ്മുടെ ചിന്തകളും പ്രവൃത്തികളും എല്ലാം ദൈവീകമാണോയെന്നു പരിശോധിക്കേണ്ടതിന്റെ ആവശ്യകത. ദുഷ്ടശക്തികൾക്ക് നമ്മളിൽ അവകാശം ഉണ്ടായാൽ അവന്റെ ഇഷ്ടത്തിനനുസരിച്ച് നാം ജീവിക്കേണ്ടി വരും. ദൈവത്തിൽ ആശ്രയിക്കാം, പുത്രനിൽ വിശ്വസിക്കാം. ദൈവത്തിന്റെ കല്പനയിൽ അനുസരണം പാലിക്കാം. എല്ലാം നന്മയ്ക്കായി മാത്രം പ്രവർത്തിക്കുന്ന ദൈവത്തിന്റെ കരങ്ങൾക്ക് കീഴെ അടങ്ങിയിരിക്കുന്ന സ്വഭാവത്തിന്റെ ഉടമയായി, ദൈവരാജ്യത്തിനായി നമ്മുടെ സകലത്തെയും ജീവനെയും സമർപ്പിക്കാം.

## 9th November 2015 / Monday 15th day of 90 days

***വിശുദ്ധ യോഹന്നാൻ 15:13***

***‘സ്നേഹിതർക്കു വേണ്ടി ജീവനെ കൊടുക്കുന്നതിലും അധികമുള്ള സ്നേഹം ആർക്കും ഇല്ല’,***

യേശുക്രിസ്തു തന്റെ ജീവൻ മണവാട്ടി സഭയ്ക്കു വേണ്ടി കൊടുത്തു. താൻ ഏററ ഓരോ അടിയും ദുഷിയും വീഴ്ചയും കുരിശു മരണവും എല്ലാം തന്റെ മണവാട്ടി സഭയ്ക്കു വേണ്ടി ആയിരുന്നു. നമുക്ക് എത്ര സ്നേഹം ഉണ്ടായാലും അത് വാക്കുകളിൽ മാത്രം ഒതുക്കി നിൽക്കാതെ നമ്മുടെ പ്രവൃത്തികളിലും മററുള്ളവർക്ക് കാണാൻ സാധിക്കേണം. സ്നേഹിതർക്കുവേണ്ടി ചെയ്യുന്നത് എല്ലാം ദൈവത്തിന് ചെയ്യുന്നതായി കരുതണം. പ്രതിഫലം ഇച്ഛിക്കാതെ, ഒന്നും പ്രതീക്ഷിക്കാതെ വാങ്ങുന്നതിനേക്കാൾ കൊടുക്കുന്നതാണ് ഉത്തമം എന്നു കരുതി, പ്രാപ്തിയ്ക്കനുസരിച്ച് ചെയ്യാവുന്ന സത്കർമ്മങ്ങൾ ചെയ്തു ദൈവത്തിന്റെ മക്കളായി തീരാൻ സത്യവചനത്തെ ശ്രദ്ധയോടെ ധ്യാനിച്ച് ജീവിതത്തെ ക്രമികരിക്കാം. ദൈവഹിതം അറിഞ്ഞ് നമ്മുടെ ഓരോരുത്തരുടെയും ജീവനും സമ്പത്തും എല്ലാം നമുക്ക് മാത്രമായി നൽകിയതല്ലായെന്നും മററുള്ളവർക്കും അത് പ്രയോജനപ്പെടണമെന്നും തിരിച്ചറിവ് കിട്ടണം. അത് ദൈവത്തിന്റെ പദ്ധതിയ്ക്കും ഇഷ്ടത്തിനും പ്രയോജനപ്പെടുത്താൻ തക്കവണ്ണം യോഗ്യമായ വിധത്തിൽ വേണം നമ്മുടെ ജീവൻ സംരക്ഷിക്കേണ്ടത്. നിത്യവും സത്യവചനത്തിൽ സഞ്ചരിച്ച് ആന്തരിക അർത്ഥങ്ങൾ ഉൾകൊണ്ട്, അതിന്റെ പ്രകാശത്തിൽ സഞ്ചരിക്കുന്നതിനും വസിക്കുന്നതിനും നമുക്ക് കഴിയണം. ആ ജീവൻ കൊണ്ട് സ്നേഹിതന്മാരെ രക്ഷയുടെ പാതയിൽ കൊണ്ടുവരുമ്പോൾ ദൈവനാമം മഹത്വപ്പെടുകയും ആ സ്നേഹിതന്മാരുടെ മനസ്സും ഹൃദയവും എല്ലാം ദൈവസ്നേഹത്താൽ നിറഞ്ഞ് ദൈവത്തെ സ്തുതിക്കുകയും സ്തോത്രം ചെയ്യുകയും ചെയ്യുമ്പോൾ സന്തോഷിക്കുന്ന സ്വർഗ്ഗത്തെയും ദൈവത്തെയും നമുക്ക് ആത്മീയ ദർശനം നടത്താം. ദൈവത്തിന്റെ സൃഷ്ടികളിൽ ദൈവത്തിന്റെ മക്കളെയും മരുമക്കളെയും (മണവാട്ടി സഭ) തിരിച്ചറിഞ്ഞ് ഒത്തുചേർന്ന് കർത്താവിന്റെ രണ്ടാം വരവ് എത്രയും വേഗത്തിലാക്കി ജന്മസാഫല്യം അണയാൻ സാധിക്കട്ടെയെന്നു ആശംസിക്കുന്നു.

***ഇന്നത്തെ ഈ വചനം അടിയനും എന്റെ നല്ല സുഹൃത്തിനും ജീവിതത്തിൽ ഇന്ന് അനുഭവമായത് സാക്ഷിക്കുന്നു.***

**10th November 2015 / Tuesday** **16th day of 90 days**

*1 തിമൊത്തിയൊസ് 6:19*

*‘സാക്ഷാലുള്ള ജീവനെ പിടിച്ചുകൊള്ളേണ്ടതിന് വരും കാലത്തേക്ക് നല്ലൊരു അടിസ്ഥാനം നിക്ഷേപിച്ചുകൊൾവാനും ആജ്ഞാപിക്ക’,*

ജീവൻ രണ്ട് തലത്തിൽ ഉള്ളതുകൊണ്ടാണ് സാക്ഷാലുള്ള ജീവൻ എന്നു വചനം പറയുന്നത്. ആ ജീവനെ നാം വേണ്ടതായ വിധത്തിൽ പിടിച്ചുകൊള്ളേണം എന്ന സന്ദേശവും ഇതിൽ ഉണ്ട്. ആ ജീവനെ സംരക്ഷിക്കേണ്ടതിന് നമുക്ക് നല്ലൊരു ആത്മീയ അടിസ്ഥാനം ആവശ്യമാണ്. അന്തിമകാലത്ത് ദുഷ്ക്കാലം വരുമെന്നും ആരോടും ആർക്കും സ്നേഹം തോന്നാത്ത വിധത്തിൽ അത് കെട്ടുപോകുമെന്നും വചനത്തിൽ സൂചന നൽകിയിട്ടുണ്ട്. ആത്മീയനിക്ഷേപത്തിനായി ആദ്യം ആത്മീയ വരുമാനം വേണം. അതിനായി ആത്മീയവേലകൾ / ദൈവവേലകൾ ചെയ്യേണം. സത്യവചനത്തിലൂടെ സഞ്ചരിച്ച് നമ്മുടെ ഓരോരുത്തരുടെയും മുൻനിയമിച്ച വേലകൾ സന്തോഷത്തോടെ പൂർത്തീകരിക്കുമ്പോൾ ലഭിക്കുന്ന പ്രതിഫലം നിക്ഷേപമായി നാം കരുതണം. കൂടാതെ നമുക്ക് ലഭിച്ചിരിക്കുന്ന താലന്തുകൾ വർദ്ധിപ്പിച്ച് ഇരട്ടിയാക്കി ദൈവനാമമഹത്വത്തിനായി പ്രയോജനപ്പെടുത്തേണം. സത്യദൈവത്തിൽ നിന്നും സത്യവചനത്തിൽ നിന്നും നാം നിത്യവും ഉൾക്കൊള്ളേണ്ടതായ സന്ദേശത്തെ പിടിച്ചെടുത്ത് അത് കൃത്യമായി നിർവഹിക്കേണം. അങ്ങനെ നമ്മുടെ ജീവനെ തന്നെ ദൈവത്തിന്റെ കൈയിൽ ഏൽപ്പിക്കുമ്പോൾ അത് അവിടെ സുരക്ഷിതമായിരിക്കും. നമ്മുടെ വേലകൾ ചെയ്തു തിരികെ എത്തുമ്പോൾ അതിന്റെ പതിന്മടങ്ങായി തിരികെ ലഭിക്കുന്നു. അതാണ് നിത്യജീവൻ. ദൈവത്തിന്റെ ഏററവും വിലപ്പെട്ടതായ നമ്മുടെ ജീവൻ, ഒരു ചുളുക്കവും ചതവും ക്ഷതവും ഏൽക്കാതെ തിരികെ ഏൽപ്പിക്കണം. അതിനായി നമുക്ക് സത്യവചനത്തിന്റെ വെളിച്ചത്തിൽ സഞ്ചരിച്ച് സത്യദൈവസന്നിധിയിൽ എത്തിച്ചേരാം. നമ്മുടെ ജീവിതം സത്യദൈവത്തിന്റെ നീതിയിലും സത്യത്തിലും ആണോ? നമ്മുടെ ജീവൻ നിത്യജീവനിലേക്കോ അതോ നിത്യനാശത്തിലേക്കോ സഞ്ചരിക്കുന്നത്? നന്മകൾ ചെയ്ത് നമ്മുടെ ജീവനെ രക്ഷകന്റെ അരികിൽ എത്തിക്കാം. നന്മകൾക്കായി ജീവിതത്തിൽ അല്പം സമയം വേർതിരിച്ച് ദൈവത്തിന്റെ മണവാട്ടി സഭയ്ക്കുവേണ്ടി പ്രവർത്തിക്കാം.

**11th November 2015 / Wednesday** **17th day of 90 days**

***വിശുദ്ധ യോഹന്നാൻ 5:21***

***'പിതാവ് മരിച്ചവരെ ഉണർത്തി ജീവിപ്പിക്കുന്നതുപോലെ പുത്രനും താൻ ഇച്ഛരിക്കുന്നവരെ ജീവിപ്പിക്കുന്നു'***

ജീവന്റെ ഉറവിടമായ യേശുക്രിസ്തുവിന്റെ ഉള്ളിൽ തിരികെ വരാത്ത ജീവൻ ദുഷ്ടശക്തികൾക്ക് അടിമയായി തീരാൻ സാധ്യതയുണ്ട്. ആയതിനാൽ നമ്മുടെ ചിന്തകൾ, വിചാരങ്ങൾ, ബോധങ്ങൾ, പ്രവൃത്തികൾ എല്ലാം പിതാവായ ദൈവത്തെ പ്രസാദിപ്പിക്കേണം. പിതാവായ ദൈവം പ്രസാദിച്ചാൽ മാത്രമേ, ദൈവീകസ്നേഹത്തിൽ നമുക്ക് ജീവിക്കാൻ കഴിയു. പിതാവായ ദൈവത്തിന്റെ പ്രസാദം നേടി കഴിഞ്ഞാൽ പുത്രന്റെ കൃപ ലഭിക്കുന്നു. ഇങ്ങനെ പിതാവായ ദൈവത്തിന്റെ സ്നേഹവും പുത്രന്റെ കൃപയും പൂർണ്ണമായി ലഭിച്ചു കഴിയുമ്പോൾ പരിശുദ്ധാത്മാവിന്റെ നിറവിൽ നിത്യമായ സന്താഷവും സമാധാനവും ലഭിക്കുന്നത്. ഇന്ന് ആത്മീയ സമാധാനവും സന്തോഷവും ലഭിക്കന്നില്ലായെങ്കിൽ പിതാവിനെ വേണ്ടവിധത്തിൽ പ്രസാദിപ്പച്ചിട്ടില്ലായെന്നതാണ്. ദൈവകല്പനയിൽ പരിപൂർണ്ണമായ അനുസരണം കാണിച്ച്, ദൈവത്തിലെ വിശ്വാസം ഉറപ്പിച്ച്, നമ്മുടെ ഓരോ നിമിഷത്തെ ജീവിതം, കർത്താവിന്റെ രണ്ടാമത്തെ വരവിനായി, മണവാട്ടി സഭയ്ക്കായി പ്രവർത്തിച്ചാൽ, പിതാവായ ദൈവത്തിന്റെ പ്രസാദം ലഭിച്ച്, ആ സ്നേഹത്തിൽ, സ്നേഹത്തിന്റെയും ജീവന്റെയും ഉറവിടമായ യേശുക്രിസ്തുവിലേക്ക് എത്തിച്ചേരണം. പിതാവിന്റെ പ്രസാദം ഇല്ലാതെ ഒരിക്കലും പുത്രന്റെ അരികിൽ എത്താനോ ആ സ്നേഹമോ കൃപയോ അനുഭവിക്കാൻ കഴിയുകയില്ല. പുത്രന്റെ ഇഷ്ടത്തിനായി നാം സ്വയം സമർപ്പിച്ചാൽ, ദൈവഹിതത്തിന് യോഗ്യമായ വേലകൾ നിർവഹിച്ച് നമ്മുടെ ജീവനെ തിരികെ ഏൽപ്പിക്കാൻ കഴിയും. അറിയണം, അനുഭവമാകണം, ദൈവത്തിന്റെ വചനത്തെ സത്യത്തിൽ, നിർമ്മലതയോടെ, നന്മകളാൽ, ദൈവത്തിൽ ആശ്രയിച്ച് മുന്നോട്ട് നീങ്ങാം. പിതാവിന്റെ മരുമകളായി തീരേണ്ടവരെ, വിളിച്ചു, വേർതിരിച്ച്, തേജസ്സക്കരിക്കേണ്ടതിന് പുത്രന്റെ ഉള്ളിൽ സംരക്ഷിച്ചിരിക്കുന്ന കന്യകയുടെ ശരീരത്തിലെ ഓരോ കോശങ്ങളാണ് നമ്മുടെ ജീവൻ. അത് പൂത്തീകരിക്കാൻ നാം ദൈവത്തോട് സഹകരിക്കണം. പുത്രന്റെ വരവിനായി പ്രാർത്ഥനയോടെ കാത്തിരിക്കാം.

**12th November 2015 / Thursday** **18th day of 90 days**

### *വിശുദ്ധ യോഹന്നാൻ 5:40*

## *'എങ്കിലും ജീവൻ പ്രാപിക്കേണ്ടതിന് എന്റെ അടുക്കൽ വരുവാൻ നിങ്ങൾക്ക് മനസ്സില്ല'*

ഒരു വിശ്വാസി തന്റെ ജീവിതത്തെ ദൈവത്തിന്റെ ഇഷ്ടത്തിനും താൽപര്യത്തിനും യോജിച്ച വിധത്തിൽ ക്രമീകരിക്കണമെങ്കിൽ ആദ്യം വേണ്ടത് മനസ്സാണ്. ആ സമർപ്പണമാണ് ദൈവത്തിന്റെ പദ്ധതികളുമായി നമ്മെ ചേർത്തു നിർത്തുന്നത്. വിശുദ്ധ കന്യകമറിയം തന്റെ ജീവിതവും ജീവനും എല്ലാം പിതാവായ ദൈവത്തിന് സമർപ്പിച്ച്, ദൈവത്തിന്റെ വാക്കുപ്പോലെ ഭവിക്കട്ടെയെന്നു പറഞ്ഞപ്പോൾ ഉള്ള ആ മനസ്സുപോലെ നമ്മുടെ ഓരോരുത്തരുടെയും പ്രത്യേകിച്ച് സത്യവിശ്വാസികളുടെ സമർപ്പണം ആവശ്യമാണ്. യേശുക്രിസ്തുവിനെ രക്ഷകനായി സ്വീകരിക്കാനും മണവാട്ടി സഭയിലെ അംഗമായി ജീവിക്കുന്നതിനും ഈ സമർപ്പണം ആവശ്യമാണ്. ഓരോരുത്തൻ അവനവന്റെ രക്ഷയെ ലക്ഷ്യമാക്കി ജീവിതത്തെ ക്രമീകരിച്ചില്ലായെങ്കിൽ നഷ്ടമാകുന്ന ജീവൻ, തിരികെ ലഭിക്കാൻ യേശുക്രിസ്തുവിന്റെ രക്തത്തിന് മാത്രമേ കഴിയുകയുള്ളു. നിത്യജീവൻ പ്രാപിക്കുക അത്ര നിസ്സാരമായ കാര്യമല്ല. സമർപ്പണത്തിനുശേഷം കഷ്ടങ്ങളും പ്രയാസങ്ങളും നിറഞ്ഞ ലോകത്തിൽ, ദൈവാശ്രയത്തിലൂടെ ഓരോ കടമ്പകൾ / തടസ്സങ്ങൾ ചാടി കടന്ന് ഉള്ളിലെ യേശുവിനെ വളർത്തി, ജന്മസാഫല്യം അണഞ്ഞാൽ, വിശുദ്ധ കന്യകമറിയാമിനെ സ്വർഗ്ഗത്തിലേക്ക് എടുത്തുകൊണ്ടുപോയതു പോലെ, കർത്താവിന്റെ രണ്ടാം വരവിൽ മണവാട്ടി സഭയിലെ എല്ലാവരെയും മദ്ധ്യാകാശത്തിലേക്ക് എടുക്കപ്പെടും. അതിന് മുമ്പ് നിത്യജീവൻ പരിപൂർണ്ണമായി നാം നേടിയെടുത്ത് യേശുക്രിസ്തുവിന്റെ ഉള്ളിൽ എത്തിക്കേണം. സത്യവചനത്തിലൂടെ സഞ്ചരിച്ച് രക്ഷകന്റെ അരികിൽ എത്തി നിത്യജീവൻ ഉറപ്പാക്കി, മണവാളന്റെ വരവിനായി, കല്ല്യാണത്തിനായി ബുദ്ധിയുള്ള കന്യകന്മാരെപ്പോലെ കാത്തിരിക്കാം. രക്ഷകന്റെ പാദത്തിലെത്തിടാൻ വഴിയും ജീവനും വെളിച്ചവും അപ്പവുമായ യേശുവിൽ തന്നെ ആശ്രയിക്കാം. ലോകമോഹങ്ങൾക്ക് അടിമപ്പെടാതെ, സൃഷ്ടികളിൽ ശ്രദ്ധിക്കാതെ സൃഷ്ടാവിന്റെ പ്രവർത്തനത്തിൽ പങ്കാളിയായി തീർന്ന് ജന്മസാലഫ്യം അണയാൻ സാധിക്കേണം.

**13th November 2015 / Friday**    **19th day of 90 days**

*വിശുദ്ധ യോഹന്നാൻ 6:33*

*'ദൈവത്തിന്റെ അപ്പം സ്വർഗ്ഗത്തിൽ നിന്നു ഇറങ്ങി വന്നു ലോകത്തിന് ജീവൻ കൊടുക്കുന്നതു ആകുന്നു എന്നു പറഞ്ഞു.'*

യേശുക്രിസ്തു ജീവന്റെ അപ്പമാണ് എന്ന വചനത്തിന്റെ ആത്മീയ അർത്ഥം മനസ്സിലാക്കാൻ ഈ സത്യവചനം പ്രയോജനപ്പെടട്ടെ. ജീവന്റെ അപ്പമായ യേശുക്രിസ്തു സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങി വന്ന് നമുക്ക് ജീവൻ നൽകുന്നു. അപ്പോൾ ഈ ലോകജീവിതത്തിൽ നമ്മുടെ ജീവിതം / ജീവൻ നാം അറിയാതെ തന്നെ നഷ്ടപ്പെടാൻ സാധ്യതയുണ്ട്. ആ സാഹചര്യങ്ങൾ മനസ്സിലാക്കി അതിൽ നിന്ന് എല്ലാം ഒഴിഞ്ഞ് മാറി ജീവിക്കാൻ ശ്രമിക്കേണം. നമ്മുടെ ജീവന്റെ ഭക്ഷണമായ, യേശുക്രിസ്തുവിനെ നാം യോഗ്യമായ വിധത്തിൽ സ്വീകരിക്കണം. അതാണ് വിശുദ്ധ കുർബ്ബാന. ജീവന്റെ അപ്പം എങ്ങനെയാണ് നാം ഭക്ഷിക്കേണ്ടത്? അത് വെറും ഭക്ഷണമോ പാനിയമോ അല്ല, അത് അനുഭവമായി മാറണം. കുറഞ്ഞത് ആറ് മണിക്കൂർ എങ്കിലും ഭക്ഷണം വെടിഞ്ഞ് തലേദിവസം സന്ധ്യാ നമസ്ക്കാരം മുതൽ പിറേറ ദിവസം ഉച്ചനമസ്ക്കാരം വരെ നടത്തി വിശുദ്ധ കുർബ്ബാനയ്ക്കു വേണ്ടി ഒരുങ്ങണം. അനുഭവിച്ച വിശുദ്ധ കുർബ്ബാന നമ്മുടെ രക്തത്തിൽ അലിഞ്ഞ് ചേരുന്നതിന് വേണ്ടി ഉപവസിക്കാതെ ഉടനെ തന്നെ ഭക്ഷണം കഴിക്കുന്നത്. സ്വർഗ്ഗത്തിൽ നിന്ന് ഭൂമിയിൽ എത്തി നമ്മുടെ പാപത്തിനും ശാപത്തിനും കടങ്ങൾക്കും മോചനത്തിനായി, പരിഹാരമായി, വിടുതലിനായി, യേശുക്രിസ്തുവിന്റെ തിരുശരീരവും തിരുരക്തവും നമുക്കായി നൽകി, ഈ ലോകത്തിൽ നിന്ന് നമ്മുടെ ജീവൻ രക്ഷിച്ച്, യേശുവിന്റെ ഉള്ളിൽ എത്തിച്ച് രണ്ടാം വരവിനായി കാത്തിരിക്കേണം. സത്യവചനമാകുന്ന പാൽ കുടിച്ച് ആത്മീയജീവനെ വളർത്തി, ആത്മീയവേലകൾ ചെയ്തു പ്രതിഫലമായി ലഭിക്കുന്ന അനുഗ്രഹങ്ങൾ കാത്തുസൂക്ഷിച്ച് പ്രയോജനപ്പെടുത്തിയാൽ, നമുക്കും വരും തലമുറകൾക്കും വളരെയധികം അനുഗ്രഹപ്രദമായിരിക്കും. നിത്യമായ സമാധാനവും സന്തോഷവും നേടിയെടുത്ത് ദൈവത്തോട് സഹകരിച്ച് ജീവിതത്തെ കൂടുതൽ വിശുദ്ധിയോടെ കാത്തു സൂക്ഷിക്കാം.

**14th November 2015 / Saturday** **20th day of 90 days**

*വിശുദ്ധ യോഹന്നാൻ 6:53*

***യേശു പറഞ്ഞു, സത്യം സത്യമായി ഞാൻ നിങ്ങളോട് പറയുന്നു. നിങ്ങൾ മനുഷ്യപുത്രന്റെ ശരീരം ഭക്ഷിക്കുകയും അവന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നില്ലായെങ്കിൽ നിങ്ങൾക്ക് ജീവൻ ഉണ്ടായിരിക്കുകയില്ല.***

വിശുദ്ധ കുർബ്ബാന, കൂദാശകളുടെ കൂദാശ എപ്പോഴെങ്കിലും എങ്ങനെയെങ്കിലും പങ്കെടുത്ത് കണ്ടാൽ മാത്രം മതിയെന്നു കരുതുന്നവർക്ക് തക്ക ഉപദേശമാണ് ഈ സത്യവചനം. ഈ ലോകത്തിന്റെ താളങ്ങൾക്ക് അനുസരിച്ച് ജീവിക്കുമ്പോൾ പല തരത്തിലുള്ള പ്രശ്നങ്ങളിലൂടെ കടന്നുപോകണം. ശരീരത്തിന്റെ നിലനില്പിന് യഥാസമയം നാം ഭക്ഷണം കഴിക്കുന്നു. അത് ഒരു നേരംപോലും നഷ്ടപ്പെടാതെ, കൃത്യമായി അധരത്തിന് സ്വാദിഷ്ഠമായി അത് തയ്യാറാക്കുകയും അനുഭവിക്കുകയും ചെയ്യുന്നു. അതിനെക്കാൾ ഉപരിയായി അത്മാവിന്റെയും ദേഹിയുടെയും വിശപ്പും ഊർജ്ജവും നാം മനസ്സിലാക്കി പ്രതികരിച്ചില്ലായെങ്കിൽ, ആരും നമ്മെ ഉപദേശിക്കാൻ കാണും എന്ന് കരുതരുത്. ദേഹത്തിൽ / ശരീരത്തിൽ ക്ഷീണം തോന്നുമ്പോൾ വൈദ്യന്റെ ഉപദേശം സ്വീകരിക്കുകയും കുറവുകൾ പരിഹരിക്കാൻ ബദ്ധപ്പെടുകയും ചെയ്യുന്നു. സത്യവചനമാകുന്ന പാൽ കുടിക്കുകയും വിശുദ്ധ കുർബ്ബാന ക്രമമായി വിശുദ്ധിയോടെ അനുഭവിക്കുകയും ചെയ്തുകൊണ്ട് കഴിയുന്ന വിധത്തിൽ നന്മകൾ ചെയ്തു ദൈവനാമം മഹത്വപ്പെടുത്തുവാൻ കഴിയണം. വിശ്വാസികൾ / സത്യവിശ്വാസികൾ വിശുദ്ധ കുർബ്ബാന അതിന്റെ പ്രാധാന്യത്തോടെ കൈകാര്യം ചെയ്യുന്നതിൽ പരാജയമാണല്ലോ എന്നൊരു തോന്നൽ. അത് വിശുദ്ധ സ്ഥലത്തു നിൽക്കുന്നവർ മുതൽ ദൈവാലയങ്കണത്തിൽ സന്ദർശനം നടത്തുന്നവർ വരെ ഒരേപോലെ ഉത്തരവാദിത്വപ്പെട്ടവരാണ്, ചിലർ എങ്കിലും. അശുദ്ധി ഉള്ളടത്ത് വിശുദ്ധി കാണില്ല, ശാരീരിക അശുദ്ധിയെ നീക്കി വിശുദ്ധി പ്രാപിക്കാൻ നാം ദിനം തോറും ആവർത്തിച്ച് പല കാര്യങ്ങൾ ചെയ്യുന്നു. ഇതേപോലെ ദേഹിയുടെ ശുദ്ധീകരണത്തിനായി ദിനംതോറും ഏഴ് യാമപ്രാർത്ഥനകൾ ക്രമീകരിച്ചിരിക്കുന്നു. കാരണം നമ്മുടെ ചിന്തകൾ, വിചാരങ്ങൾ, പ്രവൃത്തികൾ എന്നിവ മൂലം നാം ഏത് സമയത്തും അശുദ്ധരാകാം. ആയതിനാൽ വിശുദ്ധിയോടെ കൂടി മാത്രമേ വിശുദ്ധ കുർബ്ബാന അനുഭവിക്കാൻ പാടുള്ളൂ, ആ അനുഭവം അടുത്ത വിശുദ്ധ കുർബ്ബാന വരെ കാത്തുസൂക്ഷിക്കേണം. പിതാവിന്റെ വലതുഭാഗത്ത് ഇരുന്ന് നമുക്കുവേണ്ടി മദ്ധ്യസ്ഥത നടത്തുന്ന യേശു മണവാളന്റെ രണ്ടാം വരവും കല്യാണവും താമസിക്കുന്നതിന്റെ കാരണവും ഈ വചനത്തിൽ ഉണ്ട്. സത്യവിശ്വാസികളായ നമുക്ക് ആത്മീയ ജീവൻ ഇല്ല, അതിനുവേണ്ടി വിശുദ്ധ സഭയുടെ കൂദാശകളും ആരാധനകളും യാമപ്രാർത്ഥനകളും യഥാസമയം പൂർത്തികരിച്ച് ദൈവത്തിന്റെ പദ്ധതികളിൽ പങ്കാളിയായി ജന്മസാഫല്യം അണയാം. ഈ നിമിഷനേരത്തെ ലോകജീവിതം കൊണ്ട് നിത്യജീവൻ പ്രാപിക്കാൻ ദൈവം തമ്പുരാൻ നമ്മെ ഓരോരുത്തരെ യോഗ്യരാക്കട്ടെ.

**15th November 2015 / Sunday**

**21st day of 90 days**

*വിശുദ്ധ യോഹന്നാൻ 6:63*

***ആത്മാവാണ് ജീവൻ നൽകുന്നത്, ശരീരം ഒന്നിനും ഉപകരിക്കുന്നില്ല. നിങ്ങളോട് ഞാൻ പറഞ്ഞ വാക്കുകൾ ആത്മാവും ജീവനുമാണ്.***

**പരിശുദ്ധാത്മാവിനെ പ്രാപിക്കണമെങ്കിൽ നാം വീണ്ടും ജനിക്കേണം. വീണ്ടും ജനനത്തിൽ പരിശുദ്ധാത്മാവിന്റെ നിറവ് അനുഭവമാകണം. വിശുദ്ധ മാമോദീസാ സമയത്ത് പുരോഹിതൻ ശിശുവിന്റെ മേൽ ഊതുന്നു. ഇതിന്റെ ആത്മീയ വശം അറിയാതെ വിശുദ്ധ കൂദാശയിൽ പങ്കെടുക്കുന്നതും അറിഞ്ഞിട്ടും ലാഘവത്തോടെ സഹകരിക്കുന്നതും നീതികരിക്കപ്പെടണമെന്നില്ല. പുരോഹിതർ ഇതിന്റെ ആത്മീയ വശം പങ്കെടുക്കുന്നവർക്ക് പകർന്ന് കൊടുക്കുകയും, വിവാഹ കൂദാശയ്ക്കു മുമ്പ് നടത്തുന്ന പ്രബോധനത്തിന്റെ തുടർച്ചയായി, വിശുദ്ധ മാമോദീസാ പ്രബോധനം ക്രമീകരിച്ചാൽ നല്ല തലമുറയെ സൃഷ്ടിച്ച് കർത്താവിന്റെ പദ്ധതികൾ നടപ്പിലാക്കാൻ കഴിയും. ഇല്ലെങ്കിൽ നമ്മുടെ കാര്യങ്ങൾ നടക്കാൻ ദൈവത്തെ നാം വലിച്ചിഴക്കുകയാണ്. ശരീരത്തിന്റെ ഭംഗിയ്ക്കും ആകൃതിയ്ക്കും വേണ്ടി ധാരാളം പണം ചിലവാക്കുമ്പോൾ തന്നെ ആത്മാവിന്റെയും പ്രാണന്റെയും രക്ഷയ്ക്കുവേണ്ടി, ശുദ്ധീകരണം പ്രാപിച്ച് ദൈവത്തിന്റെ ആലോചനയ്ക്കായി കാത്തിരുന്ന് പിടിച്ചെടുത്ത് ജീവിതത്തെ ക്രമപ്പെടുത്തി, നന്മകളാൽ തിന്മകളെ തോൽപ്പിച്ച് മനുഷ്യഹൃദയങ്ങളിൽ ദൈവരാജ്യത്തിന്റെ അതിർത്തി വിസ്തൃതമാക്കണം. വിശ്വാസികളായ നമ്മുടെ സംസാരങ്ങൾ, വാക്കുകൾ, പ്രവൃത്തികൾ, ഇടപെടലുകൾ എന്നിവ ക്രിസ്തുവിന്റെ മഹത്വം വിളിച്ചോതുന്നത് ആകണം. പരിശുദ്ധാത്മാവ് നിറഞ്ഞ് സംസാരിക്കാനും പ്രവർത്തിക്കാനും കഴിഞ്ഞാൽ മാത്രമേ കേൾവിക്കാരെ നേടിയെടുക്കാൻ കഴിയു. നമ്മുടെയും മക്കളുടെയും കൊച്ചുമക്കളുടെയും ഭാവി ശുഭമായിരിക്കാൻ സ്ഥിരനിക്ഷേപം വർദ്ധിപ്പിക്കുന്നതുപോലെ, ആത്മാവിന്റെയും ദേഹിയുടെയും ഭാവി എങ്ങനെ സുരക്ഷിതമാക്കാം. വീണ്ടും ജനിക്കാത്ത വിശ്വാസികളുടെ ശ്വാസം പോയതിനുശേഷം പ്രാണനെ വളർത്താമെന്നും മണവാട്ടിസഭയിൽ ചേർന്ന് ജീവിക്കാമെന്നും കരുതുന്നവർ ധനികന്റെയും ലാസറിന്റെയും ഉപമ ഓർക്കുന്നത് നല്ലതാണ്. വഴിയും സത്യവും ജീവനുമായ യേശുവിനെ അറിഞ്ഞ് വിശ്വസിച്ച് നിത്യജീവനുവേണ്ടി സമാധാനമായ യേശുവിനെ മുറുകെ പിടിച്ച്, ദൈവസന്നിധിയിൽ നീതിയുള്ളവരായി, നന്മകൾ ചെയ്തു സ്വർഗ്ഗത്തെ സന്തോഷിപ്പിക്കണം. കർത്താവിന്റെ രണ്ടാം വരവിൽ, മദ്ധ്യാകാശത്തേക്ക് ഉയിർന്നുചെല്ലുവാൻ തങ്കചിറകുകൾ നേടിയെടുത്ത് ആ നിമിഷത്തിനായി കാത്തിരിക്കാം.**

**16th November 2015 / Monday** **22nd day of 90 days**

***വിശുദ്ധ യോഹന്നാൻ 10:11***

***'ഞാൻ നല്ല ഇടയനാണ്. നല്ല ഇടയൻ ആടുകൾക്കുവേണ്ടി ജീവൻ അർപ്പിക്കുന്നു',***

യേശുക്രിസ്തുവിന്റെ ഉപമകളിൽ ഏററവും സുന്ദരവും ലളിതവുമായ ഈ സത്യവചനം ദാവീദ് മുൻകൂട്ടി മനസ്സിലാക്കിയിട്ടാണ് 23-ാം സങ്കീർത്തനം രചിച്ചത്. യഹോവ നമ്മുടെ ഇടയനാണോ? നാം യഹോവയുടെ നല്ല ആടുകളാണോ? യഹോവ നമ്മുടെ ഇടയനായി അംഗീകരിച്ചാൽ പിന്നെ നമ്മുടെ എല്ലാ കാര്യങ്ങളും ശ്രദ്ധിക്കുന്നതും നടത്തി തരുന്നതും യഹോവയാണ്. 23-ാം സങ്കീർത്തനത്തിന്റെ എല്ലാ അനുഭവങ്ങളും നമ്മുടെ ജീവിതത്തിൽ ഉണ്ടാകുവാൻ യഹോവയെ നല്ല ഇടയനായി അംഗീകരിക്കണം. യഹോവയുടെ കല്പനകളെ അനുസരിക്കണം. സത്യമായ പാതയിൽ സഞ്ചരിച്ച് ഏൽപ്പിച്ചിരിക്കുന്ന വേലകൾ സന്തോഷത്തോടെ നിർവഹിക്കേണം. ഈ ലോകത്തിന്റെ പലവിധത്തിലുള്ള പരീക്ഷണങ്ങളും പ്രയാസങ്ങളും കഷ്ടങ്ങളും കഷ്ടതകളും അനുഭവിക്കണമെങ്കിലും അതെല്ലാം ശുദ്ധീകരണത്തിനും ശക്തീകരണത്തിനും പ്രയോജനപ്പെടുത്താൻ കഴിയണം. ഒരു നല്ല ഇടയനുമാത്രമേ നമ്മെ നേർവഴിക്ക് നടത്തുവാനും ശത്രുവിന്റെ കൈയിൽ നിന്ന് രക്ഷിക്കുവാനും അന്ധകാരത്തിൽ വഴി നടത്തുവാനും നാശകരമായ അവസ്ഥയിൽ നിന്ന് വീണ്ടെടുക്കുവാനും കഴിയുകയുള്ളു. യേശുക്രിസ്തു നല്ല ഇടയനായി വന്ന്, ആടുകളായ നമ്മളുടെ രക്ഷയ്ക്കുവേണ്ടി കഷ്ടതകൾ അനുഭവിച്ച്, കുരിശിലേറി മരിച്ച്, മൂന്നാം ദിവസം ഉയിർത്തെഴുന്നേററ് പിതാവിന്റെ വലതുഭാഗത്ത് നമ്മൾക്കുവേണ്ടി മദ്ധ്യസ്ഥത വഹിക്കുന്നു. പാപികളായ / വെറും മണ്ണാക്കട്ടയായ നമ്മൾക്കുവേണ്ടി സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങി ഇത്രയധികം കഷ്ടതകൾ അനുഭവിച്ച ആ നല്ല ഇടയൻ, അവന്റെ ആടുകളെ കാത്തിരിക്കുന്നു. മനം തിരിഞ്ഞ് വീണ്ടും ജനനത്തിന്റെ അനുഭവത്തിൽ ആ ഇടയന്റെ അടുത്തേക്ക് ഓടിയെത്തി, രക്ഷയുടെ പാതയിൽ നടന്നീടാം. യഹോവയെ നല്ല ഇടയനായി നമുക്ക് അംഗീകരിക്കാം. നമ്മുടെ സഹകരണത്തിലൂടെ, സമീപനത്തിലൂടെ നല്ല ആടുകളായി തീർന്ന് ഇടയന്റെ അരികിൽ എത്തി നിത്യമായ സമാധാനത്തോടെ കഴിയാം. ആ ഇടയന്റെ ജീവനാണ് നമ്മുടെ ഉള്ളിൽ ഉള്ളത്. പാപം ചെയ്തു നശിപ്പിക്കാതെ നന്മകൾ ചെയ്തു തിരികെ യേശുവിന് കൊടുക്കാൻ നാം പരിശ്രമിക്കണം.

**17th November 2015 / Tuesday** **23rd day of 90 days**

***വിശുദ്ധ യോഹന്നാൻ 10:26***

***'ഞാൻ അവയ്ക്കു നിത്യജീവൻ നൽകുന്നു, അവ ഒരിക്കലും നശിച്ചുപോവുകയില്ല. അവയെ എന്റെ അടുക്കൽ നിന്ന് ആരും പിടിച്ചെടുക്കുകയില്ല'***

ദൈവത്തിന്റെ സ്നേഹത്തെപ്പററി ഇത്രയധികം ആഴമായി സൂചിപ്പിച്ചിരിക്കുന്ന വചനം സത്യവിശ്വാസികളുടെ ഹൃദയങ്ങൾക്ക് കുളിർമ നൽകുന്നു. നിത്യജീവൻ നൽകുന്നവന്റെ അവകാശമാണ് തന്റെ വിശ്വാസികളെ എങ്ങനെ പോററണം എന്നുള്ളത്. ജന്മം കൊടുക്കുന്ന മാതാപിതാക്കളാണ് തങ്ങളുടെ കുഞ്ഞുങ്ങളെ എങ്ങനെ വളർത്തണം എന്ന് തീരുമാനിക്കേണ്ടത്. ജീവന്റെ ഉറവയിൽ നിന്ന് കുടിച്ച്, നിത്യജീവന്റെ പ്രാപ്തിയ്ക്കായി പരിശ്രമിക്കുമ്പോൾ, നാം പലവിധ വിഷമഘട്ടത്തിലും പ്രയാസത്തിലും കടന്നുപോകേണ്ടി വരും. ആ സാഹചര്യത്തിൽ നമ്മെ കരങ്ങൾ മുറുകെ പിടിച്ച് സംരക്ഷിക്കുന്നത് നമ്മുടെ രക്ഷകനാണ്. ഒരിക്കൽ, വീണ്ടും ജനനത്തിന്റെ അനുഭവത്തിൽ യേശുവിൽ നിന്ന് രക്ഷയുടെ മാർഗ്ഗം ലഭിച്ച് അതിലൂടെ ജീവിക്കുമ്പോൾ, ആ പാതയിൽ നിന്ന് വഴി തെററി പോകാനോ നശിച്ചുപോകാനോ ഇടയാക്കുകയില്ല. ഒരു ശക്തിയ്ക്കും നമ്മെ ക്രിസ്തുവിൽ പിടിച്ചെടുക്കുവാൻ കഴിയുകയില്ല. എത്ര മഹത്വമായ വാഗ്ദാനം. ഈ ലോകത്തിലെ സകല ബന്ധങ്ങളിൽ നിന്നും കൂടിച്ചേരലുകളിൽ നിന്നും ഒരു യാത്ര മൊഴി ആവശ്യമാണ്. അനുവാദത്തോടും അല്ലാതെയും തിരികെ യാത്ര ചെയ്യേണ്ടിവരുമ്പോൾ, പെററമ്മ തള്ളി കളഞ്ഞാലും നമ്മെ ഒരിക്കലും തള്ളിക്കളയാതെ, ശത്രുക്കളെപ്പോലും സ്നേഹിക്കുന്ന, സ്നേഹിക്കാൻ പഠിപ്പിച്ച യേശുവിന്റെ കരങ്ങളിൽ നാം ഭദ്രമായിരിക്കും. അതിനായി ജീവിതത്തെ ക്രമീകരിക്കണം. യേശു നമ്മളിൽ 100% വളർന്നു കഴിഞ്ഞാൽ, പിന്നെ നമ്മുടെ എല്ലാ കാര്യങ്ങളും നടത്തി തരുന്നത് ദൈവമാണ്. ഒരു കാര്യത്തിനും ആരെയും ആശ്രയിക്കേണ്ടിവരില്ല. ആരെല്ലാം നമ്മെ എന്തെല്ലാം പറഞ്ഞാലും നമ്മുടെ ഉള്ളിലെ യേശുവിനെയാണ് പറയുന്നത് എന്നു കരുതി ക്ഷമിച്ചാൽ, പ്രതികാരം യഹോവയ്ക്കുള്ളതിനാൽ തക്കസമയത്ത് ദൈവം തന്നെ പ്രതികാരം ചെയ്യുന്നത് നമുക്ക് കാണാൻ കഴിയും. ജീവന്റെ ദാതാവായ യേശുവിനെ രക്ഷിതാവായി സ്വീകരിച്ച്, നന്മകൾ ചെയ്തു ഇരുലോകങ്ങളിലും ദൈവത്തിന്റെ മക്കളായി ജീവിക്കാനും ദൈവനാമം മഹത്വപ്പെടുത്തുവാനും നമുക്ക് കഴിയട്ടെ.

## 18th November 2015 / Wednesday 24th day of 90 days

***വിശുദ്ധ യോഹന്നാൻ 17:3***

***'ഏകസത്യദൈവമായ അവിടുത്തെയും അങ്ങ് അയച്ച യേശുക്രിസ്തുവിനെയും അറിയുക എന്നതാണ് നിത്യജീവൻ'***

സകലർക്കും സുപരിചയമായ ഒരു വാക്കാണ് നിത്യജീവൻ. നമ്മുടെ ശ്വാസം / ജീവശ്വാസം ആണ് ജീവൻ / നിത്യജീവൻ എന്നു വിചാരിക്കാതെ ആത്മീയമായ ജീവൻ ആണ് പ്രധാനം എന്നു കരുതുക. എന്താണ് നിത്യജീവൻ? വളരെ ലളിതമായ ഭാഷയിൽ യോഹന്നാൻ ശ്ലീഹാ പറയുന്നു, ' ഏകസത്യമായ പിതാവിനെയും അവിടുന്ന് അയച്ച യേശുക്രിസ്തുവിനെയും അറിയുക' എന്നതാണ് നിത്യജീവൻ. ദൈവം ഏകമാണ്, സത്യമാണ്, പിതാവാണ്. ഈ ഭൂമിയിൽ അനേക ദൈവങ്ങൾ ഉണ്ടായാലും സകലവും സൃഷ്ടിച്ച പിതാവായ ദൈവം ഏകമാണ്. അവൻ നമ്മുടെ പിതാവാണ്. നാം അവന്റെ മക്കളുമാണ്. നാം പിതാവായ ദൈവത്തിന്റെ മക്കളാണോ? ദൈവമക്കളാണോ? യേശുക്രിസ്തുവിനെ അയച്ചത് പിതാവാണ്. എന്തിനുവേണ്ടി അയച്ചു? എന്തുകൊണ്ട് അയച്ചു? പാപികളായ നമ്മളെ ഓരോരുത്തരെ വീണ്ടും ജനനത്തിന്റെ അനുഭവത്തിലൂടെ രക്ഷയുടെ മാർഗ്ഗത്തിൽ എത്തിക്കുന്നതിന് തന്റെ ജീവൻ മറുവിലയായി കൊടുത്തു. മക്കളായ നാം യേശുക്രിസ്തുവിന്റെ ഈ വരവിങ്കലിൽ എന്താണ് ചെയ്യേണ്ടത്? പിതാവിനെയും പുത്രനെയും എങ്ങനെ അറിയാൻ സാധിക്കും. ആദ്യമായി, നമ്മെ സൃഷ്ടിച്ചവൻ പിതാവായ ദൈവമാണ്, നമുക്ക് ജീവൻ തന്നത് ജീവന്റെ ഉറവിടമായ യേശുക്രിസ്തുവാണ് എന്ന് അറിയണം. രണ്ടാമതായി സൃഷ്ടിച്ചവന്റെ ആഗ്രഹങ്ങൾ സാധിച്ചുകൊടുക്കുവാനും ലഭിച്ച ജീവൻ ഉപയോഗിച്ച് താലന്തുകളെ വർദ്ധിപ്പിച്ച് തിരികെ ഏൽപ്പിക്കാനും നാം ബാദ്ധ്യസ്ഥരാണ്. സൃഷ്ടാവും സൃഷ്ടികളും തമ്മിലുള്ള ബന്ധത്തെ തിരിച്ചറിഞ്ഞ് കൂട്ടുവേലയിൽ പങ്കാളിയായി തീർന്ന് പിതാവിനെയും പുത്രനെയും അറിഞ്ഞ് നിത്യജീവനായി നാം പരിശ്രമിക്കേണം. നമ്മുടെ ബോധവിചാരഹൃദയങ്ങളെ നന്മകളാൽ വിശുദ്ധിയോടെ ദിനം തോറും സന്തോഷമായി കഷ്ടങ്ങൾ സഹിച്ചും വഹിച്ചും പുത്രനായ യേശുക്രിസ്തുവിൽ എത്തിക്കുകയെന്നതാണ് നമ്മുടെ കടമ. ഇതിൽ എല്ലാം ദിവസവും നാം വിജയിച്ചു കഴിഞ്ഞാൽ പിതാവിനെയും പുത്രനെയും അറിയാനും പ്രവർത്തിക്കാനും കഴിയും. സത്യവചനത്തിലൂടെ, ദൈവകൃപയാൽ പിതാവിനെയും പുത്രനെയും പരിശുദ്ധാത്മാവിനെയും അറിഞ്ഞ് നിത്യജീവൻ പ്രാപിക്കാം.

**19th November 2015 / Thursday** **25th day of 90 days**

***വിശുദ്ധ യോഹന്നാൻ 20:31***

***'യേശു ദൈവപുത്രനായ ക്രിസ്തുവാണെന്നും നിങ്ങൾ വിശ്വസിക്കുന്നതിനും അങ്ങനെ വിശ്വസിക്കുക നിമിത്തം നിങ്ങൾക്ക് അവന്റെ നാമത്തിൽ ജീവൻ ഉണ്ടാകുന്നതിനും വേണ്ടിയാണ്'***

ദൈവവേലകൾ ചെയ്തും നിത്യജീവൻ ഉണ്ടാകേണ്ടതിനും നമ്മെ യേശുവിന്റെ ഉള്ളിൽ എത്തിക്കുന്നതിനും നിത്യസമാധാനം ലഭിച്ച് വസിക്കേണ്ടതിന് സകലത്തേയും ജയിച്ചവനായ, ജീവന്റെ ദാതാവായ, ഉറവിടമായ യേശുവിന്റെ അരികിൽ എത്തിച്ചേരുന്നതിന് വിശ്വാസം ആവശ്യമാണ്. അതിനായി നാം ചെയ്യേണ്ടതായ കാര്യങ്ങൾ യോഹന്നാൻ ശ്ലീഹാ തന്റെ സുവിശേഷത്തിലൂടെ ആഹ്വാനം ചെയ്യുന്നത്. ദൈവത്തിന്റെ പുത്രനാണ് യേശുക്രിസ്തു എന്ന് നാം വിശ്വസിക്കേണം. ആ വിശ്വാസം മൂലം നമുക്ക് ഓരോരുത്തർക്കും ജീവൻ ഉണ്ടാകേണ്ടത്. ശാരീരികമായ ജീവനല്ല, ആത്മീയമായ ജീവനെ സംബന്ധിച്ചാണ് പ്രതിപാദിക്കുന്നത്. വിശ്വാസം എന്നത് ആശിക്കുന്നതിന്റെ ഉറപ്പും കാണാത്ത കാര്യങ്ങളുടെ നിശ്ചയവും ആകുന്നു. കാണപ്പെടുന്നവയും കാണപ്പെടാത്തതുമായ ദൈവത്തിന്റെ സകല കാര്യങ്ങളിലും ഉള്ള നമ്മുടെ പ്രത്യാശയും ഉറപ്പുമാണ്. യാമപ്രാർത്ഥനകളിൽ വിശ്വാസപ്രമാണം ചൊല്ലി എപ്പോഴും നമ്മുടെ വിശ്വാസത്തെ ആവർത്തിച്ച് ഉറപ്പിക്കുകയും ആണ്. കാരണം ഈ ലോകത്തിന്റെ പ്രഭുവായ സാത്താനും കൂട്ടരും ഏത് സമയത്തും നമ്മുടെ വിശ്വാസത്തെ തകർത്ത് നിത്യജീവനെ ഇല്ലാതാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. അതിനുള്ള അവകാശവും അധികാരവും അവന് ലഭിച്ചിട്ടുണ്ട്. നാം വളരെ ശ്രദ്ധയോടെ ജീവിതത്തെ ക്രമീകരിക്കണം. നമ്മെ ഈ ശത്രുവിന്റെ ലോകത്ത് ആക്കിയിരിക്കുന്നതിന്റെ ലക്ഷ്യവും സൃഷ്ടാവിന്റെ കരുതലും നാം മനസ്സിലാക്കി അതിനോട് പ്രതികരിക്കണം. ദൈവത്തിൽ മാത്രം വിശ്വസിച്ച്, അവന്റെ കല്പനയിൽ മാത്രം അനുസരിച്ച്, ദൈവവേലകൾ പൂർത്തീകരിച്ച്, കഷ്ടതകളും പ്രയാസങ്ങളും സന്തോഷത്തോട് സഹിച്ചും വഹിച്ചും ദൈവനാമം മഹത്വപ്പെടുവാൻ തക്കവണ്ണം നാം പരിശ്രമിക്കേണം. അങ്ങനെ പൂർണ്ണ ഹൃദയത്തോടും പൂർണ്ണ ആത്മാവോടും പൂർണ്ണ ശക്തിയോടും പൂർണ്ണ മനസ്സോടും കൂടി കർത്താവിൽ വിശ്വസിച്ചാൽ നമ്മുടെ ഓരോ ദിവസത്തെ ജീവൻ / പ്രാണൻ യേശുവിൽ എത്തിച്ചേർന്ന്, നിത്യതയിൽ സമാധാനത്തോടെ, സന്തോഷത്തോടെ യേശുമണവാളന്റെ വിവാഹത്തിനായി പ്രാർത്ഥനയോടെ, സ്തുതിയോടെ, സ്തോത്രത്തോടെ കാത്തിരിക്കാം. ദൈവത്തിന്റെ ജീവനാണ് നമ്മളിൽ ജീവിക്കുന്നത് എന്ന സത്യം മനസ്സിലാക്കി ജീവിതത്തെ കൂടുതൽ നന്മകളാൽ നിറച്ച് ആത്മസന്തോഷത്തിന് യോഗ്യരാകാം.

**20th November 2015 / Friday**

**26th day of 90 days**

***റോമർ 5:10***

***'നാം ശത്രുക്കളായിരുന്നപ്പോൾ അവിടുത്തെ പുത്രന്റെ മരണത്താൽ ദൈവവുമായി രമ്യതപ്പെട്ടുവെങ്കിൽ, രമ്യതപ്പെട്ടതിനുശേഷം അവന്റെ ജീവൻ മൂലം രക്ഷിക്കപ്പെടുമെന്നതും തീർച്ച'***

നാം ദൈവത്തിന്റെ ശത്രുക്കളായോ? എങ്ങനെ? എവിടെവെച്ച്? എപ്പോൾ? വീണ്ടും നമ്മെ ശത്രുവിന്റെ കൈയിൽ നിന്ന് രക്ഷിക്കാനായി തന്റെ ഏകജാതനായ പുത്രനെ തന്നെ നമുക്കുവേണ്ടി ഈ ലോകത്തിലേക്ക് അയച്ച് അവന്റെ ജീവൻ മറുവിലയായി കൊടുത്ത് ദൈവവുമായി രമ്യതയായി, ആ പുത്രനെ വിവാഹം കഴിക്കാനുള്ള മണവാട്ടിയായി നമ്മെ വളർത്തികൊണ്ടുവരുന്നു. എത്ര കാരുണ്യം നിറഞ്ഞ സ്നേഹവും കരുതലും. സകല സൗകര്യത്തോടെ കൂടി ആദാമിനെയും ഹവ്വായെയും ദൈവം ഏദൻ തോട്ടത്തിലാക്കി. ദൈവത്തിന്റെ ആലോചന ചോദിക്കാതെയും ദൈവത്തിലുള്ള വിശ്വാസം നഷ്ടപ്പെട്ട് അനുസരണക്കേട് കാണിച്ചപ്പോൾ ദൈവം അവരെ ഏദൻതോട്ടത്തിൽ നിന്ന് പുറത്താക്കി. അങ്ങനെ ദൈവത്തിന്റെ ശത്രുക്കളായ നമ്മെ രക്ഷിക്കാനായി, അനേക വർഷങ്ങൾക്ക് ശേഷം തന്റെ ഏകജാതനായ പുത്രനെയും ഈ ലോകത്തിലേക്ക് അയച്ച്, തിരുശരീരവും രക്തവുംപകരം കൊടുത്ത്, രക്ഷയുടെ പാതയിൽ എത്തിച്ചു. ഇനിയും നാം രക്ഷയുടെ പരിപൂർണ്ണതയിൽ എത്തിച്ചേരാൻ യേശുക്രിസ്തുവിന്റെ ജീവൻ മാത്രം മതി. വചനത്തിന്റെ ആഴത്തിൽ ചെന്ന് നല്ല മുത്തുകളെ എടുത്ത് ജീവന്റെ നിത്യമായ ആവാസത്തിനായി ഉപയോഗിക്കേണം. നമ്മുടെ ജീവൻ ഇപ്പോൾ എവിടെയാണ്? എങ്ങനെ തിരിച്ചറിയും? നമുക്ക് ലഭിച്ചിരിക്കുന്ന ജീവിതവും ജീവനും അത് തന്ന ആളിന് തിരികെ കൊടുക്കേണം. അത് അവിടെ തിരിച്ചു കിട്ടിയേ മതിയാകൂ. അത് കിട്ടാത്തകാലത്തോളം കർത്താവിന്റെ രണ്ടാമത്തെ വരവും കല്യാണവും നടക്കില്ല. മണവാട്ടി സഭയിൽ എത്തിച്ചേരേണ്ടവർ, വിളിക്കപ്പെട്ടവർ, തിരഞ്ഞെടുക്കപ്പെട്ടവർ, വേർതിരിക്കപ്പെട്ടവർ എല്ലാവരും മനം തിരിഞ്ഞ് വീണ്ടും ജനനത്തിന്റെ അനുഭവത്തിൽ എത്തിച്ചേരണം. അവരെ കൂടി രക്ഷയുടെ പാതയിൽ എത്തിച്ച് മണവാട്ടി സഭയിൽ ചേർക്കണം. ഒരു ശതമാനം കൂടി രക്ഷയുടെ പാതയിൽ എത്തുവാൻ ഉണ്ടെങ്കിൽ, എത്തിച്ചേർന്നവർ ഒന്നിച്ച് അതിനായി പ്രവർത്തിക്കേണം. ശത്രുക്കളുടെ ഇടയിലും ഇനിയും രക്ഷിക്കപ്പെടേണ്ടവർ ഉണ്ട്. ശത്രുക്കളെയും സ്നേഹിക്കണമെന്ന് പറഞ്ഞതിന്റെ ആന്തരിക അർത്ഥമിതാണ്. ദൈവസ്നേഹത്തിൽ വളർന്ന്, എല്ലാവരും ദൈവത്തിന്റെ സൃഷ്ടികളെന്ന് അറിഞ്ഞ് പ്രവർത്തിക്കാം. മണവാട്ടി സഭയെ ഒരുക്കി കാത്തിരിക്കാം. യേശുക്രിസ്തുവിന്റെ ജീവനെ മുറുകെ പിടിക്കാം, നന്മകൾ ചെയ്തു നിത്യജീവനെ നേടാൻ പരിശുദ്ധാത്മാവിൽ ആശ്രയിക്കാം.

**21st November 2015 / Saturday** **27th day of 90 days**

***റോമർ 8:11***

***'യേശുവിനെ മരിച്ചവരിൽ നിന്നും ഉയിർപ്പിച്ചവന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നു എങ്കിൽ ക്രിസ്തുയേശുവിനെ മരണത്തിൽ നിന്ന് ഉയിർപ്പിച്ചവൻ നിങ്ങളിൽ വസിക്കുന്ന തന്റെ ആത്മാവിനെ കൊണ്ട് നിങ്ങളുടെ മർത്യശരീരത്തെയും ജീവിപ്പിക്കും'***

യേശുക്രിസ്തുവിന്റെ ആത്മാവ് നമ്മളിൽ വസിക്കുന്നു എന്ന മർമ്മം നാം എത്രപേർ മനസ്സിലാക്കി ദൈവത്തോട് ചേർന്ന് നിന്ന് പ്രവർത്തിക്കാനും ദൈവനാമം മഹത്വപ്പെടുത്തുവാനും കഴിയുന്നുണ്ട്. അതിലും ഉപരിയായി നമ്മുടെ ജീവനും യേശുക്രിസ്തുവിന്റെ ഉള്ളിൽ എത്തിച്ചേരണം എന്ന സത്യവും നാം അറിഞ്ഞ് പ്രവർത്തിക്കേണം. കർത്താവിന്റെ രണ്ടാമത്തെ വരവിങ്കൽ മർത്യശരീരം ജീവിച്ചുയിർക്കണമെങ്കിൽ, യേശുക്രിസ്തുവിനെ ഉയിർപ്പിച്ച ആത്മാവുകൊണ്ട് നാം നിറയണം. നമ്മളിലുള്ള ആത്മാവ് ആർക്ക് അവകാശപ്പെട്ടതാണെന്ന് അറിയണം. ദൈവത്തിന്റെ പരിശുദ്ധാത്മാവിലാണോ അതോ ദുഷ്ടശക്തികളുടെ ആത്മാവിലാണോ എന്ന തിരിച്ചറിവ് ആദ്യം ആവശ്യമാണ്. യേശുക്രിസ്തു ഈ ലോകത്തിൽ വന്ന് തന്റെ മരണത്തിലൂടെ നമുക്ക് നേടി തന്ന രക്ഷയുടെ മാർഗ്ഗം നാം അറിഞ്ഞ് അതിലൂടെ സഞ്ചരിക്കേണം. നാം യേശുക്രിസ്തുവിന്റെ മാർഗ്ഗത്തിലൂടെ സഞ്ചരിച്ച്, മരണത്തിന്റെ അവസ്ഥയിൽ കിടക്കുന്ന നമ്മുടെ വശം അല്ലെങ്കിൽ പാപം യേശുവിന്റെ ജീവനിലൂടെ തിരിച്ചെടുക്കണം. അതിനായി ശുദ്ധീകരണം പ്രാപിക്കേണം. സത്യത്തിലും ആത്മാവിലും വിശുദ്ധ കുമ്പസാരം നടത്തി ഒരുങ്ങി വിശുദ്ധ കുർബ്ബാനയിലൂടെ കർത്താവിന്റെ ശരീരവും രക്തവും നാം അനുഭവിച്ചു കഴിയുമ്പാൾ അശുദ്ധ ആത്മാക്കളുടെ അവകാശം കുറയുകയും ദൈവീകമായ അനുഭവം വർദ്ധിക്കുകയും ചെയ്യുന്നു. ഈ ലോകത്ത് നിന്ന് നമ്മെ തൽക്കാലത്തേക്ക് മാററപ്പെട്ടാലും ദൈവത്തിന്റെ ജീവിപ്പിക്കുന്ന ആത്മാവിനാൽ, ആത്മീയലോകത്ത് വേലകൾ ചെയ്യാൻ സാധിക്കും. വാങ്ങിപ്പോയ സത്യവിശ്വാസികളും കാലംചെയ്ത പരിശുദ്ധന്മാരും ശുദ്ധിമതികളും എല്ലാവരും പാപികളായ നമ്മൾക്കുവേണ്ടി ദൈവത്തോട് മദ്ധ്യസ്ഥത വഹിക്കുകയും നമ്മൾക്കുവേണ്ടി അപേക്ഷിക്കുകയും ചെയ്യുന്നു. ദൈവത്തിന്റെ ജീവനുള്ള വചനത്താൽ നിത്യവും ജീവനെ വളർത്തി പ്രായപൂർത്തിയാക്കി യേശുവിന് തന്നെ തിരികെ കൊടുത്ത് നിത്യജീവനെ അവകാശമാക്കാം. ദൈവമാതാവിന് ലഭിച്ച സത്യവചനത്തെ കഷ്ടങ്ങളിലൂടെയും പ്രയാസത്തിലൂടെയും വളർത്തി കൃത്യസമയത്ത് ദൈവത്തിന് തിരികെ ഏൽപ്പിച്ചപ്പോൾ രക്ഷയുടെ നായകനായി, വാതിലായി ദൈവത്തിന്റെ പുത്രൻ അവതരിച്ചു. നിത്യജീവനും നേടി വിശുദ്ധ മാതാവ് വിശ്വാസികളിലൂടെ ജീവിക്കുന്നു. നാം ഇതുപോലെ നമുക്ക് ലഭിച്ചിരിക്കുന്ന നന്മകളെ വളർത്തി വലുതാക്കി ലോകത്തിന്റെ രക്ഷപൂർത്തീകരണത്തിനായി സമർപ്പിക്കാം.

**22nd November 2015 / Sunday** **28th day of 90 days**

***ഗലാത്യർ 6:8***

***'എന്തെന്നാൽ സ്വന്തം ജഢത്തിനായി വിതയ്ക്കുന്നവൻ ജഢത്തിൽ നിന്ന് നാശം കൊയ്തെടുക്കും. ആത്മാവിനായി വിതയ്ക്കുന്നവനാകട്ടെ ആത്മാവിൽ നിന്നും നിത്യജീവൻ കൊയ്തെടുക്കും'***

നല്ല വിളവ് ലഭിക്കുന്നതിന് വിത്തുകൾ വിതയ്ക്കാൻ നിലം ഒരുക്കിയെടുക്കുകയാണ് ദൈവമക്കൾ ആദ്യം ചെയ്യേണ്ടത്. ഹൃദയമാകുന്ന നിലം ഒരുക്കിയെടുത്ത് വിത്തുകൾ വിതയ്ക്കുവാൻ യോഗ്യമായ വിധത്തിൽ, വചനമാകുന്ന വിത്തുകൾ വിതച്ചാൽ മുപ്പതും അറുപതും നൂറും മേനികൾ കൊയ്തെടുക്കാം. വിത്തുകൾ എടുക്കുമ്പോൾ അത് നമ്മെ ആത്മാവിൽ വളർത്തി നിത്യജീവൻ കൊയ്തെടുക്കാൻ കഴിയണം. ആത്മാവിൽ ചിന്തിക്കുന്ന കാര്യങ്ങൾ നടപ്പിലാക്കി ആത്മസന്തോഷം അനുഭവിക്കാൻ നമുക്ക് കഴിയുന്നുണ്ടെങ്കിൽ നിത്യജീവൻ കൊയ്തെടുക്കാൻ കഴിയും. ഈ ലോകത്തിന്റെ മോഹങ്ങൾക്കും മററും വേണ്ടി നമ്മുടെ ജീവിതവും ജീവനും നാം നഷ്ടപ്പെടുത്തുമ്പോൾ ലഭിക്കുന്ന സുഖങ്ങളുടെയും സൗകര്യങ്ങളുടെയും ആയുസ് നിസാരമാണെന്ന് നാം അറിയണം. അതിനാൽ നാം ജഢത്തിന്റെ സന്തോഷത്തിനായി വിചാരപ്പെടാതെ ആത്മാവിൽ നിറഞ്ഞ് യേശുക്രിസ്തുവിന്റെ പ്രാണൻ / ജീവൻ നമ്മളിൽ പൂർണ്ണമായിട്ട് നിത്യജീവനുവേണ്ടിയുള്ള മേനികൾ നാം കൊയ്തെടുക്കണം. ആയതിനാൽ ഹൃദയമാകുന്ന നിലങ്ങളെ ഒരുക്കി എടുക്കാൻ നമ്മുടെ ആരാധനകൾ, യാമപ്രാർത്ഥനകൾ, ധ്യാനങ്ങൾ, വേദപഠനം എന്നിവ സഹായമാകട്ടെ. ശരീരമനസ്സുകളെ ശുദ്ധീകരിക്കാൻ, വീണ്ടും ജനനത്തിന്റെ അനുഭവത്തിലേക്ക് നീങ്ങുവാൻ, സത്യമായ വചനത്തിലൂടെ സഞ്ചരിക്കേണം. സാത്താനും സൈന്യവും അവരുടെ അംഗബലം വർദ്ധിപ്പിക്കാനായി ഏതു വിധേയനെയും നമ്മളെ ആകർഷിച്ചുകൊണ്ടിരിക്കും. ആദ്യം എല്ലാം സത്യമാണെന്നും ന്യായമാണെന്നും തോന്നാമെങ്കിലും അവസാനം ദുഃഖത്തിന്റെയും വേദനയുടെയും നിമിഷങ്ങൾ സമ്മാനിക്കാം. എന്നാൽ ആത്മാവിൽ നിറഞ്ഞ് നിത്യജീവനുവേണ്ടി വിത്തുകൾ വിതച്ചാൽ, ഇപ്പോൾ കഷ്ടങ്ങളും പ്രയാസങ്ങളും ബുദ്ധിമുട്ടുകളും വന്നാലും അത് പിന്നീട് സന്തോഷവും സമാധാനവും ലഭിക്കുകയും നിത്യജീവന് അവകാശികളായി തീരുകയും ചെയ്യുന്നു. ആയതിനാൽ ജഢത്തിന്റെ ആവശ്യങ്ങളെല്ലാം കളഞ്ഞിട്ട് അത്മാവിന്റെ നിറവിനായി സത്യവചനത്തിന്റെ വെളിച്ചത്തിൽ സഞ്ചരിച്ച്, ലോകത്തിന്റെ വെളിച്ചമാകുന്ന യേശുക്രിസ്തുവിൽ എത്തിച്ചേരുവാൻ നമുക്ക് പരിശുദ്ധാത്മാവിന്റെ നിറവിൽ സഞ്ചരിക്കാം.

**23rd November 2015 / Monday** **29th day of 90 days**

***സങ്കീർത്തനങ്ങൾ 142:7***

***'ഞാൻ നിന്റെ നാമത്തിന് സ്തോത്രം ചെയ്യേണ്ടതിന് എന്റെ പ്രാണനെ കാരാഗൃഹത്തിൽ നിന്ന് പുറപ്പെടുവിക്കണമെ'***

പാതാളത്തിൽ / സാത്താന്റെ അടിമയിൽ ആയ പ്രാണന് ഒരിക്കലും ദൈവത്തെ സ്തുതിക്കാനോ സ്തോത്രം ചെയ്യാനോ കഴിയുന്നതല്ല. ഈ ലോകത്തിൽ ജീവിക്കുന്ന ഓരോ നിമിഷവും നമ്മുടെ ജീവനെപ്പററി ചിന്തിക്കേണം. അതിനെ രക്ഷകന്റെ കൈയിൽ ഏൽപ്പിക്കാൻ വിധം നമ്മുടെ പ്രാർത്ഥനകളും യാചനകളും പ്രയോജനപ്പെടുത്തേണം. ജീവനുള്ള സകലവും ദൈവത്തെ സ്തുതിക്കുന്നു. എന്നാൽ ജീവനില്ലാത്തവ ഒരിക്കലും സ്തുതിക്കുന്നില്ല. ചില സമയത്ത് പ്രാർത്ഥിക്കാനോ ആരാധിക്കാനോ തോന്നുന്നില്ലായെങ്കിൽ ജീവൻ പൂർണ്ണമായി നമ്മുടെ കൈയിൽ ഇല്ലായെന്നു കരുതണം. നാം എപ്പോഴും സ്തുതിയും സ്തോത്രവും കൊണ്ട് നമ്മുടെ നാവിനെ നിറയ്ക്കണം. അങ്ങനെ ശ്വാസം എടുക്കുന്നതുപോലെ, സ്തുതിയും സ്തോത്രവും നമ്മുടെ അധരത്തിൽ നിന്ന് പുറപ്പെടുമ്പോൾ നമ്മെ പരീക്ഷിക്കുവാൻ തക്കം നോക്കിയിരിക്കുന്ന ദുഷ്ടശക്തികൾക്ക് നമ്മെ ദർശിക്കാൻപോലും കഴിയാതെ ഓടിമറയും. നമ്മുടെ ഒരു നിമിഷത്തെ തിന്മകൾ നിറഞ്ഞ ചിന്തയോ പ്രവൃത്തിയോ സാത്താൻ ഒരു നാരുപോലെ സൂക്ഷിച്ചുവെച്ച് പല നാരുകൾ ആകുമ്പോൾ അത് ചേർത്തുണ്ടാക്കിയ കയർ കൊണ്ട് നമ്മളെ തന്നെ ബന്ധിക്കുന്നു. ഇങ്ങനെയാണ് ബന്ധനങ്ങൾ ഉണ്ടാകുന്നത്. തിന്മകളുടെ എണ്ണം കൂടുമ്പോൾ ബന്ധനങ്ങളും കൂടുന്നു. യേശുവിന്റെ നാമം എന്നും എപ്പോഴും നാവിൽ നിന്ന് ഉയരുമ്പോൾ, പാപം മൂലം പാതാളത്തിൽ അകപ്പെട്ട പ്രാണൻ യേശുവിന്റെ നാമത്തിൽ / രക്തത്തിൽ ബന്ധനങ്ങൾ അഴിക്കപ്പെട്ട് തിരികെ വരുത്തി സ്തുതിയും സ്തോത്രവും പാടി ദൈവത്തെ ആരാധിക്കുന്നു. ആരാധനയിലൂടെ മാത്രമേ ബന്ധനങ്ങൾ അഴിക്കപ്പെടുകയുള്ളു. ആരാധനകൾ മുടക്കാതെ കൃത്യസമയത്തു നടത്തുന്നത് ഏററവും അനുഗ്രഹപ്രദമാണ്. ദൈവത്തിന് സ്തുതിയും സ്തോത്രവും സമർപ്പിക്കുമ്പോൾ ലഭിക്കുന്ന അനുഗ്രഹങ്ങളെക്കുറിച്ച് നല്ല ബോധ്യമുള്ളവനാണ് സാത്താൻ. ആയതിനാൽ പല കാരണങ്ങൾ പറഞ്ഞ് ദൈവത്തെ സ്തുതിക്കുന്നതിൽ നിന്നും നമ്മെ അകററി നിർത്താൻ അവൻ ശ്രമിക്കും. ദൈവത്തിന്റെ സകലസൃഷ്ടികളും അവനെ സ്തുതിക്കുന്നു, സ്തോത്രം ചെയ്യുന്നു. എല്ലാ സൃഷ്ടികൾക്കും അതിന്റെ സൃഷ്ടാവിനെ അറിയാം. എന്നാൽ മനുഷ്യൻ സൃഷ്ടാവിനെ മറന്ന് സൃഷ്ടികളിൽ മാത്രം ശ്രദ്ധിച്ച് ലോകസുഖത്തിനായി മാത്രം ബദ്ധപ്പെടുമ്പോൾ, ജീവനും ശക്തിയും പാതാളത്തിലേക്ക് പോകുകയും അവിടെ ബന്ധനത്തിലാകുകയും ചെയ്യുന്നു. ദൈവത്തെ സ്തുതിക്കാനോ സ്തോത്രം ചെയ്യാനോ കഴിയാതെ വരുന്നു. സ്തുതിയും സ്തോത്രവും ഒരിക്കലും നിർത്താതെ ദൈവത്തെ ആരാധിക്കാം. ഇന്നത്തെ വചനം ലഭിക്കാതെ വന്നപ്പോൾ, ഈ വചനം ഇന്ന് സത്യമായി ഭവിച്ചപ്പോൾ, സത്യവചനവുമായി അരികിൽ എത്തിയ ദൈവത്തിന്റെ പൈതലിന് ദൈവസ്നേഹത്തിന്റെ ഒരായിരം പൂച്ചെണ്ടുകൾ.

**24th November 2015 / Tuesday** **30th day of 90 days**

***സങ്കീർത്തനങ്ങൾ 49:15***

***'എങ്കിലും എന്റെ പ്രാണനെ ദൈവം പാതാളത്തിന്റെ അധികാരത്തിൽ നിന്നും വീണ്ടെടുക്കും. അവൻ എന്നെ കൈക്കൊള്ളും'***

സത്യവിശ്വാസികൾ വാങ്ങിപ്പോയാലും ജീവിക്കും. ആത്മീയലോകത്ത് സന്തോഷത്തോട് പ്രവർത്തിക്കാനും ദൈവവേലകൾ ചെയ്യാനും കഴിയും എന്നതാണ് സത്യം. പക്ഷേ അതിന് വിശ്വാസികളുടെ ജീവൻ / പ്രാണൻ പൂർണ്ണമായി യേശുവിന്റെ ഉള്ളിൽ ആക്കണം. അതിന് തടസ്സമായി ഈ ലോകത്തിലെ തിന്മകൾ പ്രവർത്തിച്ച്, പ്രാണനെ പാതാളത്തിൽ എത്തിക്കുന്നു. ഓരോ ദിവസത്തെ നമ്മുടെ ജീവൻ / പ്രാണൻ യേശൂവിന്റെ ഉള്ളിലാണോ അതോ പാതാളത്തിലേക്കാണോ പോകുന്നത്. വിശ്വാസികൾ ആത്മീയ വിവേചന ശക്തി ഉപയോഗിച്ച് അത് തിരിച്ചറിയണം. സാധാരണ ഹൃദയവിചാരങ്ങൾ കൊണ്ട് അത് മനസ്സിലാക്കാൻ പ്രയാസമാണ്. ഈ ലോകത്തിന്റെ ദൃഷ്ടിയിൽ സന്തോഷവും സമാധാനവും ലഭിക്കുന്നുണ്ടെങ്കിൽ, കഷ്ടപ്പാടും പ്രയാസവും സഹിക്കാനും വഹിക്കാനും കഴിയുന്നില്ലായെങ്കിൽ, നമ്മുടെ ജീവൻ / പ്രാണൻ യേശുവിന്റെ ഉള്ളിൽ പൂർണ്ണമായി എത്തിയിട്ടില്ല. നമ്മുടെ വിചാരങ്ങൾ / ചിന്തകൾ / പ്രവൃത്തികൾ സത്യത്തിലും ആത്മാവിലും അല്ലാതെ സ്വയത്തിൽ ആശ്രയിച്ചാണോ പ്രവൃത്തിക്കുന്നത് എങ്കിൽ ആ പ്രാണൻ / ജീവൻ പാതാളത്തിലേക്ക് പോകുന്നു. അങ്ങനെ അത് സാത്താന്റെ അവകാശത്തിനും അധികാരത്തിനും ഇടയാകുന്നു. ഇങ്ങനെ പാതാളത്തിൽ അകപ്പെട്ട പ്രാണനെ യേശുക്രിസ്തു രക്ഷിക്കും, അതിനുവേണ്ടി യേശുക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിക്കണം. ദൈവത്തിന്റെ കല്പനകളെ അനുസരിക്കേണം. ജീവനുള്ള വചനത്തെ ധ്യാനിച്ച് യേശുക്രിസ്തുവിനെ ഉള്ളിൽ വളർത്തണം. അങ്ങനെ നന്മകൾ ചെയ്തു നമ്മുടെ ജീവന് ദൈവരാജ്യത്തിൽ അവകാശികളാക്കി തീർത്ത് നിത്യമായ ജീവൻ നൽകി നമ്മെ കാത്തുസൂക്ഷിക്കുന്നു. നമ്മുടെ എല്ലാ ആലോചനകളും ചിന്തകളും നാം ദൈവത്തോട് ചോദിച്ച്, ആത്മീയമായ ചിന്തകളെ പിടിച്ചെടുത്ത് അതിനോട് പ്രതികരിക്കുമ്പോഴാണ് നാം സത്യക്രിസ്ത്യാനികളാകുന്നത്. സ്വയത്തിൽ ആശ്രയിച്ചാണെങ്കിൽ ക്രിസ്തുവിന് എതിരായി പ്രവർത്തിക്കുന്നവരാണ്. ദൈവം ദാനമായി തന്ന ജീവനെ നമുക്ക് തിരികെ ഏൽപ്പിച്ചാൽ മാത്രമേ ദൈവത്തിനും സ്വർഗ്ഗത്തിനും സന്തോഷമുണ്ടാകൂ. പാപം മൂലം പാതാളത്തിൽ ആയിതീർന്ന പ്രാണൻ, വീണ്ടും ജനനത്തിന്റെ അനുഭവത്തിൽ, യേശുക്രസ്തുവിന്റെ രക്തത്താൽ തിരികെ രക്ഷയുടെ മാർഗ്ഗത്തിൽ രക്ഷകന്റെ ഉള്ളിൽ എത്തിച്ചേരണം.

**25th November 2015 / Wednesday** **31st day of 90 days**

***1 തിമൊത്തിയൊസ് 1:16***

***'എന്നിട്ടും യേശുക്രിസ്തു നിത്യജീവനായിക്കൊണ്ട് തന്നിൽ വിശ്വസിക്കാനിരിക്കുന്നവർക്ക് ദൃഷ്ടാന്തത്തിനായി സകല ദീർഘക്ഷമയും ഒന്നാമനായ എന്നിൽ കാണിക്കേണ്ടതിന് എനിക്ക് കരുണ ലഭിച്ചു.***

യേശുക്രിസ്തുവിന്റെ അപ്പസ്തോലനായ പൗലൊസ് വിശ്വാസത്തിൽ തന്റെ യഥാർത്ഥ സന്താനമായ തിമൊത്തിയോസിന് എഴുതിയ ഈ സത്യവചനത്തിന്റെ പ്രകാശത്തിൽ ഓരോ സത്യവിശ്വാസികളുടെ ആത്മീയമായ ലക്ഷ്യം മനസ്സിലാക്കി പ്രവർത്തിക്കാനും ജീവിക്കാനും കഴിയണം. ആത്മീയമായ വളർച്ചയ്ക്കും വേലകൾക്കും ദൈവത്തിന്റെ കരുണ / കൃപ ലഭിച്ചേ മതിയാകൂ. കൃപായുഗത്തിൽ വിശുദ്ധ കന്യകമറിയാമിനാണ് ദൈവത്തിന്റെ കൃപ ആദ്യം ലഭിച്ച്, യേശുവിനെ ഗർഭം ധരിച്ച്, വളർത്തി ഈ ലോകത്തിന്റെ രക്ഷകനായി സമർപ്പിക്കാൻ കഴിഞ്ഞത്. ഇതേപോലെ നമ്മൾക്കും സത്യവചനത്തിലൂടെ യേശുക്രിസ്തുവിനെ ഹൃദയത്തിൽ നിറച്ച്, വളർത്തി മററുള്ളവർക്ക് നമ്മുടെ ജീവിതത്തിലൂടെ പ്രകടിപ്പിക്കാൻ കഴിയും. അങ്ങനെ അപ്പസ്തോലനായ പൗലൊസിന് ലഭിച്ച സന്താനമാണ് തിമൊത്തിയോസ്. നമുക്ക് കരുണയും കൃപയും സമാധാനവും തരാൻ ദൈവം തയ്യാറാണ്. നാം അതിനോട് എങ്ങനെ പ്രതികരിക്കുന്നു എന്നതാണ് പ്രാധാന്യം. ലഭിക്കുന്ന അനുഗ്രഹങ്ങൾ, താലന്തുകൾ നിത്യജീവൻ പ്രാപിക്കാനും യേശുക്രിസ്തുവിൽ വിശ്വസിക്കാനിരിക്കുന്നവർക്ക് ഒരു നല്ല മാതൃകയായി ജീവിക്കുന്നതിനും വേണ്ടിയാണ്. അപ്പസ്തോലനായ പൗലൊസ് പറയുന്നു, ഒന്നാമനാണെന്ന്, പാപത്തിന്റെ കാര്യത്തിലാണ്. ആ താഴ്മയ്ക്കു കാരണം യേശുക്രിസ്തുവിന്റെ ആത്മാവിലും ജീവനിലും വസിക്കുന്നതുകൊണ്ടാണ്. നമുക്ക് പൂർണ്ണമായി ക്ഷമിക്കാനോ ക്രിസ്തീയജീവിതം നയിക്കാനോ കഴിയുന്നില്ലായെങ്കിൽ നമ്മുടെ ജീവിത ശൈലിയെ പുനഃപരിശോധനയ്ക്കു വിധേയമാക്കി, വീണ്ടും ജനനത്തിലൂടെ, ദൈവാത്മാവിനെ സ്വന്തമാക്കി, ദൈവത്തിന്റെ കരുണയിലും കൃപയിലും മാത്രം ആശ്രയിച്ച് മുന്നോട്ട് നീങ്ങാം. സത്യവചനത്തിലൂടെ യേശുക്രിസ്തുവിനെ ലഭിച്ച്, ദൈവത്തിന്റെ കൃപയിൽ വളർത്തി, നിത്യജീവൻ പ്രാപിക്കുന്നതിനായി, ദീർഘക്ഷമയോടും ദൈവസ്നേഹത്തോടും കൂടി സകലരോടും ദൈവഭയത്തിൽ ജീവിക്കുന്നതിന് നമുക്ക് കഴിയണം. നിത്യജീവനായി ഈ ലോകജീവിതത്തെ നമുക്ക് പ്രയോജനപ്പെടുത്താം. അപ്പസ്തോലനായ പൗലൊസിനെപ്പോലെ സത്യക്രിസ്ത്യാനികളായി ജീവിച്ച് ദൈവനാമം മഹത്വപ്പെടുത്താം. പാപത്തിന്റെ മരണാവസ്ഥയിൽ നിന്ന് നമ്മെ രക്ഷിക്കുന്നതിന് അനുതാപവും താഴ്മയും ആവശ്യമാണ്. ഉന്നതത്തിൽ നിന്ന് മണ്ണിലേക്ക് താഴ്ന്നിറങ്ങി വന്ന രക്ഷകന്റെ അരികിൽ എത്താൻ താഴ്മ ശീലമാക്കാം. അനുതാപത്തിലൂടെ പശ്ചാത്താപത്തിലൂടെ വീണ്ടും ജനനത്തിൽ രക്ഷകന്റെ തിരുശരീരരക്തത്താൽ സ്വർഗ്ഗരാജ്യത്തിന്റെ അവകാശികളായി തീരാം.

**26th November 2015 / Thursday**                    **32nd day of 90 days**

***1 യോഹന്നാൻ 2:25***

***'അവൻ നമുക്ക് നൽകിയിരിക്കുന്ന വാഗ്ദാനം ഇതാണ്- നിത്യജീവൻ തന്നെ'.***

യേശുക്രിസ്തു വിശ്വാസികൾക്ക് നൽകിയിരിക്കുന്ന ഒരു വാഗ്ദാനമാണ് നിത്യജീവൻ. യേശുവിന്റെ അരുമശിഷ്യനായ യോഹന്നനാണ് ഈ വാഗ്ദാനത്തെപ്പററി ബോധ്യം നൽകുന്നത്. എല്ലാ ശിഷ്യന്മാരും ഭയപ്പെട്ട് ഓടിമറഞ്ഞപ്പോഴും തന്റെ കുരിശിന്റെ ചുവട്ടിൽ തനിക്ക് ശക്തി നൽകികൊണ്ട് നിന്ന ശിഷ്യനാണ് യോഹന്നാൻ. നമുക്ക് പല കാര്യങ്ങൾ ദൈവം വാഗ്ദാനം ചെയ്തിട്ടുണ്ടെങ്കിലും അതിൽ ഏററവും പ്രധാനപ്പെട്ടതും വിലമതിച്ചതുമായ കാര്യം നിത്യജീവനാണ്. അത് മററ് ആർക്കും നൽകി നമ്മെ നിത്യരാജ്യത്തിന്റെ അവകാശികളാകാൻ കഴിയുകയില്ല. നമ്മുടെ ജീവനെ നൽകിയവനാണ് നമ്മെ പരിപാലിക്കുന്നത്. അവന്റെ ഇഷ്ടത്തിനനുസരിച്ച് ജീവിതത്തെ ക്രമപ്പെടുത്തി, നന്മതിന്മകളെ തിരിച്ചറിഞ്ഞ്, നന്മകളെ സ്വീകരിക്കാനും തിന്മകളോട് യാത്ര പറയാനും നമുക്ക് കഴിയണം. നിത്യജീവൻ നൽകുന്നത് തന്റെ മണവാട്ടിസഭയിലെ അംഗങ്ങൾക്കാണ്. നാം മണവാട്ടിസഭയിലെ അംഗങ്ങളാണോ? മണവാളനെ ഹൃദയത്തിൽ ഉൾകൊണ്ട് രണ്ടാം വരവിനായി കാത്തിരിക്കണം. യേശു നമ്മുടെ ഉള്ളിൽ നൂറ് ശതമാനം നിറഞ്ഞാൽ മാത്രമേ മണവാട്ടിസഭയിലെ വിളിക്കും തെരഞ്ഞെടുപ്പിനും യോഗ്യത ലഭിക്കുകയുള്ളൂ. ഈ ലോകത്തിന്റെ സുഖസൗകര്യങ്ങളിൽ മതിമറന്ന് നാം നിത്യവും ദൈവത്തോട് അകന്ന് ജീവിക്കുകയാണെങ്കിൽ കർത്താവിന്റെ രണ്ടാമത്തെ വരവിന് താമസം ഉണ്ടാകാം. നമ്മുടെ ഒരു നിമിഷത്തെ ഒരു ദുഷ്ട ചിന്തയോ വേണ്ടാത്ത വിചാരമോ അതിന് ഇടയാകുന്നു. യേശുക്രിസ്തു തന്ന വാഗ്ദാനം എത്രത്തോളം നാം ഉൾകൊണ്ട് ഈ ലോകജീവിതത്തിൽ ദൈവരാജ്യത്തിന്റെ സന്തോഷത്തിനായി പ്രവർത്തിക്കുന്നു. രണ്ടാം വരവിൽ മദ്ധ്യാകാശത്തിൽ പറന്നുചെല്ലുവാൻ നമുക്ക് കഴിയണം. അതിനായി ആത്മാവും ദേഹിയും പൂർണ്ണമായും യേശുവിന്റെ ഉള്ളിൽ എത്തിച്ചേരണം. ശരീരം രൂപാന്തരപ്പെട്ട് തേജസ്സക്കരിക്കപ്പെടുകയും മണവാളനുമൊത്ത് നിത്യസമാധാനത്തിലേക്ക് പ്രവേശിക്കുകയും ചെയ്യുന്നു. ഈ ലോകത്തിൽ ആയിരിക്കുമ്പോൾ ദൈവത്തിൽ നിന്ന് ലഭിച്ച താലന്തുകൾ ഉപയോഗിച്ച്, കന്യകമറിയാമിനെപ്പോലെ അതിനെ ഇരട്ടിയാക്കി കൊടുത്താൽ ലോകത്തിന്റെ രക്ഷയ്ക്കായി പ്രവർത്തിക്കാനും നിത്യരാജ്യത്തിനും നിത്യജീവനും യോഗ്യത നേടാം. ലോകസമ്പത്ത് വർദ്ധിപ്പിക്കാൻ ബദ്ധപ്പെടാതെ ആത്മീയസമ്പത്ത് / നിക്ഷേപം വർദ്ധിപ്പിച്ച് യേശുവിന്റെ മണവാട്ടിയുടെ ആത്മീയസൗന്ദര്യം കൂട്ടി സകലർക്കും നിത്യസമാധാനമായ യേശുവിനെ സമ്മാനിക്കാം

**27th November 2015 / Friday** **33rd day of 90 days**

***1യോഹന്നാൻ 3:16***

***'അവൻ നമുക്കുവേണ്ടി തന്റെ പ്രാണനെ വെച്ചുകൊടുത്തതിനാൽ നാം സ്നേഹം എന്ത് എന്ന് അറിഞ്ഞിരിക്കുന്നു. നാമും സഹോദരന്മാർക്കുവേണ്ടി പ്രാണനെ വെച്ചുകൊടുക്കേണ്ടതാകുന്നു.'***

സ്നേഹത്തിന്റെ അപ്പൊസ്തലനായ യോഹന്നാൻ ശ്ലീഹായുടെ ലേഖനത്തിലൂടെ ദൈവസ്നേഹത്തിന്റെ പരിമളം അനുഭവിച്ച് അറിയാൻ സത്യവചനം നമ്മെ സഹായിക്കുന്നു. ഒരുവന്റെ സ്നേഹം തന്റെ ജീവൻ നോക്കാതെ, പ്രതിഫലം ഇച്ഛിക്കാതെ ദാനമായി സ്നേഹിതർക്കും സഹോദർക്കും കൊടുക്കുമ്പോൾ അത് യഥാർത്ഥ ദൈവസ്നേഹമാകുന്നു. യേശുക്രിസ്തു സ്നേഹമാണ്, സർവ്വസൃഷ്ടാവ് ആണ്. അവൻ ആ സ്നേഹം നമ്മോട് കാണിച്ചത് തന്റെ ജീവനെ രക്ഷയ്ക്കായി പകരം കൊടുത്താണ്. ആ ദൈവസ്നേഹം പ്രകടിപ്പിക്കണമെങ്കിൽ നാം യേശുക്രിസ്തുവിനെപ്പോലെ സ്നേഹിതർക്കും സഹോദർക്കും ജീവനെ കൊടുക്കേണം. കർത്താവിന്റെ നാമത്തിൽ നാം ത്യജിക്കുന്നതെല്ലാം പത്ത് ഇരട്ടിയായി നൽകുമെന്നാണ് സത്യവചനം ഘോഷിക്കുന്നത്. സ്വന്തം കാര്യങ്ങൾ മാത്രം ലക്ഷ്യം വെച്ച് ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്താൽ, ദൈവസ്നേഹം കുറയുകയും ലോകസുഖങ്ങളോട് അമിത ആവേശവും ആകാം. മണവാളനായ യേശുക്രിസ്തു നമ്മൾക്കുവേണ്ടി, മണവാട്ടിയ്ക്കു വേണ്ടി, തന്റെ ജീവനെ കൊടുത്ത് നമ്മെ രക്ഷയുടെ പാതയിൽ എത്തിച്ചപ്പോൾ മണവാട്ടിയായ നാം എന്താണ് പകരം നൽകിയത്. പാപചിന്തകൾ, വിചാരങ്ങൾ, തിന്മപ്രവൃത്തികൾ എന്നിവ കാരണം ദൈവത്തിന്റെ ആലോചനയ്ക്കു തടസ്സമാകുകയും രണ്ടാം വരവ് വീണ്ടും താമസിക്കുകയും ചെയ്യുന്നു. വിളിക്കപ്പെട്ടവർ, തെരഞ്ഞെടുക്കപ്പെട്ടവർ വരാതെ, തേജസ്സ്ക്കരണം നടക്കില്ല. നമ്മുടെ ജീവൻ, സൃഷ്ടികളുടെ സൃഷ്ടാവ്, രക്ഷകൻ, പരിപാലകൻ, സ്നേഹം, വെളിച്ചം, ജീവന്റെ അപ്പം എല്ലാത്തിന്റെയും ഉറവിടം യേശുക്രിസ്തുവാണ്. സ്വർഗ്ഗരാജ്യം ആദ്യം അന്വേഷിച്ച് കണ്ടെത്തുവാൻ നമുക്ക് കഴിയണം. നമ്മുടെ ചിന്തയിലും പ്രവൃത്തിയിലും സംസാരത്തിലും എല്ലാം ദൈവത്തിന്റെ സ്നേഹം പ്രകടമാകണം. നാം അല്പം കഷ്ടങ്ങൾ, പ്രയാസങ്ങൾ അനുഭവിച്ചാലും ദൈവത്തിന്റെ സൃഷ്ടികൾക്ക് സഹായം ചെയ്തുകൊടുത്താൽ മാത്രമേ നാം യഥാർത്ഥ ക്രിസ്ത്യാനികൾ ആകൂ. ദൈവത്തിന്റെ മക്കൾ, ദൈവസ്നേഹത്തിലൂടെ സകലത്തെയും സകലരെയും വീണ്ടെടുക്കുവാൻ ശ്രമിക്കേണം.

**28th November 2015 / Saturday** **34th day of 90 days**

***1 യോഹന്നാൻ 5:12***

***'പുത്രനുള്ളവനു ജീവൻ ഉണ്ട്, ദൈവപുത്രനില്ലാത്തവനു ജീവൻ ഇല്ല.'***

യേശുക്രിസ്തു ഉള്ളവന് ജീവൻ ഉണ്ട്, ഇല്ലാത്തവന് ജീവനും ഇല്ല. സർവ്വസൃഷ്ടിയായ പിതാവിന്റെ ഏകജാതനയായ പുത്രൻ ഉള്ളവർക്ക് ജീവൻ ഉണ്ടെന്നും ജീവൻ ഇല്ലാത്തവർക്ക് പുത്രന്റെ ആവാസം ഇല്ലായെന്നും സത്യവചനം ഘോഷിക്കുന്നു. ഇപ്പോൾ നമുക്ക് ഇരുലോകത്തിലും ജീവൻ ലഭിക്കുമെന്ന് ഉറപ്പാക്കേണ്ടത് നമ്മുടെ കടമയാണ്. പിതാവായ ദൈവം തമ്പുരാൻ അറിയാതെ ആരും പുത്രന്റെ അടുത്തേക്ക് വരുന്നില്ല. പിതാവായ ദൈവത്തിന് പ്രസാദം തോന്നിയാൽ മാത്രമേ കൃപയിൽ പുത്രനെ നമുക്ക് നൽകി അനുഗ്രഹിക്കൂ. കന്യകമറിയാമിൽ ദൈവത്തിന് പ്രസാദം തോന്നി ജീവനുള്ള സത്യ വചനത്തിലൂടെ യേശുക്രിസ്തുവിനെ കൊടുത്തു. ജീവൻ എന്നത് ആത്മീയ തലത്തിൽ ചിന്തിക്കേണ്ടതാണ്. മാതാപിതാക്കളിലൂടെ ലഭിച്ച ഈ ലോകത്തിലെ നശ്വരമായ ജീവനെ എല്ലാവർക്കും അറിയാം. അതിനുപരിയായി, കർത്താവിന്റെ സ്നേഹം മൂലം നാം അമ്മയുടെ ഗർഭപാത്രത്തിൽ രൂപം കൊള്ളുമ്പോൾ നമ്മെ ഓരോരുത്തരെ അറിയാവുന്ന ദൈവത്തിന്റെ കാരുണ്യം നാം തിരിച്ചറിയണം. ഇവിടെ അവൻ എന്ന് സംബോധന ചെയ്തിരിക്കുന്നത് നമ്മുടെ ആത്മാവിനെയാണ്. ആത്മാവിൽ മാത്രമേ ജീവന് അല്ലെങ്കിൽ പ്രാണന് നിലനിൽക്കാൻ കഴിയു. പുത്രനെ ലഭിക്കണമെങ്കിൽ ആ പിതാവും പുത്രനും നമ്മുടെ ആത്മാവും പ്രാണനും തമ്മിലുള്ള ബന്ധത്തെ തിരിച്ചറിയണം. പുത്രനായ ദൈവം തമ്പുരാൻ ഈ ലോകത്തിലേക്ക് ഇറങ്ങിവന്നതും തന്റെ ജീവനെ പകരം കൊടുത്ത് രക്ഷയുടെ പാതയിൽ നമ്മെ എത്തിച്ചെതും നല്ലവണ്ണം ഓർത്ത് അതിനോട് പ്രതികരിച്ചാൽ നിത്യജീവന് അവകാശികളായി തീരും. പുത്രനായ യേശുക്രിസ്തുവിനെ ലഭിച്ചുകഴിഞ്ഞാൽ നമ്മളിലൂടെ ക്രിസ്തു ജീവിക്കണം. നമ്മുടെ ചിന്തകൾ, വിചാരങ്ങൾ, പ്രവൃത്തികൾ, സമീപനങ്ങൾ എന്നിവ നല്ല സാക്ഷ്യങ്ങളായിരിക്കണം. വിശുദ്ധ മാമോദീസായുടെ വീണ്ടും ജനനത്തിന്റെ അനുഭവത്തിൽ, യേശുവിന്റെ തിരുശരീരരക്തങ്ങൾ വിശുദ്ധിയോടെ അനുഭവിക്കുമ്പോൾ യേശുക്രിസ്തു നമ്മുടെ ഉള്ളിൽ ജീവിക്കുന്നു. ആ അവസ്ഥയെ കാത്തുസൂക്ഷിക്കുന്നതിന് നമ്മുടെ ദൈനംദിനജീവിതം ക്രമപ്പെടുത്തി ദൈവനാമം മഹത്വപ്പെടുവാൻ, പ്രാർത്ഥനകൾ, ധ്യാനങ്ങൾ, ആരാധനകൾ എന്നിവയെ പ്രയോജനപ്പെടുത്താം. നന്മകൾ ചെയ്തു നമ്മുടെ പ്രാണനെ സംരക്ഷിച്ച് തിരികെ യേശുവിൽ എത്തിക്കേണം. ലോകത്തിലെ കഷ്ടതകൾ സഹിച്ചും വഹിച്ചും നാം ദൈവമക്കൾ / മണവാട്ടി സഭയെന്ന് തെളിയിച്ച് കൂടുതൽ അനുഗ്രഹങ്ങൾ കൈക്കൊണ്ട് നിത്യജീവൻ പ്രാപിക്കാൻ യോഗ്യതയുള്ളവരാകാം. പിതാവിനെയും പുത്രനെയും സ്വന്തമാക്കി ദൈവത്തിന്റെ പൈതലായി ജീവിച്ച് സകലർക്കും ദൈവത്തിന്റെ നല്ല സാക്ഷിയായി / മാതൃകയായിടാം.

**29th November 2015 / Sunday** **35th day of 90 days**

***യാക്കോബ് 1:12***

***'പരീക്ഷ സഹിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ അവൻ കൊള്ളാകുന്നവനായി തെളിഞ്ഞശേഷം കർത്താവു തന്നെ സ്നേഹിക്കുന്നവർക്ക് വാഗ്ദാനം ചെയ്ത ജീവകിരീടം പ്രാപിക്കും.'***

യോഹന്നാൻ ശ്ലീഹാ തന്റെ ലേഖനത്തിലൂടെ(2:25) പറഞ്ഞത് അവൻ നമുക്ക് നൽകിയിരിക്കുന്ന വാഗ്ദാനം നിത്യജീവൻ തന്നെ ആണ്. ആ നിത്യജീവൻ പ്രാപിക്കുന്നതിന് മുമ്പ് ഈ ലോകത്തെയും അതിന്റെ പ്രഭുവിനെയും നാം ജയിക്കേണ്ടിയിരിക്കുന്നു. പലവിധത്തിലുള്ള പരീക്ഷകൾ നേരിടേണ്ടിവരും എന്നത് സത്യമാണ്. കർത്താവിന്റെ കൃപയാൽ മാത്രമേ നമുക്ക് പരീക്ഷകൾ സഹിക്കുകയും വഹിക്കുകയും ചെയ്തു വിജയിക്കാൻ സാധിക്കൂ. അങ്ങനെ നാം കൊള്ളാവുന്നവരായി തെളിഞ്ഞതിനുശേഷം കർത്താവ് തന്നെ സ്നേഹിക്കുന്നവർക്ക് കരുതിയിരിക്കുന്ന വാഗ്ദാനമായ ജീവകിരീടം കൊടുക്കുന്നു. നാം കൊള്ളാവുന്നവരായോ? കർത്താവ് സ്നേഹിക്കുന്നുണ്ടോ? നാം കർത്താവിനെ സ്നേഹിക്കുന്നുണ്ടോ? ജീവകിരീടം വയ്ക്കുവാൻ നമ്മുടെ ഉള്ളിൽ ജീവൻ നിറഞ്ഞ് കവിയുന്നുണ്ടോ? ആ ജീവകിരീടം ലഭിക്കുന്നതിന് നാം പൂർണ്ണമായി യേശുവിന്റെ ഉള്ളിലാകണം. യേശു നമ്മുടെ ഉള്ളിലും ആകണം. അങ്ങനെ നാം ജീവിക്കുന്നതും മരിക്കുന്നതും എന്തു ചെയ്താലും ദൈവത്തിന്റെ ആഗ്രഹപ്രകാരം ആകുന്നതിന് നാം ശ്രമിക്കേണം. കഷ്ടങ്ങൾ, പ്രയാസങ്ങൾ, വിഷമങ്ങൾ വരുമ്പോൾ അതിനെ ഒഴിവാക്കി, സമാധാനത്തിനായി പ്രാർത്ഥിക്കാതെ, തന്ന കഷ്ടങ്ങളെ എങ്ങനെ പ്രയോജനപ്പെടുത്തി ദൈവത്തിന്റെ മക്കളായി തെളിയിക്കാൻ കഴിയുമെന്നതാണ് പ്രധാനം. എത്രയോ പരീക്ഷകൾ നമ്മെ കടന്നുപോയി. നമ്മുടെ ബുദ്ധിയും ശക്തിയും പ്രാപ്തിയും ഉപയോഗിച്ച് അതിനെ ചാടി കടന്നു, അതിനെ നഷ്ടമാക്കി. അത് നമുക്ക് വലിയ ആത്മീയനഷ്ടമാണ്. ആയതിനാൽ നമുക്ക് സഹിക്കാവുന്ന പരീക്ഷകൾ ദൈവം അനുവദിക്കുമ്പോൾ, അതിനെ സന്തോഷത്തോടെ സ്വീകരിച്ച്, ദൈവത്തെ സ്തുതിക്കുകയും സ്തോത്രം ചെയ്യുകയും വേണം. കാരണം ദൈവത്തിന് നമ്മോട് സ്നേഹവും കാരുണ്യവും ഉള്ളതുകൊണ്ടാണ് നമ്മെ പരീക്ഷിക്കുവാൻ അനുവദിക്കുന്നത്. നന്മകൾ ചെയ്തു ദൈവത്തെ പ്രസാദിപ്പിക്കുമ്പോൾ, അത് ഇഷ്ടമില്ലാത്ത സാത്താനും കൂട്ടരും പരീക്ഷിച്ച് തിന്മകളിലേക്ക് കൊണ്ടുപോകാൻ ശ്രമിക്കുന്നു. നിത്യജീവൻ പ്രാപിക്കാൻ എല്ലാ ദിവസത്തെയും ജീവനെ / പ്രാണനെ യേശുവിന്റെ ഉള്ളിൽ എത്തിക്കേണം. അതിനായി സകലത്തെയും കർത്താവിൽ സമർപ്പിച്ച്, നന്മകൾ ചെയ്തു ദൈവത്തിന്റെ കൃപയിൽ സകലമോഹങ്ങളെയും വിചാരങ്ങളെയും അടിച്ചമർത്തി, ദൈവസ്നേഹം മുറുകെ പിടിച്ച് ദൈവത്തിന്റെ ചലിക്കുന്ന ദൈവാലയങ്ങളായി നമുക്ക് മാറാം. പരീക്ഷകൾ ജയിച്ചവനായ, ലോകത്തെ ജയിച്ചവനായ ദൈവത്തിന്റെ മക്കളായി നമുക്ക് ജീവിച്ച് പ്രാണനെ കാത്തുസൂക്ഷിക്കാം.

**30th November 2015 / Monday**

**36th day of 90 days**

***യാക്കോബ്*** 3:17

***'ഉയരത്തിൽ നിന്നുള്ള ജ്ഞാനമോ ഒന്നാമതു നിർമ്മലവും പിന്നെ സമാധാനവും ശാന്തതയും അനുസരണവുമുള്ളതും കരുണയും സൽഫലവും നിറഞ്ഞതും പക്ഷപാതവും കപടവും ഇല്ലാത്തതാകുന്നു.'***

കർത്താവിൽ പ്രിയരെ,

ഉയരത്തിൽ നിന്നുള്ള ജ്ഞാനമാണോ അതോ ഈ ലോകത്തിൽ നിന്നുള്ള ദുഷ്ടശക്തിയുടെ ജ്ഞാനമാണോ നമ്മെ നിത്യവും വഴി നടത്തുന്നത്? വിരൽതുമ്പുകളിൽ ലോകത്തിന്റെ വാതായനങ്ങൾ ഉള്ളപ്പോൾ, ഉയരത്തിലെ ആത്മീയവാതിലുകൾ തുറക്കുവാൻ നമുക്ക് ആത്മീയജ്ഞാനം തന്നെ വേണം, ആത്മീയ വഴിയും അറിഞ്ഞിരിക്കണം. 'ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു' എന്ന അരുളിയ യേശുക്രിസ്തുവിന്റെ പാത പിൻതുടരുന്നവരായിരിക്കണം. നമ്മുടെ ഇപ്പോഴത്തെ അറിവ് ഉയരത്തിൽ നിന്നുള്ളതാണോ എന്നറിയാൻ ഈ സവിശേഷതകൾ ശ്രദ്ധിച്ചാൽ മതിയാകും. ആദ്യമായത് നിർമ്മലതയാണ്, വിശുദ്ധി / ശുദ്ധീകരണം ആതാണ് ദൈവത്തിന്റെ ഇഷ്ടം. ആ ഇഷ്ടത്തിൽ വിശുദ്ധി നിറഞ്ഞതാണ് ഉയരത്തിലെ ജ്ഞാനം. നമുക്ക് സമാധാനവും ശാന്തതയും അനുഭവിക്കാൻ കഴിയുന്നുണ്ടെങ്കിൽ നമ്മുടെ ജ്ഞാനം ഉയരത്തിൽ നിന്നാണ് എന്ന് ഉറപ്പിക്കാം. എന്നാൽ നമ്മളിൽ എത്രപേർക്ക് ശാന്തതയും സമാധാനവും ഉണ്ട്. ആത്മീയവളർച്ച പൂർത്തീകരിച്ചാൽ മാത്രമേ നമുക്ക് യേശുവാകുന്ന സമാധാനം അനുഭവിക്കാൻ അനുഭവിക്കാൻ കഴിയൂ. സകലരെയും ക്രിസ്തുയേശുവിൽ ശ്രേഷ്ഠരെന്നു കാണാനും അവരെ സേവിക്കാനും അനുസരണ കാണിക്കാനും കഴിയുന്നുണ്ടെങ്കിൽ നമ്മുടെ അറിവ് ഉയരത്തിൽ നിന്നാണ്. സകലരോടും ദൈവത്തിന്റെ നാമത്തിൽ കരുണയും ദയയും തോന്നിയാൽ ആ സമീപനവും ഉയരത്തിൽ നിന്നാണ്. ചിന്തകളിലും വിചാരങ്ങളിലും പ്രവർത്തികളിലും നന്മകൾ നിറഞ്ഞതാണെങ്കിൽ, നമുക്ക് ഒരു കാര്യം കൂടി ഉറപ്പിക്കാം നാം ദൈവത്തിന്റെ ആത്മാവിലാണ് ജീവിക്കുന്നത് എന്നത്. ഈ കാര്യങ്ങളിൽ എല്ലാം തന്നെ പൂർണ്ണമായി തികച്ച് ദൈവത്തിന്റെ പാതയിൽ നടക്കാൻ കഴിയുന്ന ഒരു സത്യവിശ്വാസികൾക്ക് മാത്രമേ ദൈവത്തിന്റെ ആലോചന പിടിച്ചെടുത്ത് അതിനോട് സഹകരിക്കാനും പ്രതികരിക്കാനും കഴിയൂ. കളവും കളങ്കവുമില്ലാത്ത അവസ്ഥയിൽ എല്ലാം ദൈവത്തിന്റെ സൃഷ്ടികളാണെന്നും കരുതി നമുക്ക് കഴിയുന്ന വിധത്തിൽ നന്മകൾ ചെയ്തു ദൈവത്തെ പ്രസാദിപ്പിക്കാൻ കഴിയണം. ആരെയും ഒന്നിനെയും നിസ്സാരമെന്ന് കരുതാതെ എല്ലാത്തിനും ദൈവത്തിന്റേതായ പദ്ധതികൾ ഉണ്ടെന്നും അത് നടപ്പിലാക്കാൻ നാം ദൈവത്തോട് സഹകരിക്കുകയും വേണം.

**1st December 2015 / Tuesday** **37th day of 90 days**

***സങ്കീർത്തനങ്ങൾ* 32:8**

***'ഞാൻ നിന്നെ ഉപദേശിച്ചു നടക്കേണ്ടുന്ന വഴി നിനക്കു കാണിച്ചു തരും. ഞാൻ നിന്റെമേൽ ദൃഷ്ടിവെച്ചു നിനക്കു ആലോചന പറഞ്ഞു തരും.'***

കർത്താവിൽ പ്രിയരെ,

ഉയരത്തിൽ നിന്നുള്ള ദൈവത്തിന്റെ ആലോചനയെ പിടിച്ചെടുക്കാൻ കഴിവുള്ളവരാകണം ദൈവമക്കൾ. സകലവും ദൈവത്തിൽ ഭരമേല്പിക്കുമ്പോൾ, വഴികൾ നടത്തി കാര്യങ്ങൾ ചെയ്തു നമ്മെ അനുഗ്രഹിക്കേണ്ടത് ദൈവമാണ്. അതിനായി നാം പ്രാർത്ഥനയോടെ കാത്തിരിക്കണം. എന്നാൽ പലപ്പോഴും നാം സ്വയത്തിൽ ആശ്രയിച്ച് തീരുമാനം എടുത്ത് സ്വന്തം വഴിയിൽ നടക്കുന്നവരാണ്. ഈ വഴികൾ ആദ്യം അനുയോജ്യമാണെന്നു തോന്നുകയും അവസാനം തീരാദുഃഖവും സങ്കടവും കഷ്ടതകളും കാത്തിരിപ്പുണ്ടാകും. എന്നാൽ ദൈവത്തിന്റെ ആലോചനപ്രകാരം വഴി തിരഞ്ഞെടുത്ത് മുന്നോട്ട് പോകുകയാണെങ്കിൽ നമ്മുടെ ഓരോ ദിവസത്തെ ജീവൻ / പ്രാണൻ യേശുവിന്റെ ഉള്ളിൽ എത്തിച്ചേരും. ദൈവം കാണിച്ചുതരുന്ന വഴിയിൽ കൂടിയാണോ നാം സഞ്ചരിക്കുന്നത്. ദൈവത്തിന്റെ വഴി കാണണമെങ്കിൽ, സത്യവചനത്തിന്റെ പ്രകാശത്തിൽ നടക്കേണം. അതിനുവേണ്ടി നിത്യവും സത്യവചനം പഠിച്ച് ധ്യാനിക്കേണം. കർത്താവ് നമ്മെ നോക്കി ഓരോ കാര്യങ്ങൾ പറഞ്ഞു തരുമെന്നതാണ് വചനം ഘോഷിക്കുന്നത്. നമ്മുടെ വിചാരങ്ങൾ, ചിന്തകൾ, പ്രവൃത്തികൾ എന്നിവ ദൈവം ദൃഷ്ടിവെച്ചു പറഞ്ഞ കാര്യങ്ങളാണോയെന്ന് ചിന്തിക്കുക. കർത്താവിന്റെ ദൃഷ്ടി നമ്മുടെമേൽ വെച്ച് ആലോചന പറഞ്ഞുതരണമെങ്കിൽ നാം ദൈവത്തെ എപ്പോഴും നോക്കികൊണ്ടിരിക്കണം. അങ്ങനെ എപ്പോഴും ദൈവത്തെ നോക്കികൊണ്ടിരിക്കാനും ദൈവത്തെ ആരാധിക്കാനും സ്തുതിക്കാനും കഴിയുന്നത് നമ്മുടെ ദേഹിയുടെ അവസ്ഥയ്ക്കു മാത്രമാണ്. അതാണ് വിശുദ്ധ കന്യകമറിയം പറഞ്ഞത്, 'എന്റെ ദേഹി ദൈവത്തെ മഹിമപ്പെടുത്തുന്നു' വിശുദ്ധ ലൂക്കൊസ് 1:46. ഈ ലോകത്തിന്റെ നോട്ടത്തിൽ നല്ലതെന്നു തോന്നുന്ന ചിന്തകളും വഴികളും ദൈവത്തിന്റെ ദൃഷ്ടിയിൽ അങ്ങനെയാകണമെന്നില്ല. അപ്പോൾ നമ്മുടെ സർവ്വ കാര്യങ്ങളും ദൈവത്തിൽ ഏൽപ്പിച്ച് ദേഹിയുടെ സ്തുതികളാലും സ്തുതിപ്പുകളാലും കർത്താവിനെ മഹത്വപ്പെടുത്തുവാൻ നമുക്ക് കഴിയണം. സ്വന്തമായി ആലോചിച്ച് തീരുമാനം എടുത്ത് കൂടുതൽ വിഷമത്തിലാകാതെ, ദൈവത്തിന്റെ ആലോചനയ്ക്കായി കാത്തിരിക്കുമ്പോൾ, നാം നടക്കേണ്ട വഴികൾ, പറയേണ്ടതായ വാക്കുകൾ, മറുപടികൾ, ചെയ്യേണ്ടതായ കാര്യങ്ങൾ ഉപദേശിച്ചു കാണിച്ചു തരും. കർത്താവ് നമ്മെ ഓരോരുത്തരെ കണ്ട് നോക്കി ആവശ്യമായ ആലോചനകൾ തന്ന് നമ്മെ സഹായിക്കും. നമ്മുടെ ആന്തരീകവും ബാഹ്യവുമായ ഇന്ദ്രീയങ്ങൾ ശുദ്ധീകരിച്ച് യേശുവിന്റെ മണവാളന്റെ രണ്ടാം വരവിനായി കാത്തിരിക്കാം.

**2nd December 2015 / Wednesday**    **38th day of 90 days**

***സങ്കീർത്തനങ്ങൾ*** 32:7

***'നീ എനിക്കു മറവിടമാകുന്നു. നീ എന്നെ കഷ്ടത്തിൽ നിന്നും സൂക്ഷിക്കും. രക്ഷയുടെ ഉല്ലാസഘോഷംകൊണ്ട് നീ എന്നെ ചുററിക്കൊള്ളും.'***

കർത്താവിൽ പ്രിയരെ,

നമുക്ക് ലഭിക്കാനിരിക്കുന്ന സന്തോഷത്തിന്റെയും സമാധാനത്തിന്റെന്റെയും സംരക്ഷണത്തിന്റെയും നിമിഷങ്ങളെ ദാവീദ് തന്റെ സങ്കീർത്തനങ്ങളിലൂടെ വിവരിക്കുന്നു. നിഴൽ പോലുള്ള, വെറും ശ്വാസം പോലുള്ള മണ്ണാകുന്ന മനുഷ്യനിൽ ആശ്രയിക്കുന്നതിനേക്കാൾ എത്രയോ നല്ലതാണ് സർവ്വത്തെയും സൃഷ്ടിച്ചവനായ സൃഷ്ടാവിൽ ഒന്നാകുന്നത്. സൃഷ്ടികൾ നശ്വരമാണ്, എന്നാൽ സൃഷ്ടാവും സത്യവചനവും അനശ്വരമാണ്. നാം അവനിൽ മാത്രം ആശ്രയിച്ചിരിക്കണം. എല്ലാവർക്കും വേണ്ടി സൂര്യൻ ഉദിക്കുന്നതും മഴ പെയ്യുന്നതും പോലെ, കഷ്ടങ്ങളും കഷ്ടതകളും പ്രയാസങ്ങളും ദുഃഖങ്ങളും എല്ലാവർക്കും ഉണ്ടാകുന്നുവെങ്കിലും ദൈവമക്കൾക്ക് അത് അംഗീകാരമാണ്, അഭിമാനമാണ്. സന്തോഷത്തോടെ അതിനെ സ്വീകരിച്ച് യേശുവിന്റെ രണ്ടാമത്തെ വരവിനായി കാത്തിരിക്കണം. കർത്താവ് തന്നെ നമുക്ക് മറവിടമാകുമ്പോൾ ഈ ലോകത്തിലെ ഒരു പ്രതിസന്ധിയും പ്രശ്നങ്ങളും നമ്മളെ ബാധിക്കുകയില്ല. എത്ര കഷ്ടതകൾ, പ്രയാസങ്ങൾ വന്നാലും നാം പരിപൂർണ്ണമായി യേശുവിന്റെ ഉള്ളിലാണെങ്കിൽ അവൻ നമ്മെ സൂക്ഷിക്കും, ഭയപ്പെടേണ്ട കാര്യമില്ല. ഒരു വശത്ത് ആയിരവും മറുവശത്ത് പതിനായിരം പ്രശ്നങ്ങളായി ഭവിച്ചാലും നമ്മുടെ ജീവനും ജീവിതവും യേശുവിൽ സമർപ്പിച്ചാൽ അവൻ നമ്മെ സകല കഷ്ടങ്ങളിൽ നിന്നും രക്ഷിക്കും. കഷ്ടങ്ങളെ പ്രയോജനപ്പെടുത്തി നമ്മുടെ ശുദ്ധീകരണം പൂർത്തീകരിക്കാം. രക്ഷകന്റെ ലക്ഷ്യം രക്ഷയാണെന്നതിനാൽ ആ രക്ഷവലയത്തിനുള്ളിൽ നമ്മെ ചുററിക്കൊള്ളും. നാം ഏത് രക്ഷവലയത്തിനുള്ളിലാണ്? ദേഹത്തിന്റെയോ ദേഹിയുടെയോ? സത്യവചനത്തിലൂടെ തിരിച്ചറിഞ്ഞ് ദേഹിയുടെ / ജീവന്റെ / പ്രാണന്റെ രക്ഷയ്ക്കായി ജീവിതത്തെ തയ്യാറാക്കി കാത്തിരിക്കാം. കർത്താവ് മറവിടമാകണമെങ്കിൽ, രക്ഷയുടെ ഉല്ലാസഘോഷം കൊണ്ട് ചുററികൊള്ളണമെങ്കിൽ നാം ദൈവത്തിന്റെ മക്കളായി തീരണം. കല്പനകൾ അനുസരിച്ച് നിർമ്മലമായ ജീവിതം കാത്തുസൂക്ഷിച്ച്, ഓരോ ദിവസത്തെ നമ്മുടെ ജീവൻ / നന്മകൾ / പ്രാണൻ യേശുവിന്റെ ഉള്ളിൽ എത്തണം. വീണ്ടും ജനനത്തിന്റെ അനുഭവത്തിൽ സഞ്ചരിച്ച് രക്ഷകന്റെ അടുത്ത് എത്തി മണവാട്ടിയുടെ വളർച്ച പൂർത്തീകരിക്കാൻ ശ്രമിച്ച്, കർത്താവിന്റെ രണ്ടാമത്തെ വരവ് വേഗത്തിലാക്കാൻ നമുക്ക് ഒത്തൊരുമിച്ച് പ്രവർത്തിക്കാം. മറവിടമായ, മാററമില്ലാത്തവനായ, യേശുവിന്റെ മണവാളനായി പ്രാർത്ഥനയോടെ കാത്തിരിക്കാം.

**3rd December 2015 / Thursday** **39th day of 90 days**

***സങ്കീർത്തനങ്ങൾ*** 32:10

***'ദുഷ്ടനു വളരെ വേദനകൾ ഉണ്ട്. യഹോവയിൽ ആശ്രയിക്കുന്നവനെയോ ദയ ചുററിക്കൊള്ളും.'***

കർത്താവിൽ പ്രിയരെ,

ഈ ലോകത്തിൽ എല്ലാവർക്കും വേദനകളും സങ്കടങ്ങളും പ്രയാസങ്ങളും ദുഃഖങ്ങളും ഉണ്ടാകാം. എന്നാൽ ദൈവത്തിൽ ആശ്രയിക്കുന്ന ദൈവമക്കൾക്ക് അത് സഹിക്കാനും വഹിക്കാനുമുള്ള കൃപയും ലഭിക്കുന്നു. ജീവിതത്തിൽ ക്ഷണിക്കാത്ത അതിഥികളെപ്പോലെ കടന്നുവരുന്ന കഷ്ടതകളും പ്രയാസങ്ങളും ദൈവത്തിന്റെ മക്കൾ അഭിമാനത്തോടെ, സന്തോഷത്തോടെ സഹിച്ചും വഹിച്ചും വിജയിച്ചു കാണിക്കാൻ ലഭിച്ച അവസരങ്ങളായി കാണണം. ഈ ലോകത്തിൽ നിന്ന് പല വിധത്തിലുള്ള പ്രയാസങ്ങളും കഷ്ടതകളും കടന്നുവരും, അവിടെയെല്ലാം ദൈവത്തിന്റെ കൃപയാൽ നമുക്ക് സംരക്ഷണം നൽകി സൂക്ഷിക്കുന്നു. അതിനാൽ നാം യഹോവയിൽ ആശ്രയിക്കേണം. ഈ ലോകത്തിൽ ജീവിക്കുന്നതിന് നാം പല വ്യക്തികളോടും സഹകരിച്ച് പ്രവർത്തിക്കേണ്ടിവരും. എന്നാൽ നിത്യമായ രാജ്യത്തിനും ജീവനും വേണ്ടി സർവ്വത്തെയും സൃഷ്ടിച്ച സൃഷ്ടാവിൽ ആശ്രയിച്ചാൽ മാത്രം മതി. പിതാവായ ദൈവത്തിലും ഏകജാതനായ പുത്രനിലും വിശ്വസിക്കുകയും കല്പനകൾ അനുസരിക്കുകയും ചെയ്യുമ്പോൾ, യഹോവയായ ദൈവത്തിന് നമ്മളിൽ പ്രസാദം തോന്നി, കൃപയും കരുണയും അയച്ചു തന്ന് നമ്മെ അനുഗ്രഹിക്കും. ദേഹത്തിലും ദേഹിയിലും വേദനകൾ ഉണ്ടാകാം. ദേഹിയിലെ മുറിവുകൾ / വേദനകൾ പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്താൽ ശുദ്ധീകരണം പ്രാപിച്ച് സൗഖ്യം ലഭിച്ചു കഴിയുമ്പോൾ ആ സൗഖ്യം അനുഗ്രഹങ്ങളായി ദേഹത്തിലേക്ക് പ്രവേശിച്ച് നമ്മുടെ ശരീരത്തിനും മനസ്സിനും സന്തോഷം നൽകുന്നു. അതുകൊണ്ടാണ് യേശു സൗഖ്യം കൊടുക്കുമ്പോൾ നിന്റെ പാപങ്ങൾ മോചിച്ചു തന്നിരിക്കുന്നു എന്ന് പറയുന്നത്. ആത്മീയലോകത്ത് ശരീരത്തിന്റെ സൗഖ്യം ഏററവും അവസാനമാണ് സംഭവിക്കുന്നത്. ഭൗതികമായി ശാരീരികരോഗസൗഖ്യത്തിനുവേണ്ടി നിർദേശിക്കുന്ന ഔഷധം കഴിക്കുന്നതുപോലെ, ആത്മാവിലും ദേഹിയിലും പാപം മൂലം ഉണ്ടാകുന്ന രോഗത്തിന്റെ സൗഖ്യത്തിനുവേണ്ടി ആത്മീയഔഷധം യഥാവിധി അനുഭവിച്ചേ മതിയാകൂ. അതിനുവേണ്ടി വൈദ്യന്മാരുടെ വൈദ്യനായ യേശുക്രിസ്തുവിൽ നാം ആശ്രയിച്ച്, തിരുശരീരരക്തങ്ങൾ അനുഭവിച്ച് ദൈവത്തിന്റെ കരുണയിൽ ജീവിക്കേണം. എത്ര വലിയ പ്രശ്നങ്ങൾ ഉണ്ടായാലും വിഷമതകൾ വന്നു ചേർന്നാലും കർത്താവിന്റെ ദയ / കരുണ വാട്ടർപ്രൂഫ് പോലെ, ഫയർപ്രൂഫ് പോലെ നമ്മെ ചുററിക്കൊള്ളും. അഗ്നിയിൽ കൂടി നടന്നാലും വെള്ളം ഇരച്ചുകയറി വന്നാലും ദൈവമക്കൾ സുരക്ഷിതരായി യഹോവയുടെ ചിറകിൻ നിഴലിന്റെ അടിയിൽ സുരക്ഷിതരായിരിക്കും. സർവ്വവും സൃഷ്ടാവിന്റെ കരങ്ങളിൽ സമർപ്പിച്ച് വിനയപ്പെടാം.

**4th December 2015 / Friday** **40th day of 90 days**

***സങ്കീർത്തനങ്ങൾ*** 33:20

***'നമ്മുടെ ഉള്ളം യഹോവെയ്ക്കായി കാത്തിരിക്കുന്നു. അവൻ നമ്മുടെ സഹായവും പരിചയും ആകുന്നു.'***

കർത്താവിൽ പ്രിയരെ,

ആത്മീയമായി നാം ആർക്കുവേണ്ടിയാണ് കാത്തിരിക്കേണ്ടത് എന്ന് ദാവീദ് തന്റെ സങ്കീർത്തനങ്ങളിലൂടെ നമ്മെ ബോധിപ്പിക്കുന്നു. നാം പലപ്പോഴും പലയിടത്തും കാത്തിരിക്കുക പതിവാണ്. വിമാനത്താവളത്തിൽ, റെയിൽവെസ്റേറഷനിൽ, ബസ് സ്റേറാപ്പിൽ അങ്ങനെ പലയിടത്തും നാം കാത്തിരിക്കാറുണ്ട്. ഈ ഇടവേളകൾ പലവിധത്തിൽ പ്രയോജനപ്പെടുത്താൻ ആളുകൾ ശ്രമിക്കുന്നു. ഇതേപോലെ, കർത്താവിന്റെ വരവിനായി കാത്തിരിക്കുമ്പോൾ, നാം ഓരോരുത്തർ ചെയ്തുതീർക്കേ ണ്ടതായ ധാരാളം വേലകൾ ഉണ്ട്. അത് ക്രമമായും ചിട്ടയായും ചെയ്തു തീർക്കാൻ നമ്മുടെ ഉള്ളത്തെ ദൈവത്തിൽ സമർപ്പിക്കണം. ഉള്ളം എന്നത് ദേഹി / പ്രാണൻ / ജീവൻ ആണ് സൂചിപ്പിക്കുന്നത്. നമ്മുടെ ശരീരത്തിന് ദിവസം മുഴുവനും ദൈവത്തെ ആരാധിക്കാനോ സ്തുതിക്കാനോ സ്തോത്രം ചെയ്യാനോ സാധിക്കണമെന്നില്ല. കാരണം ഭൗതിക ആവശ്യത്തിനായി ശരീരം ബദ്ധപ്പെടുമ്പോൾ നിത്യരാജ്യത്തിലെ ജീവനും സമാധാനത്തിനും വേണ്ടി നമ്മുടെ ദേഹിയെ നാം ഒരുക്കിയെടുത്ത് പുത്രനിൽ സമർപ്പിച്ചാൽ, എപ്പോഴും നമ്മൾക്കുവേണ്ടി സ്തുതി, സ്തോത്രം എന്നിവ സമർപ്പിച്ചുകൊണ്ടിരിക്കും. ചില സമയങ്ങളിൽ നാം ചെറിയ മയക്കത്തിലൊ ഉറക്കത്തിലൊ ആകുമ്പോൾ നമ്മുടെ ആരാധനഗീതങ്ങൾ അല്ലെങ്കിൽ വിശ്വാസപ്രമാണമോ യാമപ്രാർത്ഥകളോ, നമ്മുടെ ഉള്ളിൽ നിന്ന് ആരോ ചൊല്ലുന്നതായി തോന്നുന്നത് സത്യവിശ്വാസികൾക്ക് അനുഭവപ്പെട്ടിട്ടുള്ളതാണ്. അതാണ് ഉള്ളം അല്ലെങ്കിൽ ദേഹി ദൈവത്തെ സ്തുതിക്കുന്നത്. നമ്മുടെ ശരീരം ഈ ലോകത്തിൽ പ്രവർത്തിക്കുമ്പോൾ, ദേഹി ആത്മീയലോകത്ത് ദൈവത്തെ സ്തുതിക്കുകയും ആരാധിക്കുകയും ചെയ്യുന്നു. നമ്മുടെ സഹായവും സംരക്ഷണവും യഹോവയാണ്, ഈ ലോകത്തിൽ നമ്മെ സഹായിക്കാനും സംരക്ഷിക്കാനും അനേകം ആളുകൾ ഉണ്ടെങ്കിലും, ആത്മീയലോകത്തിൽ നമ്മെ പിടിച്ചുയർത്തി, ശരിയായ പാതയിൽ നടത്തുവാൻ കഴിയുന്നത്, യേശുവിന്റെ ഉള്ളിൽ എത്തിയ നമ്മുടെ ദേഹിയുടെ അവസ്ഥയ്ക്കു മാത്രമാണ്. നൂറ് ശതമാനം ദേഹി യേശുവിന്റെ ഉള്ളിൽ എത്തി കഴിഞ്ഞാൽ ഈ ലോകത്തിലെ ഒരു ആവശ്യത്തിനും നമുക്ക് ആരെയും ആശ്രയിക്കേണ്ടി വരില്ല. എല്ലാം നമ്മൾക്കുവേണ്ടി നമ്മുടെ രക്ഷകൻ / സൃഷ്ടാവ് ക്രമികരിച്ചു നൽകുമെന്ന വിശ്വാസത്തിൽ ജീവിക്കണം. സ്വന്തം മക്കളുടെ ആവശ്യങ്ങൾ നിറവേററുന്നതും സംരക്ഷണം നൽകേണ്ടതും പിതാവിന്റെ കടമയാണ്. പക്ഷേ നാം സ്വന്തം മക്കളായി തീരേണം, പിതാവിലും പുത്രനിലും വിശ്വസിക്കേണം, സൃഷ്ടാവിലും രക്ഷകനിലും മാത്രം ആശ്രയിക്കേണം. ഓരോ നിമിഷത്തെ നമ്മുടെ ചിന്തകൾ / വിചാരങ്ങൾ / നന്മകൾ എല്ലാം ദൈവനാമം മഹത്വപ്പെടുവാൻ വിധം സമർപ്പിക്കേണം. വിശുദ്ധി പ്രാപിച്ച് നമ്മുടെ ദേഹിയെ ഒരുക്കിയെടുത്ത് കർത്താവിന്റെ മണവാട്ടി സഭയിൽ ചേർത്തീടാം.

**5th December 2015 / Saturday** **41st day of 90 days**

***സങ്കീർത്തനങ്ങൾ*** 34:2

***'എന്റെ ഉള്ളം യഹോവയിൽ പ്രശംസിക്കുന്നു. എളിയവർ അത് കേട്ടു സന്തോഷിക്കും.'***

കർത്താവിൽ പ്രിയരെ,

ദൈവമക്കൾ പ്രശംസിക്കേണ്ടത് യഹോവയിൽ മാത്രം ആയിരിക്കണം. മനുഷ്യരുടെ പ്രശംസകൾ ലഭിച്ചു കഴിഞ്ഞാൽ സ്വർഗ്ഗത്തിൽ നിന്നുള്ള അനുഗ്രഹങ്ങൾ ലഭിക്കില്ല. പ്രതിഫലം ഇവിടെ കിട്ടികഴിഞ്ഞാൽ സ്വർഗ്ഗത്തിലെ നിക്ഷേപം കുറഞ്ഞുപോകും. ആയതിനാൽ മനുഷ്യരുടെ പ്രശംസയ്ക്കായി ഒന്നും വിചാരിക്കാതെ, സർവ്വവും ലോകസൃഷ്ടാവായ ദൈവത്തിന്റെ നാമം മഹത്വപ്പെടുവാൻ ഇടയാകണം. നമ്മുടെ ജീവിതരീതിയും ദൈവീകപ്രവർത്തനങ്ങളും കണ്ടിട്ട് മററുള്ളവർക്കും ആത്മീയസന്തോഷം ഉണ്ടാകണം. ജീവിതയാത്രയിൽ ഉണ്ടാകുന്ന വിഷമതകൾ, പ്രയാസങ്ങൾ, ദുഃഖങ്ങൾ ദൈവമക്കൾ നേരിടുമ്പോൾ ഉണ്ടാകുന്ന ആത്മീയസന്തോഷം മററുള്ളവർക്കും ലഭിക്കുന്ന വിധത്തിൽ, ആത്മീയമായ ജീവിതത്തിന്റെ ഉടമകളായി നാം മാറണം. അതിന്റെ ആഴവും അർത്ഥവും മററുള്ളവർക്കും മനസ്സിലാക്കി കൊടുക്കാൻ കഴിയണം. നമ്മുടെ ഉള്ളം യഹോവയിലാണോ അതോ പാതാളത്തിലാണോയെന്നറിയാൻ നമുക്ക് ആത്മീയസന്തോഷം / പ്രമോദം ലഭിക്കുന്നുണ്ടോ എന്നറിഞ്ഞാൽ മതി. നന്മകൾ ചെയ്തു വിശ്വസ്തത ആചരിച്ചാൽ നമ്മുടെ പ്രാണൻ യേശുവിന്റെ ഉള്ളിൽ എത്തി യഹോവയിൽ ആനന്ദിക്കുന്നു. എന്നാൽ പാപത്തിന്റെ അവസ്ഥയിൽ, പാതാളത്തിൽ കിടക്കുന്ന നമ്മുടെ ദേഹിയുടെ അവസ്ഥ വിവരിക്കാൻ കഴിയുകയില്ല. രക്ഷ പ്രാപിക്കാതെ അലയുന്ന ആത്മാക്കൾക്ക് ജീവൻ ലഭിക്കുന്നത് ഇത്തരം ദേഹിയിൽ നിന്നാണ്. നാം സൃഷ്ടാവിനോട് ചെയ്യുന്ന വലിയ അപരാധം തന്നെയാണ്. സ്വന്തം ജീവൻ നൽകി നമുക്ക് രക്ഷയുടെ മാർഗ്ഗം കാണിച്ചത് മറന്ന്, നിമിഷസുഖങ്ങൾക്കായി തിന്മകൾ / പാപങ്ങൾ ചെയ്തു നമ്മുടെ പ്രാണനെ / ജീവനെ നശിപ്പിച്ച് പാതാളത്തിലെ കാരാഗൃഹത്തിലേക്ക് അയക്കുന്നു. ആ ജീവനെ ഭക്ഷിച്ച് ദുഷ്ടശക്തികൾ ജീവൻ വെച്ച് ഭൂതങ്ങൾ ആകുന്നു. എന്നാൽ യേശുവിൽ എത്തിച്ചേരുന്ന പ്രാണൻ / ജീവൻ കൂടുതൽ അനുഗ്രഹങ്ങളുമായി തിരികെ നമ്മുടെ ഉള്ളിൽ എത്തിച്ചേരുന്നു. അങ്ങനെ ദൈവത്തിനുവേണ്ടി കൂടുതൽ പ്രവർത്തനങ്ങൾ പൂർത്തികരിക്കാനും ദൈവരാജ്യത്തിന്റെ മഹത്വം കൂടുതൽ ഹൃദയങ്ങളിലേക്ക് കടന്നുചെല്ലാനും ഇടയാകുന്നു. അങ്ങനെ നല്ല മാതൃകയായി ജീവിക്കാനും എല്ലാവർക്കും സന്തോഷവും സമാധാനവും പ്രദാനം ചെയ്യാനും നമ്മുടെ ജീവനെ പ്രയോജനപ്പെടുത്താൻ ദൈവത്തിൽ ശരണപ്പെടാം. നാം ആയിരിക്കുന്ന അവസ്ഥയിൽ ദൈവത്തെ സ്തുതിക്കാനും സ്തോത്രം ചെയ്യാനും കഴിയണം. സൗകര്യവും സമയവും ആരോഗ്യവും കൂടി വന്നിട്ട് ദൈവത്തെ ആരാധിക്കാൻ കഴിയണമെന്നില്ല. നാം എത്ര ബലഹീനർ ആണെങ്കിലും ബലവാനായ ദൈവം നമ്മോടുകൂടെ ഉണ്ട്. അന്ത്യകാലം വരെ കൂടെയിരുന്ന് വഴി നടത്താമെന്ന് വാഗ്ദാനം ചെയ്തവൻ ഒരിക്കലും നമ്മെ തള്ളികളയുകയില്ല. എല്ലാം പ്രശംസകളും നന്ദിയും സ്തുതിയും സ്തോത്രവും ദൈവത്തിന് മാത്രമായിരിക്കട്ടെ, അത് സകലർക്കും നല്ല മാതൃകയായിതീരട്ടെ, സകലരും സന്തോഷിക്കട്ടെ.

**6th December 2015 / Sunday**

**42nd day of 90 days**

***സങ്കീർത്തനങ്ങൾ 34:8***

***'യഹോവ നല്ലവൻ എന്നു രുചിച്ചറിവിൻ. അവനെ ശരണം പ്രാപിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ'***

യഹോവ നല്ലവൻ എന്നു സത്യവിശ്വാസികൾക്ക് എല്ലാം അറിയാം. സകലത്തെയും സൃഷ്ടിച്ച് ലോകത്തിനുവേണ്ടി നൽകി, പാപത്തിൽ നിന്നും ശാപത്തിൽ നിന്നും രക്ഷ നേടുന്നതിന് തന്റെ ഏകജാതനായ പുത്രനെ ഈ ലോകത്തിലേക്ക് അയച്ചു. ജീവനെ മറുവിലയായി കൊടുത്ത് പാപികളായ നമ്മെ രക്ഷപ്പെടുത്തി നിത്യജീവനിലേക്ക് നയിച്ചു. ഇത്രയധികം കരുണയും ദയയും കാണിക്കുന്ന യഹോവയായ ദൈവം നല്ലവനാണ്, സ്നേഹമുള്ളവനാണ്, മക്കളെ അതിരില്ലാതെ സ്നേഹിക്കുന്ന പിതാവാണ്. അത് ദൈവമക്കൾ രുചിച്ചറിയണം എന്നു സങ്കീർത്തനക്കാരൻ നമ്മെ ഉദ്ബോധിപ്പിക്കുന്നത്. ആഹാരത്തെപ്പോലെ എങ്ങനെയാണ് യഹോവയായ ദൈവത്തെ രുചിച്ചറിയാൻ കഴിയുന്നത്. വിശ്വസികൾക്ക് അഞ്ച് ഇന്ദ്രീയങ്ങൾ കൊണ്ട് ദൈവത്തെ രുചിച്ചറിയാൻ കഴിയണം. കണ്ണ്, മൂക്ക്, ചെവി, നാക്ക്, ത്വക്ക് എന്നിവകൊണ്ട് ദൈവത്തെ എങ്ങനെയാണ് രുചിച്ചറിയാൻ കഴിയുന്നത്. കൂദാശകളുടെ കൂദാശയായ വിശുദ്ധ കുർബ്ബാനയിൽ കൂടി മാത്രമേ അതിന് നമുക്ക് സാധിക്കൂ. വിശുദ്ധ കുർബ്ബാനയിൽ പങ്കെടുക്കുമ്പോൾ ത്രോണോസിലൂടെ നമുക്ക് ദൈവത്തെ കാണാൻ കഴിയും.  ധൂപം അർപ്പിക്കുമ്പോൾ ഉയരുന്ന മണം / സൗരഭ്യം കൊണ്ടും ദൈവത്തിന്റെ സാന്നിധ്യം മനസ്സിലാക്കാൻ കഴിയും. ആരാധനയിൽ മുഴങ്ങി കേൾക്കുന്ന ഗീതങ്ങളും പ്രാർത്ഥനകളും ശ്രവിച്ച് ചെവികൊണ്ടും ദൈവത്തെ അറിയാൻ കഴിയും. ഇനിയും നാക്കും ത്വക്കും കൊണ്ടും എങ്ങനെയാണ് ദൈവത്തെ തിരിച്ചറിയുന്നത്? വിശുദ്ധരായി വിശുദ്ധ കുർബ്ബാനയിൽ കൂടി യേശുക്രിസ്തുവിന്റെ തിരുശരീരരക്തങ്ങൾ അനുഭവിക്കുമ്പോൾ, സ്പർശനവും രുചിയും അവിടെ പൂർണ്ണമാകുന്നു. ഇങ്ങനെ അഞ്ച് ഇന്ദ്രീയങ്ങൾ കൊണ്ട് ദൈവത്തെ നല്ലവൻ എന്ന് രുചിച്ചറിയാൻ കഴിയും. യഹോവയെ ശരണം പ്രാപിക്കുന്ന പുരുഷൻ ഭാഗ്യവാൻ എന്നു വചനം ഘോഷിക്കുന്നു. ഇവിടെ പുരുഷൻ എന്ന് സംബോധന ചെയ്തിരിക്കുന്നത് ആൺ–പെൺ അടിസ്ഥാനത്തിലല്ല, മനുഷ്യന്റെ ആത്മാവിനെയാണ് സൂചിപ്പിക്കുന്നത്. എല്ലാ മനുഷ്യരുടെയും ആത്മാവ് പുരുഷനും ദേഹി സ്ത്രീയുമാണ്. വിശുദ്ധ മാമോദീസായിലൂടെ കർത്താവിന്റെ പ്രതിപുരുഷനായ പുരോഹിതന്മാരിലൂടെ ലഭിക്കുന്ന ആത്മാവിനെ വളർത്തി രക്ഷയുടെ പാതയിൽ സഞ്ചരിക്കേണം. ആത്മാവും ദേഹിയും പൂർണ്ണമായി യഥാസ്ഥാനപ്പെട്ടാൽ മാത്രമേ പരിശുദ്ധാത്മാവിൽ നിറഞ്ഞ് മണവാളനായി കാത്തിരിക്കാൻ കഴിയൂ.

## 7th December 2015 / Monday 43rd day of 90 days

### *സങ്കീർത്തനങ്ങൾ 34:18*

***'ഹൃദയം നുറുങ്ങിയവർക്ക് യഹോവ സമീപസ്ഥൻ, മനസ്സു തകർന്നവരെ അവൻ രക്ഷിക്കുന്നു'***

ഹൃദയവേദനയോടെ ദൈവത്തോട് പ്രാർത്ഥിക്കുമ്പോൾ, കണ്ണുനീരോട് യാചിക്കുമ്പോൾ സത്യവിശ്വാസികൾക്ക് ലഭിക്കുന്ന ആത്മീയസന്തോഷത്തിന്റെ അടിസ്ഥാനകാരണം പിതാവായ ദൈവത്തിന്റെ സാമീപ്യം ആണ്. പാപികളെയും ദ്രോഷികളെയും തേടി സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങി, ഈ ലോകത്തിൽ ജനിച്ച് ജീവിച്ച് കഷ്ടതകൾ ഏററ് മരിച്ചു ഉയിർത്തെഴുന്നേററ്, പിതാവിന്റെ വലതുഭാഗത്തിരുന്ന് മദ്ധ്യസ്ഥത വഹിക്കുന്ന പുത്രന്റെ അതിരില്ലാത്ത സ്നേഹത്തിന് നാം യോഗ്യരാണോ എന്ന് പരിശോധിക്കണം. പാപം ചെയ്യുമ്പോൾ നഷ്ടപ്പെട്ടുപോകുന്ന ജീവനെ തേടി വരുന്ന നമ്മുടെ മണവാളനെ സ്വീകരിക്കാൻ മനം തിരിഞ്ഞ് നന്മകൾ ചെയ്തു ബുദ്ധിയുള്ള കന്യകന്മാരെപ്പോലെ കാത്തിരിക്കാൻ നമുക്ക് കഴിയണം. താഴ്മ ധരിച്ച് സകലവും കർത്താവിൽ സമർപ്പിച്ചാൽ, ദൈവഹിതപ്രകാരമുള്ള പദ്ധതികൾ നമ്മളിലൂടെ പൂർത്തികരിക്കാൻ കഴിയും. കർത്താവിന്റെ പദ്ധതികൾക്കായി ഉപയോഗിക്കാവുന്ന ഉപകരണങ്ങളായി നാം മാറണം. ദുഷ്ടവിചാരത്തോടും പാപചിന്തയോടും അശുദ്ധമായും ഒന്നും പ്രവർത്തിക്കരുത്, അത് കൂടുതൽ ശാപത്തിനിടയാകുന്നു. ആ ശാപം നമ്മുടെമേലും വരും തലമുറയിലും വരുത്തിവയ്ക്കാവുന്ന ദോഷങ്ങൾ നിരവധിയാണ്. നുറുങ്ങിയഹൃദയത്തോടും തകർന്ന മനസ്സോടും തങ്ങളുടെ പാപങ്ങളും കടങ്ങളും ഏററു പറഞ്ഞു എല്ലാ ചിന്തകളും വിചാരങ്ങളും പ്രവർത്തികളും എല്ലാം ദൈവത്തിൽ സമർപ്പിച്ച് ദൈവീകമായ നടത്തിപ്പിനായി കാത്തിരിക്കേണം. നമ്മുടെയും പൂർവ്വികരുടെയും പാപത്തിന്റെയും ശാപത്തിന്റെയും കെട്ടുകളെ ഇല്ലാതാക്കുവാൻ വിധം ഹൃദയങ്ങളെ ഒരുക്കി നിറകണ്ണുകളോട് ഒന്നു യാചിച്ചാൽ നമ്മെ മാറോട് ചേർത്ത് ആശ്വസിപ്പിക്കാൻ നമ്മുടെ രക്ഷകൻ തയ്യാറാണ്. ചെയ്യുന്ന തെററുകളെ ന്യായികരിക്കാൻ മുറിവചനങ്ങളെ ആശ്രയിക്കുന്നവർക്ക് ഈ ലോകത്തിലും പരലോകത്തിലും സമാധാനം കണ്ടെത്തുവാൻ സാധിക്കുകയില്ല. സത്യവചനത്തെ അറിഞ്ഞ് അതിന്റെ പ്രകാശത്തിൽ സഞ്ചരിച്ച് ദയയും കരുണയും പ്രകടിപ്പിച്ച് ദൈവത്തിന്റെ നല്ല സാക്ഷികളായി ജീവിക്കണം. ആരാധിക്കുമ്പോഴും ധ്യാനിക്കുമ്പോഴും നമ്മുടെ ബോധവിചാരഹൃദയങ്ങൾ ദൈവത്തിന്റെ സന്നിധിയിൽ തന്നെ ആയിരിക്കണം. ആരാധനയുടെ ഭംഗിയോ മോടിയോ ശൈലിയോ ശ്രദ്ധിക്കാതെ പൂർണ്ണഹൃദയത്തോടെ പിതാവായ ദൈവത്തെ വിളിച്ച് അപേക്ഷിച്ചാൽ നമ്മുടെ അടുത്ത് വന്ന്, കണ്ണു തുറക്കുമ്പോൾ ദൈവത്തിന്റെ കണ്ണിലേക്ക് നോക്കാനും അങ്ങനെ ദൈവത്തിന്റെ കണ്ണിലൂടെ സകലവും ദർശിക്കാനും ഗ്രഹിക്കാനും കഴിയും. ഹൃദയങ്ങളെയും മനസ്സുകളെയും സർവ്വശക്തന്റെ സന്നിധിയിൽ സമർപ്പിക്കാം. കർത്താവിന്റെ കൈകളിലെ ഉപകരണമാക്കി മാററുന്ന പദ്ധതി ഈ സത്യവചനം ധ്യാനിച്ചപ്പോൾ നടപ്പാക്കികൊണ്ടിരിക്കുന്ന ദൈവത്തിന് നന്ദി, സ്തോത്രം.

ന

**8th December 2015 / Tuesday**

**44th day of 90 days**

***സങ്കീർത്തനങ്ങൾ 34:19***

*'നീതിമാന്റെ അനർത്ഥങ്ങൾ അസംഖ്യമാകുന്നു. അവ എല്ലാററിൽ നിന്നും യഹോവ അവനെ വിടുവിക്കുന്നു'*

രക്ഷകരമായ ജീവിതമാണ് ഓരോ സത്യവിശ്വാസിയുടെയും ലക്ഷ്യം. പിതാവായ ദൈവം ഏകജാതനായ പുത്രനെ ഈ ലോകത്തിലേക്ക് അയച്ചത് നമ്മുടെ ഓരോരുത്തരുടെയും രക്ഷയ്ക്കുവേണ്ടിയാണ്. പാപത്തിൽ നിന്നും ശാപത്തിൽ നിന്നും രക്ഷനേടി രക്ഷകന്റെ മണവാട്ടി സഭയിൽ ചേർന്നു ജീവിക്കുന്നതിനുവേണ്ടിയാണ്. ഇന്നത്തെ നമ്മുടെ പ്രാർത്ഥനകളും യാചനകളും അപേക്ഷകളും എന്തിനുവേണ്ടിയാണ്? ദൈവത്തെ രക്ഷിക്കാൻ മനുഷ്യൻ എന്തെല്ലമാണ് ചെയ്യുന്നത്? ഈ ലോകത്തിൽ സത്യവിശ്വാസികളായി, നീതിയുടെ മാർഗ്ഗത്തിൽ സഞ്ചരിക്കുമ്പോൾ, ജീവിക്കുമ്പോൾ അനേകം അനർത്ഥങ്ങൾ, കഷ്ടങ്ങൾ, വിഷമങ്ങൾ ഉണ്ടാകാം. എന്നാൽ നാം യഹോവയിൽ ആശ്രയിച്ച് ജീവിച്ചാൽ, വിശ്വാസവും പ്രത്യാശയും കൈവിടാതെ, എല്ലാത്തിൽ നിന്നും യഹോവയായ ദൈവം നമ്മെ വിടുവിക്കും. അതിനുവേണ്ടി സങ്കടഹൃദയത്തോടും നിറകണ്ണുകളോടും ദൈവത്തോടെ യാചിക്കേണം. അനർത്ഥങ്ങൾ വരുമ്പോൾ മാത്രം ദൈവത്തോട് പ്രാർത്ഥിക്കുമ്പോൾ, ഉടനെ തന്നെ പ്രതിവിധി ചെയ്യുമെന്ന് വിചാരിക്കരുത്. ദൈവത്തോടുള്ള നമ്മുടെ ആത്മാവിന്റെയും ദേഹിയുടെയും ദേഹത്തിന്റെയും പ്രതികരണം അനുസരിച്ചാണ് പ്രവർത്തിക്കുന്നത്. ദൈവവുമായിട്ടുള്ള നമ്മുടെ ഓരോരുത്തരുടെയും ബന്ധത്തിന്റെ അടിസ്ഥാനത്തിലാണ് നമ്മോട് പ്രതികരിക്കുന്നത്. നാം പാപികളാണ് എന്ന ബോധം എപ്പോഴും നമ്മെ ഭരിക്കണം. അത് പാപം ചെയ്യുന്നതുകൊണ്ടു മാത്രമല്ല, പാപിയായി ജനിച്ചതുകൊണ്ടു മാത്രമാണ്. ആ പാപമോചനത്തിനായി നാം യേശുക്രിസ്തുവിനെ രക്ഷകനായി സ്വീകരിച്ച്, കഷ്ടതകളെയും വിഷമങ്ങളെയും എല്ലാം സന്തോഷത്തോടെ സഹിച്ചും വഹിച്ചും സകലത്തിലും ദൈവനാമമഹത്വപ്പെടുവാൻ തക്കവണ്ണം നാം പ്രവർത്തിക്കേണം. അപകടത്തിൽ അകപ്പെട്ടവരെയാണ് സാധാരണയായി നാം രക്ഷിക്കുന്നത്, ഈ ലോകത്തിലെ ജീവിതവും അപകടങ്ങൾ നിറഞ്ഞ പാതയിൽ കൂടിയുള്ള യാത്രയാണ്. ഒരു നിമിഷത്തെ അശ്രദ്ധ കാരണം ജീവിതം അപകടത്തിലാകാം. എന്നാൽ രക്ഷകന്റെ കരങ്ങളിൽ നാം അമർന്നിരുന്നാൽ, സകലത്തിൽ നിന്നും അവൻ നമ്മെ രക്ഷിക്കും. നിത്യവും യാമപ്രാർത്ഥനകളിലൂടെയും ഉപവാസത്തിലൂടെയും ആരാധന, ധ്യാനം എന്നിവയിലൂടെയും നമുക്ക് ദൈവവുമായിട്ടുള്ള ബന്ധത്തെ ഉറപ്പിച്ച്, ദൈവസന്നിധിയിൽ നമ്മെതന്നെ സമർപ്പിക്കാം. എല്ലാ അനർത്ഥങ്ങളിൽ നിന്നും നമ്മെ രക്ഷിക്കാൻ നമ്മുടെ ദേഹിയെയും ആത്മാവിനെയും ദൈവസന്നിധിയിൽ സമർപ്പിച്ച് നിത്യജീവനുവേണ്ടി പ്രവർത്തിക്കാം.

**9th December 2015 / Wednesday** **45th day of 90 days**

***സങ്കീർത്തനങ്ങൾ 37:4***

***' യഹോവയിൽ തന്നെ രസിച്ചുകൊൾക അവൻ നിന്റെ ഹൃദയത്തിലെ ആഗ്രഹങ്ങളെ നിനക്കു തരും'***

നമ്മുടെ ഹൃദയത്തിലെ ആഗ്രഹങ്ങൾ എല്ലാം തരാമെന്ന ദൈവത്തിന്റെ വാഗ്ദാനം നമ്മുടെ ജീവിതത്തിൽ പൂർണ്ണമായി ലഭിക്കുന്നുണ്ടോയെന്നു പരിശോധിക്കേണം. ആഗ്രഹങ്ങളെയെല്ലാം തരാമെന്നു പറയുന്നതിന് മുമ്പ് ഒരു കാര്യം കൂടി പറയുന്നു, യഹോവയിൽ തന്നെ രസിച്ചുകൊൾക. അതായത് ഈ ലോകത്തിൽ മററ് പലവിധത്തിലുള്ള രസങ്ങളും സുഖങ്ങളും ഉണ്ടെങ്കിലും അതിൽ ഒന്നും ശ്രദ്ധിക്കാതെ യഹോവയിലും അവന്റെ വചനത്തിലും കല്പനയിലും മാത്രം രസിക്കണം, ആനന്ദിക്കേണം. അങ്ങനെ ചെയ്യുമ്പോൾ നമ്മുടെ ഹൃദയത്തിൽ ഉണ്ടാകുന്ന ആഗ്രഹങ്ങളെ എല്ലാം തരാമെന്നു വചനം പറയുന്നു. ദൈവത്തെയും ദൈവവചനത്തെയും മാത്രം ധ്യാനിച്ചുകൊണ്ടിരിക്കുന്ന ഒരു ദൈവപൈതലിന് തന്റെ ഹൃദയത്തിൽ തോന്നുന്ന ആഗ്രഹങ്ങൾ എല്ലാം ദൈവീകമാണ്, അതാണ് സാധിച്ചു തരാമെന്നു പറയുന്നത്. രക്ഷയുടെ പാതയിൽ സഞ്ചരിച്ച് ദൈവവേലകൾ ചെയ്യുന്നതിനായിരിക്കും കൂടുതൽ ശ്രദ്ധ. അല്ലാതെ ഈ ലോകത്തിന്റെ മോഹങ്ങളോ രാഗങ്ങളോ ഒന്നും തന്നെ ഹൃദയത്തിൽ തോന്നാൻ ഇടയില്ല. ദൈവരാജ്യത്തിൽ നിത്യവാസത്തിനും നിത്യജീവനും വേണ്ടി ആഗ്രഹങ്ങളെയെല്ലാം പിടിച്ചടക്കി സാത്താന്റെ അവകാശങ്ങളെ ഇല്ലാതാക്കി ദൈവത്തിന്റെ കരങ്ങളിൽ താണിരുന്ന് ജീവിക്കുവാൻ ആഗ്രഹിക്കുന്നവർ, സത്യമായ വചനത്തിന്റെ പ്രകാശത്തിൽ ജീവിക്കുന്നവരാണ്. നമ്മുടെ ബോധങ്ങൾ, വിചാരങ്ങൾ, ചിന്തകൾ എല്ലാം ദൈവീകമാകണമെങ്കിൽ നമ്മുടെ ഹൃദയം ദൈവത്തിനായി സമർപ്പിക്കേണം. പൂർണ്ണമായി ദൈവത്തിൽ സമർപ്പിച്ചുകഴിഞ്ഞാൽ നമ്മുടെ എല്ലാ ആവശ്യങ്ങളും ദൈവത്തിന്റെ ആവശ്യം കൂടിയാണ്. ദൈവത്തെ അറിയാം, ദൈവസ്നേഹത്തെ അറിയാം, ദൈവകല്പനകളെ അറിഞ്ഞ് അനുസരിക്കണം. ദൈവത്തിന്റെ കരുണയും കൃപയും അനുഭവിച്ചറിഞ്ഞ് അത് ലോകകർക്ക് നല്ല മാതൃകയാകും വിധം ജീവിക്കാം. ലോകത്തിന്റെ മോഹങ്ങളിലും രാഗങ്ങളിലും ആഗ്രഹങ്ങളിലും രസിക്കാതെ യഹോവയിൽ തന്നെ രസിച്ചാൽ, നമ്മുടെ പ്രാണനെ / ജീവനെ, വേലകൾ ചെയ്തു യേശുവിന്റെ ഉള്ളിൽ എത്തിക്കാൻ കഴിയും. ആത്മീയവളർച്ചയ്ക്കു ഉതകുംവിധം ആഗ്രഹങ്ങളെ നിയന്ത്രിക്കാം. നമ്മുടെ ഓരോ ദിവസത്തെ പ്രാണനെ / ജീവനെ തിരികെ യേശുവിൽ ഏൽപ്പിക്കുമ്പോൾ കൂടുതൽ അനുഗ്രഹങ്ങളും സമാധാനവും സന്തോഷവുമായി ജീവിക്കുവാൻ കർത്താവ് നമ്മെ സഹായിക്കും. ദൈവത്തിന്റെ ഇഷ്ടത്തിലാണോ നമ്മുടെ ജീവിത ശൈലി? നമ്മുടെ ജീവിതത്തിന്റെ ലക്ഷ്യങ്ങൾ ദൈവനാമം മഹത്വപ്പെടുവാൻ ഇടയാകുന്നുണ്ടോ? നമ്മുടെ ഇഷ്ടങ്ങൾ ദൈവത്തിലാണോ അതോ ലോകത്തിന്റെ മോഹത്തിലാണോ? നമുക്ക് ദൈവത്തിൽ തന്നെ രസിക്കുവാൻ നമ്മുടെ ജീവനെ കർത്താവിൽ സമർപ്പിച്ച് പ്രാർത്ഥനയോടെ കാത്തിരിക്കാം.

**10th December 2015 / Thursday** **46th day of 90 days**

**സങ്കീർത്തനങ്ങൾ 37:37**

**'നിഷ്കങ്കനെ കുറിക്കൊള്ളുക.നേരുള്ളവനെ നോക്കികൊൾക. സമാധാനപുരുഷനു സന്തതി ഉണ്ടാകും'**

സത്യവിശ്വാസികൾ ദൈവത്തിന്റെ മക്കൾ എന്നു ഉറപ്പുവരുത്തുന്നതിന് ഈ രണ്ട് കാര്യങ്ങൾ ശ്രദ്ധിച്ചാൽ മതിയാകും – നിഷ്കളങ്കതയും നേരും. ശിശുക്കളെപ്പോലെ കളങ്കമില്ലാത്തവരായി ജീവിച്ചാൽ മാത്രമേ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുവാൻ സാധിക്കുകയുള്ളു. സത്യത്തിന്റെ വഴിയിൽ ജീവിതത്തെ നയിച്ചാൽ മാത്രമേ യേശു മണവാളന്റെ അരികിൽ എത്താൻ സാധിക്കൂ. നമ്മുടെ നിഷ്കളങ്കതയും നേരും തിരിച്ചറിയാൻ കഷ്ടതയിലും പ്രയാസത്തിലും വിഷമത്തിലും ദൈവത്തോടും വിശ്വാസികളോടും നമ്മുടെ പ്രതികരണം നോക്കിയാൽ മതി. സമാധാനപുരുഷനു സന്തതി ഉണ്ടാകും – വചനത്തെ ഭൗതികമായി കാണാതെ ആത്മീയമായി ദർശിച്ച് മറഞ്ഞിരിക്കുന്ന മർമ്മങ്ങളെ അറിയാൻ ശ്രമിക്കേണം. ഇവിടെ സമാധാനം എന്നു പറയുന്നത് യേശുവിനെ ആണ്. യേശു ആകുന്ന സമാധാനമുള്ള പുരുഷന് സന്തതി ഉണ്ടാകുന്നു. ആത്മീയമായി പുരുഷന്മാർക്കും സന്തതി ഉണ്ടാകുന്നു, അവർക്കും പ്രസവിക്കാൻ കഴിയും. പ്രസവവേദനയെ കുറിച്ച് പൗലൊസ് ശ്ലീഹാ തന്റെ ലേഖനത്തിൽ സൂചിപ്പിക്കുന്നു, ഗലാത്യർ 4:19 'ക്രിസ്തു നിങ്ങളിൽ ഉരുവാകുവോളം ഞാൻ പിന്നെയും പ്രസവവേദനപ്പെടുന്നവരായ എന്റെ കുഞ്ഞുങ്ങളെ…'. മാതാപിതാക്കളിൽ നിന്ന് ജനിച്ചതുകൊണ്ട് മാത്രം ഒരു പൈതൽ ദൈവത്തിന്റെ സന്തതി ആകണമെന്നില്ല. പരിശുദ്ധാത്മാവിൽ വീണ്ടും ജനനത്തിന്റെ അനുഭവത്തിലൂടെ മാത്രമേ ദൈവത്തിന്റെ മകനോ മകളോ ആകുവാൻ സാധിക്കൂ. അത് ആത്മാവിന്റെ പ്രവർത്തനമാണ്. നമ്മുടെ ആത്മാവും സത്യവചനവുമായി ഇണചേർന്ന് ധ്യാനിക്കുമ്പോൾ ഉണ്ടാകുന്ന സന്തതിയാണ് പ്രാണൻ / ജീവൻ. ആ ജീവനെ യേശുവിന്റെ ഉള്ളിൽ എത്തിക്കേണ്ടത് നമ്മുടെ ഓരോരുത്തരുടെയും കടമയാണ്. നിത്യവും വചനത്തെ ധ്യാനിക്കുമ്പോൾ അതിൽ നിന്ന് ഉളവാകുന്ന ആത്മീയമായ പുത്തൻ ആശയങ്ങളിൽ കുടി ദൈവരാജ്യത്തിന്റെ മർമ്മങ്ങളെയും രഹസ്യങ്ങളെയും വെളിപ്പെടുത്തുവാൻ സഹായിക്കും. ഇങ്ങനെ ദൈവനാമം മഹത്വപ്പെടുത്തുവാൻ പ്രവർത്തിക്കണമെങ്കിൽ നാം കളങ്കമില്ലാത്തവരും നേരുള്ളവരും ആകണം. ഇയ്യോബിനെ കുറിച്ച് പറയുന്നത്, 'ഇയ്യോബ് നിഷ്കളങ്കനും നേരുള്ളവനും ദൈവഭക്തനും ദോഷം വിട്ടകലുന്നവനും ആയിരുന്നു. പരിശുദ്ധാത്മാവിൽ നിറഞ്ഞവരായി വിളിക്കപ്പെട്ടവരെ, തിരഞ്ഞെടുക്കപ്പെട്ടവരെ തേജസ്ക്കരണത്തിലേക്ക് നയിക്കുവാൻ സാധിക്കണം. അങ്ങനെ നാം സമാധാന പുരുഷന്മാർ എന്നു വിളിക്കപ്പെടേണം. അതിനായി നാം നിഷ്കളങ്കരും നേരുള്ളവരും ആയി ജീവൻ നഷ്ടപ്പെടുത്താതെ യേശുവിന്റെ ഉള്ളിൽ എത്തിച്ച് ദൈവത്തിന്റെ ആലോചനയ്ക്കായി പ്രാർത്ഥനയോടെ കാത്തിരിക്കാം.

**11th December 2015 / Friday** **47th day of 90 days**

**സങ്കീർത്തനങ്ങൾ 56:13**

**'ഞാൻ ദൈവത്തിന്റെ മുമ്പാകെ ജീവന്റെ പ്രകാശത്തിൽ നടക്കേണ്ടതിനു നീ എന്റെ പ്രാണനെ മരണത്തിൽ നിന്നും എന്റെ കാലുകളെ ഇടർച്ചയിൽ നിന്നും വിടുവിച്ചുവല്ലോ?'**

ജീവന്റെ ഉറവിടമായ യേശുവിന്റെ ഉള്ളിൽ നമ്മുടെ ജീവൻ പൂർണ്ണമായി എത്തിക്കുന്നതിന് ഈ ലോകത്തിൽ നാം പലവിധത്തിലുള്ള പരീക്ഷകൾ അതിജീവിക്കേണം. അതിന് ദൈവത്തിന്റെ കൃപയും കരുണയും ആവശ്യമാണ്. നമ്മുടെ ഓരോ ദിവസത്തെ പ്രാണനെ, പാപത്തിൽ അകപ്പെടുത്തി, മരണത്തിന് ഏൽപ്പിക്കുവാൻ ദുഷ്ടശക്തികൾ ശ്രമിക്കുമ്പോൾ, അത് തിരിച്ചറിഞ്ഞ്, അവയിൽ നിന്ന് അകന്ന് ജീവന്റെ പ്രകാശത്തിൽ നടക്കുന്നതിന് ദൈവത്തിന്റെ കരുണയും കൃപയും ആവശ്യമാണ്. ജീവന്റെ പ്രകാശത്തിൽ ജീവിക്കണമെങ്കിൽ, പ്രകാശമായ / വെളിച്ചമായ യേശുവിന്റെ കൂടെ നടക്കണം. ജീവന്റെ പ്രകാശം തരുന്ന സത്യവചനത്തിലൂടെ സഞ്ചരിക്കേണം. വചനത്തിന്റെ മർമ്മം ആഴത്തിൽ അറിയണമെങ്കിൽ, ആ വചനം എഴുതിയ ആത്മാവ്, നമ്മെ ഓരോരുത്തരെയും ആ ആത്മാവിന്റെ നിലവാരത്തിൽ എത്തിക്കേണം. അതിനുവേണ്ടി ശുദ്ധീകരണം ആവശ്യമാണ്. പാപത്തിൽ നിന്നും ശാപത്തിൽ നിന്നും നമുക്ക് ശുദ്ധീകരണം പ്രാപിക്കണമെങ്കിൽ യേശുവിന്റെ രക്തത്തിൽ ആശ്രയിക്കണം. വിശുദ്ധ കുർബ്ബാന കൂടി രക്ഷകന്റെ തിരുശരീരരക്തങ്ങൾ അനുഭവത്തിലൂടെ മോചനവും പരിഹാരവും ലഭിക്കുന്നു. ഈ ദുഷ്ടലോകത്തിൽ എവിടെയെല്ലാം നടക്കരുത്, നിൽക്കരുത്, ഇരിക്കരുത് എന്ന് സങ്കീർത്തനക്കാരൻ ഒന്നാം അദ്ധ്യായത്തിൽ തന്നെ മുന്നറിയിപ്പ് നൽകുന്നു. ആയതിനാൽ നമ്മുടെ നടപ്പിലും ഇരിപ്പിലും പോക്കിലും വരവിലും എല്ലാം വളരെ ശ്രദ്ധയോടെ മുന്നോട്ട് സഞ്ചരിച്ചില്ലായെങ്കിൽ നമുക്ക് ഇടർച്ച സംഭവിക്കാം. സ്വയത്തിൽ ആശ്രയിക്കാതെ സകലവും ദൈവാശ്രയത്തിൽ ആലോചിച്ച് തക്കതായ തീരുമാനം എടുത്ത് മുന്നോട്ട് പോകാൻ നാം തയ്യാറാകണം. ഒരു കാര്യം കൂടി നാം ആഴത്തിൽ ചിന്തിച്ച് ജീവിതത്തെ ക്രമീകരിക്കണം. പാപികളായ നമ്മെ രക്ഷിക്കാൻ സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങി വന്ന് കഷ്ടതകൾ അനുഭവിച്ച് കുരിശിലേറി തന്റെ ജീവനെ കൊടുത്ത് നമ്മെ വീണ്ടെടുത്തത് എന്തിനുവേണ്ടിയാണ്? ഈ ലോകത്തിന്റെ സുഖഭോഗങ്ങളിൽ മുഴുകി, ജീവനെ നഷ്ടപ്പെടുത്തുന്ന പാപങ്ങൾക്ക് അടിമപ്പെട്ട് ജീവിക്കാനാണോ? ഒരിക്കലും അല്ല, ഓരോ സൃഷ്ടികൾക്കും അതാതിന്റെ ലക്ഷ്യം ഉണ്ട്, അത് മനസ്സിലാക്കി പ്രവർത്തിക്കാൻ കർത്താവിന്റെ സന്നിധിയിൽ നമ്മെ തന്നെ സമർപ്പിക്കണം. പൂർണ്ണഹൃദയത്തോടെ സമർപ്പണം പൂർത്തീയായൽ, നമ്മുടെ പ്രാണനെ മരണത്തിൽ നിന്നും ഇടർച്ചയിൽ നിന്നും സംരക്ഷിച്ച് നിർത്തും. സർവ്വശക്തന്റെ കരങ്ങളിൽ നാം താണിരുന്നാൽ നമ്മുടെ സകല കാര്യങ്ങളിലും ദൈവത്തിന്റെ സാന്നിധ്യം പ്രകടമാകും. ജീവന്റെ പ്രകാശത്തിൽ നടക്കാം, പാപത്തിൽ നിന്നും മരണത്തിൽ നിന്നും നമ്മെ കാത്തുകൊള്ളട്ടെ.

**12th December 2015 / Saturday** **48th day of 90 days**

**സങ്കീർത്തനങ്ങൾ 62:1**

**'എന്റെ ഉള്ളം ദൈവത്തെ നോക്കി മൗനമായിരിക്കുന്നു. എന്റെ രക്ഷ അവങ്കൽ നിന്നു വരുന്നു'**

നമ്മുടെ ജീവനെ ദൈവത്തിങ്കൽ സമർപ്പിച്ച് മൗനമായിരിക്കണം. പൂർണ്ണമായ രക്ഷയുടെ പാതയിൽ സഞ്ചരിക്കേണ്ടതിന് കരുണയും കൃപയും ലഭിക്കുന്നതിന് ദൈവത്തെ പ്രസാദിപ്പിച്ച് ധ്യാനിച്ചിരിക്കേണം. രക്ഷകനിൽ കൂടി മാത്രമേ രക്ഷ ലഭിക്കുകയുള്ളു. തന്റെ ജീവനെ പകരമായി കൊടുത്ത് പാപത്തിൽ നിന്നും ശാപത്തിൽ നിന്നും പാതാളത്തിന്റെ അവകാശത്തിൽ നിന്നും നമ്മെ രക്ഷിച്ച് സ്വർഗ്ഗീയ അനുഭവത്തിൽ എത്തിച്ചത്. ഗംഭീരസ്വരത്തിൽ ദൈവത്തെ ആരാധിക്കുന്നത് ഉചിതമാണോയെന്ന് ചിന്തിക്കേണം. നമ്മുടെ ജീവൻ / പ്രാണൻ ദൈവത്തെ നോക്കി മൗനം ആയിരിക്കുമ്പോൾ ശരീരം കൊണ്ട് നമുക്ക് ഈ ലോകത്തിന്റെ വേലകൾ ചെയ്യാം. ആയതിനാൽ നമ്മുടെ ഉള്ളം എപ്പോഴും ദൈവത്തെ നോക്കി മൗനമായിരിക്കുന്നുണ്ടോ എന്നു ഉറപ്പുവരുത്തണം. ദിവസവും സത്യവചനം ധ്യാനിച്ച് നമ്മുടെ ചിന്തകളും വിചാരങ്ങളും ബോധങ്ങളും പിതാവിന്റെ വലതുഭാഗത്തിരിക്കുന്ന യേശുവിന്റെ ഉള്ളിൽ ആകണം. കർത്താവിന്റെ രണ്ടാമത്തെ വരവിങ്കൽ മദ്ധ്യാകാശത്തിലേക്ക് പറന്നുയരാനും മണവാട്ടി സഭയിൽ ചേരുന്നതിനും നമ്മുടെ ആത്മാവും ദേഹിയും (പ്രാണൻ / ജീവൻ) പൂർണ്ണമായി യേശുവിന്റെ ഉള്ളിലാകണം. ഈ ലോകത്തിൽ ജീവിക്കുമ്പോൾ സദാനേരം ദൈവത്തെ നോക്കി ധ്യാനിച്ചുകൊണ്ടിരിക്കാൻ സാധാരണ മനുഷ്യർക്ക് സാധ്യമാകണമെന്നില്ല. എന്നാൽ നമ്മുടെ ഉള്ളം / ജീവൻ എപ്പോഴും ദൈവത്തെ സ്തുതിക്കാനും ആരാധിക്കാനും സാധിക്കുന്നു. ആധുനികലോകത്ത് ഭയങ്കരശബ്ദവും ബഹളവും ഉണ്ടാക്കി ദൈവത്തിന്റെ പേരിൽ നടത്തുന്ന സുവിശേഷവേലകൾ ദൈവഹിതപ്രകാരമാണെന്ന് പറയാൻ സാധ്യമല്ല. ആത്മാവിലെ ആരാധന ശാന്തതയും മൗനവുമാണ്. സത്യവിശ്വാസികൾ എന്നും എപ്പോഴും സത്യവചനത്തിലൂടെ സഞ്ചരിച്ച് വഴിയും സത്യവും ജീവനുമായ യേശുവിൽ എത്തിച്ചേരണം. എന്നാൽ ഇതിന്റെ ആത്മസുഖം അനുഭവിച്ച സാത്താനും കൂട്ടരും നമ്മളെ പലവിധത്തിൽ പരീക്ഷിച്ച് വീഴ്ത്താൻ തരം നോക്കി നടക്കുമ്പോൾ, അവന്റെ കൈയിൽ നിന്ന് രക്ഷ പ്രാപിപ്പാൻ കർത്താവിന്റെ കൃപയും കരുണയും ആർജ്ജിച്ച് വിശുദ്ധ ദൈവമാതാവിനെപ്പോലെ ഓടുകയും ഒളിക്കുകയും ചെയ്യേണം. സകലതും ദൈവത്തിൽ സമർപ്പിച്ച് ധ്യാനത്തോടെ മൗനമായിരിക്കാം. ദൈവീകമായ ആലോചനയ്ക്കായി കാത്തിരുന്ന് ദൈവത്തിന്റെ പദ്ധതിയുടെ ഭാഗമായി പ്രവർത്തിച്ച് ദൈവനാമം മഹത്വപ്പെടുത്താം. ജീവന്റെയും രക്ഷയുടെയും ഉറവിടമായ യേശുവിൽ എത്തിച്ചേർന്ന് ഒന്നായിതീരുന്ന ആ മഹാത്ഭുതത്തിനായി നമുക്ക് ബുദ്ധിയുള്ള കന്യകന്മാരെപ്പോലെ കാത്തിരിക്കാം.

**13th December 2015 / Sunday** **49th day of 90 days**

**സങ്കീർത്തനങ്ങൾ 63:7**

**'എന്റെ ഉള്ളം നിന്നോട് (ദൈവം) പററിയിരിക്കുന്നു. നിന്റെ (ദൈവം) വലങ്കൈ എന്നെ താങ്ങുന്നു.'**

ഈ ലോകം ദുഷ്ടന്റെ അധീനതയിൽ കിടക്കുമ്പോൾ, ഈ ലോകത്തിൽ ജീവിക്കുന്ന നമ്മളിൽ ദുഷ്ടന്റെ അവകാശം ഉണ്ട്. അത് ഇല്ലാതാക്കി എങ്ങനെ നമ്മുടെ ഉള്ളത്തെ ദൈവത്തോട് ചേർത്ത് പററിയിരിക്കാം. ദൈവത്തോട് പററി ചേർന്നിരിക്കണമെങ്കിൽ, വിശുദ്ധിയോടെ കൂടെ ജീവിക്കണം. ഈ ലോകജീവിതത്തിൽ നാം അറിയാതെയും അറിഞ്ഞും അശുദ്ധികൾ വന്നു ചേരാം. ദൈവത്തോട് പററി ചേർന്നിരിക്കാൻ വിശുദ്ധി കാത്തുസൂക്ഷിക്കുന്നതിന് പിതാക്കന്മാർ ദിനംതോറും ഏഴ് യാമങ്ങളിൽ കൂടി പത്ത് പ്രാർത്ഥനകൾ ക്രമികരിച്ചിരിക്കുന്നത്. ഈ പ്രാർത്ഥനകൾ നമ്മുടെ ആന്തരികവും ബാഹ്യവുമായ പത്ത് ഇന്ദ്രിയങ്ങളെ ശുദ്ധീകരിക്കാൻ കൂടിയാണ്. സാധാരണ ജീവിതം നയിച്ചാലും മൂന്ന് മണിക്കൂർ കൊണ്ട് നാം അശുദ്ധരാകാം. അതുകൊണ്ടാണ് ഈ യാമപ്രാർത്ഥനകൾ ക്രമികരിച്ചിരിക്കുന്നത്. വിശ്വാസികൾ എത്രപേർ ഈ യാമപ്രാർത്ഥനകൾ ദിനംതോറും പൂർത്തീകരിക്കുന്നുണ്ട്. സന്ധ്യമുതൽ ഉച്ചവരെയുള്ള യാമപ്രാർത്ഥനകൾ പൂർണ്ണഹൃദയത്തോടെ പൂർത്തീകരിച്ച് വിശുദ്ധ കുർബ്ബാനയിൽ പങ്കെടുക്കുന്നവരുണ്ട്? ഏതെങ്കിലും ഒരു യാമപ്രാർത്ഥന ചൊല്ലാതെ വന്നാൽ നമ്മുടെ അശുദ്ധി പോകുകയില്ല, മാത്രമല്ല ദൈവത്തിന്റെ മുമ്പാകെ നാം കടക്കാരും ആകുന്നു. ഈ തക്കം നോക്കി സാത്താൻ നമുക്ക് എതിരെ കേസ്സുകൾ ഫയൽ ചെയ്തു സ്വർഗ്ഗത്തിൽ നിന്നുള്ള നമ്മുടെ അനുഗ്രഹങ്ങളെ തടസ്സപ്പെടുത്തും. ആയതിനാൽ യാമപ്രാർത്ഥനകൾ യഥാസമയം പൂർത്തിയാക്കി വിശുദ്ധിയിൽ ജീവിച്ചാൽ മാത്രമേ ദൈവത്തോട് ചേർന്നിരിക്കാൻ സാധിക്കുകയുള്ളു. അങ്ങനെ വിശുദ്ധിയോടെ കൂടി ദൈവത്തോട് ചേർന്നിരിക്കുമ്പോൾ രക്ഷയുടെ പാതകളിൽ ദൈവത്തിന്റെ വലം കൈയിൽ നമ്മെ താങ്ങികൊള്ളും. പിതാവായ ദൈവത്തിന്റെ വലതുഭാഗത്തിരിക്കുന്ന ഏകജാതനായ പുത്രനായ യേശുവിന്റെ വലതുഭാഗത്തിരിക്കുമ്പോൾ, സകല കഷ്ടതകളിലും പ്രയാസത്തിലും വേദനകളിലും തന്റെ വലം കൈയാൽ താങ്ങി സംരക്ഷിച്ചുകൊള്ളും. ദൈവത്തോട് പററിച്ചേർന്നിരിക്കാൻ ദൈവസ്നേഹം വേണം. ദൈവസ്നേഹം എങ്ങനെയാണ് ആർജ്ജിക്കേണ്ടത്? ദൈവസ്നേഹം ലഭിക്കണമെങ്കിൽ നമ്മെ സൃഷ്ടിച്ച സൃഷ്ടാവിനെ അറിയണം. സൃഷ്ടാവിന്റെ ലക്ഷ്യങ്ങൾ അറിഞ്ഞ്, ആ സ്നേഹത്തെ അനുഭവിച്ചറിഞ്ഞ് അതിനോട് പ്രതികരിക്കുമ്പോൾ ദൈവസ്നേഹം മനസ്സിലാക്കി ദൈവത്തോട് പററിച്ചേർന്ന് നിൽക്കുന്നത്. ആ ദൈവസ്നേഹത്തിൽ സകലരെയും ശ്രേഷ്ഠരായി കരുതി സകലത്തിലും ദൈവസ്നേഹം പ്രകടിപ്പിക്കുവാനും അത് മററുള്ളവർക്ക് മനസ്സിലാക്കി കൊടുക്കാനും കഴിയണം. അതിനായി ദൈവത്തോട് ചേർന്നിരിക്കാം.

**14th December 2015 / Monday**

**50th day of 90 days**

**സങ്കീർത്തനങ്ങൾ 65:9**

**‘അവൻ (ദൈവം) നമ്മെ ജീവനോടെ കാക്കുന്നു. നമ്മുടെ കാലടികൾ വഴുതുവാൻ സമ്മതിക്കുന്നതുമില്ല.’**

സത്യവിശ്വാസികളുടെ ജീവൻ സംരക്ഷിക്കുന്നത് ദൈവമാണ്. അതേ സമയം അതിനെ സംഹരിക്കുവാൻ തക്കം നോക്കിയിരിക്കുന്ന സാത്താനും കൂട്ടരും ഉണ്ട്. നമ്മുടെ ജീവനെ പൂർണ്ണമായി യേശുവിൽ എത്തിച്ചാൽ നമുക്ക് നിത്യരാജ്യത്തിൽ സമാധാനത്തോടെ ജീവിക്കാം. എന്നാൽ ജീവൻ അല്പമെങ്കിലും ദുഷ്ടന്റെ അവകാശത്തിൽ ഉണ്ടെങ്കിൽ നമുക്ക് ആത്മീയസമാധാനമോ സന്തോഷമോ ലഭിക്കണമെന്നില്ല. ആയതിനാൽ നമ്മുടെ ആത്മീയലക്ഷ്യം എന്നു പറയുന്നത് നമ്മുടെ ജീവനെ / പ്രാണനെ പൂർണ്ണമായി യേശുവിന്റെ ഉള്ളിൽ എത്തിക്കുകയെന്നതാണ്. അതിനുവേണ്ടി നമ്മുടെ ജീവനെ യേശുവിന്റെ നിലവാരത്തോട് വളർത്തിയെടുക്കണം. അങ്ങനെ വളരാൻ വേണ്ടി ലോകത്തിന്റെ മോഹങ്ങളെയും രാഗങ്ങളെയും ക്രൂശിക്കേണം, കഷ്ടതകൾ സഹിക്കേണം, സകലത്തെയും സന്തോഷത്തോടെ സ്വീകരിച്ച് യേശുവിന്റെ നാമത്തിൽ സഹിക്കുകയും വഹിക്കുകയും ചെയ്യുമ്പോൾ, പിതാവായ ദൈവത്തിന് പ്രസാദം തോന്നി നമ്മളിൽ കൃപയും സമാധാനവും ചൊരിയുകയും ചെയ്യുന്നു. ഇങ്ങനെ ദൈവത്തോടും ദൈവകല്പനകളോടും സഹകരിച്ച് ജീവിച്ചാൽ ഈ ലോകത്തിലെ സകലപരീക്ഷകളിൽ നിന്നും കഷ്ടതകളിൽ നിന്നും വീഴാതെ നമ്മുടെ കാലടികളെ കാത്തുസൂക്ഷിക്കും. നിത്യവും ദൈവത്തിന്റെ പദ്ധതികൾ മനസ്സിലാക്കി പ്രവർത്തിക്കാനും അത് സന്തോഷത്തോടെ പൂർത്തീകരിച്ച് ദൈവപ്രസാദം നേടി അനുഗ്രഹങ്ങൾ നിറഞ്ഞ ജീവിതത്തിന്റെ ഉടമകളായി നാം മാറണം. ഒരിക്കൽ പിതാവായ ദൈവത്തിന് നമ്മളിൽ പ്രസാദം തോന്നി, നമ്മളെ പുത്രനെ ഏൽപ്പിച്ചു കഴിഞ്ഞാൽ നാം ദൈവത്തിന്റെ മക്കളായി തീരുന്നു. എന്നാൽ പലപ്പോഴും നാം അതെല്ലാം മറന്ന് സ്വർഗ്ഗരാജ്യത്തിന്റെ അനുഭവങ്ങൾ അന്യപ്പെട്ട് ഈ ലോകത്തിന്റെ സുഖകരമായ അന്തരീക്ഷത്തിൽ ജീവിക്കുവാൻ സാഹചര്യങ്ങൾ ഉണ്ടാകാം. അപ്പോഴും നമ്മുടെ തിരിച്ചുവരവും കാത്തിരിക്കുന്ന പിതാവും പുത്രനും നമ്മൾക്കുവേണ്ടി പ്രവർത്തിക്കുകയും ശത്രുക്കളെ തോൽപ്പിക്കുന്നതിനായി നമ്മെ സഹായിക്കുകയും ചെയ്യുന്നു. അങ്ങനെ ചില കഷ്ടതകൾ, പ്രയാസങ്ങൾ, ദുരിതങ്ങൾ, ദുഃഖങ്ങൾ വരുമ്പോൾ നാം വിചാരിക്കേണം നമ്മുടെ കർത്താവ് നമ്മളെ ഇപ്പോഴും സ്നേഹിക്കുന്നു. ഇതെല്ലാം നമ്മുടെ ശുദ്ധീകരണത്തിനും ശക്തീകരണത്തിനും ആണ്. സന്തോഷത്തോടെ അതെല്ലാം ഏററുവാങ്ങി ശുദ്ധീകരണം പ്രാപിച്ച് വിശുദ്ധ കുമ്പസാരത്തിലൂടെയും വിശുദ്ധ കുർബ്ബാന അനുഭവത്തിലൂടെയും നമുക്ക് പിതാവിന്റെയും പുത്രന്റെയും അടുത്ത് ചെല്ലാം. പിതാവിന്റെ മരുമകളായി, യേശു മണവാളന്റെ മണവാട്ടിയായി ചേർന്നുനിന്ന് ദൈവരാജ്യത്തിന്റെ പദ്ധതികൾ പൂർത്തീകരിക്കാം. ദൈവം നമ്മുടെ നടപ്പുകളുടെ വഴിയെ നിയന്ത്രിച്ച് ആപത്തിൽ നിന്നും അപകടത്തിൽ നിന്നും രക്ഷിക്കാനായി സർവ്വവും സമർപ്പിക്കാം.

**15th December 2015 / Tuesday**

**51st day of 90 days**

**സങ്കീർത്തനങ്ങൾ 71:5**

**'യഹോവയായ കർത്താവേ, നീ എന്റെ പ്രത്യാശയാകുന്നു. ബാല്യം മുതൽ നീ എന്റെ ആശ്രയം തന്നെ.'**

സങ്കീർത്തനക്കാരന്റെ ഈ പ്രാർത്ഥനയിൽ നമുക്ക് ആത്മീയ ഉണർവ്വ് ലഭിക്കുന്നു. കൂടാതെ ഈ ലോകത്തിലെ സൗകര്യങ്ങളിലും ശക്തിയിലും ആശ്രയിച്ചാൽ അതിന്റെ ആയുസ് നിസാരമാണെന്നും ദൈവവും ദൈവത്തിന്റെ വചനവും നിത്യമായ ജീവിതത്തിന് നമ്മെ ഒരുക്കപ്പെടുമെന്നും തിരുവചനം ഉദ്ബോധിപ്പിക്കുന്നു. കർത്താവിൽ പ്രത്യാശ ഉളവാകണമെങ്കിൽ നമ്മുടെ ജീവിതത്തിൽ കഷ്ടതകൾ വേണം. ആ കഷ്ടതകളെ സന്തോഷത്തോട് സ്വീകരിച്ച് ദൈവനാമമഹത്വത്തിനായി സഹിക്കുകയും വഹിക്കുകയും അതിനെ അതിജീവിക്കുകയും ചെയ്യുമ്പോൾ സിദ്ധതകൾ / അനുഗ്രഹങ്ങൾ ലഭിക്കുന്നു. സിദ്ധതകൾ ലഭിക്കണമെങ്കിൽ കഷ്ടതകൾ സഹിക്കണം. അങ്ങനെയാണ് സിദ്ധന്മാർ ഉണ്ടാകുന്നു. ഈ സിദ്ധതകളിലൂടെ ലഭിക്കുന്നതാണ് പ്രത്യാശ. കഷ്ടതകൾ വരുമ്പോൾ തന്നെ നേർച്ചകൾ നേർന്നും ഉപവാസത്തിലൂടെയും അത് മാററി എടുക്കാൻ ശ്രമിക്കാതെ, കഷ്ടതകളെ സ്വാഗതം ചെയ്യേണം. എങ്കിലെ നമുക്ക് ദൈവത്തിൽ പ്രത്യാശ ഉണ്ടാകൂ. ബാല്യം മുതൽ ദൈവം നമ്മുടെ ആശ്രയമാണെന്ന് പറയാൻ എത്ര വിശ്വാസികൾക്ക് കഴിയും. ആത്മീയമായ ആശ്രയമാണ് ഇവിടെ പ്രതിപാദിക്കുന്നത്. നാം ഗർഭത്തിൽ രൂപപ്പെടുമ്പോൾ തന്നെ നമ്മെ അറിയുന്ന ദൈവത്തിന്റെ കരുണയ്ക്കും സ്നേഹത്തിനും മുമ്പിൽ നാം എത്ര സ്തോത്രവും സ്തുതിയും സമർപ്പിച്ചാലും മതിയാകില്ല. ഇന്ന് നാം ആരെയെല്ലാം ആശ്രയിക്കുന്നു. ദൈവത്തിൽ മാത്രം ആശ്രയിച്ചാൽ ജീവിക്കുവാൻ സാധിക്കുമോ? ഒരു പരിധിയ്ക്കു അപ്പുറം മനുഷ്യരെയും സമ്പത്തിനെയും ആശ്രയിക്കുന്നത് സത്യവിശ്വാസികൾക്ക് ഭൂഷണമല്ല. നാം സകലവും ദൈവത്തിൽ സമർപ്പിച്ച് പരിപൂർണ്ണമായി ആശ്രയിച്ചാൽ നമ്മുടെ ആവശ്യങ്ങളെ നിർവഹിച്ചു തരേണ്ടത് നമ്മുടെ സൃഷ്ടാവാണ്. ദൈവത്തിൽ പ്രത്യാശിക്കുകയും ആശ്രയിക്കുകയും ചെയ്യുന്നതു കൂടാതെ ദൈവം നമ്മെ ഏല്പിച്ചിരിക്കുന്ന വേലകൾ യഥാസമയം സന്തോഷത്തോടെ പൂർത്തീകരിക്കാൻ കഴിയണം. വേലകൾ ചെയ്യുന്നത് ആഹാരം എന്നു പഠിപ്പിച്ച യേശുവിന്റെ അനുയായികളായ ഓരോ വിശ്വാസികളുടെ ജീവിതത്തിൽ ഇത് അനുഭവമായി തീരേണം. സകലർക്കും നല്ല മാതൃകയായി ജീവിക്കാനും ദൈവത്തിന്റെ നല്ല സാക്ഷികളായി പ്രവർത്തിക്കാനും നമുക്ക് കഴിയണമെങ്കിൽ ദൈവത്തിൽ തന്നെ പ്രത്യാശിക്കേണം, ദൈവത്തിൽ തന്നെ ആശ്രയിക്കേണം. ബാല്യത്തിലെ ദൈവാശ്രയത്തെ ജീവിതത്തിന്റെ അവസാനത്തിലും കൂടുതൽ ശക്തമായി ദൈവത്തിൽ ആശ്രയിക്കുവാൻ നമ്മെ സഹായിക്കട്ടെ. ദൈവത്തിന്റെ മക്കളായി ജീവിക്കുമ്പോൾ, പിതാവായ ദൈവത്തിൽ തന്നെ ആശ്രയിക്കാം, പ്രത്യാശിയ്ക്കാം.

**16th December 2015 / Wednesday** **52nd day of 90 days**

**സങ്കീർത്തനങ്ങൾ 71:20**

**'നീ ഞങ്ങളെ വീണ്ടും ജീവിപ്പിക്കും. ഭൂമിയുടെ ആഴങ്ങളിൽ നിന്നു ഞങ്ങളെ തിരികെ കയററും'**

യേശുക്രിസ്തു ഈ ലോകത്തിൽ വന്നതും പ്രവർത്തിച്ചതുമായ എല്ലാ കാര്യങ്ങളുടെ ലക്ഷ്യം ഈ സത്യവചനത്തിൽ അടങ്ങിയിരിക്കുന്നു. ഏദനിൽ ചെയ്ത പാപത്തിന്റെ ഫലമായി പാതാളത്തിൽ അകപ്പെട്ട പ്രാണനെ / ദേഹിയെ രക്ഷിക്കാനാണ് യേശുക്രിസ്തു ഈ ലോകത്തിൽ അവതരിച്ചത്. കൂടാതെ പാപത്തിൽ നിന്നും ശാപത്തിൽ നിന്നും വിടുതൽ പ്രാപിക്കാനായി തന്റെ ജീവനെ പകരം കൊടുത്തു. രക്ഷയുടെ വാതിൽ നമുക്കായി തുറന്നു തന്നു. ദൈവം നമ്മളെ വീണ്ടും ജീവിപ്പിക്കും എന്നു പറയുമ്പോൾ തന്നെ നാം മരിക്കാനും ഇടയുണ്ട് എന്ന അർത്ഥം. ഏദനിൽ പാപം ചെയ്തപ്പോൾ അവർ മരിക്കുമെന്നാണ് ദൈവം കല്പിച്ചത്. എന്നാൽ അവർ മരിച്ചോ? ശാരീരിക മരണത്തെയല്ല ഇവിടെ സൂചിപ്പിക്കുന്നത്. അപ്പോൾ മരിച്ചത് അവരുടെ ദേഹിയാണ്. ഉല്പത്തി പുസ്തകത്തിലെ ആ പ്രാണനെ / ദേഹിയെ സങ്കീർത്തനക്കാരൻ വളരെ വിശദമായി പ്രതിപാദിക്കുന്നു. വിശുദ്ധ കന്യകമറിയം ഈ പ്രാണനെ / ദേഹിയെ അറിഞ്ഞതുകൊണ്ടാണ്, 'എന്റെ ദേഹി (ഉള്ളം) കർത്താവിനെ മഹിമപ്പെടുത്തുന്നു എന്നു പറഞ്ഞത് (വിശുദ്ധ ലൂക്കൊസ് 1 –ാ അദ്ധ്യായം). ഇങ്ങനെ പാപത്തിൽ മരിക്കുന്ന നമ്മുടെ ദേഹിയെ വീണ്ടും ജീവിപ്പിക്കാൻ കർത്താവിന് കഴിയും. പക്ഷേ നാം അതിനോട് എങ്ങനെ സഹകരിക്കുന്നു എന്നതിന്റെ അടിസ്ഥാനത്തിലാണ് ദൈവം പ്രവർത്തിക്കുന്നു. അടുത്തത്, ഭൂമിയുടെ ആഴങ്ങളിൽ നിന്ന് നമ്മളെ തിരികെ കയററുമെന്ന വാഗ്ദാനം. എങ്ങനെയാണ് ഭൂമിയുടെ ആഴങ്ങളിൽ നാം അകപ്പെടുന്നത്? ദുഷ്ടന്റെ തന്ത്രത്താൽ നാം ലോകത്തിന്റെ മോഹങ്ങളിൽ അകപ്പെട്ട്, ദൈവകല്പനകൾക്ക് എതിരായി പ്രവർത്തിച്ചും സ്വയത്തിൽ ആശ്രയിച്ച് കാര്യങ്ങൾ ചിന്തിക്കാനും പ്രവർത്തിക്കാനും നാം തുടങ്ങുമ്പോൾ നമ്മുടെ ജീവൻ നാം അറിയാതെ തന്നെ സാത്താന്റെ അവകാശത്തിൽ ആയി, പാതാളത്തിന്റെ ആഴത്തിലേക്ക് പോകുന്നു. അവിടെ എത്തിച്ചേർന്നാൽ മാത്രമേ അതിന്റെ ആഴവും സ്ഥിതി മനസ്സിലാക്കുവാൻ സാധിക്കൂ. കാരണം അവസാനമില്ലാത്ത ഗർത്തം / കുഴിപ്പോലെയാണ് പാപത്തിന്റെ കുഴിയെന്ന് പറയപ്പെടുന്നു. അവിടെ ചെന്നാൽ സാത്താൻ പ്രാണനെ ബന്ധിച്ചീടും, അതിനായി പല കേസ്സുകൾ നമുക്കെതിരായി അവൻ കൊണ്ടുവരും. എന്നാൽ ഈ ലോകത്തിൽ ആയിരിക്കുമ്പോൾ തന്നെ, അനുതപിച്ച് വിശ്വാസം ഏററ് പറഞ്ഞ് ഉറപ്പിച്ച് വീണ്ടും ജനനത്തിന്റെ അനുഭവത്തിൽ യേശുക്രിസ്തുവിന്റെ തിരുശരീരരക്തങ്ങൾ അനുഭവത്തിൽ കർത്താവ് നമ്മളെ പാതാളത്തിന്റെ ആഴത്തിൽ നിന്ന് തിരികെ കയററും. ഇതിന് അവകാശവും ശക്തിയും യേശുവിന്റെ രക്തത്തിന് മാത്രയേുള്ളു. മോഹത്തിലും അത്യഗ്രഹത്തിലും നമ്മെ ആകർഷിച്ച് പാപത്തിന്റെ ആഴത്തിലെത്തിക്കുന്നു. തെററുകൾ മനസ്സിലാക്കി ആവർത്തിക്കാതെ, യേശുവിന്റെ രക്തത്തിൽ ആശ്രയിച്ചാൽ നമ്മുടെ മരിച്ച ദേഹിയുടെ അവസ്ഥയെ കർത്താവ് ജീവിപ്പിക്കും. പാതളത്തിൽ അകപ്പെട്ട ജീവനെ തിരികെ കയററി, ഉറപ്പുള്ള പാറയിൽ നിർത്തി ദൈവത്തെ സ്തുതിക്കാനും സ്തോത്രം പാടാനും സഹായിക്കും.

**17th December 2015 / Thursday**

**53rd day of 90 days**

**സങ്കീർത്തനങ്ങൾ 71:23**

**‘ഞാൻ നിനക്കു സ്തുതി പാടുമ്പോൾ എന്റെ അധരങ്ങളും നീ വീണ്ടെടുത്ത എന്റെ പ്രാണനും ഘോഷിച്ചാനന്ദിക്കും’**

സത്യവിശ്വാസികൾ എപ്പോഴും ദൈവത്തെ സ്തുതിക്കുകയും സ്തോത്രം ചെയ്യുകയും വേണം. യേശു നമ്മുടെ വീണ്ടെടുപ്പുകാരൻ ആണ്. വീണ്ടെടുക്കുന്നത് നമ്മുടെ പ്രാണനെയാണെന്ന് സങ്കീർത്തനക്കാരൻ ഉറപ്പിച്ചു പറയുന്നു. നാം ദൈവത്തെ സ്തുതിക്കേ ണ്ടത് എങ്ങനെയെന്ന് വചനം പറയുന്നു. ശരീരം മാത്രം ദൈവസന്നിധിയിൽ എത്തിയിട്ട് ബോധവും വിചാരവും ഹൃദയവും ലോകപരമായ കാര്യത്തിൽ ശ്രദ്ധിച്ചിട്ട് പ്രാർത്ഥിക്കുന്നതുകൊണ്ട് യാതൊരു പ്രയോജനവും ഇല്ല. ആയതിനാൽ ദൈവത്തെ സ്തുതിക്കുമ്പോൾ, ചുണ്ടുകളുടെ ചലനത്തെക്കാൾ ഹൃദയത്തിന്റെയും ബോധവിചാരങ്ങളുടെയും സ്ഥിതിയാണ് ദൈവസന്നിധിൽ നീതികരിക്കപ്പെടുന്നത്. കേൾക്കാൻ ഇമ്പകരമായ പ്രാർത്ഥനകളും യാചനകളും ഉച്ചത്തിൽ പറഞ്ഞതുകൊണ്ടു മാത്രം ദൈവത്തിന് പ്രസാദകരമാകണമെന്നില്ല. എന്നാൽ ഹൃദയത്തിൽ നിന്ന് മനം നിറഞ്ഞ് പൂർണ്ണവിശ്വാസത്തോടെ ദൈവത്തെ സ്തുതിക്കുകയും സ്തോത്രം സമർപ്പിക്കുകയും ചെയ്യുമ്പോൾ നമ്മുടെ ഉള്ളിൽ ഒരു ആനന്ദം ഉണ്ടാകുന്നു. ആ ആനന്ദം ലഭിച്ച് സന്തോഷിക്കണമെങ്കിൽ, നമുക്ക് കർത്താവ് വീണ്ടെടുത്ത തന്ന പ്രാണൻ വേണം. പ്രാർത്ഥനകൾ, ആരാധനകൾ കഴിഞ്ഞ് ആത്മീയ സന്തോഷം ലഭിക്കുന്നില്ലെങ്കിൽ, വീണ്ടെടുത്ത പ്രാണന്റെ അഭാവം ആണ്. ആദ്യം ദൈവരാജ്യത്തെ അന്വേഷിച്ച് കണ്ടെത്തിയാൽ, അതിന്റെ കൂടെ നമുക്ക് ആവശ്യമായത് എല്ലാം ലഭിക്കും. എന്നാൽ ആദ്യം സന്തോഷത്തിനും ആനന്ദത്തിനും ധൃതി പിടിച്ച് ശ്രമിക്കുമ്പോൾ, അത് ലഭിക്കുന്നത് ശരിയായ പാതയിൽ ആകണമെന്നില്ല. മറിച്ച് ഈ ലോകത്തിന്റെ പ്രഭുവായ സാത്താനും ലൗകീകമായ സന്തോഷവും സമാധാനവും നൽകാൻ കഴിയും. ആയതിനാൽ കഷ്ടതകൾ ഇല്ലാത്ത ജീവിതം / സന്തോഷം ക്രിസ്തീയമല്ല, ദൈവീകമല്ല. ഇത്തരം സന്തോഷവും സമാധാനവും അനുഭവിക്കുമ്പോൾ വളരെയധികം ശ്രദ്ധിക്കേണം. ദൈവം തരുന്ന സ്നേഹത്തിന്റെയും കരുണയുടെയും അലിവിന്റെയും ആ സ്പർശനം അനുഭവിച്ചുകഴിയുമ്പോൾ നമ്മുടെ ഉള്ളിൽ നിന്ന് പ്രമോദം / ആനന്ദം പുറപ്പെടുന്നു. അത് ഒരു പ്രത്യേക അനുഭവം തന്നെയാണ്. ആ അനുഭവം അറിയണമെങ്കിൽ, നമ്മുടെ ജീവൻ പരിപൂർണ്ണമായി യേശുവിന്റെ ഉള്ളിൽ ആകണം. നാം ആരാധിക്കുമ്പോഴും പ്രാർത്ഥിക്കുമ്പോഴും പരിശുദ്ധാത്മാവിൽ നിറഞ്ഞാണ് ചെയ്യേണ്ടത്. പരിശുദ്ധാത്മാവ് നിറയണമെങ്കിൽ നാം ശുദ്ധിയുള്ളവരാകണം. നമ്മെ ശുദ്ധീകരിക്കാൻ കഴിയുന്നത് വിശുദ്ധ കുർബ്ബാന അനുഭവത്തിന് ആണ്. അതിനുവേണ്ടി അനുതപിച്ച്, മനം തിരിഞ്ഞ് പാപങ്ങളും കടങ്ങളും ഏററു പറഞ്ഞ് വീണ്ടും ജനനത്തിന്റെ അനുഭവത്തിലെത്തണം. അങ്ങനെ വിശുദ്ധിയുടെ നിലവാരത്തിലെത്തി, ദൈവത്തെ സ്തുതിക്കുമ്പോൾ നമുക്ക് ആത്മീയമായ / സ്വർഗ്ഗീയമായ അനുഭവത്തിൽ വീണ്ടെടുത്ത പ്രാണൻ ഘോഷിച്ച് ആരാധിക്കും.

**18th December 2015 / Wednesday** **54th day of 90 days**

**സങ്കീർത്തനങ്ങൾ** 72:13

**'എളിയവനെയും ദരിദ്രനെയും അവൻ ആദരിക്കും. ദരിദ്രന്മാരുടെ ജീവനെ അവൻ രക്ഷിക്കും'**

ആത്മാവിൽ ദരിദ്രായവർ ഭാഗ്യവന്മാർ, സ്വർഗ്ഗരാജ്യം അവർക്കുള്ളത് എന്ന വചനം അനുഭവമായി മാറാൻ നാം ഈ ലോകത്തിന്റെ സകല സുഖങ്ങളിൽ നിന്നും ഒഴിഞ്ഞു മാറി സകലവും ദൈവത്തിന്റെ ഇഷ്ടത്തിനായി വിട്ടുകൊടുക്കുമ്പോൾ ഈ ലോകത്തിലും വരും ലോകത്തിലും മററുള്ളവർ നമ്മെ ആദരിക്കുന്ന നിലയിൽ എത്തിക്കുന്നു. വിശുദ്ധ കന്യക മറിയാമിനെ ഈ ലോകത്തിലും പരലോകത്തിലും ആദരിക്കപ്പെടുന്നു, വാഴ്ത്തപ്പെടുന്നു. കാരണം തനിക്കുണ്ടായിരുന്ന സകലവും ജീവിതവും ഉറപ്പിച്ചിരുന്ന കല്യാണവും എല്ലാം ദൈവത്തിന്റെ പദ്ധതികൾക്കായി സമർപ്പിച്ചപ്പോൾ, കിട്ടിയ അനുഗ്രഹത്തിൽ നിന്നാണ് നാം കന്യകമറിയാമിന്റെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിക്കുമ്പോൾ ലഭിക്കുന്നത്. ദൈവത്തിൽ അഭയം പ്രാപിക്കുന്നവരുടെ, ദരിദ്രരുടെ ജീവനെ സംരക്ഷിക്കുന്നത് ദൈവമാണ്. ഓരോ ദിവസത്തെ ദുഃഖവും സുഖവും സന്തോഷത്തോടെ അനുഭവിച്ച്, ദൈവത്തെ സ്തുതിക്കുകയും ആരാധിക്കുകയും ചെയ്യുമ്പോൾ, നാളത്തെപ്പററി ചിന്തിക്കാതെ, നമ്മുടെ സ്വന്തം ആഗ്രഹങ്ങളും മോഹങ്ങളും എല്ലാം ഒഴിവാക്കി, എല്ലാം ദൈവത്തിന്റെ ഇഷ്ടത്തിനനുസരിച്ച്, ദൈവകല്പനയിൽ മാത്രം ആശ്രയിച്ച് ജീവിക്കുമ്പോൾ ദൈവത്തിന്റെ മുമ്പിൽ നാം നീതിയുള്ളവരാകുന്നു. ആത്മീയമായ ദരിദ്രാവസ്ഥയാണ് ഇവിടെ സൂചിപ്പിക്കുന്നുവെങ്കിൽ, നമ്മുടെ ആത്മീയമായ ജീവൻ കർത്താവ് സംരക്ഷിച്ചുകൊള്ളും. അതിനായി നാം ദൈവത്തിന്റെ ബലമുള്ള കൈയ്ക്കു കീഴെ താണിരുന്നാൽ മതി. എല്ലാവരെയും ശ്രേഷ്ഠരായി കരുതി ബഹുമാനിക്കേണം, ശത്രുക്കളെയും സ്നേഹിക്കേണം. ദൈവത്തിന്റെ നല്ല സാക്ഷികളായി, ദൈവത്തിന്റെ മക്കളായി ജീവിക്കുക. നമ്മുടെ ജീവിതശൈലി തന്നെ മററുള്ളവർക്ക് മാതൃകയായി മാറണം. ഈ ലോകത്തിൽ സത്യമായി, ദൈവത്തിന്റെ കല്പനകൾ അനുസരിച്ച് ജീവിക്കുമ്പോൾ, കഷ്ടതകൾ, പ്രയാസങ്ങൾ, ബുദ്ധിമുട്ടുകൾ ഉണ്ടാകാം. എന്നാൽ അതെല്ലാം സഹിച്ചും വഹിച്ചും അതിജീവിക്കാൻ ദൈവം സഹായിക്കും. ചുങ്കകാരനും പ്രമാണിയും ധനവാനുമായ സക്കായിയുടെ ഭവനത്തിൽ യേശു സന്ദർശിച്ചപ്പോൾ, തന്റെ സമ്പത്തിന്റെ പകുതി ദരിദ്രർക്കും ചതിയായി വാങ്ങിയതിന് നാലുമടങ്ങും മടക്കി കൊടുക്കുമെന്നു പറയുന്നതിൽ, ഈ ലോകത്തിൽ ധനവാന്മാരായിരിക്കുന്നതിലും നല്ലത് ഉള്ളതുകൊണ്ട് സന്തോഷത്തോട് ദാരിദ്രാവസ്ഥയിൽ ജീവിച്ചാൽ സ്വർഗ്ഗീയരാജ്യത്തിൽ പ്രവേശിച്ച് ആത്മീയ ആനന്ദവും സന്തോഷവും അനുഭവിക്കാൻ കഴിയും. സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കാൻ എന്തു ചെയ്യേണം എന്ന ചോദ്യവുമായി വന്ന യുവാവിനോട് യേശു പറഞ്ഞത്, ഒരു കുറവ് നിനക്ക് ഉണ്ട്, നീ പോയി നിനക്കുള്ളത് എല്ലാം വിററ് ദരിദ്രർക്ക് കൊടുക്കുക. അപ്പോൾ സ്വർഗ്ഗത്തിൽ നിക്ഷേപം ഉണ്ടാകും. പിന്നെ വന്ന് എന്നെ അനുഗമിക്കുക. നമ്മുടെ സമ്പത്ത് നമ്മുടെ സ്വന്തമല്ല, ജീവൻ തന്നവൻ സൃഷ്ടാവ്, ഈ ലോകത്തിൽ ജീവിക്കുന്നതിന് ഉചിതമായ വിധത്തിൽ ഉപയോഗിക്കുന്നതിനാണ്. ജീവനെ സർവ്വശക്തന്റെ കൈയിൽ ഏല്പിക്കാം. ആത്മീയ സന്തോഷത്തിനും സമാധാനത്തിനും യോഗ്യമായ വിധത്തിൽ താഴ്മയിൽ ജീവിക്കാം.

**19th December 2015 / Saturday** **55th day of 90 days**

**സങ്കീർത്തനങ്ങൾ 72:15**

**'അവനുവേണ്ടി എപ്പോഴും പ്രാർത്ഥന കഴിക്കും. ഇടവിടാതെ അവനെ അനുഗ്രഹിക്കും'**

ആത്മാവിൽ ദരിദ്രരായവരെ സംരക്ഷിക്കുന്നത് കർത്താവാണ്. അവർക്ക് വേണ്ടി മദ്ധ്യസ്ഥത വഹിക്കുകയും ആപത്തിൽ നിന്നും അപകടത്തിൽ നിന്നും രക്ഷിച്ച് തന്റെ ചിറകിന്റെ നിഴലിൻ കീഴിൽ നിർത്തി സംരക്ഷിക്കുന്നു. പിതാവായ ദൈവത്തോട്, വിശ്വാസികൾക്കായി, സഭയ്ക്കായി, മണവാട്ടി സഭയ്ക്കായി യാചിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്ന നമ്മുടെ മണവാളന്റെ സ്നേഹവും കരുണയും അനുഭവിച്ചറിയണം. ദൈവത്തിന്റെ അനുഗ്രഹങ്ങൾ ഇടവിടാതെ ലഭിക്കുമ്പോൾ അത് സന്തോഷത്തോടെ സ്വീകരിച്ച് ജീവിതത്തിൽ ആത്മീയസന്തോഷവും ആനന്ദവും അനുഭവിക്കാൻ കഴിയണം. വിശ്വാസികൾ തങ്ങളുടെ സകല ചിന്തകളും വിചാരങ്ങളും ബോധങ്ങളും ദൈവത്തിൽ സമർപ്പിക്കണം. കൂടാതെ നമ്മളും ദൈവവുമായിട്ടുള്ള ആത്മീയബന്ധം കാത്തുസൂക്ഷിക്കുന്നതിനും അനുഗ്രഹങ്ങൾ അനുഭവിക്കുന്നതിനും യോഗ്യരാകണം. ദൈവത്തിന്റെ പദ്ധതികൾ ഈ ലോകത്തിൽ പൂർത്തീകരിക്കുന്നതിന് നാം ദൈവത്തോട് ചേർന്ന് നിൽക്കണം. നാം ദൈവത്തോളം വളരുന്നതിന് സാഹചര്യങ്ങൾ ഉണ്ട്. അത് ധ്യാനത്തിലൂടെയും ആരാധനയിലൂടെയും പ്രയോജനപ്പെടുത്തി ദൈവത്തിന്റെ മക്കളായി തീർന്ന് ദൈവനാമം മഹത്വപ്പെടുവാൻ ഇടയാകണം. നാം നടത്തുന്നത് പ്രാർത്ഥനയാണോ അതോ സ്വാർത്ഥനയാണോ എന്ന് ചിന്തിക്കേണം. ദൈവത്തിന്റെ ആഗ്രഹത്തിനനുസരിച്ച്, ജീവിക്കുന്നതിനും പ്രവർത്തിക്കുന്നതിനും നമുക്ക് ദൈവത്തിന്റെ കൃപയും കരുണയും ആവശ്യമാണ്. അത് ലഭിക്കുന്നതിന് നിത്യവും സത്യവചനത്തിന്റെ വെളിച്ചത്തിൽ ധ്യാനത്തിലൂടെ ദൈവത്തിന്റെ അരികിൽ എത്തണം. സകലത്തിലും സൃഷ്ടാവിൽ ആശ്രയിക്കുക. നാം എന്തു ചെയ്താലും പ്രവർത്തിച്ചാലും ദൈവത്തിന്റെ ആലോചനയ്ക്ക് അനുസരിച്ചായിരിക്കണം. സൃഷ്ടാവിൽ ആശ്രയിക്കാതെ സൃഷ്ടികളിൽ നമ്മെ ബന്ധിച്ചീടാൻ ഇടയാകരുത്. കാരണം സൃഷ്ടികളുടെ ആയുസ് നിസാരമാണ്. എന്നാൽ വചനവും സൃഷ്ടാവും എന്നേന്നയ്ക്കും നിലനിൽക്കും. യേശു മണവാളന്റെ കൂടെ സ്വർഗ്ഗരാജ്യത്തിന്റെ അനുഭവത്തിൽ ജീവിക്കുന്നതിന്, വിളിച്ച് വേർതിരിക്കപ്പെട്ട നമ്മുടെ ജീവിതത്തെ ചിട്ടപ്പെടുത്തി, ക്രമപ്പെടുത്തി ദൈവത്തിന്റെ കല്പനയിൽ തന്നെ രസിക്കുന്നവരാകണം. എത്ര സമ്പത്ത് വർദ്ധിച്ചാലും അത് ശ്രദ്ധക്കരുത്. നമ്മുടെ ജീവനും അതിന്റെ പൂർണ്ണതയും മാത്രമായിരിക്കണം നമ്മുടെ ലക്ഷ്യം. ദൈവത്തിന്റെ മക്കൾ എന്ന നിലയിൽ നല്ല മാതൃകജീവിതത്തിൽ വളരുവാൻ കഴിയണം. അതിന് സർവ്വശക്തൻ നമ്മെ ഓരോരുത്തരെ സഹായിക്കട്ടെ. സമ്പന്നനായ ദൈവത്തിന്റെ മക്കളായ നമ്മുടെ ആത്മീയ ദാരിദ്രത്തിൽ ദൈവത്തോട് ചേർന്ന് നിന്ന് ആരാധിക്കുവാൻ കഴിയണം. നമുക്കായി കരുതിയിരിക്കുന്ന അനുഗ്രഹങ്ങൾ ലഭിച്ച്, കൂടുതൽ ആത്മീയമായി വളർന്ന് ദൈവരാജ്യത്തിന്റെ വിസ്തൃതി വർദ്ധിപ്പിക്കാൻ സാധിക്കും. നമ്മുടെ ആത്മീയ നിക്ഷേപം സ്വർഗ്ഗത്തിൽ ആയിരിക്കുവാൻ ശ്രദ്ധിക്കേണം. പാപത്തിൽ നിന്നും ശാപത്തിൽ നിന്നും വിടുതൽ പ്രാപിച്ച് സ്വർഗ്ഗീയമാലാഖമാരോട് ചേർന്നു നിന്ന് സ്തുതിയും സ്തോത്രവും സമർപ്പിക്കാം.

**20th December 2015 / Sunday** **56th day of 90 days**

**സങ്കീർത്തനങ്ങൾ 80:3**

**'ദൈവമേ ഞങ്ങളെ യഥാസ്ഥാനപ്പെടുത്തണമേ. ഞങ്ങൾ രക്ഷപ്പെടേണ്ടതിന് തിരുമുഖം പ്രകാശിപ്പിക്കണമെ'**

ഈ ലോകജീവിതത്തിൽ നമുക്ക് ഒത്തിരി ആഗ്രഹങ്ങളും മോഹങ്ങളുമുണ്ട്. അതിന് യാതൊരു അവസാനവും ഇല്ല. എന്നാൽ നമ്മുടെ ആഗ്രഹങ്ങളും പ്രവർത്തനങ്ങളും ദൈവത്തിന്റെ ഇഷ്ടത്തിനും കല്പനകൾക്കും അനുരൂപം ആകുമ്പോഴാണ് ദൈവത്തിന് പ്രസാദം തോന്നുകയും പരിശുദ്ധാത്മാവിനാൽ നമ്മെ കൂടുതൽ വേലകൾക്കായി നിയോഗിക്കുകയും ചെയ്യുന്നത്. കർത്താവിനോട് നാം അപേക്ഷിക്കുന്ന രണ്ട് കാര്യങ്ങൾ, ഈ സത്യവചനത്തിൽ ഉണ്ട്. നമ്മെ യഥാസ്ഥാനപ്പെടുത്തേണം, രക്ഷാപൂർത്തി നേടണം. ഈ രണ്ടു കാര്യങ്ങളിലും നമ്മെ സഹായിക്കുന്നതിനാണ് പിതാവായ ദൈവം തമ്പുരാൻ തന്റെ ഏകജാതനായ പുത്രനെ ഈ ലോകത്തിലേക്ക് അയച്ച്, ജീവൻ പകരം കൊടുത്ത് നമ്മളെ യഥാസ്ഥാനപ്പെടുത്തി രക്ഷയുടെ മാർഗ്ഗത്തിൽ എത്തിച്ചത്. യഥാസ്ഥാനപ്പെടലിന്റെ മുമ്പേ ഒരു സ്ഥാനചലനം സംഭവിച്ചിട്ടുണ്ട്. അതിന്റെ കാരണങ്ങൾ ധ്യാനിച്ച് കണ്ടെത്തി അത്തരം സാഹചര്യങ്ങൾ ജീവിതത്തിൽ നിന്ന് ഒഴിവാക്കി ദൈവത്തിന്റെ സന്നിധിയിൽ നിന്ന് അന്യപ്പെട്ട് ഒരു നിമിഷം പോലും ജീവിക്കുന്നതിന് ഇടയാകാതെ, സത്യവചനത്തിൽ ഉറച്ച് വിശ്വസിച്ച് യഥാസ്ഥാനത്തിനായി ലൗകീകമായ എല്ലാ സ്ഥാനങ്ങളും ഒഴിവാക്കാം. കന്യകമറിയാം യഥാസ്ഥാനപ്പെടലിന്റെ ഭാഗമായിട്ടാണ് ഭൗതീകമായ മണവാട്ടി സ്ഥാനം ഒഴിവാക്കി, സ്വർഗ്ഗത്തിലെ മണവാളന്റെ മാതാവായി ഇന്നും ശോഭിക്കുന്നു. പാപത്തിൽ നിന്നും ശാപത്തിൽ നിന്നും മോചനം നേടി തരുന്നതിനുവേണ്ടിയാണ് രക്ഷകൻ ഈ ഭൂവിൽ അവതരിച്ചത്. നമുക്ക് ഏദനിൽ നഷ്ടപ്പെട്ട ആ പ്രകാശവസ്ത്രം തിരികെ ലഭിച്ചാൽ മാത്രമേ രക്ഷ പൂർത്തീകരണം സാധിക്കൂ. ലോകത്തിന്റെ വെളിച്ചമായ യേശുക്രിസ്തുവിന്റെ തിരുമുഖത്തു നിന്ന് മാത്രമേ അത് ലഭിക്കുകയുള്ളു. മനുഷ്യന്റെ രക്ഷയെപ്രതി സ്വന്തം ജീവനെ ബലി കൊടുത്ത യേശുക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിച്ച്, വിശ്വസിച്ച് ഏററുപറഞ്ഞ്, തിരുശരീരരക്തങ്ങൾ അനുഭവിച്ച് പാപത്തിന്റെയും ശാപത്തിന്റെയും കെട്ടുകൾ അഴിക്കപ്പെടേണം. സ്വയപരിശോധന നടത്തി, മനം തിരിഞ്ഞ് യഥാസ്ഥാനപ്പെട്ട് രക്ഷയുടെ പാതയിൽ എത്തിച്ചേരാം. രണ്ടാം വരവിങ്കൽ മദ്ധ്യകാശത്തിൽ എഴുന്നുള്ളുന്ന മണവാളനെ സ്വീകരിക്കാൻ, ബുദ്ധിയുള്ള കന്യകന്മാരെപ്പോലെ സകലതും ദൈവത്തിൽ സമർപ്പിച്ച് ലോകത്തിലേക്ക് പ്രകാശം പരത്തുന്ന വിളക്കുകളായി ശോഭിക്കാം. സ്നേഹമാകുന്ന എണ്ണ തീരാതെ കരുതി, നിത്യനായ ദൈവത്തിന്റെ പ്രകാശത്തെ നോക്കി കാത്തിരിക്കാം. യഥാസ്ഥാനപ്പെടുവാൻ സർവ്വശക്തന്റെ സന്നിധിയിൽ കീഴ്പ്പെട്ട് ആ മുഖത്തെ പ്രകാശം നമ്മുടെ ജീവിതത്തിലേക്ക് പകർന്നീടാം.

**21st December 2015 / Monday** **57th day of 90 days**

**സങ്കീർത്തനങ്ങൾ** 84:4

**'നിന്റെ ദൈവാലയത്തിൽ വസിക്കുന്നവർ ഭാഗ്യവന്മാർ, അവർ നിന്നെ നിത്യം സ്തുതിച്ചുകൊണ്ടിരിക്കും'**

സത്യവിശ്വാസികൾ ദൈവത്തെ എപ്പോഴും സ്തുതിച്ചുകൊണ്ടിരിക്കും. സ്തുതികളിൽ ജീവിക്കുന്ന ദൈവമാണ് സകലത്തെയും പരിപാലിക്കുന്നത്. മനുഷ്യർക്ക് എപ്പോഴും ദൈവാലയത്തിൽ വസിക്കാനും ദൈവത്തെ സ്തുതിക്കാനും കഴിയുമോ? മനുഷ്യർക്ക് അസാദ്ധ്യമായ കാര്യങ്ങൾ എല്ലാം ദൈവത്തിന് സാദ്ധ്യമാണ്. ദൈവത്തിന് ഒരു കാര്യവും അസാദ്ധ്യമല്ലായെന്ന് വചനം ഘോഷിക്കുന്നു. ദൈവത്തിന്റെ കരങ്ങളിൽ കൂടി നമ്മെ ഉപകരണങ്ങളാക്കി പ്രവർത്തിക്കാൻ അനുവദിക്കുമ്പോൾ, അസാദ്ധ്യമായ പല കാര്യങ്ങൾ സാദ്ധ്യമാകുന്നു. നമ്മുടെ ശരീരത്തിന് സദാനേരം ദൈവാലയത്തിന്റെ അന്തരീക്ഷത്തിൽ വസിക്കാൻ കഴിയണമെന്നില്ല. മറിച്ച്, വീണ്ടെടുത്ത നമ്മുടെ ദേഹിയുടെ അവസ്ഥയ്ക്കു യേശുവിന്റെ ഉള്ളിൽ വസിക്കാനും ദൈവത്തെ സ്തുതിക്കാനും സ്തോത്രം ചെയ്യുവാനും കഴിയുന്നു. അങ്ങനെ നമ്മളിൽ മൂന്നിൽ ഒന്ന് ഭാഗത്തിന് ആദ്യം യേശുവിൽ എത്തിച്ചേരുന്നു, ശേഷം നിത്യവും നമ്മുടെ ബോധ വിചാര ഹൃദയങ്ങളുടെ സ്ഥിതിയനുസരിച്ച് മൂന്നിൽ രണ്ട് ഭാഗവും യേശുവിൽ എത്തിച്ചേർന്ന് ദൈവത്തെ ആരാധിക്കുവാൻ കഴിയുന്നു. ആ സമയത്ത് ശരീരം ലോകപരമായ വേലകളിൽ ഏർപ്പെട്ടാലും ആത്മാവും ദേഹിയും കൂടി ദൈവത്തെ ആരാധിച്ച് അനുഗ്രഹങ്ങൾ വാങ്ങി ശരീരത്തിനും പങ്ക് വയ്ക്കുന്നു. അങ്ങനെയാണ് ആരാധനയ്ക്കു ശേഷം നമുക്ക് ഉണർവ്വ് ലഭിക്കുന്നു. ആ ഉണർവ്വ് കാത്തുസൂക്ഷിക്കാൻ വിശുദ്ധിയും നിർമ്മലതയും നീതിയും കൈമുതൽ ഉണ്ടായിരിക്കണം. കർത്താവിന്റെ ദൈവാലയത്തിൽ ഒരു ദിവസം കഴിയുന്നത് മററ് ആയിരം ദിവസങ്ങളേക്കാൾ നല്ലതാണ് എന്ന് വചനം ഘോഷിക്കുന്നത്. കർത്താവിന് കൊടുക്കേ ണ്ടത് എല്ലാ തരത്തിലും നാം കൊടുക്കേണം, അല്ലാത്ത പക്ഷം അതിന്റെ അവകാശമായി സാത്താനും കൂട്ടരും കേസ്സുകൾ കൊടുത്ത് അനുഗ്രഹങ്ങൾ തടയുന്നതിനും അവർ ശ്രമിക്കും. ഒരു ദിവസത്തിന്റെ പത്തിലൊന്ന് – രണ്ടു മണിക്കൂർ നാല്പത് മിനിററ് – ദൈവസന്നിധിയിൽ വസിക്കാനോ ദൈവവേലകൾ ചെയ്യുവാനോ കഴിയുന്ന എത്ര വിശ്വാസികൾ നമ്മുടെ സഭയിൽ ഉണ്ട്. ഏഴ് യാമപ്രാർത്ഥനകൾ ചുരുക്കി രണ്ട് ആക്കി ചുരുക്കി, ഇപ്പോൾ ഒരു പ്രാർത്ഥനയും പൂർണ്ണമായി പൂർത്തികരിക്കാനാകാതെ രണ്ട് 'കുരിശുവര'യിൽ കർത്താവിനെ നമ്മുടെ കാവൽക്കാരനായി കരുതുന്ന വിശ്വാസികളുടെ ജീവിതനിലവാരം ഉന്നതിയിലാണ്. അപ്പോൾ കർത്താവിന്റെ രണ്ടാം വരവ് വീണ്ടും താമസിക്കുന്നതിൽ അത്ഭുപ്പെടാനാവില്ല. നമുക്ക് കഴിയുന്ന വിധം അത്രയും നേരം ദൈവസന്നിധിയിൽ സത്യവചത്തെ ധ്യാനിച്ച് ദൈവത്തെ കൂടുതൽ അടുത്ത് അറിയാം.

**22nd December 2015 / Tuesday** **58th day of 90 days**

**സങ്കീർത്തനങ്ങൾ 84:5**

**'ബലം നിന്നിൽ ഉള്ള മനുഷ്യൻ ഭാഗ്യവാൻ, ഇങ്ങനെയുള്ളവരുടെ മനസ്സിൽ സീയോനിലേക്കുള്ള പെരുവഴികൾ ഉണ്ട്'**

ദൈവമക്കളുടെ ശക്തിയും ബലവും ദൈവത്തിൽ മാത്രം ആയിരിക്കണം. നമ്മുടെ ബലം ഇപ്പോൾ എവിടെയാണ്? അവിടെ ആയിരിക്കും നമ്മുടെ ശ്രദ്ധയും വിശ്വാസവും എല്ലാം. നാം സ്വത്തും സമ്പത്തും സൂക്ഷിക്കുന്നതിന് ബാങ്കുകാരെ സമീപിക്കുന്നത് അവരെ അത്രയും വിശ്വസിക്കുന്നതുകൊണ്ടാണ്, അപ്പോൾ നമ്മുടെ ബലവും ശക്തിയും എല്ലാം അവിടെ ആകുന്നു. അതുപോലെ ആത്മീയമായി ഏററവും അധികം വിശ്വസിക്കാനും ആശ്രയിക്കാനും കഴിയുന്നതും ദൈവത്തിൽ മാത്രമാണ്, ലൗകീകപരമായും ദൈവത്തിൽ ആശ്രയിക്കുന്നതാണ് ഏററവും ഉചിതം. ഈ ലോകത്തിലെ സമ്പത്ത് എല്ലാം നിമിഷം നേരം കൊണ്ട് നശിച്ചുപോകാം. എന്നാൽ സ്വർഗ്ഗത്തിലെ നമ്മുടെ നിക്ഷേപം എന്നും ഉണ്ടായിരിക്കും. അത് അനുഗ്രഹങ്ങളായി നമുക്കും വരും തലമുറയ്ക്കും ലഭിച്ചുകൊണ്ടിരിക്കും. ബലം പൂർണ്ണമായും ദൈവത്തിലുള്ളവരുടെ മനസ്സ് ശാന്തമായിരിക്കും. താഴ്മയും ക്ഷമയും കൊണ്ട് നിറഞ്ഞ ആ മനസ്സ് സ്വർഗ്ഗത്തിലേക്കുള്ള പാതയിൽ ആയിരിക്കും. ആദ്യമായി, തന്റെ ബലം മുഴുവൻ ദൈവത്തിൽ സമർപ്പിച്ച വിശുദ്ധ കന്യകമറിയം, തന്റെ സകല ആഗ്രഹങ്ങളും മോഹങ്ങളും എല്ലാം ദൈവത്തിൽ സമർപ്പിച്ചപ്പോൾ, രക്ഷകനായ യേശുക്രിസ്തു ഈ ലോകത്തിലേക്ക് വരികയും മനുഷ്യജാതിയെ രക്ഷയുടെ പാതയിൽ എത്തിക്കുകയും ചെയ്തു. ഈ ലോകത്തിൽ പലവിധമായ പരീക്ഷണങ്ങൾ അതിജീവിച്ച് ദൈവത്തിന്റെ മക്കളായി നാം മാതൃകജീവിതം നയിക്കണം. എന്നാൽ ദൈവത്തിന്റെ സന്നിധിയിൽ നിന്ന് അല്പം നേരം വിട്ടുനിന്നാൽ, അദൃശ്യമായി ആക്രമിക്കാൻ കാത്തിരിക്കുന്ന ദുഷ്ടശക്തി പല തന്ത്രങ്ങളുമായി നമ്മുടെ അടുത്ത് സ്നേഹത്തിന്റെ പേരിൽ എത്തിച്ചേർന്ന്, പ്രാർത്ഥനയിൽ നിന്നും ആരാധനയിൽ നിന്നും നമ്മെ സംബന്ധിക്കാൻ അനുവദിക്കാതെ ജീവിത തിരക്കിൽ അകപ്പെടുത്താം. മാനുഷ്യകമായി ചിന്തിക്കുമ്പോൾ ലൗകീകസമ്പാദ്യം വർദ്ധിക്കുമ്പോൾ ആത്മീയമായ നഷ്ടമാണ്, കൂടാതെ നാം കടക്കാരായി മാറുന്നു. ആയതിനാൽ, സർവ്വസൃഷ്ടിയായ ദൈവത്തിൽ നമ്മുടെ സകല കഴിവും ശക്തിയും സമ്പത്തും സമർപ്പിച്ചു കഴിഞ്ഞാൽ, നമുക്ക് സ്വർഗ്ഗീയ അനുഭവത്തിലേക്കുള്ള വഴികൾ എല്ലാം തുറന്നുകിട്ടും. അതുകൊണ്ടാണ് യേശുക്രിസ്തു പഠിപ്പിച്ചത്, ആദ്യം ദൈവരാജ്യത്തെ അന്വേഷിച്ച് കണ്ടെത്തിയാൽ അതിന്റെ കൂടെ നമുക്ക് ആവശ്യമുള്ളതെല്ലാം നമ്മെ തേടിവരുമെന്ന്. ഭൗതികസുഖങ്ങൾക്കായി രാവും പകലും അദ്ധ്വാനിക്കുകയും, അങ്ങനെ ലഭിക്കുന്ന സമ്പത്ത് സൂക്ഷിക്കാൻ ബദ്ധപ്പെടുമ്പോൾ, മനഃപൂർവ്വമല്ലാതെ മറന്നുപോകുന്ന സത്യമാണ് ആത്മീയനിക്ഷേപം. സമ്പത്ത് ഉള്ളവർ അതുവഴിയും അത് ഇല്ലാത്തവർ, ദൈവം തന്ന താലന്തുകൾ വഴിയും നിക്ഷേപം വർദ്ധിപ്പിക്കണം. നമ്മുടെ ബലം മുഴുവൻ ദൈവത്തിൽ സമർപ്പിച്ച് മണവാട്ടി സഭയുടെ വളർച്ച പൂർത്തീകരിക്കാൻ ദൈവത്തോട് ചേർന്നു പ്രവർത്തിക്കാം.

**23rd December 2015 / Wednesday** **59th day of 90 days**

**സങ്കീർത്തനങ്ങൾ 91:15**

**‘ അവൻ എന്നെ വിളിച്ചപേക്ഷിക്കും. ഞാൻ അവന് ഉത്തരമരുളും. കഷ്ടകാലത്ത് ഞാൻ അവനോടുകൂടെ ഇരിക്കും. ഞാൻ അവിടെ വിടുവിച്ചു മഹത്വപ്പെടുത്തും’.**

ദൈവമക്കൾ സദാനേരം സൃഷ്ടാവായ ദൈവത്തെ വിളിക്കണമെന്നും അപ്പോൾ ദൈവം തരുന്ന മറുപടിയ്ക്കായി കാത്തിരിക്കണമെന്നും വചനം ഘോഷിക്കുന്നു. ദൈവത്തിന്റെ ഉത്തരത്തിനായി നാം കാത്തിരിക്കാറില്ലായെന്നതാണ് സങ്കടകരമായ വസ്തുത. ലോകാവസാനത്തോളം നമ്മോടുകൂടെ ഇരിക്കാമെന്നും സകലകഷ്ടത്തിൽ നിന്നും നമ്മെ വിടുവിച്ച് ദൈവത്തിന്റെ മഹത്വം വെളിപ്പെടുത്താമെന്നുള്ള വാഗ്ദാനം ഉള്ളപ്പോൾ, ഈ ലോകത്തിന്റെ സമ്പത്തിലോ മോഹത്തിലോ ഒന്നും നാം അമിതമായി ആശ്രയിക്കാതെ സകലചിന്തകളും വ്യാകുലതകളും യാചനയുടെയും പ്രാർത്ഥനയുടെയും രൂപത്തിൽ ദൈവത്തിൽ സമർപ്പിക്കുക. നാം ദൈവത്തിന്റെ മക്കൾ ആണ്, എന്നാലും നമ്മുടെ ആഗ്രഹങ്ങൾ, ആവശ്യങ്ങൾ, പ്രയാസങ്ങൾ, ബുദ്ധിമുട്ടുകൾ, മോഹങ്ങൾ, എല്ലാം തന്നെ ദൈവത്തോട് അപേക്ഷിക്കണം. പ്രത്യേകിച്ച് കഷ്ടകാലത്ത് ദൈവത്തോട് കൂടുതൽ അടുത്ത് ഇരിക്കുവാൻ ശ്രമിക്കേണം. കാരണം ആ സമയത്താണ് ദൈവത്തിനും നമ്മോട് ചേർന്നിരിക്കാൻ കഴിയുന്നത്. ദൈവമക്കൾ എല്ലാവരും അവരുടെ ഓരോ ദിവസം ആരംഭിക്കേണ്ടത് തിരുവചനത്തിന്റെ പ്രകാശത്തിൽ ആയിരിക്കണം. ആ ദിവസം ചെയ്യാൻ പോകുന്ന വേലകൾ എല്ലാം ദൈവത്തിന്റെ മുമ്പിൽ സമർപ്പിച്ച്, ദൈവത്തിന്റെ ആലോചനയ്ക്കായി കാത്തിരുന്നാൽ, വേലകൾ ചെയ്യുമ്പോൾ തന്നെ ആത്മീയ സന്തോഷം ലഭിക്കുന്നു. കൂടാതെ വേലകൾ പൂർത്തീകരിക്കുമ്പോൾ അനുഗ്രഹവും ആത്മീയസമാധാനവും ലഭിക്കുന്നു. ആരാധനയും പ്രാർത്ഥനയും ധ്യാനവും കഴിഞ്ഞ ഉടനെ തന്നെ, തിരുസന്നിധിയിൽ നിന്ന് പോകാതെ, അല്പം നേരം കൂടി കാത്തിരുന്ന് ദൈവത്തിന് നമ്മോട് പറയാനുള്ളത് കേൾക്കാനും അത് പിടിച്ചെടുത്ത് അതുപോലെ പ്രവർത്തിക്കാനും കഴിയണമെങ്കിൽ നമ്മുടെ ഒരോ ദിവസത്തെ ജീവൻ / പ്രാണൻ യേശുവിന്റെ ഉള്ളിൽ ഉണ്ടായിരിക്കണം. അതിന്റെ അപൂർണ്ണമായ അവസ്ഥയാണ്, ദൈവത്തിന് നമ്മളിൽ പ്രവർത്തിക്കുന്നതിന് തടസ്സമായിരിക്കുന്നത്. ആയതിനാൽ നമ്മുടെ ചിന്തകളെയും വിചാരങ്ങളെയും ബോധങ്ങളെയും ഹൃദയങ്ങളെയും ദൈവത്തിന്റെ മുമ്പാകെ സമർപ്പിച്ച്, വിളിച്ച് അപേക്ഷിക്കാം. നമുക്ക് സംരക്ഷണവും അനുഗ്രഹങ്ങളും നൽകുന്നതിന് ഏററവും കൂടുതൽ വിരോധമുള്ളത് സാത്താനും കൂട്ടർക്കുമാണ്. അവൻ പല തന്ത്രങ്ങളിൽ കൂടി നമ്മെ അവന്റെ വലയിൽ അകപ്പെടുത്താൻ ശ്രമിക്കും. അത് മോഹത്തിന്റെയും ആഗ്രഹത്തിന്റെയും സ്നേഹത്തിന്റെയും രൂപത്തിൽ ആകാം. ഏദനിൽ ഹവ്വാ മോഹത്തിന് അടിമപ്പെട്ടതുകൊണ്ട് അവരെ കീഴ്പ്പെടുത്താൻ കഴിഞ്ഞത്. ആയതിനാൽ നമ്മുടെ ഇഷ്ടങ്ങൾ / ആഗ്രഹങ്ങൾ എല്ലാം ദൈവത്തിൽ നിന്ന് ലഭിക്കാവുന്ന അർഹതപ്പെട്ട അനുഗ്രഹങ്ങളായി തീരേണം. എന്നും നമ്മോടു കൂടെ ഇരിക്കാമെന്നു വാഗ്ദാനം ചെയ്ത ദൈവത്തിൽ വിശ്വസിച്ച്, വിളിച്ച് അപേക്ഷിക്കണം. സകലത്തിൽ നിന്ന് നമ്മെ വിടുവിച്ച്, കൃപയിൻ ചിറകിന്റെ നിഴലിൻ കീഴിൽ നമ്മെ ചേർത്ത് നിർത്തി വഴികൾ നടത്തി ദൈവത്തിന്റെ മഹത്വത്തെ വെളിപ്പെടുത്തും.

**24th December 2015 / Thursday** **60th day of 90 days**

**സങ്കീർത്തനങ്ങൾ 91:16**

**' ദീർഘായുസ്സുകൊണ്ട് ഞാൻ അവനു തൃപ്തി വരുത്തും, എന്റെ രക്ഷയെ അവനെ കാണിച്ചുകൊടുക്കും'.**

ദൈവമക്കൾക്ക് ദീർഘായുസ്സ് ഉണ്ടാകാൻ മാതാപിതാക്കളെ ബഹുമാനിക്കേണം, അനുസരിക്കണം. അബ്രാഹാമിനെ അനുസരിക്കുന്ന യിസഹാക്കിനെപ്പോലുള്ള മക്കളെ ലഭിക്കണം. അതിന് നാം ദൈവത്തെ അനുസരിക്കുന്ന അബ്രാഹാമിനെപ്പോലെ ആകണം. കൂടാതെ, കർത്താവ് പറയുമ്പോൾ മാത്രം വിവാഹം കഴിക്കുകയും അനുവദിക്കുന്ന സമയത്ത് ദൈവത്തിന്റെ അനുഗ്രഹങ്ങളായ കുഞ്ഞുങ്ങളെ ആഗ്രഹിക്കുകയും ചെയ്യേണം. അബ്രാഹാമിന് കുഞ്ഞുങ്ങളെ കൊടുക്കാൻ ദൈവത്തിന് താൽപര്യമില്ലാത്തതുകൊണ്ടല്ല, മറിച്ച് ജനിക്കുന്ന കുഞ്ഞ് മാതാപിതാക്കളെ അനുസരിക്കുന്നവരാകണം. ആ അബ്രാഹാമിന്റെയും യിസഹാക്കിന്റെയും പേരിലാണ് ദൈവം അറിയപ്പെടാൻ അഗ്രഹിക്കുന്നത്. ഇതേപോലെ, നമ്മുടെ ഓരോരുത്തരുടെയും പേരിൽ കർത്താവിന് അറിയപ്പെടാൻ അഗ്രഹമുണ്ട്. നാം ജനിച്ചത് കർത്താവ് അനുഗ്രഹിച്ച സമയത്താണോ? ദൈവത്തെയും മാതാപിതാക്കളെയും അനുസരിക്കുന്നവരാണോ? ദീർഘായുസ്സോടെ ജീവിച്ച് മക്കളെയും കൊച്ചുമക്കളെയും കാണാനും താലോലിക്കാനും സ്നേഹിക്കാനും സ്നേഹിക്കപ്പെടാനും ദൈവത്തിന്റെ കൃപ ആവശ്യമാണ്. ദൈവത്തെ പ്രസാദിപ്പിക്കാൻ നമ്മുടെ വേലകൾ സന്തോഷത്തോടെ പൂർത്തീകരിക്കണം. അതിനായി ദീർഘായുസ്സോടെ ഈ ലോകത്തിൽ ജീവിക്കണം. മാതാപിതാക്കളെയും മുതിർന്നവരെയും നാം ദൈവഭയത്തോടെ അനുസരിക്കണം. അത് നമുക്ക് കൂടുതൽ അനുഗ്രഹങ്ങൾ ലഭിക്കുന്നതിന് ഇടയാകും. രണ്ടാമതായി, നാം രക്ഷയെ പ്രാപിക്കേണം, അത് നമ്മുടെ ഉത്തരവാദിത്വമായി ഏറ്റെടുത്ത് തിരുവചനത്തെ ആഴത്തിൽ ചിന്തിച്ച് അതിനായി പ്രവർത്തിക്കണം. രക്ഷകനായ യേശുവിൽ മാത്രം ആശ്രയിച്ച് ജീവിതത്തെ നിയന്ത്രിച്ച് നന്മകൾ മാത്രം ചെയ്താൽ, സകല കഷ്ടങ്ങളിൽ നിന്നും ദുരിതങ്ങളിൽ നിന്നും പ്രയാസത്തിൽ നിന്നും അതി ജീവിക്കുവാൻ ദൈവം നമ്മെ സഹായിക്കും. അങ്ങനെ മാതാപിതാക്കളെയും ദൈവവചനത്തെയും അനുസരിക്കുന്നത് ജീവിതത്തിന്റെ ഭാഗമാക്കി നിത്യജീവനെ, ഈ ലോകത്തിലെ വേലകൾ പൂർത്തീകരിച്ച് തിരികെ ദൈവത്തിന്റെ സന്നിധിയിൽ എത്തിക്കുവാൻ നമുക്ക് കഴിയണം. നാം രക്ഷയുടെ പാതയിലാണോ സഞ്ചരിക്കുന്നത്? ദൈവം നമ്മെ ഏൽപ്പിച്ച വേലകൾ എല്ലാം ഭംഗിയായി ചെയ്യുന്നുണ്ടോ? ഓരോ ദിവസത്തെ വേലകൾ നാം ദൈവത്തിന്റെ മുമ്പാകെ സമർപ്പിച്ച്, ദൈവത്തിന്റെ അനുവാദത്തോടെ, അനുഗ്രഹത്തോടെ, അനുവദിക്കുന്ന സമയത്ത് ചെയ്തു ദൈവത്തിന്റെ മക്കൾ എന്നു എല്ലാവരും അറിയണം. അതാണ് അനുസരണം, അത് ബലിയേക്കാൾ വലുതാണ്. ദൈവത്തെ അനുസരിക്കുക എന്നു പറഞ്ഞാൽ, ദൈവവചനത്തെയും ദൈവകല്പനകളെയും വിശ്വസിച്ച് അനുസരിക്കുക എന്നതാണ്. മാതാപിതാക്കളെ സകലത്തിലും ദൈവഭയത്തിൽ അനുസരിച്ച്, ദൈവത്തിന്റെ കല്പനയിൽ മാത്രം രസിച്ച്, ദൈവത്തിന്റെ വഴികളെ തിരിച്ചറിഞ്ഞ്, അതിൽ കൂടി മാത്രം സഞ്ചരിച്ച് ദീർഘായുസ്സോടെ വേലകൾ പൂർത്തീകരിച്ച് രക്ഷയുടെ പാതയിൽ എത്തിച്ചേരാം.

**25th December 2015 / Friday** **61st day of 90 days**

**സങ്കീർത്തനങ്ങൾ** 100:3

**‘ യഹോവ തന്നേ ദൈവം എന്നറിവിൻ. അവൻ നമ്മെ ഉണ്ടാക്കി, നാം അവനുള്ളവർ ആകുന്നു’.**

ഓരോ വിശ്വാസിയും മർമ്മങ്ങൾ തിരിച്ചറിഞ്ഞ് പ്രവർത്തിക്കേണ്ടതായ ഒരു ദൈവവചനമാണിത്. ഈ ലോകത്തിലേക്ക് നാം എങ്ങനെ വന്നു? എന്തിനു വന്നു? എന്നീ ചോദ്യങ്ങളുടെ ഉത്തരങ്ങൾ ഈ സത്യവചനത്തിൽ മറഞ്ഞിരിക്കുന്നു. മാതാപിതാക്കളിൽ നിന്ന് നാം ഈ ലോകത്തിലേക്ക് വരുന്നതിന് മുമ്പ് പിതാവായ ദൈവത്തിന് നമ്മുടെ ജനനത്തിൽ നല്ലൊരു പങ്ക് ഉണ്ട്. നമ്മെ എല്ലാവരെയും സൃഷ്ടിച്ച് പരിപാലിക്കുന്നത് പിതാവായ ദൈവമാണ്. ആ പിതാവായ ദൈവം അറിയാതെ ഒന്നും സംഭവിക്കുന്നില്ല. നാം എല്ലാവരും ദൈവത്തിന് ഉള്ളവരാണെന്നും തിരുവചനം പറയുന്നു. നമ്മൾ ദൈവത്തിന് ഉള്ളവരാണ്, ദൈവമാണ് നമ്മളെ സൃഷ്ടിച്ചത് – ഇതിൽ കൂടുതൽ എന്താണ് നമുക്ക് അഭിമാനിക്കാൻ വേണ്ടത്? പക്ഷേ എത്ര വിശ്വാസികൾ ഈ സത്യം അറിഞ്ഞ് ദൈവത്തോട് സഹകരിക്കുന്നു. നമ്മെ സൃഷ്ടിച്ച് ഈ ലോകത്തിലേക്ക് അയച്ചവന് നമ്മളെപ്പററി ഓരോ ലക്ഷ്യം ഉണ്ടായിരിക്കും. നമ്മളെ ഏൽപ്പിച്ച വേലകൾ നാം ഭംഗിയായി പൂർത്തീകരിക്കാൻ ദൈവത്തോടെ സഹകരിക്കണം. നമ്മെ ഈ ലോകത്തിലേക്ക് അയച്ചവന്റെ ലക്ഷ്യങ്ങൾ നമ്മളിലൂടെ നടപ്പാക്കുവാൻ നാം ദൈവത്തിന്റെ വഴിയിൽ കൂടി മാത്രം സഞ്ചരിച്ച് പ്രവർത്തിക്കേണം. ദൈവത്തിലും കല്പനയിലും ഉറച്ചു വിശ്വസിച്ച്, നന്മകൾ ചെയ്തു ദൈവത്തെ പ്രസാദിപ്പിച്ച് ജീവിതത്തെ ധന്യമാക്കാം. നമ്മുടെ ചിന്തകൾ, വിചാരങ്ങൾ, ബോധങ്ങൾ എല്ലാം ദൈവീകമായിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണം. കാരണം നാം ദൈവത്തോട് കൂടുതൽ അടുക്കുമ്പോൾ, ദൈവത്തിൽ നിന്ന് അകററുവാൻ തന്ത്രങ്ങളുമായി നമ്മെ ആകർഷിച്ച് ചുററി നടക്കുന്ന ദുഷ്ടശക്തിയെ നാം തിരിച്ചറിഞ്ഞ് ശാസിക്കേണം. ഓരോ ദിവസത്തെ നമ്മുടെ ജീവിതത്തെ വിശുദ്ധിയോടെ സൂക്ഷിച്ച് പരിപാലിച്ച് തിരികെ ദൈവത്തിൽ ഏൽപ്പിക്കാൻ നാം ഓരോരുത്തർ ഉത്തരവാദിത്വപ്പെട്ടവരാണ്. തിരുവചന ധ്യാനത്തിന്റെ പ്രകാശത്തിൽ ഈ ലോകത്തിന്റെ ഇരുട്ടിൽ നിന്ന് നന്മതിന്മകളെ തിരിച്ചറിഞ്ഞ്, നമ്മുടെ ജീവനെ / പ്രാണനെ യേശുവിന്റെ ഉള്ളിൽ എത്തിക്കേണം. അതിനായി നമ്മുടെ ജീവൻ യേശുവിനോളം വളരണം. ഒരു ദിവസം കൊ ് പൂർണ്ണമായി യേശുവിനോളം വളരുവാൻ നമുക്ക് കഴിയണമെന്നില്ല. ഈ ലോകത്തിൽ ജീവിക്കുമ്പോൾ പലതരത്തിലുള്ള ആലോചനകളും വിചാരങ്ങളും മോഹങ്ങളും നമ്മെ നിയന്ത്രിക്കാം. അതിനെയെല്ലാം അതിജീവിച്ച് ദൈവത്തിന്റെ മക്കളായി നാം ജീവിക്കണം. അത് തെളിയിച്ചു കാണിക്കാനുള്ള അവസരങ്ങളായി നാം ഈ കഷ്ടങ്ങളെയും പ്രയാസങ്ങളെയും ദുഃഖങ്ങളെയും എല്ലാം കാണണം. ദൈവത്തിന്റെ കൃപയും കരുണയും യാചിക്കേണം, നാം എവിടെ നിന്നു വന്നു? എവിടേക്ക് പോകുന്നു? നാം ആരാണ്? എന്ന ചോദ്യങ്ങൾ തിരിച്ചറിഞ്ഞ് പ്രവർത്തിച്ചാൽ, നമ്മുടെ ഓരോ ദിവസത്തെ പ്രാണൻ / ജീവൻ യേശുവിന്റെ അരികിൽ തിരികെ എത്തിച്ച് നമുക്ക് കൂടുതൽ അനുഗ്രഹങ്ങൾ ലഭിക്കും.

**26th December 2015 / Saturday** **62nd day of 90 days**

**സങ്കീർത്തനങ്ങൾ 112:1**

**‘ യഹോവയെ സ്തുതിപ്പിൻ. യഹോവയെ ഭയപ്പെട്ടു അവന്റെ കല്പനകളിൽ ഏററവും ഇഷ്ടപ്പെടുന്ന മനുഷ്യൻ ഭാഗ്യവാൻ ’.**

ആരാണ് യഥാർത്ഥ ഭാഗ്യവാൻ എന്ന് സത്യവചനം നമ്മെ ഓർമ്മിപ്പിക്കുമ്പോൾ, ലൗകീകമായ ഭാഗ്യവാന്മാരെ ഈ വചനത്തിന്റെ അടിസ്ഥാനത്തിൽ എന്താകുമെന്ന് ചിന്തിക്കേണം. വചനത്തെ പരിശുദ്ധാത്മാവിന്റെ നിറവിൽ ആഴത്തിൽ ധ്യാനിക്കുമ്പോൾ, യഹോവയെ സ്തുതിക്കേണം, ഭയപ്പെടേണം, കല്പനകൾ ഇഷ്ടപ്പെടേണം, അനുസരിക്കണം – ഇതെല്ലാം അനുസരിക്കുന്ന ഒരു വിശ്വാസിയ്ക്കു ലൗകീകജീവിതത്തെ കുറിച്ച് ഒരിക്കലും ആകുല ചിന്തയുണ്ടാകില്ല. കാരണം സർവ്വസൃഷ്ടിയായ ദൈവത്തെ പ്രസാദിപ്പിച്ചു കഴിഞ്ഞാൽ, ദൈവരാജ്യത്തിന്റെ അവകാശിയായി തീർന്നാൽ, നമുക്ക് ആവശ്യമായ കാര്യങ്ങൾ എല്ലാം യഥാസമയം ദൈവം ഒരുക്കി തരും. ആദ്യം യഹോവയെ സ്തുതിക്കേണം. വായ് കൊണ്ട് സ്തുതി, സ്തോത്രം പറഞ്ഞാൽ അത് യഥാർത്ഥമായി ദൈവപ്രസാദം ലഭിക്കുകയില്ല. മാത്രമല്ല, അനുഗ്രഹത്തിനുപകരം ശാപവും ബന്ധനവും ഉണ്ടാകും. ആയതിനാൽ യഹോവയെ സ്തുതിക്കുന്നതിന് മുമ്പ് നാം ശുദ്ധീയുള്ളവരാകണം. അതിന് യാമപ്രാർത്ഥനകളും ആരാധനകളും ധ്യാനങ്ങളും വിശുദ്ധ കൂദാശകളും പ്രയോജനപ്പെടുത്തേണം. ആത്മീയമായി യഹോവയെ ഭയപ്പെട്ടുതന്നെ ജീവിക്കണം, നമ്മെ സൃഷ്ടിച്ചവനും പരിപാലിക്കുന്നവനും ആയ ദൈവത്തെ നാം അനുസരിക്കണം. അത് സ്നേഹത്തിൽ നിറഞ്ഞ അനുസരണവും ഭയവും ആകണം. ദൈവകല്പനകൾ അനുസരിക്കണമെങ്കിൽ ആദ്യം അതിനെ ഇഷ്ടപ്പെടേണം. അതിനായി, ദൈവരാജ്യത്തെയും തിരുവചനത്തെയും ഇഷ്ടപ്പെട്ട് അതിൽ തന്നെ രസിക്കേണം എന്ന് സങ്കീർത്തനക്കാരൻ പറയുന്നു. ദൈവത്തെയും തിരുവചനത്തെയും ഇഷ്ടപ്പെട്ടാൽ, കല്പനകൾ അനുസരിക്കുന്നതിന് നമുക്ക് കഴിയും. അല്ലാതെ സ്നേഹമില്ലാതെ, മനസ്സില്ലാതെ ചെയ്താൽ ദുഷ്ടശക്തികൾ നമുക്ക് എതിരായി കേസ്സുകൾ കൊടുക്കുകയും സ്വർഗ്ഗത്തിൽ നിന്ന് അനുഗ്രഹങ്ങൾ ലഭിക്കുന്നതിന് തടസ്സമാകുകയും ചെയ്യും. ആയതിനാൽ ഈ ലോകത്തിന്റെ ദൃഷ്ടിയിൽ ഭാഗ്യവാന്മാരാകാൻ ശ്രമിക്കാതെ, നിത്യരാജ്യത്ത് നിത്യജീവനും സമാധാനത്തിനും സന്തോഷത്തിനും ശ്രമിക്കേണം. മനുഷ്യർക്ക് ദൈവകല്പനകൾ പൂർണ്ണമായി ഇഷ്ടപ്പെട്ട് അനുസരിക്കാൻ കഴിയണമെന്നില്ല. അതിനുവേണ്ടി കല്പനകൾ തന്നവന്റെ കൃപയും കരുണയും ആവശ്യമാണ്. കൃപയുഗത്തിന്റെ തുടക്കത്തിൽ, കർത്താവിന്റെ വചനവുമായി മാലാഖ മറിയാമിന്റെ അടുത്ത് വന്ന് ആദ്യം പറയുന്നത്, ‘കൃപ ലഭിച്ചവളെ….. എന്നാണ്. ആദ്യം നമുക്ക് ദൈവത്തിന്റെ കൃപ ലഭിക്കേണം. അത് ദാനമായി ദൈവം നൽകുന്നു. ദൈവമക്കൾ എപ്പോഴും അതിനുവേണ്ടി ശ്രമിക്കേണം, പിതാവായ ദൈവത്തെ നമ്മുടെ ജീവിതം കൊണ്ട് പ്രസാദിപ്പിക്കേണം, ക്രിസ്തീയജീവിതരീതിയിൽ നല്ല മാതൃകയായിരിക്കണം. നമുക്ക് ശുദ്ധീകരണം പ്രാപിക്കാം, ദേഹം, ദേഹി, ആത്മാവ് എന്നീ മൂന്ന് തലത്തിലും ശുദ്ധീകരണം പ്രാപിക്കാം. പാപങ്ങളുടെ മോചനത്തിനും കടങ്ങളുടെ പരിഹാരത്തിനും സ്വയപരിശോധന നടത്തി, അനുതാപത്തോടെ, നിറകണ്ണുകളോടെ, ദൈവത്തിന്റെ സന്നിധിയിൽ കൈകൾ കൂപ്പി, മുട്ടിന്മേൽ യാചനകൾ / അപേക്ഷകൾ സമർപ്പിക്കാം. കല്പനകൾ ഇഷ്ടപ്പെട്ട് അനുസരിക്കാൻ യഹോവയായ ദൈവത്തിന്റെ കൃപയ്ക്കായി യാചിക്കാം, ദൈവത്തെ പ്രസാദിപ്പിച്ച് ആത്മീയ സന്തോഷവും സമാധാനവും ഭാഗ്യവും നേടീടാം.

**27th December 2015 / Sunday** **63rd day of 90 days**

**സങ്കീർത്തനങ്ങൾ** 112:2

‘അവന്റെ സന്തതി ഭൂമിയിൽ ബലപ്പെട്ടിരിക്കും. നേരുള്ളവരുടെ തലമുറ അനുഗ്രഹിക്കപ്പെടും.’

യഹോവയുടെ കല്പനകൾ ഇഷ്ടപ്പെട്ട് അനുസരിക്കുന്നവരുടെ സന്തതികൾ ഭൂമിയിൽ ആത്മീയമായി വളരെ ശക്തരാകുന്നു. അവനെ ദുഷ്ടശക്തികൾക്ക് തോൽപ്പിക്കാനോ തന്ത്രങ്ങളിൽ അകപ്പെടുത്താനോ കഴിയുകയില്ല. കാരണം ആയിരം തലമുറകളിലേക്കുള്ള അനുഗ്രഹങ്ങളാണ് മാതാപിതാക്കൾ ദൈവത്തിൽ നിന്ന് വാങ്ങിയിരിക്കുന്നത്. കഷ്ടങ്ങളിലും കഷ്ടതകളിലും പ്രയാസത്തിലും ദുഃഖത്തിലും ദൈവനാമത്തെ സ്തുതിച്ചുകൊണ്ട് സഹിക്കുകയും വഹിക്കുകയും ചെയ്യുന്നതാണ് യഥാർത്ഥ ക്രിസ്ത്യാനിയുടെ ജീവിതം. അതാണ് ദൈവമക്കളുടെ കടമയും ഉത്തരവാദിത്വവും. ദൈവഭയത്തിൽ മക്കളെ വളത്തി, തിരുവചന വെളിച്ചത്തിൽ സഞ്ചരിക്കുവാൻ അവരെ പ്രാപ്തരാക്കിയാൽ, ദൈവസന്നിധിയിൽ നിന്ന് അന്യപ്പെട്ട് ഒരു നിമിഷം പോലും ജീവിക്കുവാൻ ഇടയാകില്ല. പിതാവായ ദൈവത്തെ പ്രസാദിപ്പിക്കാൻ വേണ്ടി, ഓരോ ദിവസത്തെ നമ്മുടെ ജീവിതം മുൻകൂട്ടി ദൈവത്തിൽ സമർപ്പിക്കുക. നമ്മുടെ മോഹങ്ങളും ആഗ്രഹങ്ങളുമെല്ലാം ദൈവത്തിൽ സമർപ്പിച്ച്, ദൈവഹിതപ്രകാരം മുന്നോട്ട് നീങ്ങണം. നമ്മുടെ വരും തലമുറകൾ അനുഗ്രഹിക്കപ്പെടാൻ നാം നേരുള്ളവരും നീതിയുള്ളവരുമാകണം. സ്വന്തം ജീവൻ നഷ്ടപ്പെടേണ്ടി വന്നാലും ദൈവവചനത്തിലും കല്പനയിലും ഉറച്ചു നിൽക്കണം. നിത്യരാജ്യത്തിൽ നിത്യസമാധാനവും നിത്യജീവനും ലഭിക്കുമെന്നത് ഉറപ്പാണ്. നാം അനുഗ്രഹിക്കപ്പെട്ട തലമുറയിലാണോ ജീവിക്കുന്നത്? അത് തിരിച്ചറിയാൻ വേണ്ടി നമ്മുടെ ജീവിതത്തിൽ എത്രമാത്രം സമാധാനം അനുഭവിക്കുന്നുണ്ട് എന്നറിഞ്ഞാൽ മതി, പ്രത്യേകിച്ച് ഈ ലോകത്തിന്റെ മോഹങ്ങളെ വിട്ടുപിരിഞ്ഞ്, കഷ്ടതകളിലും ദുഃഖങ്ങളിലും പ്രയാസങ്ങളിലും ദൈവസ്നേഹത്തിൽ ആനന്ദിക്കുവാനും കഴിയണം. ദൈവം നമുക്ക് തരുന്ന അനുഗ്രഹങ്ങളെ സ്വീകരിക്കുവാനും അത് പ്രയോജനപ്പെടുത്തി ജീവിതത്തെ കൂടുതൽ നന്മകളാൽ നിറയ്ക്കുവാനും കഴിയണം. നമ്മുടെ ജീവിതത്തിൽ നന്മകൾ ചെയ്തു ദൈവത്തെ പ്രസാദിപ്പിച്ച് ലഭിച്ച അനുഗ്രഹങ്ങൾ ആയിരം തലമുറയോളം നിലനിൽക്കുന്നു. എന്നാൽ ശാപവും പാപവും ബന്ധനവും നാലു തലമുറയോളം അവകാശം ഉണ്ടാകും. ശാപവും പാപവും ബന്ധനവും നീക്കുവാൻ ദൈവത്തിൽ കൂടുതൽ ആശ്രയിക്കേണം. ലഭിച്ച അനുഗ്രഹങ്ങൾ / താലന്തുകൾ വരും തലമുറയ്ക്കും പ്രയോജനപ്പെടുത്തുവാൻ വിധം വിനിയോഗിക്കണം. നമ്മുടെ വേണ്ടാത്തതായ ഒരു ചിന്തയോ വിചാരമോ മതി, സാത്താന് നമ്മളെ ബന്ധിക്കാൻ ആവശ്യമായ കയറിന്റെ നാരുകൾ ഉണ്ടാക്കാൻ, ഇങ്ങനെ പല നാരുകൾ ചേർത്താണ് അവൻ നമ്മെ ബന്ധിച്ചീടുന്നത്. ആ ബന്ധനങ്ങളുടെ ഓരോ ചുററുകൾ ഓരോ യാമപ്രാർത്ഥനയിലും ആരാധനയിലും അഴിക്കപ്പെടുന്നു. അനുതാപത്തോടെ, വീണ്ടും ജനനത്തിന്റെ അനുഭവത്തിൽ കർത്താവിന്റെ തിരുശരീരരക്തങ്ങൾ വിശുദ്ധിയോടെ കൂടി അനുഭവിച്ച് പാപങ്ങളുടെ മോചനത്തിനും കടങ്ങളുടെ പരിഹാരത്തിനും സർവ്വശക്തന്റെ സന്നിധിയിൽ സ്വയം സമർപ്പിക്കാം.

**28th December 2015 / Monday** **64th day of 90 days**

**സങ്കീർത്തനങ്ങൾ 112:4**

'നേരുള്ളവർക്ക് ഇരുട്ടിൽ വെളിച്ചം ഉദിക്കുന്നു. അവൻ കൃപയും കരുണയും നീതിയും ഉള്ളവനാകുന്നു.'

യഹോവയുടെ കല്പനകൾ അനുസരിക്കുന്നവർ നേരും നീതിയുമുള്ളവരായിരിക്കും. അത് മററുള്ളവരെ ബോധിപ്പിക്കാനോ സമൂഹത്തിൽ ഉന്നതഭാവം കാണിക്കാനോ ആകരുത്. മറിച്ച് സകലവും സൃഷ്ടിച്ചശേഷം മറഞ്ഞിരിക്കുന്ന സൃഷ്ടാവിന് പ്രസാദിപ്പിക്കാൻ ആകണം. സത്യവിശ്വാസികളായ ദൈവമക്കൾക്ക് ഈ ലോകത്തിന്റെ ദുഷ്ടശക്തിയിൽ പലവിധത്തിലുള്ള പരീക്ഷകളും കഠിനശോധനകളും വന്നു ചേരാം. അതിനെയെല്ലാം അതിജീവിച്ച് കർത്താവിന്റെ മണവാട്ടി സഭയിലെ അംഗങ്ങളാണെന്ന് തെളിയിക്കാൻ, ലോകത്തിന്റെ വെളിച്ചമായ യേശുക്രിസ്തു നമുക്ക് വെളിച്ചം പകരുന്നു. ആ വെളിച്ചത്തിന്റെ കൂടെ കൃപയും കരുണയും നീതിയും നമുക്ക് അനുഭവമാക്കി തരുന്നു. ദൈവത്തിന്റെ കൃപ ലഭിക്കുന്നതിന് നാം ലോകത്തിന്റെ വെളിച്ചമായ യേശുവിന്റെ ഉള്ളിൽ മറഞ്ഞിരുന്നാൽ മതി. യേശുവിന്റെ ഉള്ളിൽ മറഞ്ഞിരിക്കുന്നതിന് യേശുവിനോളം വളരണം. അതിനുവേണ്ടി യേശു ചെയ്ത എല്ലാ കാര്യങ്ങളും അതിലും വലുതും ചെയ്യേണം. യേശുവിനോളം വിശുദ്ധി പ്രാപിച്ച്, നമ്മുടെ ബോധങ്ങളും ചിന്തകളും വിചാരങ്ങളും എല്ലാം യേശുവിൽ സമർപ്പിച്ച് ധ്യാനിച്ച് കർത്താവിന്റെ ഉപദേശങ്ങൾ സ്വീകരിച്ച് ദൈവവേലകൾ ചെയ്തു ദൈവനാമം മഹത്വപ്പെടുവാൻ ശ്രമിക്കേണം. കർത്താവിന്റെ കൃപയും കരുണയും ലഭിക്കാതെ, ഈ ലോകത്തിൽ നമുക്ക് ആത്മാവിൽ ഒന്ന് പ്രാർത്ഥിക്കാനോ ധ്യാനിക്കാനോ കഴിയുകയില്ല. കാരണം, ഈ ലോകവും അതിലെ സകലവും ദുഷ്ടന്റെ അവകാശത്തിൽ ആകുന്നു. എന്നാൽ നന്മകൾ ചെയ്തു കഷ്ടതകളും പ്രയാസങ്ങളും ബുദ്ധിമുട്ടുകളും ദൈവനാമത്തിൽ സഹിക്കുകയും വഹിക്കുകയും ചെയ്യുമ്പോൾ പിതാവായ ദൈവത്തിന്റെ പ്രസാദം ഏററുവാങ്ങി, പുത്രന്റെ സ്നേഹത്തിൽ നമ്മെ പരിശുദ്ധാത്മാവിനാൽ സമാധാനപ്പെടുത്തുന്നു. ഇന്ന് എല്ലാവർക്കും സമാധാനം മാത്രം മതി. പിതാവായ ദൈവത്തെ പ്രസാദിപ്പിക്കാനോ പുത്രന്റെ സ്നേഹം നേടിയെടുക്കാനോ കഴിയുന്നില്ല. വിശുദ്ധ കന്യക മറിയം ഇതെല്ലാം ക്രമമായി ചെയ്തു ലോകത്തിന് മാതൃകയായി, മാനവരാശിയുടെ രക്ഷയ്ക്കായി പാതകൾ ഒരുക്കി തന്നു. ദൈവത്തിന്റെ കല്പനകൾ അനുസരിക്കുകയും രാവും പകലും ദൈവവചനം ധ്യാനിച്ച് ഉള്ളിൽ തീ കത്തിച്ച് നാവെടുത്ത് സംസാരിക്കുന്ന അവസ്ഥയിൽ എത്തിയിട്ട്, ദൈവം നൽകുന്ന സൂചനകൾ അനുസരിച്ച് മുന്നോട്ട് നീങ്ങണം. പാപത്തിന്റെയും ശാപത്തിന്റെയും കെട്ടുകൾ അഴിക്കാനും അഴിക്കപ്പെടാനും ശ്രമിക്കുകയും മററുള്ളവരെ രക്ഷയുടെ പാതയിലേക്ക് നയിക്കപ്പെടാനും കഴിയണം. പിതാവായ ദൈവത്തിന്റെ വലതുഭാഗത്തിരിക്കുന്ന പുത്രന്റെ, യേശുക്രിസ്തുവിന്റെ, മണവാട്ടിയാകാനുള്ള വിളിക്ക് യോഗ്യമായ ഫലങ്ങൾ പുറപ്പെടുവിക്കാൻ ദൈവസന്നിധിയിൽ നമ്മെതന്നെ സമർപ്പിക്കാം.

**29th December 2015 / Tuesday** **65th day of 90 days**

**സങ്കീർത്തനങ്ങൾ** 112:8

'അവന്റെ ഹൃദയം ഭയപ്പെടാതെ സ്ഥിരമായിരിക്കുന്നു. അവൻ ശത്രുക്കളിൽ തന്റെ ആഗ്രഹം നിവർത്തിച്ചു കാണും.'

ദൈവത്തിന്റെ കല്പനകൾ അനുസരിക്കുകയും രാവും പകലും സത്യവചനം ധ്യാനിക്കുകയും ചെയ്യുന്ന ദൈവമക്കളുടെ ഹൃദയം ഭയപ്പെടാതെ സ്ഥിരമായിരിക്കുന്നു. ദൈവത്തിന്റെ സ്നേഹത്തിൽ അലിഞ്ഞുചേർന്ന ഹൃദയത്തിന് മാത്രമേ സ്ഥിരമായിരിക്കാൻ കഴിയു. ദൈവത്തോട് ചേർന്നിരിക്കണമെങ്കിൽ സത്യവചനത്തെ സദാ ധ്യാനിക്കേണം. അങ്ങനെ ധ്യാനിക്കുമ്പോൾ പരിശുദ്ധാത്മാവിനാൽ നമ്മുടെ ബോധവിചാരഹൃദയങ്ങൾ കർത്താവിന്റെ ഉള്ളിൽ എത്തിച്ചേരുന്നു. സകലത്തെയും സൃഷ്ടിച്ചവനും പരിപാലിക്കുന്നവനുമായ കർത്താവിന്റെ ഉള്ളിൽ നാം എത്തി കഴിഞ്ഞാൽ എന്തിന് ഭയക്കണം. കർത്താവ് നമുക്ക് അനുകൂലമായിട്ടുണ്ടെങ്കിൽ പ്രതികൂലമായി ആരാണ്? ആരെ പേടിക്കേണം? പക്ഷേ നാം ഒരു നിമിഷംപോലും ദൈവസന്നിധിയിൽ നിന്ന് അന്യപ്പെട്ട് ജീവിക്കാൻ ഇടയാകരുത്. ഏദനിൽ ഹവ്വായെ ദൈവത്തിൽ നിന്നും ആദാമിൽ നിന്നും അകററി, കല്പന ലംഘിക്കാൻ പ്രേരിപ്പിച്ചത് ഹവ്വായുടെ മോഹമാണ്. ആയതിനാൽ ഈ ലോകത്തിലെ ആഗ്രഹങ്ങളെയും മോഹങ്ങളെയും എല്ലാം നാം മാററി നിർത്തി, ദൈവത്തിന്റെ സൃഷ്ടികളായ നമ്മുടെ വിചാരങ്ങൾ, ചിന്തകൾ, പ്രവർത്തികൾ എല്ലാം ദൈവത്തിന്റെ ഇഷ്ടത്തിനും പദ്ധതിയ്ക്കും യോജിച്ച വിധമായിരിക്കണം. അതിനായി, ദൈവസന്നിധിയിൽ മൗനമായിരുന്ന് ധ്യാനിക്കേണം. നമ്മെ സൃഷ്ടിച്ചവനാണ് പരിപാലിക്കാനും സംഹരിക്കാനും അവകാശം. ആയതിനാൽ സാത്താന്റെ തന്ത്രങ്ങളിൽ അടിമപ്പെടാതെ, നിത്യമായ സമാധാനത്തിനായി ദൈവത്തിൽ ആശ്രയിക്കേണം. അങ്ങനെ ദൈവത്തിന്റെ ശക്തിയാൽ നമുക്ക് ജീവിതത്തിന്റെ എല്ലാം മേഖലകളിലും വിജയിച്ച്, ആത്മീയമായി വളർന്ന് സ്വർഗ്ഗീയമായ അനുഭവത്തിൽ എത്തിച്ചേരുവാനും കഴിയും. ശത്രുക്കളെ സ്നേഹിക്കാനും അവർക്ക് വിശന്നാൽ ഭക്ഷണവും ദാഹിച്ചാൽ കുടിക്കാനും കൊടുക്കണം എന്നു പറയുന്ന സത്യവചനം മനസ്സിലാകണമെങ്കിൽ, നാം പൂർണ്ണമായി യേശുവിന്റെ ഉള്ളിൽ എത്തണം. അങ്ങനെ നാം യേശുവിന്റെ ഉള്ളിൽ എത്തിച്ചേർന്നാൽ, എത്ര വലിയ ശത്രുക്കൾ ഉണ്ടായാലും പ്രതിബന്ധങ്ങൾ തരണം ചെയ്യേണ്ടി വന്നാലും സൃഷ്ടാവിന്റെ കൂടെ വസിക്കുന്ന നമുക്ക് എന്തു ഭയക്കണം. യേശുവിന് ശത്രുക്കളെ ആവശ്യമായിരുന്നു. അല്ലെങ്കിൽ ഈ ലോകത്തിലെ വേലകൾ പൂർത്തീകരിക്കാൻ കഴിയാതെ വരും. എല്ലാവരും യേശുവിനെ സ്നേഹിച്ചാൽ മനുഷ്യരാശിയുടെ രക്ഷയും വീണ്ടെടുപ്പും നടക്കാതെ വരും. യേശുവിനെ ആരും ക്രൂശിക്കാതിരുന്നാൽ പാപപാമ്പിന്റെ തലയിൽ കുരിശ് വെച്ച് അതുവഴി പാപമില്ലാത്തവന്റെ രക്തം ഒഴുക്കി പാപികളായ നമ്മെ രക്ഷയുടെ പാതയിൽ എത്തിക്കാൻ കഴിയുകയില്ലായിരുന്നു. നമ്മുടെ ജീവിതത്തിലും ശത്രുക്കളുടെ വെറുപ്പും അക്രമണവും ആവശ്യമാണ്, നമ്മെ ദൈവത്തോട് ചേർത്തുനിർത്താൻ വേണ്ടി. സകലരെയും ശ്രേഷ്ഠരായി കണ്ട് സകലരോടും പ്രത്യേകിച്ച് ശത്രുക്കളെയും ദൈവസ്നേഹത്തിൽ ബഹുമാനിച്ച് ദൈവനാമം മഹത്വപ്പെടുത്താം.

**30th December 2015 / Wednesday** **66th day of 90 days**

**സങ്കീർത്തനങ്ങൾ 113:7**

**'അവൻ എളിയവനെ പൊടിയിൽ നിന്നു എഴുന്നേല്പിക്കുകയും ദരിദ്രനെ കുപ്പയിൽ നിന്നു ഉയർത്തുകയും ചെയ്തു.'**

യേശുവിന്റെ ശിഷ്യന്മാർ എല്ലാവരും സമുഹത്തിൽ താണനിലവാരത്തിലും മിക്കവരും മീൻപീടുത്തക്കാരുമായിരുന്നു. എന്നാൽ ലോകത്തിന്റെ രക്ഷയ്ക്കായി, രക്ഷകന്റെ സാക്ഷികളായി, ഭൂമിയിൽ എല്ലായിടത്തും അവരുടെ മദ്ധ്യസ്ഥതയിൽ ആരാധന നടത്തുമ്പോൾ, ദൈവത്തിന്റെ സ്നേഹമാഹാത്മ്യം ഒന്നും വർണ്ണിക്കാൻ നമുക്ക് കഴിയണമെന്നില്ല. പിതാവായ ദൈവത്തിന് പ്രസാദം തോന്നിയാൽ, ആ വ്യക്തി എന്നും ദൈവത്തിനും ദൈവീകപദ്ധതിയ്ക്കും പ്രയോജനപ്പെടും. സാത്താന്റെ തന്ത്രങ്ങളിൽ ആകർഷിച്ച്, പാപത്തിന്റെയും ശാപത്തിന്റെയും കറകൾ പററിയാലും, അനുതപിച്ച്, പാപങ്ങൾ ഏററുപറഞ്ഞ്, നാം കണ്ണുനീർ തൂകുമ്പോൾ മനസ്സലിയുന്നവനാണ് നമ്മുടെ സൃഷ്ടാവ്. യേശുവിനെ തള്ളിപറഞ്ഞ പത്രൊസിനെ വീണ്ടും വിളിച്ച് വേർതിരിച്ച് ശുദ്ധീകരിച്ച് സുവിശേഷവേലയിൽ പങ്കാളിയാക്കി ലോകത്തിൽ അയച്ചത്. ഇത് ദൈവത്തിന്റെ കരുണയും കൃപയും സ്നേഹവും കരുതലും ആകുന്നു. ഒരു വ്യക്തിപോലും പാപത്തിൽ അകപ്പെട്ട് തന്റെ ജീവനെ മരണത്തിന് ഏൽപ്പിക്കാൻ കർത്താവ് ആഗ്രഹിക്കുന്നില്ല. ഒരു ജീവൻ കൂടി രക്ഷയുടെ പാതയിൽ വന്ന് യഥാർത്ഥ സത്യത്തെ തിരിച്ചറിയാൻ, കർത്താവ് തന്റെ രണ്ടാമത്തെ വരവ് വീണ്ടും താമസിപ്പിക്കുന്നു. നാം അതിനെ വേണ്ടവിധത്തിൽ പ്രയോജനപ്പെടുത്തുന്നുണ്ടോ എന്ന് ആലോചിക്കണം. സകലരോടും സ്നേഹത്തിൽ പെരുമാറി, ശത്രുക്കളെയും സഹോദരങ്ങളായി കരുതി, ജീവിതത്തെ കൂടുതൽ നന്മകൾ നിറച്ച് താഴ്മ ധരിച്ച് യേശുവിനെ നമ്മളിൽ കൂടി മററുള്ളവർക്ക് കാണിച്ച് കൊടുക്കാൻ ഇടയാകണം. ഈ ലോകത്തിന്റെ സുഖഭോഗങ്ങളാലും ലൗകീകസുഖങ്ങളാലും അമിതമായ സ്വാധീനം ദുഷ്ടശക്തികൾക്ക് ലഭിക്കുകയും അവർക്ക് അടിമപ്പെടാനും ബന്ധനത്തിലാകാനും ഇടയുണ്ട്. യേശുക്രിസ്തു ജനിച്ചതും വളർന്നതും എവിടെയാണെന്നും എങ്ങനെയാണെന്നും ഓരോ വിശ്വാസികൾ ചിന്തിക്കേണം. സാത്താന് ഒരു അവകാശവും പറയാൻ കഴിയാത്ത വിധം ജീവിതത്തിലെ ആവശ്യങ്ങൾ നിറവേററി, നമ്മുടെ ഒരു ദിവസം എടുത്ത് പരിശോധിച്ചാൽ എത്ര ശതമാനം അവകാശം പറയുവാൻ സാത്താന് അവകാശമുണ്ട്. ആ അവകാശവും കാണിച്ച് ദൈവത്തിന്റെ അനുവാദത്തോടെ നമ്മെ പരീക്ഷിക്കുവാൻ വരും. ആയതിനാൽ ഈ ലോകത്തിലെ നമ്മുടെ സന്ദർശന ലക്ഷ്യം മനസ്സിലാക്കി അതിനുവേണ്ടി ദൈവത്തിൽ ആശ്രയിച്ച് സന്തോഷത്തോടെ സമാധാനത്തോടെ അത് ചെയ്തു തീർക്കണം. കർത്താവിന്റെ രണ്ടാമത്തെ വരവിങ്കൽ, വാങ്ങിപ്പോയവരുടെ ശരീരം മണ്ണിൽ അലിഞ്ഞ് ചേർന്നാലും വീണ്ടെടുത്ത് തേജസ്സക്കരിക്കപ്പെടും. അതിനാണ് വിശുദ്ധ ദൈവാലയത്തിനടുത്ത് കല്ലറയിൽ തിരുശരീരരക്തങ്ങൾ ഭക്ഷിച്ച ശരീരം സൂക്ഷിക്കുകയും കുറഞ്ഞത് വർഷത്തിൽ ഒരിക്കൽ എങ്കിലും പുരോഹിതൻ അവിടെ ധൂപം അർപ്പിക്കുന്നതും. താഴ്മയിൽ കൂടി ക്രിസ്തുവിന്റെ മഹത്വം കാണാം. മനുഷ്യരിൽ ആശ്രയിക്കാതെ, ദൈവത്തിൽ മാത്രം ആശ്രയിച്ചാൽ സകലത്തിലും നമ്മെ വഴി നടത്തി നിത്യരാജ്യത്തിലെത്തിച്ചീടും.

**31st December 2015 / Thursday** **67th day of 90 days**

**സങ്കീർത്തനങ്ങൾ 119:1**

**'യഹോവയുടെ ന്യായപ്രമാണം അനുസരിച്ചു നടപ്പിൽ നിഷ്ക്കളങ്കരായവർ ഭാഗ്യവാന്മാർ .'**

ആത്മീയമായ ഭാഗ്യാവസ്ഥയെ വർണ്ണിക്കുന്ന ഈ സത്യവചനം ഓരോ വിശ്വാസിയുടെയും ജീവിതത്തിൽ പ്രത്യാശയും കരുതലും ഉളവാക്കണം. ലൗകീകമായ ഭാഗ്യം ഏതു സമയത്തും നശിച്ചുപോകാം. എന്നാൽ നമ്മുടെ ചിന്തകളിലും പ്രവർത്തികളിലും കളങ്കമില്ലാതെ, ശിശുക്കളെപ്പോലെ ജീവിച്ചാൽ ദൈവത്തിന്റെ മുമ്പിൽ നാം ഭാഗ്യമുള്ളവരാണ്. ആ ജീവിതത്തിന്റെ അടിസ്ഥാനം, യഹോവയുടെ ന്യായപ്രമാണം അനുസരിച്ച് ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യേണം. സങ്കീർത്തനങ്ങൾ 1:2 ൽ 'യഹോവയുടെ ന്യായപ്രമാണത്തിൽ സന്തോഷിച്ച്, ന്യായപ്രമാണത്തെ രാവും പകലും ധ്യാനിക്കുന്നവൻ ഭാഗ്യവാൻ' എന്നു പറയുന്നു. 'യഹോവയുടെ കല്പനയിൽ തന്നെ രസിച്ചു കൊൾക' എന്നും വചനം പ്രബോധിപ്പിക്കുന്നു. നമുക്ക് ദൈവത്തിന്റെ കല്പനകൾ പൂർണ്ണമായി അനുസരിക്കാൻ കഴിയുന്നുണ്ടോ? കഴിയണമെങ്കിൽ കല്പനകളെ ധ്യാനിക്കേണം, ധ്യാനത്തിങ്കൽ പരിശുദ്ധാത്മാവിന്റെ നിറവിൽ മാത്രമേ അത് പ്രവർത്തിക്കാൻ കഴിയു. ദൈവത്തെ പ്രസാദിപ്പിച്ച് കൃപയും കരുണയും നേടിയെടുക്കാൻ ദൈവസന്നിധിയിൽ നമ്മെതന്നെ സമർപ്പിക്കണം. അത് പൂർണ്ണ ഹൃദയത്തോടും പൂർണ്ണ ആത്മാവോടും പൂർണ്ണ ശക്തിയോടും പൂർണ്ണ മനസ്സോടും കൂടി വേണം. പരിപൂർണ്ണഹൃദയത്തോടെ കൂടി ദൈവത്തെ സ്തുതിച്ചാൽ മാത്രമേ നമ്മളിൽ പ്രവർത്തിക്കാൻ കഴിയുകയുള്ളു. പരിപൂർണ്ണ വിശ്വാസം ഉണ്ടായാൽ മാത്രമേ പൂർണ്ണഹൃദയത്തോടെ ദൈവത്തെ സ്തുതിക്കാനും സ്തോത്രം ചെയ്യാനും കഴിയൂ. അതിനാണ് എല്ലാ യാമപ്രാർത്ഥനയിലും വിശ്വാസപ്രമാണം ചൊല്ലി നമ്മുടെ വിശ്വാസം ഉറപ്പിക്കുന്നത്. നമ്മുടെ വിശ്വാസത്തെ ഒരു ദിവസം പല തവണ സാത്താൻ ദൈവത്തോട് പരാതി പറയുമ്പോൾ, അവിടെയെല്ലാം നമ്മുടെ യാമപ്രാർത്ഥനകളും വിശ്വാസപ്രമാണവും നമ്മുടെ വിശ്വാസത്തെ കൂടുതൽ ഉറപ്പിച്ച് ദൈവത്തിന്റെ മക്കളായി ജീവിക്കുവാൻ സാധിക്കുന്നു. ഇത്രയും വിശ്വാസം നമ്മളിൽ വളരണമെങ്കിൽ ദൈവത്തെ അത്രമാത്രം സ്നേഹിക്കണം. ദൈവത്തെ അത്രമാത്രം സ്നേഹിക്കണമെങ്കിൽ ദൈവസ്നേഹം എന്താണ് എന്നറിയണം. ദൈവസ്നേഹം അറിയാൻ നമുക്കുവേണ്ടി കർത്താവ് എന്തു ചെയ്തു എന്നറിഞ്ഞ് ആ സ്നേഹത്തെ തിരിച്ചറിഞ്ഞ് പ്രതികരിക്കണം. ഏദനിൽ ആദാമിനും ഹവ്വായ്ക്കും ആ സ്നേഹത്തെ തിരിച്ചറിയാൻ കഴിയാതെ പോയി, അങ്ങനെ അവരുടെ വിശ്വാസം നഷ്ടപ്പെട്ട്, സാത്താനിൽ വിശ്വസിച്ച് കല്പന ലംഘിച്ചു. എന്നാൽ ഈ കൃപയുഗത്തിൽ ദാനമായി സർവ്വകൃപകളും കൃപയ്ക്കുമേൽ കൃപയും കരുണയും പ്രദാനം ചെയ്യുകയും പാപികളെയും ദോഷികളെയും തന്റെ തിരുശരീരരക്തത്താൽ പാതാളത്തിൽ നിന്ന് വീണ്ടെടുക്കുകയും രക്ഷയുടെ പാതയിൽ എത്തിക്കുകയും ചെയ്തു. രാവും പകലും ദൈവത്തിന്റെ കല്പനകളെ ഇഷ്ടപ്പെട്ട് അതിൽ തന്നെ രസിച്ച്, സന്തോഷിച്ച്, ധ്യാനിച്ച് അനുസരിച്ച് നടക്കാം. നമ്മുടെ നടപ്പിലും പ്രവർത്തിയിലും ക്രിസ്തീയജീവിതത്തിന്റെ നല്ല മാതൃകയും അത് അനേർക്ക് പ്രചോദനം നൽകപ്പെടുന്നു. സ്വർഗ്ഗീയ ഭാഗ്യാവസ്ഥയ്ക്കായി സകലവും ദൈവത്തിൽ സമർപ്പിച്ച്, ദൈവത്തിന്റെ ആലോചനയ്ക്കായി കാത്തിരുന്ന്, ശിശുക്കളെപ്പോലെ നിഷ്കളങ്കരായി, ആ ഭാഗ്യാവസ്ഥയെ കാത്തിരിക്കാം.

**1st January 2016 / Friday** **68th day of 90 days**

**സങ്കീർത്തനങ്ങൾ 119:10**

**'ഞാൻ പൂർണ്ണഹൃദയത്തോടെ നിന്നെ അന്വേഷിക്കുന്നു. നിന്റെ കല്പനകളെ വിട്ടു നടപ്പാൻ എനിക്കു ഇടവരരുത്.'**

**സത്യവിശ്വാസികൾ തങ്ങളുടെ ദൈവത്തെ അന്വേഷിക്കേണ്ടത് പൂർണ്ണഹൃദയത്തോടെ ആയിരിക്കണം. നമ്മുടെ ഹൃദയം ഇരിക്കുന്നത് നമ്മുടെ നിക്ഷേപം ഇരിക്കുന്നയിടത്താണ്. സ്വർഗ്ഗത്തിലെ നിക്ഷേപം വർദ്ധിപ്പിക്കാനാണ് കർത്താവ് നമ്മെ പഠിപ്പിച്ചത്. സമ്പത്തും ധനവും വിററ് ദരിദ്രർക്ക് കൊടുത്ത് സ്വർഗ്ഗത്തിലെ നിക്ഷേപം വർദ്ധിപ്പിക്കണം. ആദ്യം സ്വർഗ്ഗരാജ്യം നേടിയെടുത്താൽ നമുക്ക് ആവശ്യമുള്ളത് നമ്മെ തേടി വരുന്നു. ഓരോ വിശ്വാസികളുടെയും പരമമായ ലക്ഷ്യം സ്വർഗ്ഗരാജ്യം അവകാശമാക്കുക എന്നതാണ്. നാം പൂർണ്ണഹൃദയത്തോടെ ദൈവത്തെ അന്വേഷിക്കുമ്പോൾ, ദൈവത്തിന്റെ കല്പനകൾ വിട്ടു നടക്കാനോ ചിന്തിക്കാനോ പ്രവർത്തിക്കാനോ കഴിയുകയില്ല. കാരണം ദൈവമക്കളും ദൈവവുമായിട്ടുള്ള ബന്ധത്തിന്റെ അടിസ്ഥാനം ദൈവത്തിന്റെ കല്പനകളും അത് അനുസരിക്കുന്ന വിധമാണ്. ദൈവത്തിന് നമ്മോട് പ്രീതി തോന്നി അനുഗ്രഹിക്കണമെങ്കിൽ ദൈവത്തിന്റെ കല്പനയിൽ നമ്മുടെ പ്രതികരണവും മനോഭാവവും നോക്കിയാണ്. ദൈവത്തിന്റെ സന്നിധിയിൽ ഒരു നിമിഷംപോലും അന്യപ്പെട്ട് ജീവിക്കാൻ ആഗ്രഹിക്കാതെ ജീവിതത്തിലെ സുഖദുഃഖകാലങ്ങളിൽ ദൈവത്തോട് ചേർന്നു നിന്നു സന്തോഷത്തോടെ എല്ലാത്തിനും നന്ദി പറഞ്ഞ് ദൈവനാമം മഹത്വപ്പെടുത്തുവാൻ ശ്രമിക്കേണം. നമ്മെ ദിവ്യമായ ചിന്തകളാൽ ധ്യാനിക്കുവാൻ ദൈവത്തിന്റെ വചനത്തിന് കഴിയുന്നു. ആയതിനാൽ നാം കഴിയുന്ന വിധത്തിൽ നിത്യവും സത്യമായ / ജീവനുള്ള വചനത്തെ ധ്യാനിച്ച് ദൈവത്തിന്റെ പദ്ധതിയുടെ മറഞ്ഞുകിടക്കുന്ന മർമ്മങ്ങളെ കണ്ടെത്തി അതിന്റെ പരിപൂർണ്ണതയ്ക്കുവേണ്ടി, ദൈവം തന്ന താലന്തുകളും കഴിവു ഉപയോഗിച്ച് ജന്മസാഫല്യം അണയുവാൻ ശ്രമിക്കേണം. ഇന്ന് ദൈവത്തെ അന്വേഷിക്കുന്ന നമ്മുടെ ശൈലി ആത്മീയമാണോ എന്ന് ചിന്തിക്കേണം. ആപത്തും അപകടവും കഷ്ടതകളും നമ്മുടെ പ്രശ്നങ്ങളായി മാറുമ്പോൾ നാം ദൈവത്തെ അന്വേഷിക്കുകയും അപേക്ഷ സമർപ്പിക്കുകയും ചെയ്യുന്നു. എന്നാൽ ദൈവത്തിൽ നമ്മുടെ ആവശ്യങ്ങളിൽ മാത്രം ആശ്രയിക്കുകയും വെറും കാവൽക്കാരനായും നമ്മെ അനുസരിക്കുന്ന ഒരു വ്യക്തിയായും ദൈവത്തെ കാണുന്നത് ആത്മീയജീവിതത്തിന്റെ ഉന്നതിയ്ക്കു യോജിച്ചതല്ല. ദൈവത്തിന്റെ കല്പനയിൽ മാത്രം ശ്രദ്ധിച്ച്, ഇഷ്ടപ്പെട്ട്, ആശ്രയിച്ച്, അനുസരിച്ച്, ദൈവത്തിന്റെ സന്നിധിയിൽ ചേർന്നു ജീവിക്കാൻ നമുക്ക് പരിശുദ്ധാത്മാവിനാൽ ആശ്രയിക്കാം.**

**2nd January 2016 / Saturday**    **69th day of 90 days**

**സങ്കീർത്തനങ്ങൾ 119:11**

**'ഞാൻ നിന്നോട് പാപം ചെയ്യാതിരിക്കേണ്ടതിനു നിന്റെ വചനത്തെ ഹൃദയത്തിൽ സംഗ്രഹിക്കുന്നു.'**

സത്യവചനം ഹൃദയത്തിൽ ധ്യാനിച്ച് എപ്പോഴും ദൈവത്തെ ആരാധിക്കാനും സ്തുതിക്കാനും സ്തോത്രം ചെയ്യാനും കഴിയണം. അല്ലാത്തപക്ഷം നാം ധ്യാനിക്കാത്ത അവസരങ്ങൾ ശ്രദ്ധിച്ചിരിക്കുന്ന ദുഷ്ടശക്തികൾ നമ്മെ പാപത്തിലേക്ക് വീഴ്ത്താൻ തക്കം പാർത്തിരിക്കുന്നു. യാമപ്രാർത്ഥനകൾ, ആരാധനകൾ, ധ്യാനങ്ങൾ എന്നിവ ഇല്ലാത്ത ജീവിതനിമിഷങ്ങൾ പാപം ചെയ്യാനും അങ്ങനെ നമ്മുടെ ജീവനെ / പ്രാണനെ സാത്താന്റെ അവകാശത്തിൽ അകപ്പെട്ട് പാതാളത്തിൻ കാരാഗൃഹത്തിൽ ബന്ധിക്കപ്പെടാനും സാധ്യതയുണ്ട്. സാധാരണ മനുഷ്യർക്ക് ഈ ലോകത്തിൽ എപ്പോഴും ദൈവത്തെ സ്തുതിക്കാനും സ്തോത്രം ചെയ്യാനും കഴിയണമെന്നില്ല. നമ്മുടെ ശരീരത്തിന് എപ്പോഴും ദൈവത്തെ ആരാധിക്കുന്നതിന് പരിമിതികൾ ഉണ്ട്, എന്നാൽ നമ്മുടെ ജീവൻ / പ്രാണൻ – അതിന് എപ്പോഴും ദൈവത്തെ ആരാധിക്കാനും സ്തുതിക്കാനും സ്തോത്രം ചെയ്യാനും കഴിയും. പക്ഷേ യേശുവിന്റെ ഉള്ളിലുള്ള പ്രാണനു മാത്രമേ നമുക്കുവേണ്ടി ഈ വേലകൾ ചെയ്യാൻ കഴിയൂ. അതിനുവേണ്ടി പ്രാണനെ ഒരുക്കിയെടുത്ത്, അതിനെ വിശുദ്ധീകരിച്ച് പിതാവിനെ ഏൽപ്പിച്ച്, ദൈവത്തിന്റെ അരുളപ്പാടിനായി കാത്തിരുന്ന് ലഭിച്ച് പ്രവർത്തിക്കേണം. ദൈവത്തിന്റെ വചനം ഹൃദയത്തിൽ സംഗ്രഹിച്ച്, അത് പ്രയോഗിക്കേണ്ടതായ അവസരങ്ങളിൽ ഉപയോഗിക്കാൻ നമുക്ക് പരിശുദ്ധാത്മാവിന്റെ ആവാസവും ഓർമ്മപ്പെടുത്തലും ആവശ്യമാണ്. ആദ്യമായി നമ്മുടെ ഹൃദയം, സത്യവചനം സംഗ്രഹിക്കുവാൻ വിധം വിശുദ്ധിയുള്ളതാണോ എന്ന് സ്വയപരിശോധന നടത്തി, യാമപ്രാർത്ഥനകൾ സമയത്ത് നടത്തി നമ്മുടെ ദേഹത്തിന്റെയും ദേഹിയുടെയും ഇന്ദ്രീയങ്ങൾ ശുദ്ധീകരിച്ച് ഹൃദയത്തെ കാത്തു സൂക്ഷിക്കേണം. വിശുദ്ധീകരണവും ശക്തീകരണവും പ്രാപിച്ച് ഹൃദയത്തിൽ സത്യവചനം സംഗ്രഹിക്കാൻ നാം ശ്രമിക്കേണം. സത്യവചനം ധ്യാനിക്കുമ്പോൾ അത് അനുഭവമാകണമെങ്കിൽ പരിശുദ്ധാത്മാവിന്റെ നിറവിൽ ആകണം. അങ്ങനെ വചനം നിറഞ്ഞ ഹൃദയത്തിൽ നിന്ന്, ഒരിക്കലും പാപം ചെയ്യാനുള്ള ചിന്തയോ വിചാരമോ ഉണ്ടാകാൻ ഇടയില്ല. പാപത്തിന്റെ ചിന്തകളെ കടിഞ്ഞാണിട്ട് ജീവിതത്തെ നിയന്ത്രിച്ച് ഹൃദയങ്ങളെ ദൈവത്തിൽ സമർപ്പിക്കണം. നമ്മുടെ ആഗ്രഹങ്ങളെയും മോഹങ്ങളെയും എല്ലാം തിരുവചനത്തിന്റെ അടിസ്ഥാനത്തിൽ സ്വയം പരിശോധന നടത്തി, ദൈവീകമായ സൂചനകൾ അനുസരിച്ച് പ്രവർത്തിക്കാൻ നമുക്ക് കഴിയണം. നന്മതിന്മകളെ തിരിച്ചറിഞ്ഞ് ജീവിതപാതയിൽ കൂടുതൽ വിശുദ്ധി കാത്തുസൂക്ഷിക്കാനും അനുഗ്രഹപൂർണ്ണമാക്കണം. ഒരുവന്റെ ഹൃദയം നിറഞ്ഞുകവിയുന്നതാണ് വായ് സംസാരിക്കുന്നതും പ്രവർത്തിക്കുന്നതും. തേൻ നിറഞ്ഞ കൂട് പോലെ വചനം കൊണ്ട് നിറയണം നമ്മുടെ ഹൃദയങ്ങൾ, ആരെല്ലാം എന്തെല്ലാം പറഞ്ഞാലും നമ്മുടെ പ്രതികരണം തേൻപോലെ മാധുര്യമുള്ളതാകണം. ശത്രുക്കൾക്കും ദൈവസ്നേഹത്തിന്റെ സൗരഭ്യം പകർന്നുകൊടുക്കാൻ നമ്മൾക്ക് കഴിയണം. പാപത്തിന്റെ ചിന്തകളെയും വിചാരങ്ങളെയും ഹൃദയത്തിൽ നിന്ന് തുടച്ചുമാററി സകലരെയും ശ്രേഷ്ഠരായി കരുതി, ദൈവത്തിന്റെ മക്കളായി, സകലർക്കും മാതൃകയായി ജീവിക്കുന്നതിന് ദൈവത്തിന്റെ കൃപയും കരുണയും യാചിക്കാം

**3rd January 2016 / Sunday** **70th day of 90 days**

സങ്കീർത്തനങ്ങൾ 119:15

'ഞാൻ നിന്റെ പ്രമാണങ്ങളെ ധ്യാനിക്കുകയും നിന്റെ വഴികളെ സൂക്ഷിക്കുകയും ചെയ്യുന്നു.'

കർത്താവിന്റെ പ്രമാണങ്ങളെ മനസ്സിലാക്കണമെങ്കിൽ ധ്യാനിക്കേണം എന്ന് വചനം പറയുമ്പോൾ, കർത്താവ് തന്ന കല്പനകൾ എല്ലാം അറിയാമെങ്കിലും അതിന്റെ വിശദീകരണം മനസ്സിലാക്കി നമ്മുടെ ഓരോ ദിവസത്തെ ജീവിതരീതി കർത്താവിന്റെ കല്പനകൾക്ക് അനുസൃതമാകണം. ഓരോ കല്പനകളുടെ വിശദീകരണം പൂർണ്ണമായി മനസ്സിലാക്കിയാൽ മാത്രമേ നമ്മുടെ വഴികളെ സൂക്ഷിച്ച് ജീവിതത്തെ നിയന്ത്രിക്കാൻ കഴിയൂ. നമ്മുടെ ജീവിതപാതയിൽ നാം വഴികൾ മാറി സഞ്ചരിക്കുന്നുണ്ടെങ്കിൽ, കാരണം നമ്മൾ തന്നെയാണ്. നമ്മുടെ ആരാധനജീവിതത്തിന്റെയും ധ്യാനത്തിന്റെയും അഭാവമാണ്. 'ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു' എന്നു അരുളിച്ചെയ്ത കർത്താവിന്റെ കല്പനകളെ ധ്യാനിച്ച് ജീവിതത്തിൽ നടപ്പിലാക്കിയാൽ നാം എപ്പോഴും ദൈവത്തിന്റെ കൂടെ തന്നെ സഞ്ചരിച്ച് ദൈവനാമം മഹത്വപ്പെടുത്താൻ കഴിയും. പഴയനിയമ കല്പനകളുടെ വിശദകരണം യേശു തന്റെ മൂന്നര വർഷക്കാലത്തെ സുവിശേഷ സമയത്ത് വ്യക്തമാക്കി തന്നിരിക്കുന്നു. അതിന്റെ വിശദീകരണവും സാഹചര്യവും വളരെ ആഴത്തിൽ തന്നെ പ്രതിപാദിക്കുന്നത് യേശുവിന്റെ ശിഷ്യന്മാരുടെ ലേഖനങ്ങളിൽ കാണാവുന്നതാണ്. പൗലൊസ് ശ്ലീഹായുടെ ലേഖനങ്ങളിൽ വളരെ ലളിതമായി കർത്താവിന്റെ കല്പനകളുടെ വിശദീകരണം ജീവിതത്തിൽ നടപ്പാക്കുന്നത് ദർശിക്കാൻ കഴിയുന്നു. വിഗ്രഹങ്ങളെ ആരാധിക്കരുത് എന്ന കല്പനയുടെ വിശദീകരണം അറിയുമ്പോൾ നാം ആ കല്പന ലംഘിക്കുന്നതായി തോന്നാം. നമ്മുടെ ചില ഇഷ്ടങ്ങൾ, ആഗ്രഹങ്ങൾ, അത്യാഗ്രഹങ്ങളായി, മോഹങ്ങളായി മാറാം. അത് മനസ്സിനെ വല്ലാതെ അലട്ടുന്നുണ്ടാകാം, അത് നേടിയെടുക്കന്നതിന് പദ്ധതികൾ ചിന്തിക്കുകയും ജീവിതത്തിന്റെ ഏറിയ പങ്കും അതിനായി ചിലവഴിക്കപ്പെടുമ്പോൾ അത് വിഗ്രഹം ആയി മാറുന്നു. ദൈവത്തെയും സത്യവചനത്തെയും ഒഴിവാക്കി നാം സ്വയത്തിൽ ആശ്രയിച്ച് എന്തു ആഗ്രഹിച്ചാലും അത് വിഗ്രഹം ആണ്. സൃഷ്ടാവിനേക്കാൾ അധികമായി സൃഷ്ടികളെ ഇഷ്ടപ്പെട്ടാൽ, മോഹിച്ചാൽ അതും വിഗ്രഹം ആരാധനയ്ക്കു തുല്യമാണ്. ഇതാണ് കൃപായുഗത്തിലെ വിഗ്രഹം ആരാധന. ദൈവത്തിന്റെ കല്പനകളെ / പ്രമാണങ്ങളെ ധ്യാനിച്ച് പരിശുദ്ധാത്മാവിന്റെ പഠിപ്പിക്കലും ഉപദേശം കൂടി ലഭിച്ചാൽ മാത്രമേ നന്മതിന്മകളുടെ ആഴവും അർത്ഥവും മനസ്സിലാക്കി ജീവിതത്തെ ക്രമപ്പെടുത്താൻ സാധിക്കൂ. അതിനുവേണ്ടി ഹൃദയങ്ങളെ വിശുദ്ധികരിച്ച്, വചനത്തിന്റെ വിത്തുകൾ വിതയ്ക്കാൻ പാകമായ നിലങ്ങളാക്കി മാററി, സത്യവചനത്തെ പരിശുദ്ധാത്മാവിന്റെ സഹായത്താൽ വിതയ്ക്കണം. അത് കള്ളനും ദുഷ്ടന്മാരും കൊണ്ടുപോകാതെ കാത്തുസൂക്ഷിച്ച് പരിപാലിക്കുന്നതിന് ദൈവത്തിന്റെ കരുണയും കൃപയും ലഭിക്കട്ടെയെന്നു ആശംസിക്കുന്നു. വചനിപ്പിനുശേഷം വിശുദ്ധ കന്യകമറിയം യേശുകുഞ്ഞിനെ ഗർഭത്തിൽ വളർത്തിയതും പ്രസവിച്ചതും വളർത്തിയതും എല്ലാം ദൈവത്തിന്റെ കരുണയും കൃപയും അനുഗ്രഹവും കൊണ്ടു മാത്രമാണ്.

**3rd January 2016 / Monday** **71st day of 90 days**

**സങ്കീർത്തനങ്ങൾ 119:18**

**'നിന്റെ ന്യായപ്രമാണത്തിലെ അത്ഭുതങ്ങളെ കാണേണ്ടതിന് എന്റെ കണ്ണുകളെ തുറക്കേണമേ.'**

ദൈവത്തിന്റെ ന്യായപ്രമാണത്തിലും കല്പനയിലും അത്ഭുതങ്ങൾ മറഞ്ഞിരിക്കുന്നു. മറഞ്ഞിരിക്കുന്ന മർമ്മങ്ങളെ ധ്യാനിച്ച് കണ്ടെത്തി നമ്മുടെ ജീവിതത്തിൽ പ്രായോഗികമാക്കുവാൻ നാം ദൈവസന്നിധിയിൽ മൗനമായിരുന്ന് ദൈവത്തെ സ്തുതിക്കുകയും ദൈവത്തിന്റെ അരുളപ്പാടിനായി കാത്തിരിക്കുകയും ചെയ്യേണം. ന്യായപ്രമാണത്തിൽ ദൈവത്തിന്റെ മറഞ്ഞിരിക്കുന്ന അത്ഭുതങ്ങൾ എങ്ങനെ കാണാൻ സാധിക്കും? അത് കാണുന്നതിന് നമ്മുടെ കണ്ണുകൾ ദൈവത്തിന്റെ കണ്ണുകൾപോലെ ആയിതീരണം. അതിനുവേണ്ടി നാം ദൈവത്തിന്റെ ഉള്ളിൽ ആകണം. നമ്മുടെ ശരീരിത്തിന് ഈ രൂപത്തിൽ ദൈവത്തിന്റെ ഉള്ളിൽ ആകുവാൻ കഴിയത്തില്ല. നമ്മുടെ പ്രാണൻ / ജീവൻ / ദേഹിയ്ക്കു മാത്രമേ ഇപ്പോൾ ദൈവത്തിന്റെ ഉള്ളിൽ എത്തിച്ചേരുവാൻ കഴിയു. ആ ദേഹിയ്ക്കു മാത്രമേ കർത്താവ് ചിന്തിക്കുന്നതുപോലെ ചിന്തിക്കാനും പ്രവർത്തിക്കാനും കാണാനും കഴിയുന്നത്. അപ്പോൾ മാത്രമേ കർത്താവിന്റെ കല്പനകളിലെയും ന്യായപ്രമാണത്തിലെയും അത്ഭുതങ്ങളെയും കാണാനും അത് മററുള്ളവർക്ക് കാണിച്ചുകൊടുക്കാനും നമുക്ക് ഒരോരുത്തർക്കും കഴിയണം. യേശു നമ്മുടെ മണവാളനാണ്, നാം മണവാട്ടിയും ആണ്. യേശു തന്റെ മണവാട്ടിയെ ഒരുക്കിയെടുക്കുന്നതിനായി പിതാവിന്റെ വലതുഭാഗത്തിരുന്ന് മദ്ധ്യസ്ഥത വഹിച്ച് സാത്താനെയും അവന്റെ തന്ത്രങ്ങളെയും എതിരിടാനും തോൽപ്പിക്കാനും നമ്മെ സഹായിക്കുകയും ചെയ്യുന്നു. സർവ്വായുധവർഗ്ഗം നേടിയെടുത്ത് കർത്താവിനോട് ചേർന്ന് പ്രവർത്തിച്ച് ജന്മസാഫല്യം അണയാൻ സാധിക്കേണം. കർത്താവ് തന്റെ മക്കൾക്കായി കരുതിയിരിക്കുന്ന അനുഗ്രഹങ്ങൾ കാണാനോ കേൾക്കാനോ ഗ്രഹിക്കാനോ കഴിയുകയില്ലായെന്നു വചനം ഘോഷിക്കുന്നു. കർത്താവിനോട് ചോദിച്ച് പറഞ്ഞു കേട്ടും കല്പനകൾ / പ്രമാണങ്ങൾ അനുസരിച്ച് ഓരോ ദിവസത്തെ പ്രാണനെ / ജീവനെ യേശുവിന്റെ ഉള്ളിൽ എത്തിക്കാൻ ആഗ്രഹിച്ച് ഓരോ ദിവസത്തെ ജീവിതത്തെ നാം ക്രമികരിക്കണം. ഈ ലോകജീവിതത്തിലെ കഷ്ടങ്ങളും പ്രയാസങ്ങളും ദുഃഖങ്ങളും സന്തോഷത്തോടെ സഹിക്കുന്നതിനും വഹിക്കുന്നതിനും ദൈവസ്നേഹത്തിന്റെ മാഹാത്മ്യം തിരിച്ചറിയണം. ദൈവകല്പനയിൽ ആ സ്നേഹത്തിന്റെ മർമ്മം മറഞ്ഞിരിക്കുന്നു. കല്പനകൾ അനുസരിക്കാനും ജീവിതത്തിൽ പ്രായോഗിക തലത്തിൽ എത്തിക്കാനുള്ള പ്രയാസമാണ്. എന്നാൽ ദൈവത്തിന്റെ കരുണയും കൃപയും ലഭിക്കുന്ന പക്ഷം നമുക്ക് അതെല്ലാം വളരെ ലളിതമായി തോന്നും. മണവാളനുവേണ്ടി മണവാട്ടി സഹിക്കുന്ന വേദനകൾക്ക്, അന്ന് രണ്ടാം വരവിങ്കൽ മദ്ധ്യാകാശത്തിൽ എഴുന്നുള്ള യേശുവിനെ സ്വീകരിക്കുന്ന നിമിഷം മുതൽ ആരംഭിക്കുന്ന സന്തോഷത്തിനും സമാധാനത്തിനും അവസാനമുണ്ടാകില്ല. നിത്യരാജ്യത്തിലെ സന്തോഷവും സമാധാനവും ആണ്. അത് നേടിയെടുക്കാൻ ദൈവത്തിന്റെ കല്പനകളെ ദൈവത്തിന്റെ കണ്ണിലൂടെ കാണാനും അതിന്റെ മർമ്മം കണ്ടിട്ട് മററുള്ളവർക്ക് മനസ്സിലാക്കി കൊടുക്കാനും നമുക്ക് ഓരോരുത്തർക്കും കഴിയണം.

**5th January 2016 / Tuesday** **72nd day of 90 days**

**സങ്കീർത്തനങ്ങൾ 119:25**

**‘ എന്റെ പ്രാണൻ പൊടിയോട് പററിയിരിക്കുന്നു, തിരുവചനപ്രകാരം എന്നെ ജീവിപ്പിക്കണമേ.’**

**വിശ്വാസികളുടെ ജീവൻ / പ്രാണൻ മണ്ണിനോട് / പൊടിയോട് ചേരുന്ന സമയം ഉണ്ട്. ഈ ലോകത്തിൽ നിന്ന് വാങ്ങിപ്പോയവരുടെ ശരീരം മണ്ണിൽ ചേരുന്ന കാര്യമല്ല, അത് ഭൗതികമായ പ്രതിഭാസം. എന്നാൽ ആത്മീയമായ മരണം സംഭവിച്ച് മണ്ണിൽ ചേരുന്ന മഹാസംഭവമാണ് ഇവിടെ പ്രതിപാദിക്കുന്ന അദൃശ്യകാര്യം. സാത്താന്റെ തന്ത്രങ്ങൾക്ക് അടിമപ്പെട്ട്, നമ്മളിൽ ഉറങ്ങി കിടക്കുന്ന മോഹങ്ങളെയും അത്യാഗ്രഹങ്ങളെയും ഉണർത്തിച്ച് അത് നേടിയെടുക്കാനായി നാം പരിശ്രമിക്കുമ്പോൾ സ്വയത്തിൽ ആശ്രയിച്ച് ദൈവത്തിന്റെ കല്പനകൾക്ക് വിപരീതമായി പ്രവർത്തിക്കുമ്പോൾ ആ സമയത്തെ നമ്മുടെ ബോധവിചാരഹൃദയങ്ങൾ എല്ലാം കൂടി / പ്രാണൻ / ജീവൻ നമ്മളിൽ നിന്ന് നഷ്ടമായി പാതാളത്തിലെ കാരാഗൃഹത്തിൽ എത്തിച്ചേരുകയും സാത്താന്റെ അവകാശത്തിൽ അടിമയാകുകയും ചെയ്യുന്നു. ഇങ്ങനെ സംഭവിക്കുന്നത് തിരിച്ചറിയാൻ സാധാരണ ജീവിതരീതികൊണ്ട് സാധിക്കുകയില്ല. ആരാധനജീവിതവും ധ്യാനവും യാമപ്രാർത്ഥനകളും എല്ലാം കൃത്യസമയത്ത് പൂർത്തികരിക്കാനും ദൈവത്തിന്റെ കല്പനകളെ സന്തോഷത്തോടെ സ്വീകരിച്ച് ജീവിതത്തിൽ പ്രായോഗികമാക്കാനും കഴിയണം. ഒരു കല്പന ലംഘനം മൂലം മരിക്കുന്ന നമ്മുടെ ജീവന്റെ അംശം സാത്താന്റെ അവകാശത്തിൽ പാതാളത്തിൽ പോകുമ്പോഴും ശേഷിക്കുന്ന പ്രാണൻ / ജീവൻ യേശുവിന്റെ ഉള്ളിൽ നമുക്കുവേണ്ടി അപേക്ഷിക്കുകയും അതേസമയം നാം അനുതപിച്ച് പാപങ്ങൾ ഏററുപറഞ്ഞ് കർത്താവിന്റെ തിരുശരീരരക്തങ്ങൾ അനുഭവിച്ച് പാപമോചനം നേടി, പാതാളത്തിൽ നിന്ന് മരിച്ച നമ്മുടെ പ്രാണനെ, ദൈവത്തിന്റെ വചനപ്രകാരം ജീവിപ്പിക്കുന്നു. ദൈവത്തിന്റെ വചനത്തിന് മരിച്ചവരെ ഉയിർപ്പിക്കാൻ കഴിയുന്നു. കബറിൽ നിന്ന് ഉയിർത്തെഴുന്നേററിട്ട് പാതാളത്തിൽ പോയി സുവിശേഷം അറിയിച്ച് ആദ്യമാതാപിതാവിനെയും വിശ്വാസികളായ മററുള്ളവരെയും പാപത്തിന്റെ അടിമത്വത്തിൽ നിന്ന് രക്ഷിച്ചത് കർത്താവിന്റ ജീവനുള്ള ശബ്ദമാണ്. അങ്ങനെ അവർക്കെല്ലാം സ്വർഗ്ഗരാജ്യത്തിന്റെ / പറുദീസായുടെ അനുഭവം കൊടുത്തു. ദൈവത്തിന്റെ ആലോചന കൂടാതെ, ആരാധനയും ധ്യാനവും പ്രാർത്ഥനയും ഒന്നുമില്ലാതെ സ്വയത്തിൽ ആശ്രയിച്ച് നാം എന്തു ചെയ്താലും അത് എത്ര സന്തോഷം നൽകിയാലും സമാധാനം ലഭിച്ചാലും നമ്മുടെ പ്രാണൻ പാതാളത്തിൽ എത്തിയിരിക്കും. ആയതിനാൽ നമ്മുടെ ഓരോ ദിവസത്തെ എല്ലാ കാര്യങ്ങളും ദൈവത്തോട് ചോദിച്ച് ഉത്തരം ലഭിച്ച് അല്പം പ്രയാസമുണ്ടായാലും വിഷമിച്ചാലും അത് ചെയ്തു തുടങ്ങുമ്പോൾ കർത്താവ് തന്റെ ദൂതന്മാരെ അയച്ച് നമ്മെ സഹായിക്കും. ഗദ്സമന തോട്ടത്തിൽ യേശുവിനെ സഹായിക്കാൻ മാലാഖ വന്നതുപോലെ പൊടിയോട് ചേർന്ന നമ്മുടെ പ്രാണനെ രക്ഷിക്കാൻ കർത്താവ് നമ്മെ സഹായിക്കും. സകലതും ദൈവത്തോട് ചോദിച്ച് ചെയ്യുവാൻ ആഗ്രഹിച്ച് ജീവിതത്തെ ക്രമികരിക്കുക.**

**7th January 2016 / Thursday**

**74th day of 90 days**

**സങ്കീർത്തനങ്ങൾ 119:38**

**‘ നിന്നോടുള്ള ഭക്തിയെ വർദ്ധിപ്പിക്കുന്നതായ നിന്റെ വചനത്തെ അടിയനു നിവർത്തിക്കേണമേ.’**

**തിരുവചനം ധ്യാനിക്കേണ്ടതായ ആവശ്യകത വെളിപ്പെടുത്തുന്നതാണ് ഈ സത്യവചനം. യഹോവഭക്തി ജ്ഞാനത്തിന്റെ ആരംഭമാകുന്നു. ഭൗതികവും ആത്മീയവുമായ ജ്ഞാനം ലഭിക്കണമെങ്കിൽ സത്യവചനത്തെ പരിശുദ്ധാത്മാവിന്റെ നിറവിൽ ധ്യാനിച്ച് ആന്തരികഅർത്ഥത്തെ ഉൾക്കൊള്ളണം. സ്വയത്തിൽ ആശ്രയിച്ചുകൊണ്ട് സത്യവചനത്തെ സ്വന്തമാക്കി ധ്യാനിക്കാമെന്നു ചിന്തിക്കാതെ ദൈവത്തിന്റെ കൃപയിൽ / കരുണയിൽ കൂടി അതിനെ സമീപിക്കാൻ ആഗ്രഹിക്കണം. ദൈവത്തിൽ നിന്ന് അകലുമ്പോൾ, സത്യവചനത്തിൽ നിന്ന് മാറുമ്പോൾ ആത്മീയജ്ഞാനം കുറയുകയും ലോകപരമായ സുഖത്തിനും സൗകര്യത്തിനുമായി മററു പലതുമായി / ദൈവീകമല്ലാത്തവയുമായി അടുത്ത ബന്ധം പുലർത്തേണ്ടതായും വരുന്നു. അപ്പോൾ ജ്ഞാനം ലഭിക്കാതെ, സ്വയത്തിൽ ആശ്രയിച്ച് നമ്മുടെ താൽപര്യത്തിൽ ഓരോന്നു ചെയ്യുമ്പോൾ, ദൈവത്തിന്റെ കല്പനകളെയും പ്രമാണങ്ങളെയും പദ്ധതികളെയും നാം അവഗണിക്കുകയാണ്. ജീവനുള്ള വചനം സത്യദൈവത്തിന്റെ കല്പനകളും പ്രമാണങ്ങളും ആണ്. അവ നമ്മളിൽ / ഹൃദയങ്ങളിൽ നിവൃത്തിയാകണമെങ്കിൽ നാം ശുദ്ധീകരണം പ്രാപിച്ച് ശക്തീകരണം നേടി സത്യവചനമായ ദൈവത്തെ സ്വീകരിക്കാൻ തയ്യാറാവണം. വചനമാകുന്ന ദൈവത്തെ നമ്മുടെ ഹൃദയത്തിൽ നിറയ്ക്കുവാൻ നാം ദൈവത്തോളം വളരണം. യേശുവിനോളം വളരണം, യേശുവിനെപ്പോലെ ആകണം, യേശുവിന്റെ ഉള്ളിൽ അദൃശ്യമായി ഇരുന്ന് ആത്മീയവേലകൾ ചെയ്യാനും നമ്മുടെ ദേഹിയ്ക്കും ആത്മാവിനും കഴിയുന്നു. സർവ്വസൃഷ്ടിയായ ദൈവത്തിന്റെ അടുത്ത് എത്തി അനുഗ്രഹങ്ങൾ പ്രാപിക്കാൻ സത്യവചനത്തെ നാം മനസ്സിലാക്കി, ആ വചനം തെളിയിക്കുന്ന വെളിച്ചത്തിലൂടെ സഞ്ചരിച്ച് വചനത്തിന്റെ മർമ്മങ്ങൾ ആഴത്തിൽ അറിഞ്ഞ്, പരിശുദ്ധാത്മാവിന്റെ നടത്തിപ്പിൽ എല്ലാത്തിനെയും വിവേചിച്ച്, നന്മതിന്മകളെ തിരിച്ചറിഞ്ഞ്, നിത്യസമാധാനത്തിനും ശാന്തിയ്ക്കും സന്തോഷത്തിനും വേണ്ടി പരിശ്രമിക്കേണം. ഈ ലോകവും അതിന്റെ സകലവും ദുഷ്ടന്റെ അധികാരത്തിൽ കിടക്കുമ്പോൾ, ദൈവത്തിന്റെ മക്കൾക്കും, മക്കളായി ആഗ്രഹിച്ച് ജീവിക്കുന്നവർക്കും എല്ലാവിധത്തിലുമുള്ള കഷ്ടതകളും പ്രയാസങ്ങളും വിഷമങ്ങളും ഉണ്ടാകും. കാരണം നീതിന്മാന്റെ അനർത്ഥങ്ങൾ അസംഖ്യമാണ്, എന്നാൽ യഹോവ എല്ലാററിലും നിന്ന് അവനെ വിടുവിക്കും. ആയതിനാൽ ദൈവമക്കൾ തിരുവചനത്തെ തിരുവചനത്തെ മുറുകെപിടിച്ച് ധ്യാനിച്ച്, യഹോവഭക്തി വർദ്ധിപ്പിക്കാൻ ശ്രമിക്കേണം. കാരണം ഈ ലോകത്തിലെ സകലതും നശിച്ചുപോയാലും വള്ളിയോ പുള്ളിയോ മാഞ്ഞുപോകാതെ എന്ന് ജീവനോട് നിലനിൽക്കുന്നത് സത്യവചനം മാത്രമാണ്. ആ വചനം കൊണ്ട് നമ്മുടെ ഓരോരുത്തരും ഹൃദയം നിറയ്ക്കണം, ഈ ലോകവും നമ്മെ അവഗണിച്ചാലും യേശുവിന്റെ മണവാട്ടിയായി നമുക്ക് നിത്യരാജ്യത്തിൽ രാജ്ഞിയെപ്പോലെ വാഴാൻ ആത്മീകജ്ഞാനം വർദ്ധിപ്പിക്കാൻ യഹോവഭക്തിയെ ആർജ്ജിക്കാം.**

**8th January 2016 / Friday** **75th day of 90 days**

## സങ്കീർത്തനങ്ങൾ 119:105

**‘ നിന്റെ വചനം എന്റെ കാലിനു ദീപവും എന്റെ പാതയ്ക്കു പ്രകാശവും ആകുന്നു.’**

ഈ ലോകത്തിന്റെ അന്ധകാരത്തിൽ നടക്കുമ്പോൾ നമ്മുടെ നയനങ്ങൾക്ക് ദർശിക്കാൻ കഴിയാത്തവിധം അനേക ദുഷ്ടശക്തികളും അവരുടെ തന്ത്രങ്ങളും നമ്മെ ചുററിയിരിക്കുന്നു. ആത്മീയ നയനങ്ങളാൽ മാത്രം കാണാൻ കഴിയുന്ന പാപത്തിന്റെയും ശാപത്തിന്റെയും അവകാശം സാത്താനിൽ ഉള്ളപ്പോൾ, അവൻ നമ്മെ പലവിധത്തിൽ മോഹിപ്പിച്ചും ആകർഷിച്ചും വലയിൽ വീഴ്ത്താനും ശ്രമിക്കുമ്പോൾ നമുക്ക് ആശ്രയിക്കാൻ കഴിയുന്നത് ദൈവത്തിന്റെ ജീവനുള്ള വചനത്തിൽ മാത്രമാണ്. ദുഷ്ടന്മാരുടെ ആലോചനപ്രകാരം നടക്കാതെയും പാപികളുടെ വഴിയിൽ നിൽക്കാതെയും പരിഹാസികളുടെ ഇരിപ്പിടത്തിൽ ഇരിക്കാതെയും ജീവിക്കണമെങ്കിൽ കർത്താവിന്റെ ന്യായപ്രമാണത്തിൽ സന്തോഷിക്കണം, അത് ധ്യാനിച്ച് നമ്മുടെ ജീവിതത്തിന്റെ ഭാഗമാക്കണം. നമ്മുടെ സഞ്ചാരപാതയിൽ കർത്താവിന്റെ വചനത്തോടുകൂടി മുന്നോട്ടുപോയാൽ മാത്രമേ ശരിയായ ദിശയിലാണോ നാം സഞ്ചരിക്കുന്നത് എന്നറിയാൻ കഴിയു. ജീവിതപാതയിൽ നാം മുന്നോട്ട് സഞ്ചരിക്കാൻ കഴിയാതെ, ദിശ അറിയാതെ, തീരുമാനങ്ങൾ എടുക്കാൻ കഴിയാതെ, അനുഗ്രഹങ്ങൾ ലഭിക്കാൻ താമസിക്കുന്നത്, ദൈവവചനത്തിന്റെ അഭാവം മൂലമാണ്. ഈ ലോകത്തിൽ ദൈവമക്കൾക്ക് ജീവിക്കുവാൻ ദൈവത്തിന്റെ പ്രകാശം ആവശ്യമാണ്. കാലിന് ദീപവും പാതയ്ക്കു പ്രകാശവും ആയ കർത്താവിന്റെ വചനം നാം ധ്യാനിക്കേണം. ദൈവമക്കൾ അവരുടെ ആവശ്യങ്ങളുമായി ഒരിക്കലും ദൈവസന്നിധിയിൽ വരരുത്, അതിനുവേണ്ടി സത്യവചനത്തെ ഉപയോഗിക്കരുത്. മറിച്ച് നമ്മെതന്നെ ശുദ്ധീകരിച്ച്, ശക്തീകരണത്തിനായി സമർപ്പിക്കണം. കൂടാതെ, വചനത്തെ ധ്യാനിച്ച് വിശദീകരണം തേടി ഇണവാക്യങ്ങളെ കണ്ടെത്തി, മറഞ്ഞുകിടക്കുന്ന ദൈവത്തിന്റെ പദ്ധതിയുടെ മർമ്മങ്ങളെ കണ്ടെത്തി, അതിന്റെ പരിപൂർണ്ണതയിൽ എത്തിക്കാൻ ശ്രമിക്കേണം. കർത്താവിന്റെ അനേകം പദ്ധതികൾ ഭൂമിയിൽ പൂർത്തീകരിക്കാനുള്ളപ്പോൾ, ദൈവത്തിന്റെ മക്കളായി നാം ഇവിടെ ജീവിക്കുമ്പോൾ നാം ചെയ്തു തീർക്കേണ്ടതായ വേലകൾ, ദൈവത്തിൽ നിന്ന് മനസ്സിലാക്കി, അത് സന്തോഷത്തോടും സ്നേഹത്തോടും കൂടി ചെയ്യാൻ, പരിശുദ്ധാത്മാവിന്റെ നടത്തിപ്പിനായി ആഗ്രഹിച്ച് ജീവിതത്തെ സത്യവചനത്തിന്റെ അടിസ്ഥാനത്തിൽ ക്രമികരിക്കണം. കർത്താവിന്റെ രണ്ടാമത്തെ വരവിനായി കാത്തിരിക്കാനും, മദ്ധ്യാകാശത്തിൽ എത്തുമ്പോൾ, അവിടെ എത്താൻ നാം ആത്മചിറകുകൾ കൈവശപ്പെടുത്തി, വരവും നോക്കി പാർത്തിരിക്കണം. അതിനുവേണ്ടി, ദേഹിയും ആത്മാവും കൂടി ഒരുമിച്ച് ഒരുക്കപ്പെടുന്ന ഓരോ ദിവസത്തെ നമ്മുടെ നന്മകളെയും ശുഭചിന്തകളെയും യാമപ്രാർത്ഥനകളിലൂടെയും ധ്യാനത്തിലൂടെയും ആരാധനയിലൂടെയും പിതാവായ ദൈവത്തിന്റെ അടുക്കൽ എത്തിച്ച്, അവിടെ നിന്ന് പുത്രന്റെ ഉള്ളിലാക്കി, നിത്യസമാധാനത്തിനും സന്തോഷത്തിനും ഇടയാകുംവിധം സത്യതിരുവചന ധ്യാനം നമ്മെ സഹായിക്കട്ടെ.

**9th January 2016 / Saturday** **76th day of 90 days**

**സങ്കീർത്തനങ്ങൾ** 119:116

**‘ ഞാൻ ജീവിച്ചിരിക്കേണ്ടതിനു നിന്റെ വചനം പ്രകാരം എന്നെ താങ്ങേണമേ. എന്റെ പ്രത്യാശയിൽ ഞാൻ ലജ്ജിച്ചുപോകരുതേ.’**

ഈ ലോകത്തിൽ ജീവിക്കുമ്പോൾ പല വിധത്തിൽ നമ്മെ പാപത്തിലും ശാപത്തിലും വീഴ്ത്താൻ സാത്താൻ / ദുഷ്ടൻ ശ്രമിക്കുന്നു. നമ്മുടെ കഷ്ടതയിലും പ്രയാസത്തിലും ദൈവത്തോട് കൂടുതൽ അടുക്കാനും തിരുവചനത്തെ ധ്യാനിച്ച് അനുഗ്രഹങ്ങൾ പ്രാപിക്കാനും ദൈവം സഹായിക്കട്ടെ. ദൈവമക്കൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ / പ്രയാസങ്ങൾ സത്യവചനത്തിന്റെ അടിസ്ഥാനത്തിൽ ധ്യാനിച്ച്, ദൈവത്തിന്റെ പദ്ധതികൾ മനസ്സിലാക്കി പ്രവർത്തിക്കാനും അതിനെയെല്ലാം അതിജീവിച്ച് ദൈവത്തിന്റെ മക്കളായി നാം മാതൃകജീവിതം നയിക്കണം. ജീവിതപാതയിൽ പലവിധമായ പ്രയാസങ്ങൾ ഉണ്ടാകുമ്പോൾ, ക്ഷണിക്കാത്ത അതിഥികളായി ദുഃഖങ്ങൾ, ദുരിതങ്ങൾ, കടന്നുവരുമ്പോൾ, സത്യവചനത്തിന്റെ ബലത്താൽ അതിനെ അതിജീവിക്കാൻ സത്യവചനം കൃത്യസമയത്ത് ഓർക്കുവാനും അത് അനുസരിച്ച് പ്രവർത്തിച്ച് വിജയം കൈവരിക്കാനും ദൈവത്തോട് ചേർന്ന് പ്രവർത്തിക്കാനും സാത്താനെയും കൂട്ടരെയും തോൽപ്പിക്കാനും കഴിയണം. ഈ ലോകത്തിലെ കഷ്ടതകളും പ്രയാസങ്ങളും ദൈവത്തിനുവേണ്ടി സഹിച്ചും വഹിച്ചും നിത്യരാജ്യത്തിന്റെ സമാധാനത്തിനും സന്തോഷത്തിനും വേണ്ടി സ്വയം സമർപ്പിച്ച് ദൈവത്തിന്റെ ഇഷ്ടത്തിനായി, പരിശുദ്ധാത്മാവിന്റെ നടത്തിപ്പിനായി കാത്തിരിക്കേണം. കർത്താവിന്റെ രണ്ടാമത്തെ വരവിൽ നാമും അവനോട് ചേരുന്നതിന് മദ്ധ്യാകാശത്തിലേക്ക് ഉയിർക്കപ്പെടുമെന്നും എന്ന പ്രത്യാശ ഉണ്ടാകണം. ഈ പ്രത്യാശ ഉളവാക്കണമെങ്കിൽ കഷ്ടതകൾ സഹിക്കുകയും വഹിക്കുകയും ചെയ്യേണം. കഷ്ടതകൾ സിദ്ധതയെയും സിദ്ധത പ്രത്യാശയും ഉളവാക്കുന്നു. കഷ്ടതകളില്ലാത്ത ജീവിതം, ക്രിസ്തീയ ജീവിതം പൂർണ്ണമാകില്ല. മനുഷ്യരെ പാപത്തിൽ നിന്നും ശാപത്തിൽ നിന്നും വീണ്ടെടുക്കുവാൻ വേണ്ടി, പിതാവായ ദൈവം തന്റെ ഏകജാതനായ പുത്രനെ ഈ ലോകത്തിലേക്ക് അയച്ച് കഷ്ടതകൾ സഹിച്ചും വഹിച്ചും കുരിശിലേറി മരിച്ച് ഉയിർത്തെഴുന്നേററ്, പിതാവിന്റെ വലതുഭാഗത്തിരുന്ന്, തന്റെ മണവാട്ടി സഭയുടെ വളർച്ച പൂർത്തീകരിക്കുന്നതിനും രണ്ടാം വരവ് വേഗത്തിലാക്കാനും സാത്താനെയും കൂട്ടരെയും തോല്പിക്കാനുമുള്ള വേലയിൽ നമ്മളെയും പങ്കാളിയാക്കി, മദ്ധ്യസ്ഥത വഹിക്കുന്നു. നമ്മുടെ ശരീരം എത്രകാലം ഈ ലോകത്തിൽ ജീവിച്ചു എന്നതിനേക്കാൾ വലുത് ദേഹിയും ആത്മാവും കൂടി ചെയ്യാൻ ഏൽപ്പിച്ച വേലകൾ പൂർത്തീകരിച്ചോ എന്ന് പരിശോധിക്കേണം. സത്യവചനത്തിന്റെ അടിസ്ഥാനത്തിൽ നമ്മുടെ ജീവിതത്തെ പരിശോധിച്ച് മാററം വരുത്തേണ്ടതായ കാര്യങ്ങൾ ശ്രദ്ധിച്ച് മാററം വരുത്തി ദൈവനാമം മഹത്വപ്പെടുവാൻ ഇടയാകണം. കഷ്ടതകളിൽ സന്തോഷിക്കാനും അത് സഹിച്ചും വഹിച്ചും ദൈവത്തോട് ചേർന്നു നിന്ന് പ്രവർത്തിച്ച്, രണ്ടാം വരവ് എത്രയും വേഗത്തിലാക്കാൻ കഴിയണം. കഷ്ടതകളിലൂടെ സിദ്ധതയും പ്രത്യാശയും ലഭിച്ച്, നിത്യരാജ്യത്തിൽ നിത്യജീവനുവേണ്ടി ആഗ്രഹിച്ച് ഓരോ നിമിഷവും അനുഗ്രഹത്തിനായി ജീവിക്കാം.

**10th January 2016 / Sunday**

**77th day of 90 days**

**സങ്കീർത്തനങ്ങൾ 119:148**

**'തിരുവചനം ധ്യാനിക്കേണ്ടതിനു എന്റെ കണ്ണു യാമങ്ങളെ നോക്കിക്കൊണ്ടിരിക്കുന്നു.'**

കർത്താവിന്റെ കല്പനകളെയും പ്രമാണങ്ങളെയും സദാനേരം ധ്യാനിക്കുന്നതുവഴി ദൈവത്തിൽ നിന്ന് ലഭിക്കുന്ന അനുഗ്രഹങ്ങൾ അനുഭവമാകാനും വരും ലോകത്തിലെ നിത്യജീവനുവേണ്ടി പരിശ്രമിക്കുവാനും അതിനായി വരും തലമുറയെ ഒരുക്കിയെടുക്കാനും കഴിയണം. ദിവസവും ഏഴ് യാമങ്ങളിൽ കൂടി പത്ത് പ്രാർത്ഥനകൾ നടത്തി ആന്തരീകവും ബാഹ്യവുമായ പത്ത് ഇന്ദ്രീയങ്ങളെയും ശുദ്ധീകരിക്കാൻ നാം ശ്രമിക്കേണം. യാമപ്രാർത്ഥനകൾ കൃത്യസമയത്ത് ഉത്തരവാദിത്വത്തോടെ അർപ്പിക്കേണ്ടത് ഓരോ വിശ്വാസികളുടെയും കടമയാണ്. എന്നാൽ ഇന്ന് രണ്ടുനേരം – പ്രഭാതവും സന്ധ്യയും – കൃത്യമായി യാമപ്രാർത്ഥനകൾ നടത്തുന്ന കുടുംബങ്ങൾ വിരളമാണ്. തിരക്കു നിറഞ്ഞ നമ്മുടെ ജീവിത സാഹചര്യത്തിൽ മാററിവയ്ക്കാനും തൽക്കാലം വേണ്ടായെന്നും നടത്തിയില്ലെങ്കിൽ പരാതിയില്ലാത്തതുമായ ഏക സംഗതി യാമപ്രാർത്ഥനകളും അതിന്റെ നിശ്ചിത സമയവുമാണ്. എന്നാൽ പരിശുദ്ധാത്മാവിന്റെ നിറവിൽ കുറവുണ്ടാകുന്നത് യാമപ്രാർത്ഥനകളുടെ അഭാവം ആണ്. പ്രാർത്ഥിക്കാൻ കഴിവില്ലാത്തവരും അറിയാൻ കഴിയാത്തവരും തങ്ങളുടെ കഴിവില്ലാഴ്മയും പ്രയാസവും ഏററു പറഞ്ഞ് കർത്താവിനോട് അപേക്ഷിച്ചാൽ മതി, അത് പ്രാർത്ഥനയായും യാചനയായും കർത്താവ് കൈക്കൊള്ളുകയും ചെവിക്കൊള്ളുകയും ചെയ്യും. തിരുവചനം ധ്യാനിക്കുമ്പോൾ അത് ശരിയായ ദിശയിൽ നമുക്ക് മനസ്സിലാകണമെങ്കിൽ പരിശുദ്ധാത്മാവിന്റെ നിറവ് ആവശ്യമാണ്. നമ്മുടെ ഹൃദയത്തിന്റെ ശുദ്ധീകരണവും ശക്തീകരണവും പ്രാപിച്ച് വചനത്തിന്റെ പുതിയ വിത്തുകൾ വിതയ്ക്കാൻ പാകമാകണം. ഈ ലോകജീവിതത്തിൽ ഏതു സമയത്തും നാം അശുദ്ധിയിലും ശാപത്തിലും അകപ്പെടാം. ബാഹ്യമായ ഇന്ദ്രീയങ്ങളെ ശുദ്ധീകരിക്കാൻ സമയം കണ്ടെത്തുന്നതുപോലെ മൂന്ന് മണിക്കൂറുകൾ ഇടവിട്ടുള്ള യാമപ്രാർത്ഥനകളിലൂടെയും ആരാധന, ധ്യാനം എന്നിവയിലൂടെയും ശുദ്ധീകരണം പ്രാപിച്ച് പരിശുദ്ധാത്മാവിന്റെ ആവാസം ഉറപ്പു വരുത്തണം. പരിശുദ്ധാത്മാവിന്റെ നിറവിൽ തിരുവചനത്തെ ധ്യാനിച്ച്, കർത്താവിന്റെ ഇഷ്ടത്തിനായി വളർന്ന്, ദൈവവേലകൾ പൂർത്തീകരിച്ച്, ഓരോ ദിവസത്തെ നമ്മുടെ പ്രാണനെ യേശുവിന്റെ ഉള്ളിലാക്കണം. അങ്ങനെ യേശുവിന്റെ ഉള്ളിലായ നമ്മുടെ പ്രാണനു മാത്രമേ, ദൈവത്തിന്റെ കണ്ണിലൂടെ സകലവും കാണാനും ഗ്രഹിക്കാനും കഴിയൂ. കർത്താവിന്റെ പദ്ധതികൾക്കായി നമ്മെ തന്നെ ദൈവസന്നിധിയിൽ സമർപ്പിക്കാം, തിരുവചനപഠനവും ധ്യാനവും ആരാധനയും യാമപ്രാർത്ഥനകളും കൃത്യസമയത്ത് നടത്തുവാൻ ശീലിക്കേണം. സകലതും ദൈവഹിതപ്രകാരം നമ്മുടെ ജീവിതത്തിൽ നടന്ന്, ദൈവത്തിന്റെ മക്കളായി, നല്ല മാതൃകജീവിതം നയിക്കാൻ ദൈവത്തിന്റെ ദാനമായ കൃപയും കരുണയും ആർജ്ജിക്കാം. തിരുവചനധ്യാനത്തിനായി നയനങ്ങളെ ഒരുക്കി യാമംതോറും കാത്തിരിക്കാം.

**11th January 2016 / Monday** **78th day of 90 days**

**സങ്കീർത്തനങ്ങൾ 119:151**

**' യഹോവേ, നീ സമീപസ്ഥനാകുന്നു. നിന്റെ കല്പനകൾ ഒക്കെയും സത്യം തന്നെ.'**

ഹൃദയം നുറങ്ങിയവർക്ക് യഹോവ സമീപസ്ഥനാണ്. മനുഷ്യബുദ്ധിയും ചിന്തയും യുക്തിയും എല്ലാ വഴി മുട്ടുമ്പോൾ, എല്ലാവരാലും തള്ളപ്പെടുമ്പോൾ, ഹൃദയം നുറുങ്ങി വിങ്ങിപ്പൊട്ടി കരയുമ്പോൾ, നിറഞ്ഞൊഴുകുന്ന കണ്ണുകളോടെ, ഇടറിയ സ്വരത്തിൽ കർത്താവിനെ വിളിച്ച് പ്രാർത്ഥിക്കുമ്പോൾ അവൻ അരികിലുണ്ട്. ലൗകീകവും ആത്മീയവുമായ ഭാഗ്യാവസ്ഥയെ നാം മനസ്സിലാക്കി ദൈവത്തോട് സഹകരിക്കണം, ദരിദ്രർ, ദുഃഖം അനുഭവിക്കുന്നവർ, സൌമതയുള്ളവർ, നീതിക്കു വിശന്നു ദാഹിക്കുന്നവർ, കരുണയുള്ളവർ, ഹൃദയശുദ്ധിയുള്ളവർ, നീതി നിമിത്തം ഉപദ്രവിക്കപ്പെടുന്നവർ എന്നിവർക്ക് യഹോവ സമീപസ്ഥനാണ്. ഇതാണ് ആത്മീയവുമായ ഭാഗ്യാവസ്ഥ. ദൈവത്തെ കൂടുതൽ അനുഭവമാകുവാൻ വേണ്ടിയാണ് നമ്മെ ഈ അവസ്ഥയിൽ കൂടി കടത്തിവിടുന്നത്. ഹൃദയത്തിൽ ദുഃഖത്തിന്റെ തിരമാലകൾ ആഞ്ഞടിക്കുമ്പോൾ, ദൈവത്തിന്റെ വചനവും പരിശുദ്ധാത്മാവിന്റെ ആവാസവും കൂടി നമ്മെ ആശ്വസിപ്പിക്കുന്നു. പരിശുദ്ധാത്മാവിന്റെ നിറവിൽ സത്യവചനം ധ്യാനിക്കുമ്പോൾ, ലഭിക്കുന്ന ആത്മീയസന്തോഷം, ഈ ലോകത്തിൽ നിന്ന് കിട്ടുന്ന സർവ്വവേദനകളെയും അതിജീവിക്കുവാൻ കഴിയുന്നു. അങ്ങനെ സകലരോഗങ്ങളിലും കഷ്ടതകളിലും പ്രയാസത്തിലും യഹോവ സമീപസ്ഥനാകുന്നു. പക്ഷേ നാം അതിനായി തയ്യാറായി ശുദ്ധീകരണം പ്രാപിച്ച് ദൈവത്തിന്റെ അരുളപ്പാടിനായി കാത്തിരിക്കണം. പരിശുദ്ധന്മാരും ശുദ്ധിമതികളും എല്ലാവരും രോഗികൾക്കുവേണ്ടി മദ്ധ്യസ്ഥത അർപ്പിക്കുകയും അവരുടെ രോഗങ്ങളെ ഏറ്റെടുത്ത് സഹിക്കുകയും വഹിക്കുകയും ചെയ്തിരുന്ന സത്യം ആത്മീയനയനങ്ങൾക്ക് മാത്രം ദർശിക്കാൻ കഴിയുന്നതാണ്. പകൽ രോഗികൾക്കും സാധുക്കൾക്കും വേണ്ടി പ്രവർത്തിക്കുകയും രാത്രിയിൽ അവർക്കുവേണ്ടി പ്രാർത്ഥിച്ച് രോഗത്തെ സഹിക്കുകയും വഹിക്കുകയും ചെയ്യുന്നതാണ് അവരുടെ ശീലം. കർത്താവിനുവേണ്ടി അവരുടെ ജീവിതം ശുദ്ധീകരിച്ച് ദൈവീകപദ്ധതിയ്ക്കുവേണ്ടി സമർപ്പിച്ച് ജീവിക്കുന്നു. ആ പിതാക്കന്മാരുടെ തലമുറയിലുള്ള നമ്മുടെ ജീവിതത്തിൽ എന്താണ് വരും തലമുറയ്ക്കു മാതൃകയായി നൽകപ്പെടുന്നത്. ദൈവം സ്നേഹിക്കുന്നവരെ ശിക്ഷിക്കുന്നു, ശാസിക്കുന്നു. അലിവോടെ ശിക്ഷിക്കുന്നു. ഈ ലോകത്തിൽ നമ്മെ ശിക്ഷിക്കുന്നതും ശാസിക്കുന്നതും വരും ലോകത്തിൽ സന്തോഷത്തോടെ ജീവിക്കുന്നതിനാണ്. എന്നാൽ ഈ ലോകത്തിൽ സുഖിച്ചും അമിതമായി സന്തോഷിച്ചും ജീവിക്കുന്നവർ, മറക്കാൻ പാടില്ലാത്തത്, ഈ ലോകവും അതിന്റെ പ്രതാപവും സുഖവും സൗകര്യവും എല്ലാം സാത്താന്റെ അവകാശത്തിലും അധികാരത്തിലും ഉള്ളതാണ്. ആയതിനാൽ ഒരു തരത്തിൽ നാം അവന്റെ അവകാശത്തിലും അധികാരത്തിലും ആയിപ്പോകാം. അതുകൊണ്ട് ആത്മീയസുഖത്തിനും സൗകര്യത്തിനും വേണ്ടി മാത്രം ശ്രമിച്ച്, ദൈവം തരുന്ന എല്ലാം കഷ്ടതകൾ, പ്രയാസങ്ങൾ, വിഷമങ്ങൾ, എല്ലാം ദൈവത്തിന് നമ്മോട് ചേർന്നു പ്രവർത്തിക്കാനും ജീവിക്കാനുമാണ് എന്നു കരുതുക. അങ്ങനെ കത്താവിന്റെ പ്രമാണങ്ങളും കല്പനകളും എല്ലാം സത്യമാണെന്നും ആ സത്യം നമ്മെ സ്വാതന്ത്ര്യം നൽകുകയും ചെയ്യട്ടെ.

**12th January 2016 / Tuesday** **79th day of 90 days**

**സങ്കീർത്തനങ്ങൾ** 119:154

'എന്റെ വ്യവഹാരം നടത്തി എന്നെ വീണ്ടെടുക്കണമേ. നിന്റെ വാഗ്ദാനപ്രകാരം എന്നെ ജീവിപ്പിക്കണമേ.'

സത്യവചനത്തിന്റെ ആഴങ്ങൾ അറിയാനും അത് നമ്മുടെ ജീവിതത്തിൽ കൂടുതൽ ആത്മീയവർദ്ധനവിനും അനുഭവത്തിനും ഇടയാകണം. നമ്മെ തന്ത്രങ്ങളിലും മോഹത്തിലും അത്യാഗ്രഹത്തിലും അകപ്പെടുത്തി നമുക്ക് എതിരായി കേസ്സുകൾ കൊടുക്കുന്ന രീതിയാണ് സാത്താനും അവന്റെ കൂട്ടർക്കും ഉള്ളത്. സാത്താന്റെ പ്രവർത്തനങ്ങൾക്ക് പ്രതിപ്രവർത്തനം നടത്തി കേസുകൾ വാദിച്ച് ചോദിക്കുന്ന പകരം കൊടുത്ത് നമ്മെ വീണ്ടെടുക്കുന്ന പ്രവൃത്തി നിത്യവും നടക്കുന്നു. കർത്താവിന്റെ തിരുശരീരരക്തങ്ങൾ പകരം കൊടുത്ത് നമ്മെ ഓരോരുത്തരെയും സാത്താന്റെ അടിമത്വത്തിൽ നിന്നും വീണ്ടെടുത്ത് രക്ഷയുടെ മാർഗ്ഗത്തിലെത്തിച്ച ആ പിതാവിന്റെയും ഏകജാതനായ പുത്രന്റെയും സ്നേഹത്തിനും കരുണയ്ക്കും ദയയ്ക്കും നമുക്ക് ഒരിക്കലും പകരം കൊടുക്കാനോ വിവരിക്കാനോ കഴിയുകയില്ല. മണവാട്ടി സഭയിലേക്ക് വിളിച്ചുവേർതിരിച്ചവരെ ശുദ്ധീകരിക്കാനും ശക്തീകരിക്കാനും വേണ്ടി പിതാവും പുത്രനും പരിശുദ്ധാത്മാവും കൂടി ഈ ലോകത്തിൽ നമ്മെ കാത്തുസൂക്ഷിച്ച് പരിപാലിക്കുന്നു. ഈ ലോകത്തിൽ ദൈവത്തിന്റെ ഇഷ്ടത്തിനനുസരിച്ച് ജീവിച്ച് ആത്മീയജീവിത മാതൃക കാണിച്ച് ക്രിസ്തീയ ജീവിതം നയിക്കുന്നതിന് ദുഷ്ടശക്തികളെ കീഴ്പ്പെടുത്തുന്നതിനും അവയിൽ വിജയം കാണുന്നതിനും ദൈവത്തിന്റെ കൃപയും കരുണയും ആവശ്യമാണ്. കർത്താവിന്റെ വചനപ്രകാരം നാം ജീവിക്കുന്നതിനും പ്രവൃത്തിക്കുന്നതിനും ആഗ്രഹിക്കണം. നമ്മുടെ ഓരോ പ്രവൃത്തികളും ചിന്തകളും വിചാരങ്ങളും എല്ലാം ദൈവീകമാണോ എന്നറിയാൻ സാധാരണക്കാരായ നമുക്ക് കഴിയണമെന്നില്ല. ആയതിനാൽ സകലവും ദൈവത്തിൽ സമർപ്പിച്ച്, പരിശുദ്ധാത്മാവിന്റെ നിർദ്ദേശപ്രകാരം മുന്നോട്ടു നീങ്ങുന്നതാണ് ഉത്തമം. ചില കാര്യങ്ങൾ കേൾക്കുമ്പോൾ നല്ലതെന്നും ആവശ്യമെന്നും തോന്നാമെങ്കിലും അതിന്റെ അന്ത്യം വലിയ വിഷമത്തിലും പ്രയാസത്തിലും സങ്കടത്തിലും അവസാനിക്കുന്നത് സാധാരണമാണ്. ആത്മീയനിറവിന്റെ അഭാവം മൂലം കാര്യങ്ങൾ മുൻകൂട്ടി അറിയാൻ കഴിയാത്തതിനാൽ, ദൈവത്തിന്റെ വചനപ്രകാരം ജീവിതത്തെ ക്രമീകരിക്കാൻ ശ്രമിക്കേണം. ബലഹീനതയിൽ സാത്താൻ നോട്ടമിട്ട് നമ്മെ പാപത്തിനും ശാപത്തിനും അടിമയാക്കും. അപ്പോൾ തന്നെ ദൈവത്തോട്, അനുതാപത്തോട് അപേക്ഷിക്കണം. നമ്മെ കരുതുന്നവൻ, മാററമില്ലാത്തവൻ, വാക്കു മാറാത്തവൻ, നമ്മുടെ അപേക്ഷയിലും യാചനയിലും പ്രവർത്തിച്ച്, സാത്താനോട് വാദിച്ചു, അവൻ ചോദിക്കുന്നതിലും അധികം പകരം കൊടുത്ത് നമ്മെ വീണ്ടെടുക്കും. നാം ദൈവത്തിന്റെ മക്കളാണെന്ന് നമ്മുടെ ചിന്തകൾ, വിചാരങ്ങൾ, പ്രവൃത്തികൾ എന്നിവകൊണ്ട് തെളിയിക്കേണം. ക്രിസ്ത്യാനിയെന്ന നാമത്തിൽ ജനിച്ചതുകൊണ്ടോ വിശുദ്ധ മാമോദീസാ സ്വീകരിച്ചതുകൊണ്ടോ ജീവിച്ച് മരിച്ചതുകൊണ്ടോ ദൈവത്തിന്റെ മക്കളോ മണവാട്ടി സഭയിലെ അംഗമോ ആകണമെന്നില്ല. ജീവനുള്ള വചനപ്രകാരം ജീവിതത്തെ ക്രമപ്പെടുത്തി ചിട്ടയായും ഉചിതമായും സകലരെയും ശ്രേഷ്ഠരായി കാണണം. എല്ലാവരിലും ഉള്ള ദൈവത്തിന്റെ പ്രകാശത്തെ നാം ബഹുമാനിക്കേണം. കർത്താവ് നമ്മുടെ ബലഹീനതയിലും കുററങ്ങളിലും കുറവുകളിലും തന്റെ അമിത ബലത്താൽ നമ്മെ വീണ്ടെടുക്കപ്പെട്ട്, കർത്താവിന്റെ വാഗ്ദനപ്രകാരം പരിപാലിക്കട്ടെ.

**13th January 2016 / Wednesday** **80th day of 90 days**

**സങ്കീർത്തനങ്ങൾ** 138:7

'ഞാൻ കഷ്ടതയുടെ നടുവിൽ നടന്നാലും നീ എന്നെ ജീവിപ്പിക്കും. എന്റെ ശത്രുക്കളുടെ കോപത്തിനുനേരേ നീ കൈ നീട്ടും'

ദൈവത്തിന്റെ മക്കൾക്ക് ദൈവം നൽകുന്ന അനുഗ്രഹത്തിന്റെയും സംരക്ഷണത്തിന്റെയും സൂചനയാണ് ഈ സത്യവചനം. ക്രിസ്ത്യാനിയുടെ മുഖലക്ഷണമായ കഷ്ടതകളിൽ കൂടി ജീവിക്കുമ്പോൾ നമുക്കുണ്ടാകുന്ന സകലത്തിൽ നിന്നും യഹോവ നമ്മെ വീണ്ടെടുക്കുമെന്നു വചനം ഘോഷിക്കുന്നു. നമ്മുടെ ശത്രുക്കളോട് പകരം ചെയ്യേണ്ടതിന് യഹോവ അവർക്ക് നേരേ കൈ നീട്ടുന്നു. ആയതിനാൽ പ്രതികാരം യഹോവയ്ക്കുള്ളതാണ്. നാം സകലവും യാചനരൂപത്തിലും അപേക്ഷ രീതിയിലും സമർപ്പിച്ചാൽ മതിയാകും. എന്നാൽ ഭൂരിപക്ഷം വിശ്വാസികളും തങ്ങളുടെ കഷ്ടതകൾ മാററപ്പെടാനും ലൗകീകമായ സുഖങ്ങൾക്കായി സമയവും പണവും ചിലവഴിക്കപ്പെടുകയും ചെയ്യുന്നു. യേശുക്രിസ്തു സഹിച്ചതും വഹിച്ചതുമായ കഷ്ടതകളുടെ ബാക്കി നമ്മുടെ ശരീരത്തിലും പൂരിപ്പിക്കണം. എങ്കിൽ മാത്രമേ മണവാളന്റെ മണവാട്ടിയായി സ്വർഗ്ഗരാജ്യത്തിൽ ശോഭിക്കാൻ കഴിയൂ. കഷ്ടതകളെയും പ്രയാസങ്ങളെയും ദുഃഖങ്ങളെയും എല്ലാം സന്തോഷത്തോടെ ദൈവനാമമഹത്വത്തിനായി സഹിക്കണം. നാം ദൈവത്തിന്റെ മക്കളാണെന്ന് തെളിയിക്കാനുള്ള അവസരങ്ങളായി ഇതിനെ കാണണം. നീതിമാനായ ഈയ്യോബിനെപ്പോലെ കഷ്ടതകളിൽ ദൈവത്തെ തള്ളിപ്പറയാതെ സന്തോഷത്തോടെ സ്വീകരിക്കുകയും സഹിക്കുകയും വഹിക്കുകയും ചെയ്യേണം. ഇതേപോലെ കഷ്ടതകളും പ്രയാസങ്ങളും ഇല്ലാത്ത ജീവിതത്തെ നാം പേടിക്കേണം. എല്ലാ സുഖസൗകര്യങ്ങളോടുകൂടിയ ജീവിതം ദൈവത്തിന്റെ ദാനമാണോ എന്നു പരിശോധിക്കേണം. ഈ ലോകത്തിൽ ആനന്ദിച്ച് സന്തോഷിച്ച് സുഖിച്ച് ജീവിക്കുമ്പോൾ സന്തോഷിക്കുന്നത് സ്വർഗ്ഗമാണോ പാതാളമാണോ എന്നു നോക്കണം. കഷ്ടതകൾ വഴിയാണ് സിദ്ധന്മാർ ഉണ്ടാകുന്നത്. കഷ്ടതകൾ സിദ്ധതയെയും സിദ്ധത പ്രത്യാശയെയും ഉളവാക്കുന്നു. സ്വർഗ്ഗരാജ്യത്തിൽ നിത്യസമാധാനത്തിന്റെയും സന്തോഷത്തിന്റെയും ദിനങ്ങൾ ലഭിക്കുമെന്ന പ്രത്യാശയും രണ്ടാംവരവിൽ മദ്ധ്യാകാശത്തിൽ യേശുമണവാളനെ എതിരേൽക്കാൻ വേണ്ടി ബുദ്ധിയുള്ള കന്യകമാരെപ്പോലെ എണ്ണയും വിളക്കുമായി കാത്തിരിക്കണം. കാഹളത്തിന്റെ ധ്വനി കേൾക്കുമ്പോൾ തയ്യാറായി നാം നിൽക്കണം. അതിനായി കഷ്ടതകളും പ്രയാസങ്ങളും ബുദ്ധിമുട്ടുകളും ആവശ്യമാണ്. ശത്രുക്കളുടെ ആവശ്യവും വചനം എടുത്തു പറയുന്നു. ശത്രുക്കൾ ഇല്ലാതെ ആത്മീയവേലകൾ ചെയ്യാനോ ദൈവവേലകൾ പൂർത്തീകരിച്ച് ജന്മസാഫല്യം അണയാനോ കഴിയണമെന്നില്ല. ദൈവത്തിന്റെ കല്പനകൾ അനുസരിക്കുന്നില്ലായെങ്കിൽ ശത്രുക്കൾക്ക് ന്യായവിധിയിൽ വന്നുചേരുന്ന അനർത്ഥങ്ങൾ നമുക്കും അനുഭവിക്കേണ്ടി വരുമെന്നും ശത്രുക്കളുടെ മുമ്പിൽ മേശ ഒരുക്കി അത്താഴം ഒന്നിച്ചിരുന്ന് ഭക്ഷിക്കാമെന്ന ദൈവത്തിന്റെ അരുളപ്പാട് നമുക്ക് നിത്യരാജ്യത്തിനായി പ്രവർത്തിക്കുന്നതിനും കാത്തിരിക്കുന്നതിനും പ്രചോദനം ലഭിക്കട്ടെയെന്നു ആശംസിക്കുന്നു.

**14th January 2016 / Thursday** **81st day of 90 days**

**സങ്കീർത്തനങ്ങൾ** 139:1

'യഹോവേ, നീ എന്നെ ശോധന ചെയ്തു അറിഞ്ഞിരിക്കുന്നു. ഞാൻ ഇരിക്കുന്നതും എഴുന്നേൽക്കുന്നതും നീ അറിയുന്നു.'

വിശ്വാസികളായ ജനങ്ങൾക്ക് ദൈവം നമ്മെ അറിയുന്നുണ്ടോ എന്ന് ചിന്തിക്കുമ്പോൾ ഉദാത്തമായ ഉത്തരമാണ് ഈ സത്യവചനത്തിലൂടെ സങ്കീർത്തനക്കാരൻ നൽകുന്നത്. നമ്മെ അമ്മയുടെ ഗർഭപാത്രത്തിൽ വെച്ച് മെടഞ്ഞവനും ജീവശ്വാസം നൽകിയവനും യഹോവയായ ദൈവമാണ്. ഈ ഉത്തമബോധത്തോടെ വേണം ഈ ഭൂമിയിൽ ജീവിക്കേണ്ടത്. നാം എന്തു ചെയ്താലും പ്രവർത്തിച്ചാലും ഇരിക്കുന്നതും എഴുന്നേൽക്കുന്നതും നടക്കുന്നതും അങ്ങനെ നമ്മുടെ ഓരോ ചലനങ്ങളും വിചാരങ്ങളും ചിന്തകളും അറിയാവുന്ന ദൈവം, നമ്മുടെ തലയിൽ നിന്ന് പൊഴിയുന്ന മുടിയെ അറിയുന്നവനാണ് നമ്മുടെ യഹോവയായ ദൈവം. കർത്താവ് അറിയാതെ ഒന്നും സംഭവിക്കുന്നില്ല, സംഭവിക്കില്ല, കാരണം സകലവും സൃഷ്ടിച്ചവൻ ദൈവമാണ്. നമ്മുടെ സകല കാര്യങ്ങളും – പരസ്യവും രഹസ്യവും – ദൈവത്തിനും സാത്താനും അറിയാവുന്നതാണ്. ഒരു നിമിഷം കൊണ്ട് ഈ ലോകത്തിലെ സകലവും യേശുവിനെ കാണിച്ചുകൊടുത്ത് പരീക്ഷിച്ചവനാണ് സാത്താൻ. വിശ്വാസികളെ ഏതെങ്കിലും വിധത്തിൽ പാപത്തിനും ശാപത്തിനും അടിമയാക്കി തനിക്ക് അവകാശപ്പെടുത്താൻ ദുഷ്ടശക്തികൾ ഓരോ നിമിഷം നമ്മെ നിരീക്ഷിച്ചുകൊണ്ടിരിക്കുന്നു. ആദ്യം ചിന്തകളായും പിന്നെ ദർശനങ്ങളായും ആകർഷിച്ച് നിമിഷ സുഖസൗകര്യങ്ങൾക്കായി നമ്മെ അടിമപ്പെടുത്താറുണ്ട്. അതുകൊണ്ട് നമ്മെതന്നെ ദൈവത്തിന് സമർപ്പിച്ച്, എല്ലാം കർത്താവിന്റെ ഇഷ്ടംപോലെ ഭവിക്കട്ടെയെന്നു സമ്മതിക്കേണം. എങ്കിൽ മാത്രമേ നമുക്ക് ദൈവത്തിന്റെ പദ്ധതികളോട് ചേർന്ന് പ്രവർത്തിക്കാനും ദൈവരാജ്യത്തിന്റെ അനുഭവത്തിൽ എത്തിച്ചേർന്ന് നന്മകളാൽ, ജീവിതത്തെ മുന്നോട്ട് നയിക്കുവാൻ കഴിയുകയുള്ളു. നമ്മുടെ ഹൃദയങ്ങളെയും അന്തരംഗങ്ങളെയും പരിശോധിച്ച് ശോധനചെയ്തു, കുറവുകൾ കണ്ടെത്തി പരിഹാരം വരുത്തി അലിവോടെ നമ്മെ ശിക്ഷിക്കാനും ശാസിക്കാനും കഴിയുന്നത് ദൈവത്തിനാണ്. ആയതിനാൽ നമ്മുടെ ശുദ്ധീകരണത്തിനും പാപമോചനത്തിനും കടങ്ങളുടെ പരിഹാരത്തിനും ദൈവം സ്നേഹത്തോടെ നൽകുന്ന ശിക്ഷകളെയും ശാസനകളെയും നാം സന്തോഷത്തോടെ ഏററുവാങ്ങി, ദൈവത്തിന്റെ മക്കളാണെന്ന് തെളിയിക്കണം. കർത്താവിന്റെ മണവാട്ടിയായ തിരുസഭയിലെ അംഗങ്ങളായ നാം കർത്താവിന്റെ സകല പ്രമാണങ്ങളെയും കല്പനകളെയും അനുസരിച്ച് ജീവിക്കേണം. അതിന്റെ വഴികളിലൂടെ സഞ്ചരിക്കുമ്പോൾ ജീവിതത്തിൽ ഉണ്ടാകുന്ന അനേക കടമ്പകൾ / കഷ്ടതകൾ നാം നേരിടേണ്ടിവരും. അതിനെയെല്ലാം അതിജീവിക്കുന്നതിന് കർത്താവിന്റെ ദാനമായ കൃപയും കരുണയും യാചിക്കേണം. ദൈവത്തിന്റെ ദാനമായ ജീവിതം നിലനിർത്താനും കർത്താവിന്റെ രണ്ടാമത്തെ വരവിൽ മണവാളനെ എതിരേൽക്കാനും കഴിയുന്നതിന് ഈ ലോകത്തിലെ സകലവും ഉപേക്ഷിച്ചിട്ട്, സർവ്വത്തിന്റെയും സൃഷ്ടിയായ യഹോവയായ ദൈവത്തെയും പുത്രനെയും പരിശുദ്ധാത്മാവിനെയും നാം സ്വീകരിച്ച് ദൈവത്തിന്റെ ഇഷ്ടത്തിനായി ജിവിക്കാം.

**15th January 2016 / Friday** **82nd day of 90 days**

**സങ്കീർത്തനങ്ങൾ** 139:4

‘യഹോവേ, നീ മുഴുവനും അറിയാത്ത ഒരു വാക്കും എന്റെ നാവിന്മേൽ ഇല്ല.’

ഒരുവൻ ക്രിസ്തുവിൽ ആയാൽ അവൻ പുതിയ സൃഷ്ടി ആകുന്നു. പഴയതു എല്ലാം കഴിഞ്ഞുപോയി. പഴയ സ്വഭാവമോ പാപത്തിന്റെയും ശാപത്തിന്റെയും വിചാരങ്ങൾ, ചിന്തകൾ, വ്യാകുലതകൾ ഒന്നും നമ്മെ ഭരിക്കരുത്. വിശ്വാസികൾ സ്വയത്തിൽ ആശ്രയിച്ച് ഒന്നും ചെയ്യാതെ സകലവും ദൈവത്തിൽ സമർപ്പിച്ച്, കർത്താവിന്റെ വചനം അനുസരിച്ച് ജീവിക്കുവാൻ കഴിയണം. വിശ്വാസികളുടെ പിതാവായ അബ്രാഹാമിനെപ്പോലെയും നീതിമാനായ ഈയ്യോബിനെപ്പോലെയും വിശുദ്ധ കന്യക മറിയാമിനെപ്പോലെയും എത്ര കഷ്ടതകൾ നിറഞ്ഞതും അനുസരിക്കാൻ പ്രയാസമുള്ളതുമായ കാര്യങ്ങൾ ആണെങ്കിലും നമ്മുടെ ബലഹീനതയിൽ ശക്തനാക്കുന്ന ദൈവത്തിന്റെ വർദ്ധിച്ച ബലത്തിന്മേൽ നമ്മെ ശക്തരാക്കി ബലപ്പെടുത്തും. കടലിനെ രണ്ടായി നിർത്താൻ കഴിവുള്ളവൻ, സകലവും സൃഷ്ടിച്ചവന് എല്ലാം സാദ്ധ്യമാണ്. നമ്മുടെ വിശ്വാസം അത് വർദ്ധിപ്പിച്ച് ജീവിതത്തെ നന്മകളാൽ ഉന്നതിയിലെത്തിക്കും. നമ്മുടെ ഹൃദയം നിറഞ്ഞ് കവിയുന്നതാണ് വായ് സംസാരിക്കുന്നത്. നമ്മുടെ നിക്ഷേപം എവിടെയാണോ അവിടെയാണ് ഹൃദയം ഇരിക്കുന്നത്. അതുകൊണ്ടാണ് യേശുക്രിസ്തു പഠിപ്പിച്ചത്, നിങ്ങൾ നിങ്ങൾക്കുള്ളത് വിററ് ദരിദ്രർക്ക് ദാനം ചെയ്തു സ്വർഗ്ഗരാജ്യത്തിലെ നിക്ഷേപം വർദ്ധിപ്പിക്കുക. അപ്പോൾ നമ്മുടെ ഹൃദയം സ്വർഗ്ഗത്തിലാകും, നല്ല ചിന്തകളാൽ ഹൃദയം നിറഞ്ഞ് വായ് സംസാരിക്കുന്നത്. ഇതേപോലെ, ചിലസമയത്ത് ഉചിതമായ ഉത്തരം ലഭിക്കാതെ വരുമ്പോൾ വചനം ധ്യാനിച്ച്, മൗനമായിരിക്കുമ്പോൾ ധ്യാനത്തിങ്കൽ തീ കത്തി, അപ്പോൾ നാവെടുത്തു സംസാരിക്കുമെന്ന് സങ്കീർത്തനക്കാരൻ 39–ാം അദ്ധ്യായത്തിൽ പ്രബോധിപ്പിക്കുന്നു. ഒരു നിമിഷം ചിന്തിക്കുക, നമ്മുടെ ചിന്തകൾ, വിചാരങ്ങൾ, പ്രവൃത്തികൾ എല്ലാം ദൈവീകമാണോ? ഞാൻ ക്രിസ്ത്യാനിയായി ജീവിക്കുന്നതും പ്രവർത്തിക്കുന്നതും എല്ലാവർക്കും നല്ല മാതൃകയാണോ എന്ന് ഉറപ്പുവരുത്തുക. ജീവിത പാതയിൽ ചില സങ്കീർണ്ണമായ നേരത്തിൽ ഉചിതമായ തീരുമാനങ്ങൾ എടുക്കേണ്ടതായ സമയത്ത് മാനുഷികചിന്തകൾ വഴി മുട്ടുമ്പോൾ, സകലവും സാദ്ധ്യമാകുന്ന ദൈവത്തിന്റെ ആലോചനയ്ക്കായി കാത്തിരിക്കേണം. നമ്മുടെ മുമ്പിൽ പല വഴികൾ ഉണ്ടായിരിക്കാം. ഉപദേശിക്കുവാൻ അനേകരും ഉണ്ടാകാം. ആ ഉപദേശങ്ങൾ ആദ്യം ഉചിതവും ശരിയായും തോന്നാം. പക്ഷേ അതിൽ ദൈവത്തിന്റെ കരങ്ങൾ ഉണ്ടോ? ദൈവത്തിന്റെ പദ്ധതിയിൽ ഉള്ളതാണോ എന്നറിയാൻ നാം കാത്തിരിക്കേണം. ധ്യാനത്തിങ്കൽ വെളിപ്പെടുത്തുന്ന കാര്യങ്ങൾ ചെയ്യുവാൻ നാം തയ്യാറാകണം. അത് മററുള്ളവർക്ക് അരോചകമോ അനുസരണക്കേടായോ തോന്നാമെങ്കിലും ദൈവത്തിന്റെ മുമ്പിൽ നീതിയുള്ളതായിരിക്കും. വിശുദ്ധ കന്യകമറിയം ദൈവവചനത്തിന്റെ അടിസ്ഥാനത്തിൽ മാത്രം തന്റെ വിവാഹം ജീവിതം വേണ്ടായെന്നു വെച്ചപ്പോൾ, എല്ലാവരാലും തള്ളപ്പെട്ടപ്പോൾ, കർത്താവിന്റെ പദ്ധതിയ്ക്കു മുൻ തൂക്കം കൊടുത്ത് ലോകത്തിനെ പാപത്തിൽ നിന്നും ശാപത്തിൽ നിന്നും രക്ഷിക്കുവാൻ രക്ഷകനെ സമ്മാനിക്കുവാൻ കഴിഞ്ഞു.

**16th January 2016 / Saturday** **83rd day of 90 days**

**സങ്കീർത്തനങ്ങൾ** 139:13

'നീയല്ലോ എന്റെ അന്തരംഗങ്ങളെ നിർമ്മിച്ചതു. എന്റെ അമ്മയുടെ ഉദരത്തിൽ നീ എന്നെ മെടഞ്ഞു.'

ദൈവത്തിന്റെ മഹാകരുണയുടെയും ദാനമായ കൃപയുടെയും അനുഗ്രഹത്താൽ ഓരോരുത്തരും അനുഭവിക്കുന്ന സന്തോഷവും സുഖവും സമാധാനവും പറഞ്ഞു മനസ്സിലാക്കി കൊടുക്കാനോ നമുക്ക് കഴിയണമെങ്കിൽ, ദൈവം നമ്മെ എന്തിനുവേണ്ടി സൃഷ്ടിച്ചു, ഓരോരുത്തരുടെയും ദൈവീകവേലകൾ എന്തെല്ലമാണ് തിരിച്ചറിഞ്ഞ് അത് ദൈവനിശ്ചയപ്രകാരം കൃത്യസമയത്ത് ചെയ്തു ജന്മസാഫല്യം അണഞ്ഞ് പിതാവായ ദൈവത്തെ പ്രസാദിപ്പിക്കാനും അതുവഴി പുത്രന്റെ രണ്ടാമത്തെ വരവിനായി നോക്കിപാർത്തിരിക്കാനും പരിശുദ്ധാത്മാവിൽ നിറയാൻ വിശുദ്ധ കൂദാശകളെയും ആരാധന, ധ്യാനം, പ്രാർത്ഥന, വേദപഠനം എന്നിവ പ്രയോജനപ്പെടുത്തി ശുദ്ധീകരണവും ശക്തീകരണവും പ്രാപിക്കാം. അമ്മയുടെ ഉദരത്തിൽ നാം രൂപം കൊള്ളുമ്പോൾ തന്നെ, നമ്മെ അറിയുന്ന ദൈവം, നമ്മുടെ ഓരോ ചിന്തകളെയും വിചാരങ്ങളെയും പ്രവർത്തനങ്ങളെയും അറിയുന്നവനാണ്. ഹൃദയവിചാരങ്ങളെ അറിയുന്നവനോട്, നാം എല്ലാ കാര്യങ്ങളും തുറന്നുപറഞ്ഞ്, പ്രത്യേകിച്ച് പാപങ്ങളും കടങ്ങളും അനുതാപ ഹൃദയത്തോട് അറിയിച്ച്, മോചനവും പരിഹാരവും വരുത്തി, പുതിയസൃഷ്ടിയായി, മണവാട്ടി സഭയുടെ ജീവനുള്ള കല്ലുകളായി തീർന്ന്, സകലരെയും ശ്രേഷ്ഠരായി കരുതി സൃഷ്ടികളിൽ മറഞ്ഞുകിടക്കുന്ന സൃഷ്ടാവിന്റെ അംശത്തെ – ദൈവീക അംശം – തിരിച്ചറിഞ്ഞ് സഹകരിക്കണം. നാം ഓരോരുത്തരും സ്വർഗ്ഗീയ പിതാവിന്റെ മക്കളാണെന്നും ഏകജാതനായ പുത്രന്റെ മണവാട്ടി സഭയിലെ അംഗങ്ങളാണെന്നും തെളിയിക്കണം. ഹൃദയങ്ങളെ അറിയുന്നവനായ, സർവ്വത്തിന്റെയും സൃഷ്ടിയായ ദൈവത്തെ പ്രസാദിപ്പിക്കാൻ, കർത്താവിന്റെ കല്പനകളെ അനുസരിക്കുകയും, അതിൽ മാത്രം ശ്രദ്ധിച്ച്, രാവും പകലും ധ്യാനിക്കുമ്പോൾ, ലഭിക്കുന്ന ആത്മീയ ഉണർവും സമാധാനവും ജീവിതത്തിലെ സകല തടസ്സങ്ങളും കഷ്ടതകളും പ്രയാസങ്ങളും തരണം ചെയ്യാൻ നമ്മെ ഓരോരുത്തരെ പ്രാപ്തരാക്കുന്നു. നമ്മെ സൃഷ്ടിച്ചവന്റെ അവകാശങ്ങൾ നാം അംഗീകരിക്കണം. നാം എവിടെ നിന്നാണ് വന്നത് അവിടേക്ക് തന്നെ തിരികെ പോകണം. നമ്മുടെ ഹൃദയവിചാരങ്ങൾ അറിയുന്ന ദൈവത്തിന്റെ സ്നേഹത്തെയും കരുണയും ദയയും തിരിച്ചറിഞ്ഞ്, ജീവിതത്തിൽ അനുഭവിച്ച്, സ്വർഗ്ഗീയമായ ആനന്ദത്തിൽ, മററുള്ളവർക്കും നല്ല മാതൃകയായി കാണപ്പെടുവാൻ, നമ്മുടെ രഹസ്യവും പരസ്യവുമായ ജീവിതം, കർത്താവിൽ മാത്രം സന്തോഷിച്ച്, രാവും പകലും കർത്താവിന്റെ കല്പനകളും പ്രമാണങ്ങളും അനുസരിച്ച്, കഷ്ടങ്ങളിലും പ്രയാസങ്ങളിലും ദൈവത്തിൽ ആശ്രയിച്ച്, ജീവനുള്ള വചനത്തെ ധ്യാനിച്ച് സകലവും നന്മയ്ക്കായി കരുതി ആരാധനയിലും പ്രാർത്ഥനയിലും കാത്തിരിക്കുന്ന ഒരു നല്ല തലമുറയിലെ അംഗങ്ങളായി നമുക്ക് ക്രിസ്തുയേശുവിൽ ജീവിക്കാം.

**17th January 2016 / Sunday** **84th day of 90 days**

**സങ്കീർത്തനങ്ങൾ** 139:24

‘വ്യസനത്തിനുള്ള മാർഗ്ഗം എന്നിൽ ഉണ്ടോയെന്നു നോക്കി, ശാശ്വതമാർഗ്ഗത്തിൽ എന്നെ നടത്തേണമേ.’

ദൈവത്തിന്റെ മക്കളെ, ദൈവത്തിന്റെ കല്പനയിൽ നിന്നും പ്രമാണത്തിൽ നിന്നും മാററപ്പെടാനായി, വലിച്ചിഴച്ച് ലോകമോഹത്തിൽ, അത്യാഗ്രഹത്തിൽ ആകർഷിക്കപ്പെട്ട് സ്വയത്തിൽ തങ്ങളുടെ ഇഷ്ടങ്ങളെ സാധിക്കുന്നതിന്, ദൈവത്തെ തങ്ങളുടെ ഇഷ്ടത്തിനായി വലിച്ചിഴക്കുന്നത് ആത്മീയജീവിതത്തിന് അഭികാമ്യമല്ല. ലോകപരമായ ദുഃഖവും വിഷമങ്ങളും ദൈവമക്കളെ ഒരിക്കലും തളർത്തരുത്. സകലവും സൃഷ്ടിച്ചവനായ പിതാവായ ദൈവം തമ്പുരാൻ അറിയാതെ ഒന്നും സംഭവിക്കുകയില്ല. ആയതിനാൽ ഹൃദയത്തിലെ എല്ലാ ചിന്തകളെയും ആലോചനകളെയും വിചാരങ്ങളെയും അറിയുന്ന ദൈവത്തിൽ ആശ്രയിച്ച്, ദുഃഖത്തിനുള്ള, വ്യസനത്തിനുള്ള ഏതെങ്കിലും കാര്യങ്ങൾ ഉണ്ടോയെന്ന് അറിയാവുന്ന ദൈവം നമുക്ക് തക്കതായ സാഹചര്യങ്ങൾ ഒരുക്കി, അവയിൽ നിന്ന് മാററം തരാൻ കഴിവുള്ളവനാണ്. അതിനായി നാം യാചനയും അപേക്ഷയും സമർപ്പിക്കേണം. ശാശ്വതമാർഗ്ഗത്തിൽ നടത്തി വ്യസനത്തിനുള്ള മാർഗ്ഗം മാററി തരണമെന്ന് യാചിക്കേണം. എന്നാൽ നാം എന്താണ് യഥാർത്ഥത്തിൽ ദൈവത്തോട് യാചിക്കുന്നത്. ലോകപരമായ സൗകര്യങ്ങളും സുഖങ്ങളും വർദ്ധിപ്പിക്കുന്നതിനും ആഢംബരമായ ജീവിതത്തിനുവേണ്ടി, നേർച്ചകൾ, പ്രാർത്ഥനകൾ, അപേക്ഷകൾ നടത്തി ദൈവത്തെ നമ്മുടെ ആവശ്യങ്ങളുടെ നിരയിൽ കൊണ്ടുവരികയും, അവസാനം അത് സാധിച്ചുതന്നത് ദൈവമാണെന്നു വിശ്വസിക്കുകയും ചെയ്യുന്ന സമൂഹത്തിലാണ് നാം ജീവിക്കുന്നത്. എന്നാൽ നമ്മുടെ ഓരോരുത്തരുടെയും ജീവിതലക്ഷ്യമെന്നാണ് എന്ന് അറിഞ്ഞ്, അതിനുവേണ്ടി രാവും പകലും കല്പനകളും പ്രമാണങ്ങളും ധ്യാനിച്ച് ദൈവത്തെ പ്രസാദിപ്പിച്ച് കരുണയും കൃപയും ദയയും നേടി ദൈവത്തിന്റെ പദ്ധതികൾ പൂർത്തീകരിക്കാൻ ഓരോ ദിവസവും നാം ചെയ്യേണ്ടതായ വേലകൾ, തിരിച്ചറിഞ്ഞ് അത് പൂർത്തീകരിക്കാൻ മാലാഖമാരെയും പരിശുദ്ധന്മാരെയും ശുദ്ധിമതികളെയും മദ്ധ്യസ്ഥത യാചിച്ച് ജന്മസാഫല്യം അണയാൻ ശ്രമിക്കേണം. ഈ ലോകത്തിൽ ജീവിക്കുമ്പോൾ, വെറും മണ്ണാങ്കട്ടയായ മനുഷ്യർ, ചില സമയത്ത് ദുഃഖവും പ്രയാസവും കഷ്ടതകളും സഹിക്കേണ്ടിവരും. അത് നമ്മുടെ വിശ്വാസത്തെ കുറഞ്ഞിട്ട്, ദൈവത്തെയും അവന്റെ പദ്ധതികളെയും തള്ളി പറയാൻ ഇടയാകാതെ സൂക്ഷിക്കേണ്ടത് ഓരോ വിശ്വാസികളുടെയും കടമയാണ്. ആരെയും വിധിക്കാനോ കുററപ്പെടുത്താനോ വിമർശിക്കാനോ ഇടയാവരുത്. എല്ലാവരെയും ശ്രേഷ്ഠരായി കണ്ട് ദൈവത്തിന്റെ പദ്ധതിയ്ക്കായി എല്ലാവരെയും സൃഷ്ടിച്ച് എന്ന് അറിഞ്ഞ് ശത്രുക്കളെപ്പോലും സ്നേഹിച്ച് അവർക്ക് വിശക്കുമ്പോൾ ആഹാരവും ദാഹിക്കുമ്പോൾ വെള്ളവും നൽകികൊണ്ട് ദൈവനാമം മഹത്വപ്പെടുത്തുവാൻ കഴിയണം. ആത്മീയമായ ദുഃഖം നമ്മെ നിത്യമായ സന്തോഷത്തിലേക്കും ആനന്ദത്തിലേക്കും നയിക്കുന്നു. സാത്താൻ നമ്മെ നിസാര കാര്യത്തിനായി ദുഃഖത്തിലാഴ്ത്തി, ആരാധനയും പ്രാർത്ഥനയും ധ്യാനവും എല്ലാം മുടക്കി, വഴക്കിന്റെയും ബഹളത്തിന്റെയും അന്തരീക്ഷത്തിൽ എത്തിക്കും. നിത്യവും ഏഴ് യാമപ്രാർത്ഥനകളിലും ദൈവത്തോട് യാചിക്കേണ്ടതായ അപേക്ഷയാണിത്, ‘ ‘വ്യസനത്തിനുള്ള മാർഗ്ഗം എന്നിൽ ഉണ്ടോയെന്നു നോക്കി, ശാശ്വതമാർഗ്ഗത്തിൽ എന്നെ നടത്തേണമേ.’

**18th January 2016 / Monday**

**85th day of 90 days**

**സങ്കീർത്തനങ്ങൾ** 143:10

'നിന്റെ ഇഷ്ടം ചെയ്യുവാൻ എന്നെ പഠിപ്പിക്കണമേ. നീ എന്റെ ദൈവമാകുന്നുവല്ലോ?'

കർത്താവിന്റെ ഇഷ്ടം തിരിച്ചറിഞ്ഞ് ജീവിതത്തിൽ അത് നടപ്പിലാക്കി നന്മകൾ ചെയ്തു, പിതാവായ ദൈവത്തെ പ്രസാദിപ്പിക്കാനും, നമ്മുടെ ആഗ്രഹങ്ങളെയും മോഹങ്ങളെയും വേണ്ടായെന്നു വെച്ചു, ദൈവത്തോട് ചേർന്നിരുന്ന് ആത്മീയലോകത്തെ മർമ്മങ്ങൾ പഠിക്കാൻ ആഗ്രഹിക്കണം. ഈ ലോകത്ത് നിന്ന് മററ് അനേക കാര്യങ്ങൾ പഠിക്കാനും പഠിപ്പിക്കാനും ഉണ്ടെങ്കിലും അതെല്ലാം നമ്മെ ലൗകീകമായി ഉന്നതിയിലെത്തിച്ച് സന്തോഷം നൽകുമെങ്കിലും ആത്മീയമായി ആത്മാവിനെയും ദേഹിയെയും വളർത്താൻ സാധിക്കുകയില്ല. കർത്താവിന്റെ ഇഷ്ടങ്ങൾ നമ്മളിലൂടെ നടപ്പാക്കുന്നതിന് കർത്താവിന് ആഗ്രഹമുണ്ടെങ്കിലും, അവ നമ്മളിലേക്ക് പകർന്നു തരുന്നതിനും പഠിപ്പിക്കുന്നതിനും നാം എത്രത്തോളം ഒരുക്കപ്പെട്ടിരിക്കുന്നു എന്നതിനെ ആശ്രയിച്ചിരിക്കുന്നു. കർത്താവിന്റെ അനുഗ്രഹങ്ങളെ അനുഭവിക്കുന്നതിനും ആ അനുഭവങ്ങൾ മററുള്ളവരുമായി പങ്കു വയ്ക്കുന്നതിനും നമുക്ക് സാധിക്കാത്തത് നമ്മുടെ ബലഹീനത, അശുദ്ധി, നിസ്സഹകരണം എന്നിവ കാരണമാണ്. നമ്മുടെ ശുദ്ധീകരണത്തിനും ശക്തീകരണത്തിനും കല്പനകളും പ്രമാണങ്ങളും അനുസരിക്കുകയും അതിൽ മാത്രം സന്തോഷിച്ച് ജീവിതത്തെ കൂടുതൽ നന്മകളാൽ ശോഭിപ്പിക്കാനും യാമപ്രാർത്ഥനകളും ആരാധനകളും ധ്യാനങ്ങളും യഥാസമയം നടത്തി, ആത്മീയശുദ്ധീകരണം പ്രാപിച്ച് ദൈവത്തോട് ചേർന്ന് നിന്ന്, അവിടുന്ന് പഠിക്കാനുള്ളതെല്ലാം കേട്ടും കണ്ടും അനുഭവിച്ചു ഗ്രഹിക്കാനുള്ള പരിശുദ്ധാത്മാവിന്റെ നിറവിനായി നമ്മെത്തന്നെ ബലിയായി അർപ്പിക്കേണം. ബലിയായി സമർപ്പിച്ചു കഴിഞ്ഞാൽ കർത്താവിന്റെ ഇഷ്ടത്തിനനുസരിച്ച് നമ്മെ പ്രയോജനപ്പെടുത്താൻ ദൈവത്തിന് കഴിയും. നമ്മെ പരിപൂർണ്ണമായി ദൈവത്തിന് സമർപ്പിച്ചു കഴിഞ്ഞാൽ, നമ്മെ ദൈവത്തിന്റെ ഇഷ്ടങ്ങളും പദ്ധതികളും പഠിപ്പിക്കാനായി പലവിധമായ പരീക്ഷണങ്ങളിലൂടെയും ശോധനകളിലൂടെയും കടത്തിവിടുന്നു. ജീവിതപാതയിൽ കടന്നുവരുന്ന പ്രയാസങ്ങൾ, ദുഃഖങ്ങൾ, കഷ്ടതകൾ എല്ലാം സഹിക്കാനും വഹിക്കാനും ദൈവത്തിന്റെ കൃപയും കരുണയും ആവശ്യമാണ്. ദൈവത്തിൽ വിശ്വസിക്കുക, കല്പനകളും പ്രമാണങ്ങളും അനുസരിക്കുക, ജീവിതത്തിലെ ഏത് സാഹചര്യവും തരണം ചെയ്തു ലക്ഷ്യസ്ഥാനത്ത് എത്തിച്ചേരുവാൻ ദൈവത്തിന്റെ സംരക്ഷണവും നിയന്ത്രണവും മാർഗ്ഗദർശനവും ആവശ്യമാണ്. ദൈവത്തിന്റെ പഠിപ്പിക്കൽ എല്ലാത്തിൽ നിന്നും വിഭിന്നമാണ്. നമ്മളെ കൂടുതൽ അനുഭവവും പരിചയവും തന്ന് ജീവിതത്തിൽ കൂടുതൽ അർത്ഥതലങ്ങൾ തന്ന് കർത്താവിന്റെ സ്നേഹവും കരുതലും കൂട്ടി ഒന്നിച്ച് നമ്മെ ആത്മീയ സന്തോഷത്തിലും ആനന്ദത്തിലും എത്തിക്കുന്നു. കർത്താവിന്റെ ബലമുള്ള കരങ്ങൾക്ക് താണിരുന്ന് ജീവിതപാതയിൽ തരുന്ന അനുഭവങ്ങളെ പഠിച്ച്, ദൈവത്തിന്റെ പദ്ധതികൾ നമ്മളിലൂടെ പൂർത്തീകരിക്കാൻ ശ്രമിക്കാം. നമ്മുടെ ഇഷ്ടങ്ങളെ ദൈവത്തിന്റെ ഇഷ്ടങ്ങൾ കൊണ്ട് പൊതിഞ്ഞ് ദൈവനാമമഹത്വത്തിനായി സകലവും ദൈവസന്നിധിയിൽ സമർപ്പിച്ച് കർത്താവിന്റെ വചനത്തിനായി കാതോർത്തിരിക്കാം.

**19th January 2016 / Tuesday** **86th day of 90 days**

**സങ്കീർത്തനങ്ങൾ** 145:19

‘തന്റെ ഭക്തന്മാരുടെ ആഗ്രഹം അവൻ സാധിപ്പിക്കും. അവരുടെ നിലവിളി കേട്ടു അവരെ രക്ഷിക്കും.?’

യഹോവയെ ഭയപ്പെട്ട് അവന്റെ കല്പനകളെ അനുസരിക്കുകയും അതിൽ തന്നെ ഉറച്ചുവിശ്വസിക്കുകയും ചെയ്യുന്ന തന്റെ ഭക്തന്മാരുടെ നിലവിളിയും ആഗ്രഹങ്ങളും ദൈവത്തിന് ഏററവും പ്രിയപ്പെട്ടതാണ്. ഇപ്പോൾ ആഗ്രഹങ്ങൾ മാത്രം ലക്ഷ്യമാക്കി നിലവിളിയും ഭക്തിയും ഇല്ലാത്ത ക്രിസ്തീയജീവിതത്തിൽ എന്താണ് ദൈവവുമായി നാം ബന്ധപ്പെട്ടിരിക്കുന്നത്? ദൈവത്തോടുള്ള ഭക്തി കാണുന്നതിന് നമ്മുടെ ദിനംപ്രതിയുള്ള ചിന്തയിലും വിചാരത്തിലും പ്രവൃത്തിയിലും സമീപനത്തിലും അത് മററുള്ളവർക്ക് തെളിഞ്ഞു കാണണം. ദൈവത്തെ സ്നേഹിക്കുക, അനുസരിക്കുക, വിശ്വസിക്കുക, കല്പനയിൽ ഉറച്ചു വിശ്വസിച്ച്, രാവും പകലും ധ്യാനിക്കേണം. ജീവിതത്തിൽ എത്രവലിയ കഷ്ടതകൾ, പ്രയാസങ്ങൾ, ബുദ്ധിമുട്ടുകൾ വന്നാലും, എല്ലാവരും തള്ളിപ്പറഞ്ഞാലും നീതിമാനായ ഇയ്യോബിനെപ്പോലെയും വിശുദ്ധ കന്യകമറിയാമിനെപ്പോലെയും നാം കർത്താവിൽ ഉറച്ചു വിശ്വസിക്കേണം. നമ്മുടെ ആഗ്രഹങ്ങൾ ദൈവത്തിന്റെ ആഗ്രഹങ്ങളാക്കി മാററി, അനുഗ്രഹങ്ങളാക്കി നമുക്ക് ലഭിച്ചാൽ മാത്രമേ അത് അനുഭവിച്ച് ആത്മീയമായി സന്തോഷിക്കാനും സമാധാനിക്കാനും കഴിയും. മിക്കപ്പോഴും നമ്മുടെ ആഗ്രഹങ്ങൾ / ഇഷ്ടങ്ങൾ എല്ലാം ദൈവത്തിന്റെ പദ്ധതിയിൽ നിന്നും ഒത്തിരി അകലത്തിലാണ്. ഒരുപക്ഷേ, നമ്മുടെ ആഗ്രഹങ്ങൾ ദൈവത്തിന്റെ അനുഗ്രഹങ്ങളായി ലഭിക്കേണ്ടതായ സമയം വരെ നാം കാത്തിരിക്കേണം. ഇവ അനുഗ്രഹങ്ങളായി അടുത്ത തലുമറയിൽ ലഭിച്ച് അനുഭവിക്കേണ്ടതായിരിക്കും. നമ്മുടെ ആഗ്രഹങ്ങൾ ദൈവത്തിന്റെ മുമ്പിൽ അപേക്ഷയായി ലഭിക്കുമ്പോൾ, ഇഷ്ടങ്ങളും ആഗ്രഹങ്ങളും ഒരു പരിധിവരെ ദൈവത്തിന്റെ പദ്ധതികളെ പൂർത്തീകരിക്കാൻ കഴിയണമെന്നില്ല. ദൈവത്തിന് എല്ലാ കാര്യങ്ങളും സാദ്ധ്യമാണ്. എന്നാൽ ദൈവം അനുവദിക്കാത്ത ആഗ്രഹങ്ങളിൽ മറഞ്ഞുകിടക്കുന്ന ഈ ലോകത്തിന്റെ ശാപവും അവകാശവും പാപവും തിരിച്ചറിയാൻ നമ്മുടെ ഹൃദയങ്ങൾക്ക് അറിയണമെന്നില്ല. എല്ലാം ദൈവത്തിന്റെ ഇഷ്ടംപോലെ നടക്കട്ടെയെന്ന് അപേക്ഷിക്കുകയും നമ്മുടെ മോഹങ്ങളെയും ആഗ്രഹങ്ങളെയും എല്ലാം കുരിശിന്റെ ചുവട്ടിൽ വയ്ക്കണം. അതിൽ നിന്ന് ദൈവം അനുവദിക്കുന്ന ആഗ്രഹങ്ങളെ, ദൈവത്തിന്റെ കൃപയിലും കരുണയിലും പൊതിഞ്ഞ് അനുഗ്രഹങ്ങളായി നമുക്ക് ലഭിക്കുമ്പോൾ, നാം യഥാർത്ഥ്യത്തിൽ നാം ദൈവത്തിന്റെ ഭക്തന്മാരായി തീരുന്നു. ഭക്തന്മാരുടെ നിലവിളി കേട്ട് അവരെ രക്ഷിക്കുമെന്ന വാഗ്ദാനം നൽകിയ ദൈവത്തിന് ഭക്തന്മാരുടെ നിലവിളികൾ കേൾക്കുവാൻ വിധം നിലവിളിക്കാറുണ്ടോ? ഹൃദയത്തിന്റെ അടിത്തട്ടിൽ നിന്ന് വേദനകളുടെ കൂമ്പാരത്തിൽ, അലമുറയിട്ട് കരയുന്ന ഭക്തരുടെ എണ്ണം കുറയുന്നു. കഷ്ടങ്ങളും പ്രയാസങ്ങളും ബുദ്ധിമുട്ടുകളും സഹിക്കാനും വഹിക്കാനും ആർക്കും മനസ്സില്ല. വിഷമിക്കാതെയും സങ്കടപ്പെടാതെയും പ്രയാസപ്പെടാതെയും ദൈവത്തിന്റെ അനുഗ്രഹങ്ങളെ നേടിയെടുക്കാതെ, കർത്താവ് തരുന്ന സമയത്ത്, തരുന്നത് എന്തായാലും അത് നമ്മുടെ ആഗ്രഹങ്ങളായി, അനുഗ്രഹങ്ങളായി സ്വീകരിക്കാൻ തയ്യാറാകുമ്പോഴാണ് നാം ദൈവത്തിന്റെ മക്കളായി തീരുന്നത്. അതിനായി എല്ലാവരെയും ദൈവം തമ്പുരാൻ സഹായിക്കട്ടെ.

**20th January 2016 / Wednesday**

**87th day of 90 days**

**സങ്കീർത്തനങ്ങൾ** 147:3

**'മനം തകർന്നവരെ അവൻ സൗഖ്യമാക്കുകയും അവരുടെ മുറിവുകളെ കെട്ടുകയും ചെയ്യുന്നു.'**

പിതാവായ ദൈവത്തിന്റെ ഏകജാതനായ പുത്രൻ, യേശുക്രിസ്തു ഈ ഭൂമിയിലേക്ക് ഇറങ്ങിവന്ന് മനുഷ്യവേഷം ധരിച്ചത്, പാപികളെയും ദ്രോഷികളെയും അദ്ധ്വാനിക്കുന്നവരെയും ഭാരം ചുമക്കുന്നവരെയും ആശ്വസിപ്പിക്കാനും രക്ഷയുടെ പാതയിൽ എത്തിക്കുന്നതിനും ഈ ലോകവാസം കഴിഞ്ഞാൽ എല്ലാവരും ഇവിടെനിന്ന് മാററപ്പെടുമെന്നും വരുംലോകത്തിൽ നിത്യമായ സന്തോഷവും സമാധാനവും അനുഭവിക്കാനും കഴിയുമെന്നും പഠിപ്പിക്കാനും വേണ്ടിയാണ്. മനസ്സ് തകർന്ന് ജീവിക്കുന്നവരെ ആശ്വസിപ്പിച്ച് തന്റെ മാറോട് ചേർത്തു നിർത്തി ആത്മാവിനെയും ദേഹിയെയും പരിശുദ്ധാത്മാവിൽ നിറച്ച് ആത്മസന്തോഷം കൊണ്ട് നിറയ്ക്കുവാൻ കഴിയുന്നവനായ യേശുക്രിസ്തു, സകലത്തെയും സകലതും സംരക്ഷിക്കുകയും പരിപാലിക്കുകയും ചെയ്യുന്നു. കഠിനമായ വാക്കുകൾ, സംസാരം, കോപം, ദേഷ്യം എന്നിവകൊണ്ട് മററുള്ളവരുടെ ഹൃദയങ്ങൾ നാം അറിയാതെ തന്നെ മുറിവേൽക്കുന്നു. അത്തരം മുറിവുകൾ, വേദനകൾ കെട്ടിവെച്ച് ആശ്വസിപ്പിക്കാനും സമാധാനപ്പെടുത്താനും ദൈവത്തിന് കഴിയുന്നു. നാം എത്രപേരെ മുറിവ് ഏൽപ്പിച്ചിട്ടുണ്ട്? നമുക്ക് എത്രത്തോളം മുറിവ് ഏററിട്ടുണ്ട്? ഏതായാലും ദൈവത്തിൽ നിന്ന് സ്നേഹത്തിന്റെ എണ്ണ മുറിവിൽ പുരട്ടി ആശ്വാസം ലഭിക്കുന്നതിന് ജീവനുള്ള വചനം ധ്യാനിച്ച് പരിശുദ്ധാത്മാവിൽ നിറയണം. അതിനായി മനം തിരിഞ്ഞ് വീണ്ടും ജനനത്തിന്റെ അനുഭവത്തിൽ എത്തിച്ചേരണം. നമ്മുടെ വാക്കുകൾ, ചിന്തകൾ, പ്രവൃത്തികൾ എന്നിവ മററുള്ളവർക്ക് യാതൊരു വിധത്തിലും പ്രയാസമോ ബുദ്ധിമുട്ടോ ഉണ്ടാകാൻ ഇടയാകാതെ എല്ലാവരും ദൈവത്തിന്റെ സൃഷ്ടികളാണ് എന്ന വിചാരത്തോടെ സമീപിക്കുകയും പ്രവർത്തിക്കുകയും ചെയ്യേണം. ആരാധന, പ്രാർത്ഥന, ധ്യാനം എന്നീ സമയത്ത് ആത്മീയദുഃഖത്താൽ നമ്മുടെ നയനങ്ങൾ നിറഞ്ഞൊഴുകേണം. ആ ചൂടു മിഴിനീർ കർത്താവ് സ്വർഗ്ഗത്തിൽ കരുതിവയ്ക്കും. നമ്മുടെ പാപത്തിനും ശാപത്തിനും കടങ്ങൾക്കും പകരമായി, നമ്മുടെ ജീവനെയും ആത്മാവിനെയും ഏൽപ്പിച്ച്, കണ്ണുനീരിന്റെ സാന്നിധ്യത്തിൽ സമർപ്പിച്ചാൽ, മനസ്സ് അലിയുന്ന നമ്മുടെ പിതാവ് നമ്മളോട് ക്ഷമിച്ച് നമ്മെ ചേർത്തുകൊള്ളും. ദുഃഖം അനുഭവിക്കുന്നവർ, കഷ്ടങ്ങൾ, പ്രയാസങ്ങൾ, കഷ്ടതകൾ, ദാരിദ്രം, രോഗം എന്നിവയാൽ ഹൃദയങ്ങളിൽ മുറിവുകൾ ഏററവരെ ആശ്വസിപ്പിക്കാനും സമാധാനപ്പെടുത്താനും കഴിയുന്ന സൃഷ്ടാവാണ് നമ്മുടെ കർത്താവ്. മനുഷ്യരിൽ ആശ്രയിക്കുന്നതിനേക്കാൾ നല്ലത്, സകലവും സൃഷ്ടിച്ചവനായ ദൈവത്തിൽ ആശ്രയിച്ച് അവന്റെ പദ്ധതികളോടെ ചേർന്ന് പ്രവർത്തിച്ച് നമ്മുടെ മുറിവുകളെ എല്ലാം വചനമാകുന്ന മരുന്ന് പുരട്ടി ദൈവത്താൽ സൗഖ്യമാകുവാൻ നമ്മെ ഓരോരുത്തരെ സഹായിക്കട്ടെയെന്നു ആശംസിക്കുന്നു.

**21st January 2016 / Thursday** **88th day of 90 days**

**സങ്കീർത്തനങ്ങൾ** 147:6

‘യഹോവ താഴ്മയുള്ളവനെ ഉയർത്തുന്നു. അവൻ ദുഷ്ടന്മാരെ നിലത്തോളം താഴ്ത്തുന്നു.’

യഹോവ തന്റെ ഭക്തന്മാർക്ക് ഒരുക്കിയിരിക്കുന്നത് ഒരു കണ്ണും കണ്ടിട്ടില്ല, ചെവി കേട്ടിട്ടില്ല, ഒരു ഹൃദയത്തിലും തോന്നിയിട്ടുമില്ല. ആരെയും നിസാരമായി കരുതരുത്, എല്ലാവരും ദൈവത്തിന്റെ സൃഷ്ടിയാണ്. സകലരെയും ശ്രേഷ്ഠരായി കരുതി ദൈവത്തിന്റെ നാമം മഹത്വപ്പെടുവാനായി നമ്മെ തന്നെ താഴ്ത്തി, ദൈവത്തിന്റെ പാദത്തിങ്കൽ താണിരിക്കാൻ കഴിയണം. വിശുദ്ധ കന്യക മറിയാമിനെപ്പോലെ ആരും താഴ്മ കാണിച്ചിട്ടില്ല, താഴ്ത്തിട്ടുമില്ല. ആയതിനാൽ ഇന്ന് എത്രത്തോളം ഉയർത്തി കർത്താവിന്റെ വലതുഭാഗത്തിരിക്കുന്നു. തന്റെ സഹോദരന്മാരുടെ മുമ്പിൽ ഏററവും താഴ്ത്തപ്പെട്ടും എളിമ കാണിച്ചും അവരാൽ ഒററപ്പെടുത്തി തള്ളപ്പെട്ടപ്പോഴും, അന്യരാജ്യത്തിലെ മന്ത്രി ആകാനും ക്ഷാമകാലത്ത് അവരെ ക്ഷേമമായി പുലർത്താനും യോസഫിനെ സഹായിച്ചത് ദൈവത്തിന്റെ കൃപയും കരുണയും യോസഫിന്റെ താഴ്മയും എളിമയും ആകുന്നു. ആത്മാവിൽ താഴ്മ ധരിച്ച്, സകലവും ദൈവനാമത്തിൽ വിചാരിക്കുകയും ചിന്തിക്കുകയും ചെയ്താൽ, ദൈവദൂതന്മാരുടെ സഹായം ലഭിച്ച്, ദൈവത്തിന്റെ അനുഗ്രഹങ്ങൾ ലഭിക്കാനും ജീവിതത്തിൽ കൂടുതൽ ദൈവീകാനുഭവങ്ങൾ ഉണ്ടാകാനും സാധിക്കുന്നു. നാം തെററുകൾ ചെയ്യാതെ, കുററം വിധിക്കുമ്പോൾ, ആരോപണം പറയുമ്പോൾ, പഴിക്കുമ്പോൾ, ദേഷ്യം കാണിക്കുമ്പോൾ, അവരോട് മറുപടി പറയാനോ പ്രതികാരം ചെയ്യാനോ ശ്രമിക്കാതെ, പ്രതികാരം ദൈവത്തിനുള്ളതാണ് എന്ന അറിവ് ഉണ്ടാകണം. അഹങ്കാരത്തിന്റെ അധികാരത്തിൽ നിന്ന് ദുഷ്ടന്മാരെ നിലത്തോളം താഴ്ത്തി, ഒന്നും അല്ലാതാക്കുന്ന ദൈവത്തിന്റെ കരങ്ങൾക്ക് താണിരിക്കുമ്പോൾ, താഴ്മയിലും താഴ്ചയിലും താണിരുന്ന് ധ്യാനിക്കുന്ന തന്റെ ജനത്തെ കൈകൾ പിടിച്ച് ഉയർത്തി അനുഗ്രഹിക്കുമ്പോഴാണ് യഥാർത്ഥമായ ദൈവസ്നേഹത്തിന്റെ അനുഭവമുണ്ടാകുന്നതും, ദൈവസ്നേഹത്തിന്റെ മാഹാത്മ്യം തിരിച്ചറിയുന്നതും. ആയതിനാൽ അഹങ്കാരവും ദുഷ്ടതയും എല്ലാം വെടിഞ്ഞ് താഴ്മയും നന്മയും ആർജ്ജിക്കേണം. നിത്യവും നാം ചെയ്തു തീർക്കേണ്ടതായ നമ്മുടെ വേലകൾ കൃത്യമായി ചെയ്തു ദൈവത്തിന്റെ പ്രസാദത്തിന് യോഗ്യരാകണം. ഓരോ ദിനവും നന്മകൾ ചെയ്തു നമ്മുടെ പ്രാണനെ യേശുവിന്റെ ഉള്ളിലാക്കണം. സാധാരണ ജീവിതക്രമം കൊണ്ട് ഒരിക്കലും അത് സാധിക്കുകയില്ല. കർത്താവിന്റെ കല്പനകളെയും പ്രമാണങ്ങളെയും നമ്മുടെ ജീവിതത്തിന്റെ എല്ലാ മേഖലകളിലും പ്രായോഗികമാക്കണം. ഈ ലോകത്തിൽ സകലസുഖസൗകര്യങ്ങളോടെ കൂടി ജീവിക്കുന്നവർ, എന്നും ഈ സൗകര്യങ്ങൾ ലഭിക്കുമെന്നും ഈ ലോകവും അതിന്റെ പ്രതാപവും എന്നും നിലനിൽക്കുമെന്നും വിചാരിക്കുന്നത് ഭൂഷണമല്ല. സൃഷ്ടാവിന് സകല സൃഷ്ടികളിലും സംഹാരം സാദ്ധ്യമാണ്. എന്നാൽ എന്നും നിലനിൽക്കുന്നതും ഒരിക്കലും നശിച്ചുപോകാതെ എന്നും ആത്മീയസന്തോഷവും സമാധാനവും പ്രദാനം ചെയ്യുന്നതാണ്, ദൈവത്തിന്റെ ജീവനുള്ള വചനം. ആ വചനത്തെ സ്വന്തമാക്കി, നിത്യവുമുള്ള നമ്മുടെ ദൈവീകവേലകളെ കണ്ടെത്തി, പരിശുദ്ധാത്മാവിന്റെ നിറവിൽ പൂർത്തീകരിച്ച്, ശാപത്തിന്റെയും പാപത്തിന്റെയും വഴികളിൽ നിന്ന് ഓടിമറഞ്ഞ്, നന്മതിന്മകളെ തിരിച്ചറിഞ്ഞ്, ജീവന്റെ അപ്പമായ യേശുവിനെ നമ്മുടെ പഞ്ചേന്ദ്രിയങ്ങൾ കൊണ്ട് അനുഭവിച്ചറിഞ്ഞ് മണവാട്ടി സഭയെ വളർത്തി കർത്താവിന്റെ രണ്ടാം വരവിനായി കാത്തിരിക്കാം.

**22nd January 2016 / Friday** **89th day of 90 days**

**റോമർ** 12:21

‘തിന്മയോടു തോൽക്കാതെ നന്മയാൽ തിന്മയെ ജയിക്കുക.’

ദൈവത്തിന്റെ മക്കൾ തങ്ങളുടെ ജീവിതത്തിൽ ആത്മീയ ശാന്തതയും സമാധാനവും കാത്തുസൂക്ഷിക്കേണ്ടത് ക്രിസ്തീയജീവിതത്തിന്റെ ആവശ്യകതയാണ്. ഈ ലോകത്തിൽ ജീവിക്കുമ്പോൾ പലതരത്തിലുള്ള വ്യക്തികളുമായും സംഭവങ്ങളുമായും നാം ബന്ധപ്പെടേണ്ടി വരുന്നു. അങ്ങനെ ചില തിന്മകളുടെ ശക്തി നാം അറിയാതെ തന്നെ, നമ്മുടെമേൽ അവകാശമോ ആകർഷകമോ വരുത്തുന്നു. ഈ ലോകത്തിൽ ജീവിക്കുമ്പോൾ, നമ്മളിലേക്ക് കടന്നുവന്ന് അവകാശം ഉറപ്പിക്കുന്ന അനേക തിന്മകളുടെ പരീക്ഷണങ്ങൾ നാം അതിജീവിക്കേണ്ടി വരുന്നു. നമ്മുടെ സാധാരണ നയനങ്ങൾ കൊണ്ട് ഇതിനെ കാണാനോ, പ്രവർത്തനങ്ങൾ ദർശിക്കാനോ കഴിയുന്നില്ല. ആത്മീയമായി വളർന്നവർക്ക് അക കണ്ണുകൾ കൊണ്ട് മാത്രം കാണാൻ കഴിയൂ. ഈ തിന്മകളെ തോൽപ്പിക്കാൻ വളരെ പ്രയാസമാണ്. കർത്തൃപ്രാർത്ഥനയിൽ നാം എന്നും എപ്പോഴും ചൊല്ലുന്നത് തിന്മപ്പെട്ടവനിൽ നിന്ന് നമ്മെ രക്ഷിച്ചുകൊള്ളണമേ എന്നാണ്. തിന്മകളുടെ പരീക്ഷയിൽ തോൽക്കാതെ അതിനെ ജയിക്കണമെന്നതാണ് ക്രിസ്തീയജീവിതത്തിന്റെ ഈ ലോകത്തിലെ ലക്ഷ്യം. എന്നാൽ നന്മതിന്മകളെ തിരിച്ചറിഞ്ഞ് അതിനോട് പ്രതികരിക്കാൻ എത്ര വിശ്വസികൾക്ക് കഴിയുന്നു. തന്റെ ഒരു കരണത്ത് അടിക്കുന്നവന് പ്രതികരിക്കാതെ മറേറതും കാണിച്ചുകൊടുക്കാൻ കഴിയുന്ന താഴ്മയും ദയയും ഉള്ള വിശ്വാസികളെ എങ്ങനെ തിരിച്ചറിയും? തിന്മ ചെയ്താൽ അതിനെതിരായി തിന്മകൾ ചെയ്യാതെ, ആ തിന്മയ്ക്കു അടിമ ആകാതെ നന്മയാൽ അതിനെ ജയിക്കുവാൻ ദൈവത്തിൽ ആശ്രയിക്കാം. ഈ ലോകത്തിൽ നന്മകളെ തിരിച്ചറിഞ്ഞ് ദൈവത്തിന്റെ പദ്ധതിയിൽ ചേർന്നു പ്രവർത്തിക്കാൻ പരിശുദ്ധാത്മാവിന്റെ നിറവ് ആവശ്യമാണ്. ആ പരിശുദ്ധാത്മാവിന്റെ നടത്തിപ്പിൽ മാത്രമേ നന്മതിന്മകളെ തിരിച്ചറിയുവാൻ കഴിയുകയുള്ളൂ. ഈ കൃപായുഗത്തിന്റെ പ്രത്യേകതയും അതാണ് പരിശുദ്ധാത്മാവിന്റെ ആവാസവും നടത്തിപ്പും. സ്വയത്തിൽ ആശ്രയിച്ച് ഒന്നും ചെയ്യാതെ സകലവും ദൈവത്തിന്റെ ഇഷ്ടത്തിനും പദ്ധതിയ്ക്കും കൊടുക്കേണം. ശത്രുക്കൾക്ക് വിശക്കുമ്പോൾ ആഹാരം കൊടുക്കുന്നതും ദാഹിക്കുമ്പോൾ കുടിക്കാൻ കൊടുക്കുന്നതും നന്മയാൽ തിന്മയെ ജയിക്കാൻ നമ്മെ പ്രാപ്തരാക്കുന്നതിനാണ്. നിത്യവും നാം ചെയ്യുന്ന പ്രവൃത്തികൾ നന്മകൾ നിറഞ്ഞതാണോ എന്നറിയാൻ നാം കർത്താവിന്റെ ജീവനുള്ള വചനത്തിൽ ആശ്രയിച്ച്, ധ്യാനിച്ച് ആരാധനയിൽ കൂടി പരിശുദ്ധാത്മാവിനെ നേടിയെടുക്കണം. പരിശുദ്ധാത്മാവിന്റെ നിറവിലും നടത്തിപ്പിലും പ്രവൃത്തിക്കുമ്പോൾ, ഈ ലോകത്തിന്റെ കണ്ണുകൾ, ചെവികൾ, മനസ്സുകൾ നമ്മെ ഏതെങ്കിലും വിധത്തിൽ ദൈവത്തിൽ നിന്ന് അകററി പാപത്തിന്റെയും ശാപത്തിന്റെയും ബന്ധനത്തിൽ അകപ്പെടുത്തി, നിത്യ അഗ്നിയ്ക്കു ഇരയാക്കാം. സാത്താന്റെയും അവന്റെ കൂട്ടരെയും ശാസിച്ച് ഓടിച്ചാൽ മാത്രമേ നന്മയാൽ തിന്മയെ ജയിക്കാൻ സാധിക്കുകയുള്ളു. നമ്മുടെ ചിന്തകളെയും വിചാരങ്ങളെയും എല്ലാം കുരിശിന്റെ ചുവട്ടിൽ വെച്ച്, ദൈവത്തിന്റെ ആലോചനയെ പിടിച്ചെടുത്ത്, തിന്മകളെ ശാസിച്ച്, നന്മകൾ മാത്രം ജീവിതത്തിൽ നടപ്പിലാക്കുവാൻ ദൈവം തമ്പുരാൻ നമ്മെ എല്ലാവരെയും പ്രാപ്തരാക്കട്ടെയെന്നു ആശംസിക്കുന്നു.

**23rd January 2016 / Saturday** **90th day of 90 days**

**റോമർ** 14:19

'ആകയാൽ നാം സമാധാനത്തിനും അന്യോന്യം ആത്മീകവർദ്ധനയ്ക്കും ഉള്ളതിനു ശ്രമിച്ചുകൊൾക.'

ദൈവത്തിന്റെ മക്കൾ ഓരോ ദിവസവും നന്മകൾ ചെയ്തു ദൈവപ്രസാദത്തിന് യോഗ്യരായി അന്യോന്യം സമാധാനത്തിനും ആത്മീകവർദ്ധനയ്ക്കും ശ്രമിക്കണം എന്ന സത്യവചനം നമ്മെ വഴി നടത്തി, നിത്യജീവന്റെ അനുഭവത്തിനായി ഭവിക്കേണം. ആത്മീയമായ സമാധാനം ലഭിച്ചു, അനുഭവിച്ചു കഴിഞ്ഞാൽ മാത്രമേ അത് ദേഹിയിലും ദേഹത്തിലും പ്രകടമാകുകയുള്ളു. ആത്മീയ സമാധാനം ലഭിക്കുന്നതിന് ആത്മീയമായി തന്നെ വളരണം. ആത്മീയവളർച്ചയ്ക്കു ആവശ്യമായ ജീവന്റെ അപ്പം നാം നിത്യവും അനുഭവിക്കേണം. ജീവന്റെ അപ്പമായ യേശുക്രിസ്തുവിനെ തന്നെ ഭക്ഷിക്കുകയും പാനം ചെയ്യുകയും വേണം. അതിന് വിശുദ്ധ കുർബ്ബാന അനുഭവത്തിലൂടെ ജീവന്റെ അപ്പമായ യേശുവിനെ സ്വീകരിക്കുവാനും അതിനെ നമ്മുടെ ഉള്ളിൽ ജീവിക്കുന്നതിന് സഹായിക്കുകയും ചെയ്യേണം. വിശുദ്ധ കുർബ്ബാന അനുഭവത്തിലൂടെ നമ്മുടെ ഉള്ളിൽ എത്തുന്ന ജീവനെ കാത്തുസൂക്ഷിക്കാനും നിത്യജീവൻ പ്രാപിക്കുന്നതിനും വിശുദ്ധി കാത്തു സൂക്ഷിക്കേണം. വിശുദ്ധി നിലനിർത്തുന്നതിന് യാമപ്രാർത്ഥനകളും ആരാധനകളും വിശുദ്ധ സഭയുടെ നോമ്പുകളും വിശുദ്ധ കൂദാശകളും അനുഭവമായി മാറണം. ആ അനുഭവജീവിതത്തിന്റെ അടിസ്ഥാനത്തിൽ യേശു ആകുന്ന സമാധാനം ലഭിച്ച്, അന്യോന്യം ആത്മീയവളർച്ചയ്ക്കും ആത്മീയഫലങ്ങൾക്കും ഇടയാകണം. ഇന്ന് ആത്മീയ സമാധാനം അനുഭവിക്കാൻ നമുക്ക് കഴിയുന്നില്ലായെങ്കിൽ അതിന് വ്യക്തമായ കാരണങ്ങൾ ഉണ്ടാകും. സമാധാനമായ യേശു നമ്മുടെ ഉള്ളിൽ നൂറ് ശതമാനം ഇല്ലെങ്കിൽ ഈ ലോകത്തിൽ നമുക്ക് ലൗകീകമായ സമാധാനം താൽക്കാലികമായി ഉണ്ടെങ്കിലും ആത്മീയമായ നിത്യസമാധാനം ലഭിക്കുകയില്ല. ലഭിച്ച സമാധാനം നഷ്ടപ്പെട്ടുപോകാതെ നിത്യമായി സൂക്ഷിക്കുന്നതിനും അത് മററുള്ളവർക്ക് പകർന്നുകൊടുക്കുന്നതിനും കർത്താവിന്റെ രണ്ടാമത്തെ വരവുവരെ പ്രാർത്ഥനയോടെ കാത്തിരിക്കുന്നതിനും നമുക്ക് കഴിയണം. ആത്മാവിന്റെ ഫലങ്ങൾ പുറപ്പെടുവിക്കാനും അതുവഴി രക്ഷയുടെ പാതയിൽ എത്തിച്ചേരാനും നാം ശ്രമിക്കേണം. അങ്ങനെ സഞ്ചരിക്കുമ്പോൾ പലവിധത്തിലുള്ള പരീക്ഷണങ്ങൾ അതിജീവിച്ച്, സാത്താനെയും തിന്മകളെയും തോൽപ്പിക്കാൻ വിധത്തിൽ, നന്മകൾ കൊണ്ട് മനസ്സും ഹൃദയവും നിറയണം. എന്നാൽ ലോകത്തിന്റെ ആകർഷണത്തിൽ, വലയത്തിൽ അകപ്പെട്ട് നമ്മുടെ ജീവനെ നഷ്ടപ്പെടുത്താനും പാതാളത്തിൽ ബന്ധിക്കപ്പെടാനും ഇടയുള്ളതിനാൽ, നമ്മുടെ ബോധങ്ങളും വിചാരങ്ങളും എല്ലാം ദൈവീകമായിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണം. സമാധാനം ഉണ്ടാക്കുന്നവർ ഭാഗ്യവാന്മാർ, അവർ ദൈവത്തിന്റെ പുത്രന്മാർ എന്നു വിളിക്കപ്പെടും. അങ്ങനെ ദൈവത്തിന്റെ മക്കളായി തീരുമ്പോൾ, നമ്മുടെ സംസാരങ്ങൾ, വാക്കുകൾ, സമീപനം, ചിന്തകൾ, വിചാരങ്ങൾ, പ്രവൃത്തികൾ എന്നിവ സമാധാനമായ യേശുവിന്റെ മണവാട്ടിസഭയെ വളർത്തുന്നതിനും, ദൈവനാമം മഹത്വപ്പെടുന്നതിനും ആയിതീരുവാൻ നമ്മെ ദൈവം തമ്പുരാൻ സഹായിക്കട്ടെ.

**24th January 2016 / Sunday** **90th+ day of 90 days**

1 കൊരിന്ത്യർ 1:18

'ക്രൂശിന്റെ വചനം നശിച്ചുപോകുന്നവർക്ക് ഭോഷത്വവും രക്ഷിക്കപ്പെടുന്ന നമുക്കോ ദൈവശക്തിയും ആകുന്നു.'

ദൈവത്തിന്റെ ശക്തിയായി, ദൈവത്തിന്റെ ജീവനുള്ള വചനത്തിന്റെ ദിവ്യശക്തിയായി, മരിച്ചവരെ ഉയിർപ്പിച്ച കുരിശിന്റെ ശക്തി, സാത്താനിൽ നിന്നും തിന്മയിൽ നിന്നും രക്ഷ നൽകുന്ന, സംരക്ഷിക്കുന്ന ശക്തിയുള്ള കുരിശും അതിന്റെ സാന്നിധ്യവും നാം തിരിച്ചറിഞ്ഞ്, ഇവയെ കർത്താവിന്റെ പദ്ധതികളുടെ പാതകളായി നാം കരുതി ജീവിതത്തെ ക്രമപ്പെടുത്തണം. നിന്ദ്യമായ ക്രൂശിനെ വന്ദ്യമാക്കി തീർത്ത് മനുഷ്യജാതിയെ ശാപത്തിൽ നിന്നും പാപത്തിൽ നിന്നും സാത്താന്റെ അടിമത്വത്തിൽ നിന്നും വീണ്ടെടുത്ത് രക്ഷയുടെ പാതയിൽ എത്തിച്ചത് യേശുക്രിസ്തുവിന്റെ കഷ്ടാനുഭവങ്ങളും പീഢനവും കുരിശുമരണവും ഉയിർത്തെഴുന്നേൽപ്പും ആകുന്നു. രക്ഷയുടെ മാർഗ്ഗം കുരിശിന്റെ വഴിയാണ്, യേശുക്രിസ്തുവിന്റെ കഷ്ടാനുഭവങ്ങളുടെ ബാക്കി നാം ഈ ലോകത്ത് അനുഭവിച്ച് ദൈവത്തോട് അനുരൂപമായി, നാം ക്രിസ്തുവിലും ക്രിസ്തു നമ്മളിലും വസിക്കുന്ന, ആ ദിവ്യാനുഭവത്തിൽ എത്തിച്ചേരുന്നതിന് കുരിശിന്റെ വചനം ആവശ്യമാണ്. സത്യവിശ്വാസികളുടെ ലക്ഷണമാണ് കുരിശിന്റെ വഴികളും കഷ്ടാനുഭവങ്ങളും, അത് സന്തോഷത്തോടെ സഹിച്ചും വഹിച്ചും നന്മകളാൽ തിന്മകളെ തോൽപ്പിച്ചും നാം യേശു മണവാളന്റെ മണവാട്ടി സഭയിലെ അംഗങ്ങളാണെന്ന് തെളിയിക്കേണം. ക്രൂശിന്റെ വചനം, കഷ്ടതയുടെയും സങ്കടങ്ങളുടെയും പ്രയാസത്തിന്റെയും ദുഃഖത്തിന്റെയും അനുഭവങ്ങളുടെ വഴികളാണ്. ആ വഴികളിൽ സഞ്ചരിക്കുന്നതിന് നമുക്ക് പരിശുദ്ധാത്മാവിന്റെ നിറവും നടത്തിപ്പും ആവശ്യമാണ്. താഴ്മയും എളിമയും കൈമുതലാക്കി തങ്ങളുടെ ശത്രുക്കളോടും സ്നേഹത്തിൽ പെരുമാറി, സകലരും ദൈവത്തിന്റെ സൃഷ്ടികളാണെന്നും എല്ലാവരെയും ശ്രേഷ്ഠരായി കരുതി, അവരെ ദൈവനാമമഹത്വത്തിനായി പ്രയോജനപ്പെടുത്താൻ സാധിക്കേണം. ക്രൂശിന്റെ വചനത്തെയും ക്രൂശിനെയും പരിഹസിക്കുന്നവരും നിന്ദിക്കുന്നവരും സാത്താന്റെ അവകാശത്തിൽ അകപ്പെട്ട് അവന്റെ ശബ്ദം പുറപ്പെടുവിക്കുന്ന സ്പീക്കറായി മാറുന്നവരാണ്. തന്റെ ശുദ്ധരക്തം മുഴുവനും മറുവിലയായി ഒഴുക്കികൊടുത്ത്, അശുദ്ധിയിൽ നിന്നും ശാപപാപത്തിൽ നിന്നും ബന്ധനത്തിൽ നിന്നും തന്റെ മണവാട്ടിയെ രക്ഷിച്ചത് തലയോടിടം എന്ന സ്ഥലത്ത് നാട്ടിയ കുരിശിലൂടെ ആണ്. അത് ആദാമിന്റെയും ഹവ്വായുടെയും തലയോട്ടികൾ ആയിരുന്നുയെന്നും സാത്താൻ മറഞ്ഞിരുന്നത് അവിടെ ആയിരുന്നതുകൊണ്ടാണ് യേശുക്രിസ്തുവിന്റെ കുരിശ് അവിടെ നാട്ടിയതും സാത്താനെ തോൽപ്പിക്കാനും കഴിഞ്ഞത്. നമ്മെ ദൈവത്തിന്റെ ശക്തിയിൽ നിറച്ച് രക്ഷയുടെ പാതയിൽ സഞ്ചരിക്കുന്നതിനും സാത്താന്റെ ശക്തിയിൽ നിന്നു വീണ്ടെടുക്കുന്നതിനും കുരിശിന്റെ വഴികളും കഷ്ടതകളും കൂടിയേ തീരു. കർത്താവിന്റെ രണ്ടാമത്തെ വരവു വരെ, ദൈവരാജ്യത്തിലെ രഹസ്യങ്ങളെ വിശ്വാസികളുടെ ഹൃദയങ്ങളിൽ നിറച്ച്, മദ്ധ്യാകാശത്തിൽ പറന്നുയർന്നു തേജസക്കരിക്കപ്പെടുവാൻ വഴിയും സത്യവും ജീവനുമായ യേശുവിനെ അനുഗമിക്കണം.

**25th January 2016 / Monday** **90th++ day of 90 days**

1 കൊരിന്ത്യർ 1:31

'പ്രശംസിക്കുന്നവൻ കർത്താവിൽ പ്രശംസിക്കട്ടെ.'

ദൈവത്തിന്റെ മക്കൾ, ദൈവത്തിലും ദൈവത്തിന്റെ ജീവനുള്ള വചനത്തിലും ആശ്രയിച്ച് കുരിശിന്റെ പാതയിൽ സഞ്ചരിച്ച്, എല്ലാ ചിന്തകളെയും വിചാരങ്ങളെയും ബോധങ്ങളെയും ദൈവത്തിൽ സമർപ്പിച്ച് ചെയ്തു തീർക്കേണ്ടതായ വേലകൾ ചെയ്യുവാൻ തക്കവണ്ണം പരിശുദ്ധാത്മാവിൽ നിറഞ്ഞ്, സകലത്തെയും ദൈവത്തിന്റെ കണ്ണിൽ കൂടി കാണാനും, ശ്രേഷ്ഠരായി പരിഗണിച്ച്, നന്മകൾ ചെയ്തു, അതാതു ദിവസത്തെ ജീവനെ പരീക്ഷണങ്ങൾ അതിജീവിച്ച് തിരികെ യേശുവിന്റെ ഉള്ളിൽ എത്തിക്കുവാൻ ആഗ്രഹിക്കുമ്പോൾ, ഈ ലോകത്തിന്റെ പ്രശംസകൾ, ആശംസകൾ ഒന്നും ശ്രദ്ധിക്കാറില്ല, കാരണം ദൈവമക്കളുടെ പ്രശംസ കുരിശിലും ഉയിർത്തെഴുന്നേററ യേശുക്രിസ്തുവിലും ആണ്. ഈ ലോകത്തിന്റെ പ്രശംസകൾ താൽക്കാലിക സന്തോഷം നൽകുമെങ്കിലും നിത്യരാജ്യത്തിലെ അനുഗ്രഹങ്ങളും സമാധാനവും നഷ്ടപ്പെടുത്തുന്നു. കാനാവിലെ കല്യാണത്തിന് വെള്ളത്തെ വീഞ്ഞാക്കി മാററിയതിനുശേഷം, അതിനുവേണ്ടി അപേക്ഷ നൽകിയ മാതാവോ, അത്ഭുതം കാണിച്ച യേശുക്രിസ്തുവിനയോ പിന്നീട് അവിടെയെങ്ങും കാണാൻ കഴിയുന്നില്ല. ഇതുപോലെ തന്നെ, പ്രപഞ്ചത്തെയും സകല സൃഷ്ടികളെയും സൃഷ്ടിച്ച സൃഷ്ടാവ്, സൃഷ്ടിയ്ക്കു ശേഷം മറഞ്ഞിരിക്കുന്നതും ആത്മീയമായ നീതിയാണ്. ഈ ലോകത്തിൽ നടത്തുന്ന ദാനപദ്ധതികൾ നടത്തിയിട്ട്, അതിലും കൂടുതൽ ധനം ചിലവാക്കി അത് പരസ്യമാക്കി വ്യക്തിപ്രഭയ്ക്കു വേണ്ടി ശ്രമിക്കുമ്പോൾ, അങ്ങനെയുള്ളവർക്ക് ലഭിക്കേണ്ടതായ അനുഗ്രഹങ്ങൾ / പ്രതിഫലം ഇവിടെ തന്നെ ലഭിച്ചു കഴിഞ്ഞു. സ്വർഗ്ഗത്തിലെ നിക്ഷേപം കുറയുകയും ചെയ്യുന്നു. നാം എന്തു നന്മ ചെയ്താലും പ്രവർത്തിച്ചാലും അത് നമ്മുടെ കഴിവും സാമർത്ഥ്യവും കൊണ്ടാണ് എന്നു ചിന്തിക്കാതെ ദൈവം തമ്പുരാന്റെ അനന്തമായ കരുണയുടെയും കൃപയുടെയും ബലത്തിലാണ്. ദൈവത്തിന്റെ അമിതമായ ബലത്തിൽ ആശ്രയിച്ച് ജീവിതത്തെ മുന്നോട്ട് നയിക്കുമ്പോൾ, നമ്മുടെ ബലഹീനതയിൽ കൂടി സാത്താൻ കടന്നുവന്ന് നമ്മെ പാപത്തിലേക്കും ശാപത്തിലേക്കും അകപ്പെടുത്താം. ജീവിതത്തിന്റെ ഓരോ നിമിഷവും വളരെ ശ്രദ്ധയോടെ കൈകാര്യം ചെയ്യേണം. ദുഷ്ടശക്തികൾ, അധികാരം, ധനം, പ്രതാപം, പ്രശംസ, കീർത്തി എന്നിവയിലൂടെ നമ്മുടെ അടുത്ത് എത്തുവാനും അതുവഴി അവന്റെ അധികാരവും അവകാശവും ഉറപ്പിക്കാൻ കഴിയുന്നു. നമുക്ക് ലഭിക്കുന്ന അംഗീകാരം, പ്രശംസ, വിജയം, ധനം, കീർത്തി എന്നിവ അപ്പോൾ തന്നെ കുരിശിന്റെ ചുവട്ടിൽ വെച്ച്, ദൈവം തരുന്ന അനുഗ്രഹങ്ങൾ, തരുന്ന സമയത്ത് അനുഭവിക്കാൻ ദൈവത്തിന്റെ മക്കൾ തയ്യാറാകണം. മോഹങ്ങളെയും അത്യാഗ്രഹങ്ങളെയും എല്ലാം വലിച്ചെറിഞ്ഞ്, നമ്മുടെ കാര്യങ്ങൾ എല്ലാം അറിയാവുന്നവന്റെ അടുക്കൽ, നമ്മെ തന്നെ സമർപ്പിച്ചാൽ, നമുക്ക് ഒന്നിനും മുട്ടുണ്ടാകാതെ, നമ്മെ സൃഷ്ടിച്ചവൻ, നമ്മെ പരിപാലിക്കുകയും സംരക്ഷിക്കുകയും ചെയ്യും. നാം ദൈവത്തിൽ വിശ്വസിച്ച്, അവന്റെ കല്പനകളെയും പ്രമാണങ്ങളെയും രാവും പകലും ധ്യാനിച്ച് വാടാത്ത ഇലകളുള്ള വൃക്ഷങ്ങൾ പോലെ ആയിതീരണം. അതിനായി തീരട്ടെ നമ്മുടെ ജീവിതത്തിലെ പ്രശംസകളും ആശംസകളും.

**26th January 2016 / Tuesday**

**90th+++ day of 90 days**

വെളിപ്പാട് 20:15

'ജീവപുസ്തകത്തിൽ പേരെഴുതി കാണാത്ത ഏവനെയും തീപ്പൊയ്കയിൽ തള്ളിയിടും.'

യേശുക്രിസ്തുവിന്റെ മാറിൽ ചാരിയ തന്റെ അരുമശിഷ്യനായിരുന്ന യോഹന്നാൻ ശ്ലീഹായുടെ, യേശുവിന്റെ കൂടെ സദാസമയം അനുഗമിച്ച ശിഷ്യന്റെ സജീവമായ സാന്നിധ്യം, തന്റെ ഗുരുവിന്റെ കുരിശിന്റെ അരികിലും അന്ത്യസമയത്തും ഉണ്ടായിരുന്നു. യേശുവിന്റെ കഷ്ടതയിലും രാജ്യത്തിലും സഹിഷ്ണതയിലും കൂട്ടാളിയുമായ യോഹന്നാൻ, ദൈവവചനവും യേശുവിന്റെ സാക്ഷ്യവും നിമിത്തം പത്മൊസ് ദ്വീപിൽ കർത്തൃദിവസത്തിൽ ആത്മാവിൽ നിറഞ്ഞ് എഴുതിയ വെളിപ്പാട് പുസ്തകത്തിലെ ഒരു പ്രവചനമാണ് ഈ വാക്യം. സ്വർഗ്ഗത്തിലെ ജീവപുസ്തകത്തിനെപ്പററി വിവരിക്കാനും അത് മനസ്സിലാക്കാനും യോഹന്നാൻ ശ്ലീഹായുടെ ജീവിത അനുഭവത്തിന്റെ ഏകാന്തതയും സഹിഷ്ണതയും വിശ്വാസവും ദൈവസ്നേഹവും നാം ആർജ്ജിക്കേണം. പത്മൊസ് ദ്വീപിൽ ഏകാന്തനായി കഴിയുമ്പോൾ ഉണ്ടായ ദർശനത്തിന്റെ ആവിഷ്ക്കാരവും പ്രവചനപൂർത്തീകരണവും കർത്താവിന്റെ രണ്ടാമത്തെ വരവിങ്കൽ ദർശിക്കാനും മണവാട്ടി സഭയിൽ നമ്മെ ചേർക്കപ്പെടുവാനും ഇടയാകട്ടെയെന്നും പ്രാർത്ഥിക്കുന്നു. ക്രിസ്ത്യാനി എന്ന നാമധേയത്തിൽ സുഖിച്ചു ജീവിച്ച ധനവാനെപ്പോലെ, എത്ര ലാസന്മാർക്ക് ദാനധർമ്മം ചെയ്താലും, തങ്ങളുടെ ജീവനെ സ്വർഗ്ഗത്തിൽ എത്തിക്കുവാൻ കഴിഞ്ഞില്ലെങ്കിൽ, ഈ ലോകത്തിലെ നമ്മുടെ ജീവിതത്തിന് ഒരു അർത്ഥവും ഉണ്ടാവുകയില്ല. ബന്ധുമിത്രങ്ങൾക്ക് വർഷത്തിൽ ഒരിക്കൽ, മെഴുകുതിരികൾ കത്തിക്കാനും ധൂപം വയ്ക്കാനും, അനേക കല്ലറകളിൽ ഒരു കല്ലറയായി നാം മാറാതെ, പരിശുദ്ധന്മാരുടെയും ശുദ്ധിമതികളുടെയും കല്ലറയിൽ നിന്നും കബറിൽ നിന്നും അനേകർക്ക്, ജാതിമതഭേദമെന്യേ സകലർക്കും ലഭിക്കുന്ന അനുഗ്രഹങ്ങളെ പോലെ, നമ്മുടെ കല്ലറയിൽ എത്തി, നമുക്കുവേണ്ടി പ്രാർത്ഥിക്കുന്നവർക്കും മദ്ധ്യസ്ഥത പ്രാപിക്കുന്നവർക്കും കൊടുക്കാനുള്ള അനുഗ്രഹങ്ങൾ ശേഖരിച്ചു വയ്ക്കാനും ഈ ലോകത്തിലെ ജീവിതം കൊണ്ട് സാധിക്കേണം. വാങ്ങിപ്പോയാലും ആത്മാവിൽ കർത്ത്യവേലകൾ തുടരാൻ സാധിക്കും. ജീവപുസ്തകത്തിലെ പേരുകൾ വിശാസികളുടെ വിശുദ്ധ മാമോദീസാ പേരുകൾ ആകുന്നതിനാൽ, വിശുദ്ധ കുർബ്ബാനകളിലും മററ് പ്രത്യേക പ്രാർത്ഥനകളിലും ഓർക്കുവാൻ വേണ്ടി മാമോദീസാ പേരുകൾ കൊടുക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണം. അല്ലെങ്കിൽ പ്രാർത്ഥനകൾ സ്വർഗ്ഗത്തിൽ എത്തിയിട്ട്, മേൽവിലാസത്തിൽ ആളില്ലാത്ത കത്തുകൾ തിരികെ വരുന്നതുപോലെ, തിരികെ പോകാം. കുഞ്ഞുങ്ങൾക്ക് മാമോദീസാ പേരുകൾ കൂടാതെ മററ് പേരുകൾ നിർദ്ദേശിക്കുമ്പോൾ ആത്മീയമായ അർത്ഥം ഉൾക്കൊള്ളുന്നവ ആയിരിക്കണം. ജീവപുസ്തകത്തിലെ പേരുകൾ ഒരിക്കൽ എഴുതി ചേർത്താലും നമ്മുടെ ജീവിത പ്രതികരണവും സമീപനവും ആശ്രയിച്ച് മാററപ്പെടാം. വലതുഭാഗത്തെ കള്ളന്റെ പേര് എഴുതിയത് അവന്റെ അന്ത്യശ്വാസത്തിന് തൊട്ട് മുൻപ് ആയിരുന്നു. വിശ്വാസികൾ പേരുകൾ (മാമോദീസാ) ജീവപുസ്തകത്തിൽ എന്നും നിലനിൽക്കുന്നതിന് തങ്ങളുടെ ജീവനെ യേശുവിന്റെ ഉള്ളിൽ എത്തിക്കണം. ദൈവം തമ്പുരാൻ എല്ലാവരെയും അനുഗ്രഹിക്കട്ടെ.